3. Recast Rule 5 (1) as follows:

"The Secretary, shall, after deciding the objection if any under Rule 4 or if there is no objection after the termination of the period of notice, forward a statement in the form annexed to these Rules in duplicate to the Treasury Officer concerned to effect the recovery and to transfer credit the amount so recovered to the head of account specified by the Department concerned" were put and adopted.

VII നിയമനിർമ്മാണ കാര്യം

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): സർ, 1979-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ അതിനെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

[Mr. Deputy Speaker in the Chair]

ശ്രീ. എം.വി. രാജൻ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. അതിനു ചില കാരണങ്ങൾ എനിക്കു പറയാനുണ്ട്. ഇതു പറയുമ്പോൾ ഈ കാര്യങ്ങളെക്കുറിച്ചു നിയമസഭയിൽ പ്രസംഗിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. കാരണം, ഇവിടെ പ്രസംഗിച്ചാൽ പത്രങ്ങളിലൊന്നുംതന്നെ പ്രതിപക്ഷത്തെ ആളുകളുടെ പ്രസംഗങ്ങൾ വരാറില്ല. ഈ പ്രസംഗം ഞാൻ എഴുതിവായിക്കുകയാണ്. അതിനും കാരണമുണ്ട്; ഈ പ്രസംഗം വീട്ടിലേക്കെങ്കിലും ഒന്ന് എത്തിച്ച് ഞങ്ങളുടെ കുടുംബത്തെ ഒന്നു കേൾപ്പിക്കണമെന്നുണ്ട്.

ശ്രീ. ടി.എ. മജീദ്: വായിക്കാൻ പാടില്ല.

ശ്രീ. എം.വി. രാജൻ: എന്നാൽ എഴുതിയതു വായിക്കുന്നില്ല, ആശയം മാത്രം പറയാം. ആ ആശയം എന്റെ കുടുംബത്തോടും പറയാനാഗ്രഹിക്കുന്നു; നിയോജകമണ്ഡലത്തിലെ ആളുകളോട് അവിടെപ്പോയി സംസാരിക്കാനും ഞാനാഗ്രഹിക്കുന്നു.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: എഴുതി വായിക്കുമ്പോൾ ഇടയ്ക്കിടയ്ക്കു മുകളിലേക്കു നോക്കണം എന്ന റൂളിങ്ങാണ് ഇവിടെ ഉണ്ടായിട്ടുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: എഴുതി വായിക്കുന്നില്ല; നോട്ടെഴുതിയിട്ട് അതു റഫർചെയ്യുന്നുവെന്നു മാത്രമേയുള്ളൂ.

ശ്രീ. എം.വി. രാജൻ: സർ, വളരെ വ്യക്തമായി ഒരുകാര്യം പറയാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സർ, കോഴിക്കോട്ട് ഗവൺമെൻറ് പോളിടെക്നിക്ക് എന്നു പറയുന്ന ഒരു സ്ഥാപനം ഉണ്ട്. അവിടത്തെ കാഷ്യർ 60000 രൂപയുടെ കള്ള ക്കണക്ക് ഉണ്ടാക്കി വെട്ടിച്ചെടുത്തുകൊണ്ട് നാടു വിട്ടിരിക്കുകയാണ്. അതിനേക്കുറിച്ച് സാമ്പത്തികാന്വേഷണ വിഭാഗം കണ്ടുപിടിക്കുകയും ആ റിപ്പോർട്ട് ഉന്നത വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിന് അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെയായിട്ടും ആ കാര്യങ്ങളെ ക്കുറിച്ച് അന്വേഷണം നടത്തുകയോ വേണ്ട നടപടികൾ സ്വീകരി ക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയും ധനകാര്യമന്ത്രിയും അറിഞ്ഞുകൊണ്ടാണ് ഈ തട്ടിപ്പ് നട ന്നതെന്ന് ഞാൻ ന്യായമായും സംശയിക്കുകയാണ്. അല്ലെങ്കിൽപ്പിന്നെ ഈ സാമ്പത്തികാന്വേഷണ വിഭാഗം റിപ്പോർട്ട് ചെയ്തപ്പോൾത്തന്നെ ഇത്രയും ഗുരുതരമായ കാര്യത്തെപ്പററി എന്തെങ്കിലും ചെയ്യാൻ സാധി ക്കുമായിരുന്നു. ഇത് എടുത്തുപറയുന്നത്, കാരണം ഈ തുക ആദിവാസി കളും ഹരിജനങ്ങളും ആയ വിദ്യാർത്ഥികൾക്കുവേണ്ടി ചെലവാക്കാ നായി നീക്കിവച്ച തുകയാണ് എന്നുള്ളതുകൊണ്ടാണ്. പാവങ്ങ ളുടെ പേരും പറഞ്ഞുകൊണ്ട് അസംബ്ലിയിൽ പണം പാസ്സാക്കി എടുക്കുക, അത് അന്യായമായ രീതിയിൽ തട്ടി എടുക്കുക, അത് കണ്ടു പിടിച്ച് റിപ്പോർട്ട് ചെയ്താൽ ഭരണത്തിലിരിക്കുന്ന മന്ത്രിമാർ അതിന് നടപടി എടുക്കാതിരിക്കുക—ഇത് അപമാനകരമല്ലേ സർ? ഈ രാജ്യത്ത് ഒരു ഗവൺമെൻറ് ഉണ്ടോ, ഇവിടെ ഒരു ഭരണം ഉണ്ടോ എന്നു ഞാൻ സംശയിക്കുകയാണ്. മററൊന്ന് ഈ വക കാര്യങ്ങളെക്കുറിച്ച് പ്രതിപക്ഷത്തിരിക്കുന്ന ആളുകൾ പറഞ്ഞാലും പ്രസംഗിച്ചാലും ആ കുററക്കാരെ കണ്ടുപിടിച്ച് നടപടി എടുക്കാമെന്ന് ഉള്ള നിരുത്തര വാദപരമായ മറുപടി പ്രസംഗങ്ങളാണ് മന്ത്രിമാർ ഇവിടെ നടത്താറു ള്ളത്. ഇത് നമുക്ക് അപമാനകരമാണ്. പ്രതിപക്ഷങ്ങൾ ന്യായ മായ കാര്യങ്ങൾ പറഞ്ഞാലും അത് തെളിയിക്കാനുള്ള ഉത്തരവാദിത്വം പ്രതിപക്ഷത്തിൻെറ തലയിൽവച്ച് തടിതപ്പുന്ന സമീപനം ഈ മന്ത്രി സഭയ്ക്കുണ്ട്. ആ കാര്യങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നട ത്താനും നടപടികൾ എടുക്കാനും ഉള്ള സംവിധാനം ഇല്ലെങ്കിൽ, കഴിവുള്ള ആളുകൾ ഈ രാജ്യത്ത് ഇല്ലെങ്കിൽ ഈ പാവപ്പെട്ട ഹരിജനങ്ങളും ആദി വാസികളും എന്തുചെയ്യുമെന്നുള്ള കാര്യം നാം ചിന്തിക്കേണ്ടിയിരി ക്കുന്നു. ഈ ഗവൺമെൻറിന് ജനങ്ങളോട് കൂറും സ്നേഹവും ഉണ്ടെങ്കിൽ ഈ കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കാനും നടപടികൾ എടു ക്കാനും തയ്യാറാകേണ്ടതാണ്.

സർ, ഈ ഗവൺമെൻറിന് ഉത്തരവാദിത്വമില്ലെന്നുള്ളതിന് മറെറാരു തെളിവുകൂടിയുണ്ട്. മാർക്സിസ്ററ് കമ്മ്യൂണിസ്ററ്പാർട്ടിക്കെതിരായി 1977-ൽ നടന്ന തിരഞ്ഞെടുപ്പിൽ ഇവിടെയുള്ള ജനങ്ങൾ വിധി എഴുതി യതാണ്. ആ ഇലക്ഷനിൽ മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയെ ജനങ്ങൾ തള്ളിക്കളഞ്ഞതാണ്. അവർക്കെതിരായി മാർക്സിസ്ററതര പാർട്ടികളുടെ സഹായത്തോടുകൂടി ജയിച്ചുവന്ന അങ്ങേപ്പുറത്തുള്ളവർ, പ്രത്യേകിച്ച് കോൺഗ്രസ്സുകാർ മാർക്സിസ്ററ് പാർട്ടിയുടെ സ്ഥാനാർത്ഥിക്ക് വോട്ട് നൽകിയിരിക്കുകയാണ്. നിരുത്തരവാദിത്വപരമായി ജനങ്ങളെ വഞ്ചിച്ച, ചതിച്ച ചരിത്രമാണ് ഉണ്ടായിട്ടുള്ളത്. അതുമാത്രമല്ല ആ ഭാഗങ്ങളിൽ മനസാക്ഷിയുള്ളവർ വളരെ കുറവാണ്. അതിൽ മനസാക്ഷിയുള്ള ഒരാളെ മാത്രമേ ഞാൻ കാണുന്നുള്ളു. അദ്ദേഹം ഞങ്ങൾക്ക് വോട്ട് ചെയ്തിട്ടുണ്ട്. അത്

2/474—8

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.പി. ഗോവിന്ദൻ നമ്പ്യാരാണ്. 20 വോട്ട് ഞങ്ങൾക്ക് കിട്ടിയിട്ടുണ്ട്. 19 വോട്ട് ഞങ്ങളുടേയും ഒന്ന് മററതും ആണ്. അദ്ദേഹം ഞങ്ങൾക്കു വോട്ട് ചെയ്തു.

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): സർ, സീക്രട്ട് ബാലററ് നടത്തിയ ഒരു കാര്യത്തെസംബന്ധിച്ചിടത്തോളം ഇന്നാർ ഇന്നാർക്കു വോട്ടു ചെയ്തെന്ന് അസംബ്ലിയിൽ പറയുന്നത് ഓർഡറിലാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: സീക്രട്ടായി നടന്ന വോട്ടാണ്. അത് എങ്ങനെയാണ് ബഹുമാനപ്പെട്ട മെമ്പർക്ക് മനസ്സിലാകുന്നത്.

ശ്രീ. എം. വി. രാജൻ: സർ, അത് എൻെറ വിശ്വാസമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ വിശ്വാസത്തിൽ നിന്നും പറയുന്നതാണ്.

ശ്രീ. എം.വി. രാജൻ: സർ, ഈ വോട്ട് ചെയ്തതിൻെറ അടിസ്ഥാനത്തിൽ ശ്രീ. ആൻറണിയും അങ്ങേപ്പുറത്തുള്ള കോൺഗ്രസ്സുകാരും ഈ രാജ്യത്തുള്ള കോൺഗ്രസ്സുകാരെ മുഴുവനും വഞ്ചിച്ചിരിക്കുകയാണ്. നിങ്ങൾക്ക് ഇപ്പോൾ ഭൂരിപക്ഷം ഉണ്ട്. വോട്ട് ചെയ്യാനുള്ള എം.എൽ.എ. മാർ ഉണ്ട്. അടുത്ത തിരഞ്ഞെടുപ്പിൽ എം.എൽ.എ. മാരെ കിട്ടണമെങ്കിൽ ജനങ്ങളുടെ വോട്ട് ആവശ്യമാണ്. ജനങ്ങൾ ഇതുകണ്ടുകൊണ്ടിരിക്കുകയാണ്. ഓരോരോ സ്ഥാനം കിട്ടാൻ വേണ്ടി ഇവർ കൈക്കൊള്ളുന്ന, അംഗീകരിക്കാൻ സാധിക്കാത്ത നടപടികൾ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്.

സർ, അങ്ങേപ്പുറത്തുള്ള മന്ത്രിസഭയെ നിലനിറുത്തിയിരിക്കുന്നത് രണ്ടുപേരാണ്. ശ്രീ. സി.പി. ഗോവിന്ദൻനമ്പ്യാരും ശ്രീ. കാളാശ്ശേരിയും ആണ്. ഈ രണ്ടുപേരും അങ്ങേപ്പുറത്ത് ഇല്ലായിരുന്നുവെങ്കിൽ ഈ മന്ത്രിസഭതന്നെ ഇല്ലാതാകുമായിരുന്നു. അതുകൊണ്ടുതന്നെയാണ് കാര്യങ്ങൾ നീങ്ങാത്തത്. സർ, ഞങ്ങളെ സംബന്ധിച്ചിടത്തോളം മാർക്സിസ്ററ് പാർട്ടിയും ആർ.എസ്.എസ്സും അക്രമപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള പാർട്ടികളാണ്. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം അക്രമവാസനയോടുകൂടി പ്രവർത്തിക്കുന്ന പാർട്ടിയല്ല. കണ്ണൂർ ജില്ലയിൽ മാർക്സിസ്ററ് പാർട്ടി നിരവധി കോൺഗ്രസ്സുകാർ അടക്കമുള്ളവരെ വെട്ടിയും മററും കൊന്നിട്ടുള്ള ചരിത്രമാണ് ഉള്ളത്. കോൺഗ്രസ്സുകാരെന്നു പറഞ്ഞുകൊണ്ട് കുറെ ആളുകൾ അവിടെ ഇരിക്കുന്നുണ്ട്. അവർ മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ സ്ഥാനാർത്ഥിക്ക് രാജ്യസഭാ ഇലക്ഷനിൽ വോട്ടു നൽകി. ജനങ്ങൾ ഇതെല്ലാം കാണുന്നുണ്ട്. 5.4.1979-ലെ മനോരമ പത്രത്തിൽ വന്ന ഒരു വാർത്തയുണ്ട്.

ജപ്തി ചെയ്യാൻ ഉത്തരവിട്ടെന്നുള്ള തലക്കെട്ടിൽ വന്ന വാർത്ത ഞാൻ അങ്ങയുടെയും ഈ സഭയുടെയും അറിവിനുവേണ്ടി ഇവിടെ വായിക്കുകയാണ്.

''മട്ടാഞ്ചേരി പി.സീതിഹാജി എം.എൽ.എ.യുടെ വക മഞ്ചേരിയിലുള്ള നാലേക്കർ സ്ഥലവും, അദ്ദേഹവും മന്ത്രി ശ്രീ. സി.എച്ച്. മുഹമ്മദുകോയയും പാർട്ണർമാരായി ഉള്ള കമ്പനിയുടെ പേരിൽ സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യയിൽ ഉള്ള 85,500 രൂപയും, ജപ്തി ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

മട്ടാഞ്ചേരി സബ് മജിസ്ട്രേട്ട് ഫാത്തിമാ റഹിമാൻ ഉത്തരവ് ഇട്ടിരിക്കുന്നു. മട്ടാഞ്ചേരി ബസ്സാറിൽ കാലിച്ചാക്ക് കച്ചവടം നടത്തുന്ന കെ. ഖാദർ ആൻറ് കമ്പനി നൽകിയ അന്യായത്തിൽ ആണ് ഈ വിധി. കമ്പനിയിൽനിന്നും കാലിച്ചാക്ക് വാങ്ങിയ ഇനത്തിൽ സീതിഹാജിയും ശ്രീ. സി.എച്ച്. മുഹമ്മദുകോയയും പാർട്ട്ണർമാരായിട്ടുള്ള എറണാകുളത്ത് കലൂരിലുള്ള ഇൻറർനാഷണൽ ടിമ്പർ ഡിപ്പോ എന്ന സ്ഥാപനം നൽകിയ 79,825 രൂപയുടെ ചെക്ക് പാസ്സാക്കാതെ മടക്കി വന്നതിനെത്തുടർന്നാണ് ഈ അന്യായം ഫയൽ ചെയ്തത്. ഇൻറർനാഷണൽ ഡിപ്പോയേയും അതിൻെറ പാർട്ട്ണർ ആയ പി. സീതിഹാജി, സി.എച്ച്. മുഹമ്മദുകോയ, മുഹമ്മദുകോയയുടെ പുത്രി കെ. സൗഷ, സീതിഹാജിയുടെ പുത്രി സബീദ, എക്സിക്യൂട്ടീവ് പാർട്ട്ണർ ശ്രീ. എ.എ. ചന്ദ്രൻ എന്നിവരെ അന്യായത്തിൽ പ്രതികളായി ചേർത്തിരുന്നു.'' ഇത് അപമാനകരമാണ്. ഒന്നുകിൽ മന്ത്രി രാജി വയ്ക്കണം. അല്ലെങ്കിൽ മുഖ്യമന്ത്രി ഇടപെട്ട് ഇവരെ പുറത്താക്കണം. ഇത് ഈ മന്ത്രിസഭയ്ക്കും രാജ്യത്തിനും അപമാനകരമാണ് ആപത്താണ്. പ്രത്യേകിച്ചും ലീഗിന് അപമാനം വരുത്തിയിരിക്കുകയാണ്. ലീഗിൻെറ മന്ത്രിയാണ് അദ്ദേഹം. ഒരു മന്ത്രിക്ക് നിരക്കാത്ത കാര്യമാണ് അദ്ദേഹം ചെയ്തിരിക്കുന്നത്. ഇത് സത്യമാണ്. ഇത് നടത്തിയ മന്ത്രി രാജിവയ്ക്കണം.

ശ്രീ. പി. സീതി ഹാജി: സർ, ഒരു പേഴ്സണൽ എക്സ്പ്ലനേഷൻ ചെയ്യാനുണ്ട്, ഇവിടെ....................

ശ്രീ. പി. ബി. ആർ. പിള്ള: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ; ഒരു മെമ്പർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പേഴ്സണൽ എക്സ്പ്ലനേഷന് എഴുതിത്തരാതെ മറെറാരു മെമ്പർ ഈ സഭയിൽ ഒരു പ്രസ്താവന ചെയ്യുന്നത് ഓർഡറിൽ ആണോ?

[10 a.m.]

.................................ബഹളം.............

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു മെമ്പറെപ്പററി ആരോപണമുന്നയിച്ചുകഴിഞ്ഞാൽ ആ മെമ്പർക്ക് പേഴ്സണൽ എക്സ്പ്ലനേഷന് എല്ലായ്പ്പോഴും അവകാശമുള്ളതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ: ശ്രീ. വക്കം പുരുഷോത്തമൻെറ ഭാര്യയെ സംബന്ധിച്ചു നടത്തിയ പരാമർശനത്തിന് മറുപടി പറയുവാൻ ശ്രീ. വക്കം പുരുഷോത്തമൻ എഴുന്നേററപ്പോൾ അദ്ദേഹത്തിന് പറയാനുള്ളത് പറയാൻ അനുവദിച്ചില്ല. കാരണം പേഴ്സണൽ എക്സ്പ്ലനേഷന് എഴുതിത്തരണമെന്നു പറഞ്ഞതായിട്ടാണ് എൻെറ ഓർമ്മ. അന്ന് ചെയറിൽ മി. ഡെപ്യൂട്ടി സ്പീക്കർ ആയിരുന്നു. എന്നാൽ ഇന്നിപ്പോൾ ഇവിടെ അതനുവദിച്ചിരിക്കുന്നു. അപ്പോൾ ഏതാണ് ഓർഡറിൽ എന്നുള്ളതിന് റൂളിംഗ് നൽകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ സഭയിലെ ഏത് മെമ്പറെപ്പററി ആരോപണമുണ്ടായാലും ആ മെമ്പർക്ക് വിശദീകരിക്കുവാനുള്ള സമയം പേഴ്സണൽ എക്സ്പ്ലനേഷൻ എന്ന നിലക്ക് അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. ഹേമചന്ദ്രൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ സന്തോഷത്തോടുകൂടിയും അഭിമാനത്തോടുകൂടിയും അനുകൂലിക്കുകയാണ്. ഇവിടെ പല ഡിമാൻറുകളും അവതരിപ്പിച്ചപ്പോൾ വിശദമായ ചർച്ചകൾ പല ഡിപ്പാർട്ടുമെൻറിനെക്കുറിച്ചും നടത്തിയിട്ടുണ്ട്. അതുകൊണ്ട് വിശദമായ ചർച്ചയിലേക്ക് ഞാൻ കടക്കുന്നില്ല. ചില പൊതുവായ കാര്യങ്ങൾ മാത്രം പരാമർശിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്.

കഴിഞ്ഞ ബഡ്ജററ് ഇവിടെ അവതരിപ്പിച്ചപ്പോൾ അതിൽ രണ്ടു കാര്യങ്ങൾക്കു പ്രത്യേകം ഊന്നൽ കൊടുത്തിരുന്നു. പദ്ധതി പ്രവർത്തനങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട് അതിന് കൂടുതൽ വകയിരുത്തിയിരുന്നു. വികസനപരമായ കാര്യങ്ങൾ നടക്കുമ്പോൾ അതിന്റെ പ്രയോജനം പ്രത്യേകം ലഭ്യമാകാത്ത ഒരു വിഭാഗം ആളുകളുണ്ട്. അങ്ങനെയുള്ള ദുർബ്ബലജനവിഭാഗങ്ങൾക്ക് എന്തെങ്കിലും പ്രയോജനം ഉണ്ടാകുന്ന തരത്തിലാണ് ജനക്ഷേമകരങ്ങളായിട്ടുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇതിനെല്ലാം ഉപരിയായി എന്റെ ബഹുമാന്യസുഹൃത്ത് ആയ ധനകാര്യമന്ത്രി മറെറാരു കാര്യംകൂടി ബഡ്ജററിൽ കാണിച്ചിട്ടുണ്ട്. അതായത് കൂടുതൽ കാര്യക്ഷമമായ ഒരു ഭരണസംവിധാനം കൈവരിക്കാൻ ബഹുമുഖങ്ങളായ പരിപാടികൾ ബഡ്ജററിനകത്ത് വാഗ്ദാനം ചെയ്തിട്ടുണ്ട്. ഈ കാര്യം ഇതിനുമുൻപുള്ളതിൽ നിന്നും വ്യത്യസ്തമായിട്ടുള്ളതാണ്. പലപ്പോഴും പരിപാടികളും പദ്ധതികളും ആസൂത്രണം ചെയ്യുന്നതിന് പ്രയാസമുണ്ട്. കുതിരയെ വലിച്ച് പുഴവക്കത്ത് കൊണ്ടുപോകാം പക്ഷേ അതിനെ വെള്ളം കുടിപ്പിക്കുവാൻ കഴിയുകയില്ല ആരാലും, എന്നു പറയുന്നതുപോലെ പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്താലും അത് നടപ്പിൽ വരുത്തി താഴെയുള്ളവർക്ക് എത്തിക്കണമെന്നുണ്ടെങ്കിൽ ഉദ്യോഗസ്ഥന്മാർ നല്ല രീതിയിൽ കൈകാര്യം ചെയ്യണം. ഉദ്യോഗസ്ഥൻമാർക്ക് കാര്യക്ഷമതയില്ലായെന്നൊന്നും ഞാൻ പറയുന്നില്ല. എന്നിരുന്നാലും ചിലരൊക്കെയുണ്ട്, സർക്കാർ കാര്യം മുറപോലെ നടക്കും എന്നു പറയുന്നവർ. കാര്യമായി അർപ്പണമനോഭാവത്തോടുകൂടി പ്രവർത്തിക്കേണ്ടത് ഒരാവശ്യമാണ്. അതിന് വിപരീതമായി ആരെങ്കിലും പ്രവർത്തിച്ചാൽ കർശന നടപടി എടുക്കേണ്ടതും ഒരാവശ്യമാണ്. ഇപ്പോഴാണെങ്കിൽ നമ്മുടെ സ്റേററ് ഒരു പോലീസ് സ്റേററ് അല്ല. ഒരു വെൽഫെയർ സ്റേററും അല്ല. ഒരു ക്ഷേമരാഷ്ട്രവും കഴിഞ്ഞ് ഒരു സേവനരാഷ്ട്രമായി മാറിയിരിക്കുകയാണ്. അപ്പോൾ ഒരു സേവനരാഷ്ട്രമാകുമ്പോൾ പബ്ലിക്ക് സർവൻറ്സ് നല്ല രീതിയിൽ ജനങ്ങളോട് പെരുമാറണം. പിന്നെ ഈ പബ്ലിക്ക് സർവൻറ്സിനെ ചെന്നുകാണാൻ കഴിയാത്ത ജനവിഭാഗങ്ങളും നമ്മുടെ രാജ്യത്തുണ്ട്. ക്ഷയരോഗികൾ, വികലാംഗർ, വാർദ്ധക്യം ഭവിച്ചവർ ഇങ്ങനെ അവശരായിട്ടുള്ള ആളുകൾക്കു ഗവൺമെൻറു ഓഫീസുകളിൽ ചെന്ന് ബന്ധപ്പെട്ടവരെ കാണാൻ കഴിയുകയില്ല. അതുകൊണ്ട് ഇവർക്ക് വേണ്ടി ബഡ്ജററിനകത്ത് പറഞ്ഞിട്ടുള്ള ആനുകൂല്യങ്ങൾ എത്തിച്ചുകൊടുക്കുന്നതിന് ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർ സന്നദ്ധരാകണം. ഒരു സേവനരാഷ്ട്രത്തിൽ ഈ രീതിയിലുള്ള പരിപാടികളാണ് ഗവൺമെൻറ് ജീവനക്കാരിൽനിന്നും ഉണ്ടാകേണ്ടത്. ധനവിനിയോഗത്തെക്കുറിച്ച് പറയുമ്പോൾ ധനം എങ്ങനെയും വിനിയോഗിക്കാം. ധനവിനിയോഗ ബില്ലിനെകുറിച്ച് സംസാരിക്കുമ്പോൾ കഴിഞ്ഞ ഒന്നുരണ്ട് വർഷത്തിനു മുൻപ് നടന്ന

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച കൂടി കണക്കിലെടുക്കേണ്ടതുണ്ട്. 1977-78-ൽ വാർഷിക പദ്ധതി 151 കോടി രൂപയായിരുന്നത് 166 കോടി രൂപയായി മാറി. 1978-79-ലാണെങ്കിൽ 184 കോടിയിൽ തുടങ്ങിയത്, അവസാനിച്ചത് 195 കോടിയിലാണ്. 1979-80ൽ 209 കോടിയാണ് ഉദ്ദേശിക്കുന്നത്. അത് 235 കോടി രൂപയെങ്കിലും ആകുമെന്നാണ് ഉദ്ദേശിക്കുന്നത്. ഈ ധനം വിനിയോഗിക്കുമ്പോൾ ഒരു കാര്യം കൂടി നോക്കേണ്ടതുണ്ട്. ഓരോ മാസത്തേയും പ്രോഗ്രസ് റിപ്പോർട്ട് കൊടുക്കുമ്പോൾ ഇത്ര ലക്ഷം രൂപ ചെലവഴിച്ചിരിക്കുന്നുവെന്നു പറയും. ഫൈനാൻഷ്യൽ ടാർജററ് അച്ചീവ് ചെയ്തിരിക്കുന്നുവെന്നു പറഞ്ഞതുകൊണ്ടു മാത്രം കാര്യമായില്ല. സാമ്പത്തികമായി സാധാരണക്കാർക്ക് എങ്ങനെ ഗുണകരമായി ചെയ്യാമെന്നുള്ളതിനെകുറിച്ച് ആലോചിക്കണം. അപ്പോൾ ഫിനാൻഷ്യൽ ടാർജററ് മാത്രമല്ല, ഫിസിക്കൽ ടാർജററ് കൂടി നോക്കണം. മലബാർ പ്രദേശത്ത് പട്ടിക്കണ്ടം പോലെ കിടക്കുന്ന ചെറിയ ചെറിയ പാടശേഖരങ്ങളുടെ നടുക്കുകൂടി ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചു കൊണ്ട് തോടുകളും മററും പണിതിട്ടുണ്ട്. എന്നാൽ അതുകൊണ്ടു 100 പറ നെല്ല് പോലും കൂടുതലായി വിളയിപ്പിക്കുവാൻ സാധിച്ചിട്ടില്ല. ഇത് ഫൈനാൻഷ്യൽ ടാർജററ് ആണ്. ഫിസിക്കൽ ടാർജററ് അല്ലായെന്നുള്ളതാണ് സത്യം. ആ രീതിയിൽ പണം ചെലവഴിച്ചാൽ അതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാവുകയില്ല.

ഇവിടെ പലരും ശുദ്ധജലക്ഷാമത്തെക്കുറിച്ച് പറഞ്ഞു. റൂറൽ ഡെവലപ്പ്മെൻറ് ആക്ററ് അനുസരിച്ചു പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. പക്ഷേ തീരപ്രദേശത്ത് ആണെങ്കിൽ Coleridge പറഞ്ഞതുപോലെ 'Water water everywhere but not a drop to drink' ഒരു തുള്ളിവെള്ളം പോലും കുടിക്കുവാനില്ല. എവിടെനോക്കിയാലും വെള്ളം ഉണ്ട്. ആറൻമുള നിയോജകമണ്ഡലത്തിലുള്ളവർ, പമ്പാ സരസിൻെറ ഇരുകരകളിലുമുള്ള എത്രയോ ഗ്രാമങ്ങളിലുള്ളവർ രണ്ടു മൈലോളം ദൂരത്ത് പോയിട്ടാണ് കുടിക്കുവാനും കുളിക്കുവാനും വെള്ളം എടുത്തുകൊണ്ടുവരുന്നത്. ഇന്നും ഈ കഷ്ടപ്പാട് അവിടെയുള്ളവർ സഹിച്ചുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരത്ത് രണ്ടു കൊല്ലത്തിന് മുൻപ് ഒരു ജലക്ഷാമം ഉണ്ടായപ്പോൾ ഉടനേതന്നെ അടിയന്തിരമായി 24 മണിക്കൂറിനകം ജലം കൊടുത്തു. വെള്ളവും വെളിച്ചവും വായുവും അള്ളാഹുവിൻെറ വകയാണെന്നാണ് പറയുന്നത്. അപ്പോൾ അത് എല്ലാവർക്കും ഒരുപോലെ കിട്ടണമെന്നാണ് എല്ലാവരും പറയുന്നത്. ധനം വിനിയോഗിക്കുമ്പോൾ ഈ വക കാര്യങ്ങൾക്കു മുൻതൂക്കം കൊടുക്കണം. അതാണ് ഗവൺമെൻറ് ശ്രദ്ധിക്കേണ്ടത്.

ഭൂമിയിൽ ഉള്ളതിനേക്കാൾ കൂടുതൽ സമ്പത്ത് കടലിൽ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. കടലിൽനിന്നും ധാരാളം മൽസ്യം പിടിക്കുന്നുണ്ട്. അടുത്ത കാലത്ത് മൽസ്യബന്ധനത്തെക്കുറിച്ച് മറൈൻ ഡിപ്പാർട്ടുമെൻറ് ഇറക്കിയ ഒരു വാരികയിലെ ഒരു ലേഖനം ഞാൻ വായിക്കുകയുണ്ടായി. അതിനകത്ത് പറഞ്ഞിരിക്കുന്നത് കേരളത്തിൽ ഊപ്പയാണ് പിടിക്കുന്നതെന്നാണ്. We are catching only the fry from the sea എന്നാണ് പറയുന്നത്.

അഞ്ചുമൈലിന് ഇപ്പുറത്തുള്ള മീൻപിടിത്തം നടക്കുന്നതുകൊണ്ടു ചെറിയ മൽസ്യങ്ങളെമാത്രമാണ് കിട്ടുന്നത്. അതിനപ്പുറത്ത് വലിയ മൽസ്യങ്ങൾ ജനിക്കുന്നു, വളരുന്നു, നശിക്കുന്നു. അവയെ പിടിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. അതിനപ്പുറത്തേയ്ക്ക് നാടൻ

LIBRARY ARCHIVES Kerala Legislative Assembly

വള്ളങ്ങൾ കൊണ്ടുപോകാനുള്ള ഏതെങ്കിലും ഏർപ്പാട് ഉണ്ടാക്കണം. അവിടെ മൽസ്യങ്ങൾ ജനിക്കുകയും വളരുകയും നശിക്കുകയും ചെയ്യുന്നു. ആ മൽസ്യ സമ്പത്ത് പ്രയോജനപ്പെടുത്താൻ നമുക്കു കഴിയുന്നില്ല. ആ മൽസ്യ സമ്പത്ത് പ്രയോജനപ്പെടുത്താൻവേണ്ട നടപടി സ്വീകരിക്കണം. ഇതിനുവേണ്ടി നീക്കിവച്ചപണം വിനിയോഗിച്ചുവെന്നുള്ള തല്ല എത്രമാത്രം നേട്ടം ഉണ്ടായി എന്നുള്ളതിനെപ്പററി ആലോചിക്കണം. കഴിഞ്ഞ കാലങ്ങളിൽ എത്രയോകോടിരൂപ ചെലവാക്കി. ധനവിനിയോഗബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക ശരിയായി വിനിയോഗിക്കാൻ കഴിഞ്ഞുവെന്ന് കഴിഞ്ഞകാല അനുഭവങ്ങൾ തെളിയിക്കുന്നുണ്ട്. ഇവിടെ രാജൻ മാസ്ററർ സംസാരിച്ചപ്പോൾ ഇവിടെ ഭരണമുണ്ടോയെന്നു ചോദിക്കുന്നതുകേട്ടു. അസംബ്ലി തുടങ്ങിയകാലം മുതൽ ചോദിക്കുന്നതാണ് ഭരണമുണ്ടോയെന്ന്? ഭരണമുണ്ടോയെന്ന് തീരുമാനിക്കേണ്ടത് ആരാണ്? പ്രതിപക്ഷത്തിരിക്കുന്ന ആളുകളാണോ ഭരണമുണ്ടോയെന്ന് തീരുമാനിക്കേണ്ടത്? ഈ രാജ്യത്തെ ജനതയാണ് ഭരണം ഉണ്ടോയെന്ന് തീരുമാനിക്കേണ്ടത്. ഈ രാജ്യത്തെ ജനത തീരുമാനിച്ചതിന്റെ ഫലമായിട്ടുള്ള ഭരണമാണ് ഇവിടെ നടക്കുന്നത്. രാജ്യസഭാതിരഞ്ഞെടുപ്പിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഞാൻ അതിലേക്കു കടക്കുന്നില്ല. ഇവിടെ പോയിന്റ് ഓഫ് ഓർഡറുകളൊക്കെ ഉന്നയിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായമാണെന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ അഭിപ്രായമാണെന്ന് പറയുകയാണെങ്കിൽ ഞാൻ ഒരുകാര്യം ചോദിക്കാനാഗ്രഹിക്കുകയാണ്. ജനങ്ങളെ വഞ്ചിച്ചുവെന്ന് പറയുന്ന അപ്പുറത്തുള്ളവർ ഉൾപ്പെടെയല്ലേ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ മൽസരിച്ചത്. ആ തിരഞ്ഞെടുപ്പിന്റെ ലക്ഷ്യം എന്തായിരുന്നു. ആ തിരഞ്ഞെടുപ്പിൽ ജനങ്ങൾ വിധിയെഴുതി നിങ്ങളെല്ലാം അവിടെ പോയിരുന്ന് ഭരണം നടത്തണമെന്ന്. ഇവിടെ വന്നതിന് ശേഷം എന്ത് ഉണ്ടായി? ഇവിടെ നിന്ന് മാറി അപ്പുറത്ത് ഇരുന്നു കൊണ്ടു ജനങ്ങളെ വഞ്ചിച്ചത് ആരാണ്? ജനങ്ങളെ വഞ്ചിച്ച കൂട്ടർ ഒന്നിച്ചിരുന്നുകൊണ്ട് അഭിപ്രായഭിന്നതയുടെ പേരിൽ സംശയത്തിന്റെ പേരിൽ പറയുന്നതിൽ എനിക്കു അതിശയം തോന്നുകയാണ്. ഈ ധനവിനിയോഗബില്ലിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ഓരോ ഡിപ്പാർട്ടുമെന്റിന്റേയും ഓരോ വകുപ്പിന്റെയും വിശദാംശങ്ങളെക്കുറിച്ച് പറയാൻ ഞാനാഗ്രഹിക്കുന്നില്ല. ഇന്ന് ഈ സംസ്ഥാനത്ത് പല കാര്യങ്ങൾക്കും മുൻതൂക്കം കൊടുക്കേണ്ടതായിട്ടുണ്ട്. അത് ചെയ്യണോ ഇല്ലയോയെന്നുള്ളതിനെകുറിച്ച് ആലോചിക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ ബഡ്ജററിലും ജനക്ഷേമകരമായ കാര്യങ്ങൾ പറഞ്ഞിട്ടുണ്ടായിരുന്നു. ഉദ്യോഗസ്ഥൻമാരുടെ അടുത്തുചെല്ലുമ്പോൾ നിയമങ്ങളും നൂലാമാലകളും കൊണ്ട് കഴിയുന്നതും നടത്താനുള്ള കാലതാമസമുണ്ടാക്കും. അങ്ങനെയുള്ള കാലതാമസം ഉണ്ടാക്കാതെ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന കാര്യങ്ങൾ നടപ്പാക്കണം. ജനങ്ങൾ ഇങ്ങോട്ട് വരട്ടെയെന്നുള്ള അഭിപ്രായം മാററിക്കൊണ്ട്, ആ തീരുമാനം മാററി എഴുതിക്കൊണ്ട് ജനങ്ങളുടെ സേവനം നടത്തുന്ന സേവന രാഷ്ട്രത്തിലെ ഗവൺമെന്റ് എന്നുള്ള നിലയ്ക്ക് നടത്താനുള്ള ഏർപ്പാട് ഉണ്ടാക്കണം. ഉദ്യോഗസ്ഥവൃന്ദത്തിന് ആ ഒരു കാഴ്ചപ്പാട് ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. അപ്രോപ്രിയേഷൻ ബില്ല് കൊണ്ടുവന്ന് വീണ്ടും തുകയ്ക്ക് അനുവാദം വാങ്ങിക്കാറുണ്ട്. ഇതിൽ പറഞ്ഞിരിക്കുന്നകാര്യങ്ങൾ മുമ്പ് പറഞ്ഞതുപോലെ ജനക്ഷേമകരമായിട്ട് നടത്തണം. ഈ ബില്ലിനെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. 1979-80-ലെ ബഡ്ജററിൽ വളരെ പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങളുണ്ടെന്ന് നമ്മളെല്ലാം അംഗീകരിക്കുന്ന കാര്യമാണ്. കാർഷികമേഖലയിൽ പുതിയ ചില പരിപാടികളുണ്ട്. കൃഷി അഭിവൃദ്ധിപ്പെടുത്താനുള്ള പ്രത്യേകമായ താൽപ്പര്യം വച്ചുകൊണ്ടുതന്നെ കാർഷിക പരിഷ്കരണം നടപ്പാക്കിക്കഴിഞ്ഞതിനുശേഷം മലബാർ പ്രദേശത്ത് സ്വകാര്യ വനഭൂമികൾ പ്രതിഫലം കൊടുക്കാതെ ഗവൺമെൻറ് ഏറെറടുത്ത് ഗവൺമെൻറിൻെറ കൈവശം വന്നിട്ടുള്ള സ്ഥലങ്ങളിൽ പുതിയതായി കൃഷി ചെയ്യുന്നതിനുള്ള പദ്ധതി, അമ്പത്തയ്യായിരം ആളുകൾക്കു പുതിയതായി തൊഴിൽ കൊടുക്കുന്നതിനുള്ള കാർഷിക പദ്ധതി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെയാണ് വ്യാവസായിക വികസനത്തിനുള്ള പാക്കേജ് പദ്ധതിയും ഇതിൽ അടങ്ങിയിട്ടുണ്ട്. ഈ ബഡ്ജററിലുള്ള അത്തരം നിർദ്ദേശത്തെസംബന്ധിച്ച് ഞാൻ വിവരിക്കാൻ പോകുന്നില്ല. അത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതിൻെറ രൂപരേഖ നമ്മുടെ കയ്യിലുണ്ട്. നമ്മൾ അത് എങ്ങനെ നടപ്പാക്കുമെന്നുള്ളതിനെപ്പററിയാണ് ഞാൻ പറയാനാഗ്രഹിക്കുന്നത്. അതിന് എന്താണ് ഉറപ്പ്. ഈ സാമ്പത്തികവർഷത്തിൽ നമ്മുടെ സംസ്ഥാനത്തിൽ അത്തരം പദ്ധതി പ്രായോഗികമായി നടപ്പാക്കുന്നതിനുള്ള ഗ്യാരൻറി എന്താണ്? അത് ഉണ്ടാകണം അത് ഉണ്ടാക്കണം എന്നാണ് എനിക്കു ഈ അവസരത്തിൽ പറയാനുള്ളത്. അതിന് ഇന്ന് അംഗീകരിച്ചിട്ടുള്ള പ്രവർത്തനരീതിയിൽ മാററം വരുത്തണം. കുറേക്കാലമായി അത് പറയാൻ തുടങ്ങിയിട്ട്. ഇവിടെ നമുക്കൊക്കെ, കിളി പറയുമ്പോലെ പറയാൻ വശമാക്കിയിട്ടുള്ള കാര്യമാണ്, അഡ്മിനിസ്ട്രേററീവ് റിഫോംസ്, ഇൻസ്ററിററ്യൂഷണൽ ചെയിഞ്ചസ് മററും മററും. ഇത് പറയാമെന്നല്ലാതെ അപ്പുറം കടക്കാൻ ഇതുവരെ നമുക്കാർക്കും കഴിഞ്ഞിട്ടില്ല. മുമ്പ് ഉള്ളവർക്കും കഴിഞ്ഞിട്ടില്ല. ഇപ്പോൾ ഉള്ളവർക്കും കഴിഞ്ഞിട്ടില്ല. വെറുതെ തർക്കം പറഞ്ഞിട്ട് എന്താണ് കാര്യം. ഇത് കേട്ടുനിൽക്കുന്ന ജനങ്ങൾക്ക് അനുഭവം പഴയതുതന്നെയാണ്. അഡ്മിനിസ്ട്രേററീവ് റിഫോംസ് ഇവിടെ നടപ്പാകണമെങ്കിൽ ഇതുവരെ നമുക്ക് ഉണ്ടായിട്ടുള്ള ധാരണയിൽ മാററം വരുത്തണം. ധൈര്യമായി ചില പ്രവൃത്തികൾ ചെയ്യണം. അതുപോലെ ചെയ്താലേ ഇവിടെ വല്ല കാര്യവും നടക്കുകയുള്ളൂ. സംശയിച്ച് നിൽക്കരുത്. സംശയാത്മാവിനശ്യതി എന്നാണ് ചൊല്ല്. ധൈര്യപൂർവ്വം കാര്യങ്ങൾ നടത്താൻ ഇവിടെ ആരെങ്കിലും മുമ്പോട്ട് വന്നിട്ടുണ്ടോ? ആർക്കെങ്കിലും സാധിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കണം. ഒരു കാര്യത്തിലതു വ്യക്തമായി കാണാം. അതിൻെറ നേട്ടമാണ് ഈ സംസ്ഥാനം ഇന്ന് അനുഭവിക്കുന്നത്. കാർഷിക പരിഷ്കാരം നടപ്പാക്കിയ കാര്യത്തിൽ നാമതുകണ്ടു. നിയമം അവതരിപ്പിച്ച കാലത്ത് ഈ നിയമസഭയിലെ നാനാഭാഗങ്ങളിൽനിന്നും എത്ര എത്ര അപശബ്ദങ്ങൾ പൊന്തി. എന്നിട്ടും കാർഷികമേഖലയിൽ മാററം വരുത്താൻ കഴിഞ്ഞു. ഭൂവുടമ ബന്ധത്തിൽ സമൂല മാററം വന്നു. അതേതുടർന്ന് കൃഷിയും വ്യവസായവും വേണ്ടത്ര അഭിവൃദ്ധിപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. അത് സാധിക്കുന്നതിനാവശ്യമായ ഭരണപരിഷ്കാരവും സംഘടനാപരമായ ഇൻസ്ററിററ്യൂഷൻ ചെയിഞ്ചസും വരുത്താൻ കഴിഞ്ഞിട്ടില്ല. ആ വഴിക്ക് ഒട്ടും നീങ്ങിയിട്ടില്ല എന്നാണ് എനിക്ക് പറയാനുള്ളത്. ഇത്തരം ഒരു മാററം വരുത്തേണ്ട കാര്യത്തെ കുറിച്ച് അടിയന്തിരമായി ആലോചിക്കേണ്ടതാണ്. കഴിഞ്ഞ ബഡ്ജററ് സമ്മേളനം കഴിഞ്ഞ് പിരിഞ്ഞതിൻെറ അനുഭവം ഞാൻ ഓർക്കുകയാണ്. എം. എൽ. എ. മാർ നിയോജകമണ്ഡലത്തിലേയ്ക്കും മന്ത്രിമാർ ആഫീസുകളിലേയ്ക്കും പോയാൽ പിന്നെ ഈ ബഡ്ജററ് നിർദ്ദേശ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ സ്ഥിതി എന്താണ്? ആ സ്ഥിതി ഈ കൊല്ലം വരാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. അതിന് എനിക്ക് ഒരു സജഷൻ വയ്ക്കാനുണ്ട്. അതാത് ജില്ലകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന, ബഡ്ജററിൽ നിർദ്ദേശിച്ച പദ്ധതികളെ സംബന്ധിച്ചിടത്തോളം ഈ മേയ് മാസത്തിൽ ബന്ധപ്പെട്ട മന്ത്രിമാർ ചർച്ച നടത്തണം. അങ്ങനെ ചർച്ച നടത്തി ജില്ലകളിൽ അത് ഇംപ്ലിമെൻറ് ചെയ്യാനുള്ള ഇംപ്ലിമെൻറഷൻ കമ്മിററി ഉണ്ടാക്കണം. അതിൽ നിയമസഭാ സാമാജികൻമാരെ പങ്കാളികളാക്കണം. ഇന്ന് നിയമസഭാസാമാജികൻമാർ എന്താണ് ചെയ്യുന്നത്? നിവേദനം വാങ്ങി അയക്കുന്ന ആളാണ് എം എൽ.എ. അത് കഴിഞ്ഞാലുള്ള സ്ഥിതി ഏവർക്കുമറിയാം. നിവേദനം വാങ്ങിച്ച് അയച്ചുകൊടുക്കുന്ന പണിയല്ലാതെ മറെറന്തെങ്കിലും ചെയ്യാൻ പററുമോ? എന്തിനാണ് ഈ കൃത്രിമ വലയത്തിൽ മനുഷ്യൻ ജീവിക്കുന്നത്? പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ നിയോജകമണ്ഡലത്തിലെ എം. എൽ. എ. മാരെയും പങ്കാളികളാക്കിക്കൂടെ? ഒരുപാട് കാര്യത്തിൽ പങ്കാളികളാകാൻ കഴിയുമെന്നാണെന്റെ വിശ്വാസം. എന്തെങ്കിലും പറയണമെന്ന് മാത്രം താൽപ്പര്യമുള്ളവർ കാണും. എന്നാൽ, റോഡിന്റെ കാര്യത്തിൽ, ജലസേചന പദ്ധതിയുടെ കാര്യത്തിൽ അവ പ്രാവർത്തികമാക്കുന്നതിനൊപ്പം നിന്ന് പ്രവർത്തിക്കാൻ താൽപ്പര്യമുണ്ടാകണം. ജനപ്രതിനിധികളുടെ സാന്നിദ്ധ്യവും സഹായവും പദ്ധതികൾ നടപ്പാക്കുന്നതിന് പൂർണ്ണമായി ഉപയോഗിക്കണം.

മി. ഡെ. സ്പീക്കർ: അതിനാണ് സ്ററാൻറിങ്ങ് കമ്മിററി........

ശ്രീ. ഇ. പി. ഗോപാലൻ: സ്ററാൻറിങ്ങ് കമ്മിററി പോരെന്നാണ് എന്റെ അഭിപ്രായം. ആ പേരിനോടുപോലും എനിക്ക് എതിർപ്പാണ്. ഇതൊക്കെ പറഞ്ഞാൽ ഇവിടെ ഉരുളയ്ക്കു ഉപ്പേരി പോലെയുള്ള മറുപടിയുണ്ട്. ഇവിടെ പറഞ്ഞതുപോലെ കാര്യങ്ങൾ നടപ്പാക്കാൻ സാധിക്കുന്നില്ല. നടപ്പാക്കുന്നതിന് തടസ്സമായി നിൽക്കുന്ന സംവിധാനമാണുള്ളത്. വമ്പ് പറയുന്നവനൊക്കെ കീഴ്പ്പെട്ടിട്ടേയുള്ളു. വമ്പും പറഞ്ഞിട്ടാണ് വരവ്. വന്നു കയറിയാൽ ഒരു തിരിച്ചിൽ; ഒരു സംശയം; തീരുമാനമാവില്ല. പിന്നെ, സാധാരണ മട്ടായി. ഈ മട്ടുതന്നെ ആയാൽ യാതൊരു രക്ഷയുമില്ല. ന്യായവാദങ്ങൾ പലതും കൊണ്ട് പററിച്ച് നടക്കാം. അതുകൊണ്ട് കാര്യമില്ല. ഇത് നടപ്പാക്കുന്നതിനുവേണ്ടിയുള്ള ഉറപ്പ് എന്നുള്ള നിലയ്ക്ക് ജില്ലാ നിലവാരത്തിലുള്ള യോഗങ്ങൾ വിളിച്ചുകൂട്ടണം. ജില്ലാവികസനസമിതിയുണ്ട്. ഡിസംബർ, ജനുവരിയിലാണ് കഷ്ടിച്ച് ജില്ലാ ബ്രേക്കപ്പുകൾ ലഭ്യമാവുക. പിന്നെ എങ്ങിനെ നടക്കും. തിരുവനന്തപുരത്തുനിന്ന് പാലക്കാട്ടേയ്ക്കും തിരുവനന്തപുരത്തുനിന്ന് കണ്ണൂരിലേയ്ക്കുമൊക്കെ സാധാരണ മനുഷ്യർക്കുള്ള ദൂരമല്ല സർക്കാരിനുള്ളത്. എല്ലാററിനും കാലതാമസം. ഇവിടെ നിന്ന് പദ്ധതികളൊക്കെ വിഭജിച്ച് ജില്ലാടിസ്ഥാനത്തിൽ അനുവാദം നൽകുന്നതിന് ഒരുപാട് കാലം പിടിക്കുന്നുണ്ട്. ഈ സമ്പ്രദായം മാററണം. മേയ് മാസത്തിൽ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് ജില്ലാ നിലവാരത്തിൽ ചർച്ചകൾ നടത്തുന്നതിനും തീരുമാനമെടുക്കുന്നതിനും കഴിയണം. വേറെ തിരക്ക് ഉണ്ടെന്ന് പറഞ്ഞാൽ സംഗതി നടക്കുകയില്ല. വേറെ തിരക്കുള്ളവർ ആ തിരക്കിൽ പോകണം. ഇത് നടപ്പാക്കാൻ സമയം ഉള്ളവരുണ്ടോയെന്നുള്ളതാണ് പ്രശ്നം. മന്ത്രിമാരുടെ പരിപാടികൾ ആ അടിസ്ഥാനത്തിൽ വയ്ക്കണം. മന്ത്രിമാരെ തറക്കല്ലിടാനും മററും വിളിച്ചു കൊണ്ടുപോകും. വിളിച്ചുകൊണ്ടുപോയിട്ട് ആ പരിപാടികഴിഞ്ഞ് മന്ത്രിമാർ മടങ്ങുമ്പോൾ കൊണ്ടുപോയ

LIBRARY ARCHIVES Kerala Legislative Assembly

ആദ്യംതന്നെ മന്ത്രിമാർ തലസ്ഥാനത്ത് ഇരിക്കേണ്ടതാണെന്ന് പ്രഖ്യാപനം നടത്തും. ഞാൻ മനസ്സിൽ തട്ടി പ്രയോജനം ഉള്ള കാര്യമാണെന്നുള്ളതുകൊണ്ട് പറയുകയാണ്. പ്രതിപക്ഷബെഞ്ചിൽനിന്ന് ആരോപണം ഉന്നയിച്ചു കഴിഞ്ഞ ഉടൻ, ബഹുമാനപ്പെട്ട മെമ്പർമാർ ബന്ധപ്പെട്ട മന്ത്രിമാരെ കണ്ടു നിവേദനം നടത്തുന്ന കാഴ്ച ഇവിടെ സാധാരണമാണ്. ഞാൻ കുററപ്പെടുത്തുന്നില്ല. മനുഷ്യരുടെ കാര്യത്തെ ഉദ്ദേശിച്ചാണ് അങ്ങനെ ചെയ്യുന്നത്. ശബ്ദകോലാഹലം ഒന്ന്, പ്രായോഗിക മനുഷ്യജീവിതം, നീറുന്ന മനുഷ്യജീവിതം വേറൊന്ന്. ഇത്തരത്തിലുള്ള കൃത്രിമക്കളി അവസാനിപ്പിച്ചുകൂടെ? നമ്മൾ ജനങ്ങളുടെ താൽപ്പര്യത്തിന്റെ സംരക്ഷണ മേഖലയിലേക്കു കടക്കണം. അവിടെ ചെന്ന് നോക്കിയാൽ കാണാം വിശാലമായ ഐക്യം, വിശാലമായ മനുഷ്യാവശ്യങ്ങൾ. അവിടെ ചെന്ന് നോക്കിയാൽ കാണാം വികസനപ്രവർത്തനത്തിന്റെ പ്രശാന്ത താഴ്‌വര. അവിടെവച്ച് നമുക്കു പ്രായോഗിക പ്രവർത്തനത്തിൽ മുഴുകാം. അതിന് വേണ്ടിടത്തോളം വക ഈ ബഡ്ജററിലുണ്ട്. പ്രായോഗികമാക്കുകയെന്നുള്ള കാര്യത്തിൽ നമുക്കു മന്ത്രിമാരുടെ പ്രവർത്തനം തന്നെ ഇതിന് അഭിമുഖമായി തിരിച്ചുവിടണം. കുറെ മെമ്മോറാണ്ടങ്ങൾ സ്വീകരിക്കുക, ചില പരിപാടികളിൽ പങ്കെടുക്കുക എന്നിട്ട് സെക്രട്ടേറിയററിൽ നിവേദനക്കാരുടെ കടലാസ്സുവാങ്ങി കൂട്ടുക. ഇതിന്റെ മദ്ധ്യത്തിൽ അല്ലേ മന്ത്രിമാർ? അവിടെ നിന്ന് പുറത്ത് കടക്കണം. പുറത്തുകടന്നിട്ട് ഈ പദ്ധതി പ്രാവർത്തികമാക്കാനുള്ള ഒരു സാഹചര്യം സംജാതമാക്കണം. വ്യക്തിപരമായ കാര്യമല്ല. ഇത്തരം ഒരു മാററംവരുത്തുകയാണെങ്കിൽ ഈ നടപ്പ് സാമ്പത്തിക വർഷത്തിൽ ഈ സംസ്ഥാനത്ത് വളരെ വലിയ മാററങ്ങൾ ഉണ്ടാക്കാൻ കഴിയും. അതിന് പററുന്ന പദ്ധതികളും അതിനുവേണ്ടുന്ന സാമ്പത്തികശേഷിയും ഇവിടെ ഉണ്ട്. ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികൾക്ക് വേണ്ടത്ര പണം ഇന്ന് ഗവൺമെൻറിന്റെ കൈവശമുണ്ട്. സാധാരണ അങ്ങനെയല്ല. പണം കാണാൻ വേറെ മാർഗ്ഗങ്ങൾ ആരായേണ്ടിവരും. സാമ്പത്തികമായി സൗകര്യം ഉണ്ടാവുകയില്ല; പദ്ധതികൾ ഉൾപ്പെടുത്തുകയും ചെയ്യുമായിരുന്നു. എന്നാൽ ഇന്ന് സാമ്പത്തികമായിട്ട് സൗകര്യമുണ്ട്. സാമ്പത്തികമായിട്ടുള്ള സൗകര്യം ഉപയോഗപ്പെടുത്തി ഈ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നകാര്യത്തിൽ ബദ്ധശ്രദ്ധ കാണിക്കണം. ഇവ നടപ്പാക്കാൻ ആവശ്യമായിട്ടുള്ള അഡ്മിനിസ്ട്രേററീവ് റിഫോംസ് ഇൻസ്ററിററ്യൂഷണൽ ചെയിഞ്ചസ് കൊണ്ടുവരണം. ഗോവധ നിരോധം സംബന്ധിച്ചുള്ള കോലാഹലം അവസാനവിശകലനത്തിൽ സമുദായ കലാപത്തിൽ ചെന്ന് എത്തുമെന്നാണ് ഞാൻ ഭയപ്പെടുന്നത്. എന്നെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ അമ്പതുകൊല്ലക്കാലത്തെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് പറയുന്നത്. സമുദായ കലാപം കുത്തിപ്പൊക്കാനുള്ള നിഗൂഢ ശക്തികളുടെ വിളയാട്ടം ഞാൻ കാണുന്നു. ഇവിടെ ഇക്കാര്യത്തിൽ നാം ഉറച്ച ഒരു നിലപാടാണെടുത്തിട്ടുള്ളത്. ഇതിനപ്പുറം പോകാൻ ഈ സംസ്ഥാനത്തിനുകഴിയുകയില്ല. എന്തുപറഞ്ഞാലും അവസാനം ഈ വിഷയത്തിന് മതച്ഛായയല്ലേ കൊടുക്കുന്നത്. മതച്ഛായകൊടുത്ത് ഭിന്നസമുദായങ്ങൾ തമ്മിൽ ഉരസലുണ്ടാക്കിയാൽ, പിന്നെ എന്ത് ഉണ്ടാകുമെന്ന് ആലോചിക്കേണ്ട കാര്യമുണ്ടോ? ഇതെപ്പററി ആലോചിക്കുന്ന അവസരത്തിലാണ് ആർ.എസ്.എസ്. സംഘടിപ്പിച്ചിട്ടുള്ള കലാപത്തെ സംബന്ധിച്ച് ഓർത്തുപോകുന്നത്. സ്വാഭാവികമായും ഇവയ്ക്ക് രണ്ടിനും ചേരാനുള്ള സുന്ദരമായ രംഗം ഒരുക്കി വച്ചിരിക്കുകയാണ്. ഇതിനെല്ലാം പകരമായി ഞാൻ പറഞ്ഞ ഈ ബഡ്ജററിലെ പരിപാടികൾ,

2/474—9

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ നാട്ടിലെ ജനങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി പ്രായോഗികമാക്കുക. ഇക്കാര്യത്തിൽ ആർക്കെങ്കിലും അങ്കംവെട്ടാനൊക്കുമോ? പഴയകാലത്തെ വിരോധം പറഞ്ഞിട്ട് തെററിനിൽക്കാനൊക്കുമോ? എന്താണ് ചെയ്യേണ്ടത്. ഇവിടെയാണ് എല്ലാനീതിബോധവും, എല്ലാ വിപ്ലവബോധവും, എല്ലാ പുരോഗമന ചിന്താഗതികളും ഉടലെടുക്കേണ്ടത് എന്നാണ് എന്റെ അഭിപ്രായം. ഒരു പുതിയ സ്ഥിതിവിശേഷം ഉളവായിട്ടുണ്ട്. ഇൻഡ്യയിൽ കാർഷിക പരിഷ്കരണം നടപ്പാക്കിയ ഏക സംസ്ഥാന മത്രേ കേരളം, അതിൽനിന്ന് ആവിർഭവിക്കുന്ന പുതിയ പ്രശ്നങ്ങൾ കൊടുമ്പിരിക്കൊണ്ടു നിൽക്കുന്നു. തൊഴിലില്ലായ്മ ഏററവുമധികമുള്ള ഒരു സംസ്ഥാനമാണിത്. കാർഷികമേഖലയിൽ ധാരാളം തൊഴിൽ സാദ്ധ്യത ഉണ്ട്. വ്യവസായവികസന സാദ്ധ്യതയും ഉണ്ട്. ഈ സാദ്ധ്യതകൾ പ്രാവർത്തികമാക്കാൻ കഴിയുമോ? കഴിയുമെന്നാണെന്റെ വിശ്വാസം. കഴിഞ്ഞ അര നൂററാണ്ടുകാലമായി ഇവിടെ വളർന്നുവന്ന പ്രസ്ഥാനവിശേഷത്തിന്റെ ഫലമായി എന്ത് എന്ത് അപകടങ്ങൾ സംഭവിച്ചാലും എന്ത് എന്ത് വൈരാഗ്യങ്ങൾ ഉണ്ടായാലും ആ വിഷമതകളെ തരണം ചെയ്യാൻ കഴിയും, മുന്നോട്ടു പോകാൻ കഴിയും എന്ന് ഞാൻ കരുതുന്നു. ഈ സംസ്ഥാനത്തിന് അതിനുള്ള കരുത്തുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. എല്ലാ ശക്തികളും സമാഹരിച്ച് ഈ വൈഷമ്യങ്ങളെല്ലാം മനസ്സിലാക്കി നമ്മുടെ നാടിനെ പുരോഗമിപ്പിക്കുന്നതിനുവേണ്ടി നമ്മുടെ നാട്ടുകാർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് മുമ്പോട്ടുപോകണം. ഭരണകക്ഷിയും പ്രതിപക്ഷവും അപൂർവ്വം ചില മേഖലകളിൽ അഭിപ്രായഭിന്നതകാട്ടുന്നു. എന്നാൽ, തൊഴിൽ ലഭിക്കുന്നതിനെസംബന്ധിച്ചും കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനെ സംബന്ധിച്ചും പാലങ്ങൾ നിർമ്മിക്കുന്നതിനെ സംബന്ധിച്ചും ഇലക്ട്രിസിററി വികസിപ്പിക്കുന്നതിനെ സംബന്ധിച്ചും മററുമെല്ലാം ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസം കൂടാതെ എല്ലാ വിഭാഗക്കാരും യോജിച്ച് പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. സുന്ദരേശൻനായർ: സർ, വഞ്ചനയുടെ മാത്രം പര്യായമായ ഈ ഗവൺമെൻറ് അവതരിപ്പിച്ചിരിക്കുന്ന ധനവിനിയോഗബില്ലിനെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ജനങ്ങളോട് എന്തൊക്കെയാണ് പറഞ്ഞിരുന്നത്? ഐക്യകക്ഷി കൂട്ടുകെട്ട് മാർക്സിസ്ററു വിരുദ്ധശക്തിയുടെ കൂട്ടുകെട്ടാണ്, ജനാധിപത്യ വിശ്വാസികളുടെ കൂട്ടുകെട്ടാണ്, ഇടതുപക്ഷ പുരോഗമന ശക്തികളുടെ കൂട്ടുകെട്ടാണ് എന്നൊക്കെ പറഞ്ഞ് ജനങ്ങളുടെ വോട്ടുവാങ്ങി 111 എം.എൽ.എ. മാരെ ജയിപ്പിച്ചെടുത്തതിനുശേഷം കൂടെനിന്ന രാഷ്ട്രീയ കക്ഷിയോട് വഞ്ചന കാണിച്ചത് സഹിക്കാം. കൂടെനിന്ന രാഷ്ട്രീയ കക്ഷിയെ തകർക്കാൻ ശ്രമിച്ചത് സഹിക്കാം. പക്ഷേ ഈ രാജ്യത്തിലെ ജനങ്ങളെ വഞ്ചിച്ചിരിക്കുന്നു. ഇവിടത്തെ ജനങ്ങളുടെ പ്രശ്നങ്ങളുടെ വെല്ലുവിളി നേരിടുന്നതിനുപകരം കൂട്ടുകെട്ടുകൾ തമ്മിൽ മൽസരിക്കുമ്പോൾ വെല്ലുവിളി നടത്തുന്നതുപോലെ പ്രതിപക്ഷത്തിരുന്നുകൊണ്ട് നമ്മുടെ മാർക്സിസ്ററു സുഹൃത്തുക്കൾ നടത്തുന്ന വെല്ലുവിളിയെ നേരിടുന്ന പ്രശ്നത്തിൽമാത്രം ഒതുങ്ങിയിരിക്കുകയാണ്. ബംഗാളിൽ തൊഴിലില്ലായ്മ വേതനം കൊടുത്തു എന്നു പറഞ്ഞു. ഞങ്ങൾ ഇവിടെയും അതു നടത്തിയിരിക്കുന്നു എന്നു പറഞ്ഞു. ആർ.എസ്.എസ് സിനെക്കുറിച്ച് പരാതി പറഞ്ഞു. ചർച്ച ചെയ്യാമെന്നുപറഞ്ഞു. എം.എൽ.എ. മാർക്ക് പെൻഷന് ബിൽ കൊണ്ടുവന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾക്ക് ആവശ്യമില്ലെന്നു മാർക്സിസ്ററുകാർ പറഞ്ഞപ്പോൾ ഏതിൽ ഞങ്ങൾക്കും ആവശ്യമില്ലെന്നു പറഞ്ഞു. മാർക്സിസ്ററു വിരുദ്ധ ശക്തികളുടെ കൂട്ടുകെട്ടാണെന്ന് പറഞ്ഞുകൊണ്ട്, മാർക്സിസ്ററു ശക്തികളെ പരാജയപ്പെടുത്താനാണെന്നു പറഞ്ഞുകൊണ്ട് ജനാധിപത്യ വിശ്വാസികളുടെ വോട്ടു തേടിക്കൊണ്ട് അധികാരത്തിൽ വന്ന ഈ ഗവൺമെൻറ് ഇപ്പോൾ രാജ്യസഭാ തിരഞ്ഞെടുപ്പിൽ മാർക്സിസ്ററു സ്ഥാനാർത്ഥിക്ക് പിൻതുണ നൽകിയിരിക്കുന്നു, വോട്ടു ചെയ്തിരിക്കുന്നു. ഇതു ചെയ്യേണ്ടത് ജനങ്ങളുടെ അനുവാദം വാങ്ങിച്ചുകൊണ്ടായിരിക്കണം. രാജിവച്ച് ജനങ്ങളെ നേരിട്ടുകൊണ്ട് ജനങ്ങളുടെ പുതിയ അംഗീകാരം വാങ്ങിച്ചുകൊണ്ടായിരിക്കണം ഇത് ചെയ്യേണ്ടത്. അങ്ങനെയല്ലാതെ ചെയ്തത് ഈ രാജ്യത്തെ ജനങ്ങളോട് കാണിച്ച ഏററവും വലിയ വഞ്ചനയാണ്. മറെറാരു പ്രധാനപ്പെട്ട കാര്യം നിയമസമാധാന പാലനത്തിൽ ഈ ഗവൺമെൻറ് പരാജയപ്പെട്ടിരിക്കുന്നു എന്നുള്ളതാണ്. വക്കീലൻമാരെ കയ്യാമം വയ്ക്കുന്നു, വക്കീലൻമാരെ പോലീസ് മർദ്ദിക്കുന്നു. കഴിഞ്ഞ ഡിസംബറിൽ പരാതികൊടുത്തിട്ടില്ലെന്നാണ് പറയുന്നത്, മൂവാററുപുഴയിൽ മരിച്ച അമ്മിണി അന്തർജനത്തിൻെറ കാര്യത്തിൽ പല പരാതികളും കൊടുത്തിരുന്നതാണ്. പക്ഷേ നടപടികളെടുക്കാത്തതിൻെറ പേരിൽ ആ പരാതികളെല്ലാം നശിപ്പിച്ചിരിക്കുകയാണ്. ഇന്നു സംസ്ഥാനത്തിലുടനീളം നിയമസമാധാനനില അപകടത്തിലായിരിക്കുകയാണ്. അതുകൊണ്ട് ഈ ഗവൺമെൻറിന് ഭരിക്കാൻ അവകാശമില്ല. ഗവൺമെൻറ് അവതരിപ്പിച്ചിരിക്കുന്ന ഈ ധനവിനിയോഗ ബില്ലിനെ എതിർത്തുകൊണ്ട് എൻെറ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ഒ. ലൂക്കോസ്: സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ സ്വാഗതം ചെയ്യുന്നു. ബഡ്ജററു പ്രസംഗത്തിലെ ശ്രദ്ധേയമായ കാര്യങ്ങളിലൊന്ന്, കേരളത്തിലെ കർഷകരുടെ കാഴ്ചപ്പാടിൽനിന്ന് നോക്കുമ്പോൾ ക്ഷീര സംഭരണവും വിതരണവും വിപുലപ്പെടുത്തുമെന്നും അതിനുവേണ്ടിയുള്ള പരിപാടികൾ ഗവൺമെൻറ് അടിയന്തിരമായി ആസൂത്രണം ചെയ്യുമെന്നുമുള്ളതായിരുന്നു. ക്ഷീര സംഭരണവും വിതരണവും ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെൻറ് നടപടികൾ സ്വീകരിക്കുമെന്ന പ്രതീക്ഷയോടുകൂടി പ്രത്യേകിച്ച് ഓപ്പറേഷൻ ഫ്ളഡ് നമ്പർ ടു പരിപാടി നടപ്പാക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ട് കേരളത്തിലെ പാൽ ഉൽപ്പാദകർ വളരെ പ്രതീക്ഷയോടുകൂടി കാത്തിരുന്നു. പക്ഷേ ഇപ്പോൾ സംഗതികൾ ത്വരിതഗതിയിൽ നടക്കുന്ന മട്ടില്ല. പാലിന്റെ ഉൽപ്പാദനം കുറഞ്ഞ ഈ കാലഘട്ടത്തിൽപോലും പാൽ ഉൽപ്പാദകരുടെ സംഘടനകൾ ഡയറി ഡെവലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറ് ആഫീസുകളുടെയും കളക്ടറേററ് ആഫീസിൻെറയും മുൻപിൽ അവർ ഉൽപ്പാദിപ്പിക്കുന്ന പാൽ ചെലവാക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നു മുദ്രാവാക്യം വിളിച്ചു കൊണ്ട് നടക്കുന്ന സ്ഥിതിവിശേഷം ഇന്നു ഈ രാജ്യത്തുണ്ട്. ഓപ്പറേഷൻ ഫ്ളഡ്ഡിനെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്ത് ചില പത്രങ്ങളിൽ വന്ന മുഖപ്രസംഗം പൂർണ്ണമായി ഞാൻ വിശ്വസിക്കുന്നില്ല. പക്ഷേ എങ്കിൽപ്പോലും നമ്മുടെ ഡയറി ഡെവലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറിലും മിൽക്ക് മാർക്കററിംഗ് ബോർഡിലും അനിമൽ ഹസ്ബൻററി ഡിപ്പാർട്ടുമെൻറിലുമുള്ള കിടമൽസരംമൂലം ഓപ്പറേഷൻ ഫ്ളഡ് പദ്ധതി നടപ്പാക്കുന്നതിന് വളരെ വിരുദ്ധമായ നടപടി സ്വീകരിക്കുന്നു എന്നും ആ രീതിയിലുള്ള ഉപദേശം കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എന്നുതാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതുകൊണ്ട് ഗവൺമെന്റ് കാര്യമായി ഈ പ്രശ്നത്തെ സംബന്ധിച്ച് ചിന്തിക്കണം. കേരളത്തെ സംബന്ധിച്ചിടത്തോളം ദുർബലജനവിഭാഗങ്ങൾക്കും കർഷകർക്കും കർഷകത്തൊഴിലാളികൾക്കും ഇത്രയും കൂടുതൽ തൊഴിൽ കൊടുക്കാൻ സാധിക്കുന്ന മറെറാരു മേഖലയില്ല. ഈ മേഖലയിൽ പാലിന്റെ സംഭരണവും വിതരണവും ഭംഗിയായി നടക്കുന്ന ഒരു സംവിധാനം ഉണ്ടാക്കാൻ ഗവൺമെന്റ് ആത്മാർത്ഥമായി ശ്രമിക്കണം. അതുപോലെതന്നെ മിൽക്ക് മാർക്കററിംഗ് ബോർഡ് സംഭരിക്കുന്ന പാലിന് സമയത്ത് കാശ് കൊടുക്കാത്തതുകൊണ്ട് പാൽ ഉൽപ്പാദകരുടെ സംഘടനകളും മിൽക്ക് മാർക്കററിംഗ് സൊസൈററികളും വളരെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. വാഹനസൗകര്യത്തിന്റെ കാര്യം ഏർപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കുമെന്ന് ബഡ്ജററിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ വാഹനസൗകര്യവും കാര്യമായി ഏർപ്പെടുത്തിയിട്ടില്ല. നാലഞ്ചു വർഷത്തിനു മുൻപ് പാലിനുണ്ടായിരുന്ന വില ഇന്നു വർദ്ധിപ്പിച്ചിട്ടില്ല. പക്ഷേ കാലിത്തീററക്ക് 100 ശതമാനത്തിലേറെ വില വർദ്ധിച്ചിരിക്കുകയാണ്. ഇതു കുറഞ്ഞ വിലയ്ക്ക് കൊടുക്കാനുള്ള ഒരു സംവിധാനം ഗവൺമെന്റ് ഉണ്ടാക്കണം. കാലിത്തീററക്ക് ഈടാക്കിക്കൊണ്ടിരിക്കുന്ന ടാക്സിന്റെ കാര്യത്തിൽ ഇളവു ചെയ്യാൻ ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളിൽ കാണുന്നതുപോലുള്ള ഒരു സമീപനം കേരള സംസ്ഥാനത്തിൽ കാണുന്നില്ലെന്നുള്ളത് ഒരു വസ്തുതയാണ്. അതു കണക്കിലെടുത്തുകൊണ്ട് കാലിത്തീററക്ക് ഇന്നു ഈടാക്കുന്ന ടാക്സ് ഒഴിവാക്കാൻ ഗവൺമെന്റ് ശ്രമിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മറെറാരു കാര്യം പറയാനുള്ളത്, ഇന്നു കേരള ഗവൺമെന്റിന്റേതായ മലമ്പുഴയിൽ ഒരു കന്നുകാലിത്തീററ ഉൽപ്പാദന കേന്ദ്രമുണ്ട്. അവിടെ കേരളത്തിലെ കന്നുകാലി വളർത്തലുകാർക്ക് ആവശ്യമുള്ള കാലിത്തീററ ഉൽപ്പാദിപ്പിക്കുന്നില്ല. ഉൽപ്പാദിപ്പിക്കുന്നത് സമയത്തു എത്തുന്നില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം അന്യ സംസ്ഥാനങ്ങളിൽ ഉണ്ടാകുന്ന കാലിത്തീററ വിററഴിക്കുന്നതിനുള്ള ഒരു കോളനിയായി മാറിയിരിക്കുകയാണ് ഇന്ന്. ഇതിനൊരു മാററം വരുത്താൻ സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള കാലിത്തീററ നിർമ്മാണ കേന്ദ്രത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താനും കർഷകരെ ആ രീതിയിൽ സഹായിക്കാനും ഗവൺമെന്റ് ത്വരിതഗതിയിൽ നടപടി സ്വീകരിക്കണം. അതുപോലെതന്നെ ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇന്ന ആർട്ടിഫിഷ്യൽ ഇൻസെമിനേഷനിലൂടെ പുതിയ ഇനം കന്നുകാലികളെവളർത്തുന്നതിനുള്ള ഒരു സംരംഭം ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടന്നിരുന്നു. ഇപ്പോൾ ആ പ്രവർത്തനം അതുപോലെ നടക്കുന്നില്ല. സാധാരണ കൃഷിക്കാരുടെ പശുക്കൾ പ്രസവിച്ച് ഉണ്ടാകുന്ന കിടാവുകളെ ശരിക്ക് സംരക്ഷിക്കാൻ നിവർത്തിയില്ലാത്തതുകൊണ്ട് ഇന്നു ജനിക്കപ്പെടുന്ന കിടാവുകളിൽ 15 ശതമാനംപോലും വളർച്ച പൂർത്തിയായ പുതിയ തലമുറയിലേക്ക് വരുന്നില്ലെന്നുള്ളതാണ് കണക്ക്. ദുർബല ജനവിഭാഗങ്ങൾക്ക് ഇങ്ങനെയുള്ള പശുക്കുട്ടികളെ വളർത്തി സംരക്ഷിക്കുന്നതിന് സഹായം നൽകുമെന്നു സൂചിപ്പിച്ചിരുന്നു. ആ കാര്യം ഇന്നോളം നടപ്പാക്കിയിട്ടില്ല. അതു നടപ്പാക്കാൻ തീർച്ചയായും ഗവൺമെന്റ് ശ്രമിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

കേരളത്തെ സംബന്ധിച്ചിടത്തോളം കേരളത്തിൽ അടിയന്തിരമായി ഒരു കാർഷിക കമ്മീഷനെ നിയമിക്കണമെന്നു എനിക്ക് അഭിപ്രായമുണ്ട്. ഇൻഡ്യയിൽ മററു സംസ്ഥാനങ്ങളിൽ കാർഷിക കമ്മീഷനുകളെ നിയ-

LIBRARY ARCHIVES Kerala Legislative Assembly

മിച്ചിട്ടുണ്ട്. ഞാൻ കാർഷിക കമ്മീഷൻ എന്ന് ഉദ്ദേശിക്കുന്നത് കൃഷിക്കാരുടെ കാര്യംമാത്രം ശ്രദ്ധിക്കാനല്ല. കേരളത്തിലെ വിവിധ മേഖലകളിലെ കാർഷിക കാര്യങ്ങൾ പഠിക്കുന്നതിനു മാത്രമുള്ള കമ്മീഷനല്ല. കാർഷികമേഖലയുമായി ബന്ധപ്പെട്ട കർഷകരുടേയും കർഷകത്തൊഴിലാളികളുടെയും ഇന്നത്തെ പ്രശ്നങ്ങൾ എന്താണെന്നു മനസ്സിലാക്കി ആ രണ്ടു കൂട്ടരും വർഗ്ഗ ശത്രുക്കളായി നിൽക്കാതെ സഹകരിച്ചു പ്രവർത്തിക്കാവുന്ന മേഖലകൾ കണ്ടെത്താവുന്ന രീതിയിൽ പ്രയോജനപ്പെടുന്ന ഒരു കാർഷിക കമ്മീഷനെ നിയമിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. പ്രത്യേകിച്ച് കുട്ടനാട് പ്രദേശത്തെ സംബന്ധിച്ചിടത്തോളം കേരളത്തിലെ മററു മേഖലകളിൽ ഇല്ലാത്ത പ്രശ്നങ്ങൾ അവിടെയുണ്ട്. അവിടെ കൃഷിക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് മററെങ്ങും ഇല്ലാത്ത ബുദ്ധിമുട്ടാണ്. ഓരിൻേറയും ആഫ്രിക്കൻ പായലിൻേറയും ശല്യം മററു സ്ഥലങ്ങളിൽ ഇല്ലാത്ത രീതിയിൽ അവിടെ വളരെകൂടുതലുണ്ട്. ബണ്ട് ഉണ്ടാക്കുന്ന പ്രശ്നം കുട്ടനാട്ടെ കൃഷിക്കാർക്ക് മാത്രമുള്ളതാണ്. അവിടത്തെ കൃഷിക്കാരുടെ ഇത്തരം പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് കാര്യമായി പരിഗണിക്കണം. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഗവൺമെൻറിനോട് ആവശ്യപ്പെടുന്ന ഒരു കാര്യമാണ്, ഗവൺമെൻറിൽ നിന്നു ഇന്നു നൽകിക്കൊണ്ടിരിക്കുന്ന കീടനാശിനികളുടെ സബ്സിഡിയും കുമ്മായത്തിന് കൊടുക്കുന്ന സബ്സിഡിയും അവിടത്തെ കൃഷിക്കാർക്ക് വേണ്ട എന്നുള്ളത്. ഇത് തട്ടിപ്പിൻെറ ഒരു രംഗമാണെന്നു പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. കീടനാശിനികൾക്ക് കൊടുത്തുകൊണ്ടിരിക്കുന്ന സബ്സിഡിയും കുമ്മായത്തിന് കൊടുക്കുന്ന സബ്സിഡിയും നിറുത്തലാക്കിയിട്ട് അതിനു പകരം പമ്പിംഗ് ഫ്രീയാക്കണമെന്ന് അവിടത്തെ കൃഷിക്കാർ മുദ്രാവാക്യം മുഴക്കാൻ തുടങ്ങിയിട്ട് നാളുകൾ ഏറെയായി. പമ്പിങ്ങ് സബ്സിഡിക്കുവേണ്ടി കുട്ടനാട്ടിലെ കൃഷിക്കാർക്ക് 36 ലക്ഷം രൂപ വരെ ചെലവാക്കുന്നുണ്ട്. അതുപോലെതന്നെ കുമ്മായത്തിൻെറ സബ്സിഡിക്ക് 16 ലക്ഷം രൂപവരെ കൊടുക്കുന്നുണ്ട്. അതുപോലെ കീടനാശിനികളുടെ സബ്സിഡിക്കും കുറെ തുക കൊടുക്കുന്നുണ്ട്. കീടനാശിനിക്കും കുമ്മായത്തിനും കൊടുക്കുന്ന സബ്സിഡി വേണ്ടെന്നു വച്ചിട്ട് കൃഷിക്കാർക്ക് പമ്പിംഗ് ഫ്രീയായിട്ട് ചെയ്തുകൊടുക്കുകയാണെങ്കിൽ 60 ലക്ഷം രൂപ മാത്രമാണ് ചെലവു വരുന്നത്. ഒരു രൂപ പോലും അതിലധികം ചെലവാക്കേണ്ടി വരികയില്ല. അതേ സമയത്ത് കൃഷിക്കാർക്ക് അതു പ്രയോജനപ്പെടുകയും ചെയ്യും.

കാൽസ്യം കാർബണേററ് (കുമ്മായം) വിതരണം ചെയ്യുന്ന കാര്യത്തിൽ ഉണ്ടാകുന്ന തട്ടിപ്പുകളും വെട്ടിപ്പുകളും, വലിയ ഒരു കഥയാണ്. കോട്ടയം ജില്ലയിൽ രണ്ടു കേന്ദ്രങ്ങളിൽ കാൽസ്യം കാർബണേററ് വിതരണം ചെയ്യുന്നതിനുവേണ്ടി ക്വട്ടേഷൻ വിളിച്ചു. ഒരാൾ ഏററവും കുറഞ്ഞ ലോവസ്ററ് ക്വട്ടേഷൻ കൊടുത്തത് 275 രൂപയും മററത് 290 രൂപയുമായിരുന്നു. അവിടെ ക്വട്ടേഷൻ അനുവദിച്ചുകൊടുത്തത് ആർക്കാണെന്നറിയാമോ? 275 ഉം 290 ഉം രൂപയ്ക്ക് ക്വട്ടേഷൻ അയച്ച ആളുകൾക്ക് കൊടുക്കാതെ 310 രൂപയുടെ ക്വട്ടേഷൻ അയച്ച ആളിനാണ് കാൽസ്യം കാർബണേററ് വിതരണം ചെയ്യുന്നതിനുള്ള അംഗീകാരം നൽകിയത്. ക്വട്ടേഷനിൽ പങ്കെടുത്ത ആളുകൾ ആയിരം രൂപയുടെ ഏണസ്ററ് മണി കെട്ടിവച്ചാണ് പങ്കെടുത്തത്. ലോവസ്ററ് ക്വട്ടേഷന് കൊടുക്കാതെ 310 രൂപയുടെ ക്വട്ടേഷന് കൊടുത്തതിന് പറഞ്ഞ ന്യായം എന്താണെന്നറിയാമോ? പ്രിലിമിനറി എഗ്രിമെൻറ് എഴുതിക്കൊടുത്തി

LIBRARY ARCHIVES Kerala Legislative Assembly

ല്ലെന്നാണ്. ഫ്ലോവസ്ററ് ക്വട്ടേഷൻ കൊടുത്തയാറം 3 രൂപാ പത്രത്തിൽ എഗ്രിമെൻറ് എഴുതി അയച്ചില്ലെന്നാണ് പറയുന്നത്. ആയിരം രൂപാ എണ്ണസ്ററ് മണി കെട്ടിവച്ച ആളുകരം 3 രൂപാ പത്രത്തിൽ എഗ്രിമെൻറ് എഴുതികൊടുത്തില്ലെന്നു പറഞ്ഞാൽ ഇതിൽ എന്താണ് ന്യായം ഉള്ളത്. ഗവൺമെൻറിന് 100 രൂപയിൽപ്പരം ടണ്ണിന് നഷ്ടം വരുന്ന രൂപത്തിൽ ഇങ്ങനെ ക്വട്ടേഷൻ അംഗീകരിച്ചുകൊടുത്ത കൃഷി വകുപ്പുദ്യോഗസ്ഥൻ മാരുടെ പേരിൽ അന്വേഷണം നടത്തണമെന്ന് നിയമസഭാ സാമാജിക നായ ശ്രീ. കെ.ജെ. ചാക്കോ അടക്കമുള്ള ആളുകരം കോട്ടയം ജില്ല വികസന സമിതിയിലും മററും ആവശ്യപ്പെട്ടിട്ടും ചെറ്റപ്പാടുകരം ഉണ്ടാ ക്കിയിട്ടും യാതൊരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. അതു കൊണ്ട് ഗവൺമെൻറ് ഇത് കാര്യമായി അന്വേഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോരം എന്തു സംഭവിച്ചുവെന്നറിയാമോ? കോട്ടയം ജില്ലയിൽ ഇത്തവണ കാൽസ്യം കാർബണേററ് ഒരു സ്ഥലത്തും കൊടു ത്തിട്ടില്ല. ക്വട്ടേഷനിലുള്ള അപാകതയാണ് ഇതിന് കാരണം. ഗവൺ മെൻറ് ഇതേപ്പററി കാര്യമായി അന്വേഷിക്കണമെന്ന് ഞാൻ സൂചിപ്പിക്കുക യാണ്.

മറെറാരുകാര്യം കുട്ടനാട്ടിൽ ഒരേക്കർ സ്ഥലത്ത് കൃഷി ഇറക്കുന്ന തിന് 1500 രൂപയിൽ ചില്വാനം രൂപ ചെലവാക്കുന്നു എന്നാണ് കണക്ക്. ഗവൺമെൻറ് 400 രൂപ അഞ്ചര ശതമാനം പലിശക്ക് കൊടുക്കുന്നുണ്ട്. അവർക്ക് സബ്സിഡിയായി ഈ 1500 രൂപ കൊടുത്തില്ലെങ്കിലും അഞ്ചര ശതമാനം പലിശക്ക് ഏക്കറൊന്നിന് കണക്കാക്കി ആവശ്യ മായ തുക കൊടുക്കുന്നതിന് വേണ്ട സംവിധാനം ഉണ്ടാക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. അതുപോലെതന്നെ അൺ എക്കണോമിക് ആയിട്ടുള്ള, സാമ്പത്തികമായി നേട്ടം ഉണ്ടാകാത്ത പ്ലോട്ടുകളിൽ മററ് കൃഷികരം ചെയ്യാനുള്ള അനുവാദം അടിയന്തിരമായി കൊടുക്കേണ്ടതാണ്. ലാൻറ് യൂട്ടിലൈസേഷൻ ആക്ററ് ഭേദഗതി ചെയ്യുന്നതിനെക്കുറിച്ചു പറയുമ്പോരം കർഷകത്തൊഴിലാളികളുടെ ജോലി പ്രശ്നം ഒരു പ്രശ്ന മായി പറയുന്നുണ്ട്. അതേക്കുറിച്ച് പഠിക്കണമെങ്കിൽ ഗവൺമെൻറ് പഠിക്കണം. ഇപ്പോരം ചെമ്മീൻ വളർത്തുന്നതിനും കൊഞ്ചുവളർത്തുന്ന തിനും ചില കേന്ദ്രങ്ങളിൽ അനുവാദം കൊടുക്കുന്നുണ്ട്. അതിന് പുതിയ പ്ലോട്ടുകരം തിരഞ്ഞെടുത്തിട്ടുണ്ടെങ്കിലും ലാൻറ് യൂട്ടിലൈ സേഷൻ ആക്ററ് നിലനിൽക്കുന്നിടത്തോളം കാലം ഫിഷറീസ് ഡിപ്പാർട്ടുമെൻറിൽനിന്നുള്ള ആനുകൂല്യങ്ങരം നടപ്പിലാക്കാൻ സാദ്ധ്യ മല്ലെന്നുള്ളതാണ് സത്യം. അതുകൊണ്ട് ഇതിനുവേണ്ടി നീക്കിവച്ചി ട്ടുള്ള പണം ലാപ്സാകും. ലാൻറ് യൂട്ടിലൈസേഷൻ ആക്ററ് പൂർണ്ണമായി പിൻവലിക്കാൻ കഴിഞ്ഞില്ലെങ്കിൽപ്പോലും കൃഷി ചെയ്താൽ മുതലാകുകയില്ലെന്ന് ബോദ്ധ്യപ്പെട്ട തരത്തിൽ തഹസീൽദാരിൽനിന്നും സർട്ടിഫിക്കററ് കിട്ടുന്ന പാടശേഖരങ്ങളിൽ കൊഞ്ചു വളർത്തുന്നതിനും ചെമ്മീൻ വളർത്തുന്നതിനും ആവശ്യമായ നടപടികരം സ്വീകരിക്കണം. ഫിഷറീസ് ഡിപ്പാർട്ടുമെൻറിൽനിന്നും കോട്ടയം ജില്ലയിലെ ഉാനാടൻ ജലാശയങ്ങളിൽ മൽസ്യം വളർത്തുന്നതിനും കൃഷിക്കാരെ സഹായി ക്കുന്നതിനും വേണ്ടി 5 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടായിരുന്നു. കടലിൽ പോയി മീൻ പിടിക്കുന്നതിനുള്ള സൗകര്യം അവിടെയില്ല. മൽസ്യബന്ധന ത്തിന് യാതൊരു സൗകര്യവുമില്ലാത്ത സാഹചര്യത്തിൽ മൽസ്യം വളർത്തു ന്നതിനുള്ള ഒരു പരിപാടി എന്ന നിലയിലാണ് കോട്ടയം ജില്ലക്ക് ഫിഷറീസ് ഡിപ്പാർട്ടുമെൻറിൽനിന്നും 5 ലക്ഷം രൂപ അനുവദിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

അതനുസരിച്ച് ആയിരക്കണക്കിന് ഉൾനാടൻ ജലാശയങ്ങളിലും കുളങ്ങളിലും മൽസ്യം വളർത്തുന്നതിന് വേണ്ടിയുള്ള സഹായത്തിന് അപേക്ഷകൾ തുടരെത്തുടരെ കൊടുത്തു. ആയിരക്കണക്കിന് അപേക്ഷകൾ കിട്ടി. പക്ഷെ എന്തു സംഭവിച്ചു? തുക അനുവദിച്ച് ഏതാനും ദിവസം കഴിയുന്നതിന് മുൻപേ 3 ലക്ഷം രൂപയും കോട്ടയം ജില്ലയിൽ നിന്നും ഡൈവർട്ട് ചെയ്ത് മററ് ജില്ലകളിലേയ്ക്ക് കൊണ്ടുപോയി എന്നുള്ളതാണ് വസ്തുത. മററു ജില്ലകളിൽ ഇതുപോലുള്ള ബുദ്ധിമുട്ടുകൾ ഇല്ല. ആലപ്പുഴ ജില്ലയിൽ ആണെങ്കിൽ കടലിൽപ്പോയി മൽസ്യബന്ധനത്തിന് സൗകര്യം ഉണ്ട്, അതുകൊണ്ട് അവിടെ പ്രയോജനം കിട്ടുന്നുണ്ട്. അതുകിട്ടാത്ത ജില്ലയിൽ 5 ലക്ഷം രൂപ നീക്കിവച്ചപ്പോൾ ഇതിൽ 3 ലക്ഷം രൂപയും ഡൈവർട്ട് ചെയ്തു. ഇത് കോട്ടയം ജില്ലയോടുകാണിച്ച ഒരു അനീതിയാണെന്ന് ഞാൻ എടുത്തുപറയുകയാണ്. അതുകൊണ്ട് കോട്ടയം ജില്ലയിലെ കൃഷിക്കാർക്ക് പ്രയോജനപ്പെടത്തക്ക വിധത്തിൽ മൽസ്യം വളർത്തുന്നതിനാവശ്യമായ തുക അനുവദിക്കണമെന്ന് എനിക്ക് അഭ്യർത്ഥനയുണ്ട്.

നമ്മുടെ ഐ. പി. ഡി. യൂണിററുകളെ സംബന്ധിച്ചിടത്തോളം അതിൻെറ പ്രവർത്തന മേഖലയിൽ 500 ഹെക്ററർ സ്ഥലം ഒതുങ്ങുന്നുണ്ടെന്നാണ് കണക്ക്. പക്ഷെ പല സ്ഥലങ്ങളിലും 1500 ഏക്കറോളം സ്ഥലം ഐ.പി.ഡി. യൂണിററുകളുടെ പ്രവർത്തന മേഖലയിൽ ഉണ്ട്. ആലപ്പുഴ ജില്ലയിലെ പല സ്ഥലത്തേയും സ്ഥിതി ഇതാണ്. അതിന് ഒരു മാററം വരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് എനിക്ക് അഭിപ്രായമുണ്ട്.

ഇന്ന് പത്തും പന്ത്രണ്ടും കിലോമീററർ ദൂരം നടന്നുപോയി പ്രൈമറി വിദ്യാഭ്യാസം നടത്തിക്കൊണ്ടിരിക്കുന്ന മേഖലകളിൽ പ്രത്യേകിച്ച് മലബാറിലും, ഇടുക്കിജില്ലയിലെ മലയോര പ്രദേശങ്ങളിലും കുറെയെങ്കിലും സ്കൂളുകൾ അനുവദിച്ചുകൊടുത്തത് വളരെയേറെ സന്തോഷപ്രദമാണ്. അക്കാര്യത്തിൽ ഈ ഗവൺമെൻറിനെ ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷേ വിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ലാത്ത പല മേഖലകളിലും ഇന്ന് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ നടത്തിവരുന്നുണ്ട്. ഗവൺമെൻറിന് അതുകൊണ്ട് യാതൊരു സാമ്പത്തിക ബാദ്ധ്യതകളുമില്ല. ഇംഗ്ലീഷ് മീഡിയം സ്കൂളുകളെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്ത് വിവേചനം ഉണ്ടാകും, വലിയവരും ചെറിയവരും എന്നൊക്കെയുള്ള വ്യത്യാസം വരും എന്നൊക്കെയുള്ള പരാതികൾ ഉണ്ട്. പക്ഷേ പ്രായോഗികമായി നോക്കുമ്പോൾ ഗവൺമെൻറിന് സാമ്പത്തിക ബാദ്ധ്യതയില്ലാത്ത ഈ സ്കൂളുകൾ ഇത്തരം പ്രദേശങ്ങളിൽ ഒരു അനുഗ്രഹമാണെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇതിനെ എതിർക്കുന്നവരുടെ കുട്ടികൾപോലും ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കുന്നുണ്ട്. അതുകൊണ്ട് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ കുറേക്കൂടി കൊടുക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കണമെന്ന അപേക്ഷകൂടി ഞാൻ ഗവൺമെൻറിൻെറ മുന്നിൽ വയ്ക്കുന്നു.

കേരള സംസ്ഥാനത്ത് പാർട്ട് ടൈം ലാ ലക്ചറൻമാർക്ക് ഗവൺമെൻറ് കോളേജുകളിൽ 750-ൽ പരം രൂപ പ്രതിമാസം ശമ്പളമായി കിട്ടുമ്പോൾ പ്രൈവററ് കോളേജുകളിൽ പാർട്ട്ടൈം ലാ ലക്ചറൻമാരായ ആളുകൾക്ക് 10 മാസത്തേയ്ക്ക് 250 രൂപ കിട്ടുന്ന സ്ഥിതി വിശേഷമുണ്ട്. ഗവൺമെൻറ് അവരുടെ പ്രശ്നം അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് പറഞ്ഞിരുന്നു. ഈ സംസ്ഥാനത്ത് പ്രൈവററ്

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകളിൽ പഠിപ്പിക്കുന്ന പാർട്ട് ടൈം ലാ ലക്ചറർമാർക്കുകൂടി ഗവൺമെന്റ് കോളേജുകളിലെ അദ്ധ്യാപകർക്കു കിട്ടുന്ന ആനുകൂല്യങ്ങൾ കൊടുക്കാൻ വേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഒരിക്കൽകൂടി ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുന്നു.

ശ്രീ. എം. പി. എം. അബ്ദുള്ള കുരിക്കൾ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ടു ഒന്നുരണ്ടു വാക്കുകൾ മാത്രമേ പറയാൻ ആഗ്രഹിക്കുന്നുള്ളു. പുതിയ നികുതികൾ ഇല്ലാത്ത വിധത്തിൽ ചില ക്ഷേമ പ്രവർത്തനങ്ങൾ നടത്താനുള്ളതീരുമാനം സ്വാഗതാർഹവും അഭിനന്ദനാർഹവുമാണ്. ഈ സംസ്ഥാനത്തിന്റെ പുരോഗതിയെ മനസ്സിൽ കാണുമ്പോൾ സമതുലിതമായ പുരോഗതി ഉണ്ടാകേണ്ടത് വളരെ ആവശ്യമാണെന്നാണ് എന്റെ അഭിപ്രായം. പുരോഗതിക്ക് വേണ്ടിയുള്ള വിവിധ പദ്ധതികൾ വികസിത പ്രദേശങ്ങളിൽ തുടരെത്തുടരെ നടത്തുന്നതുകൊണ്ട് കേരളത്തിന്റെ നാനാഭാഗത്തുള്ള സമതുലിതാവസ്ഥ നഷ്ടപ്പെടുന്നുണ്ട് എന്നുള്ളതിൽ യാതൊരു സംശയവുമില്ല. മലബാർ പ്രദേശത്തെ പൊതുവായും മലപ്പുറം ജില്ലയെ പ്രത്യേകിച്ചും അവഗണിക്കപ്പെടുന്നു എന്നുള്ളത് ഞങ്ങൾ പലപ്പോഴും ഈ നിയമസഭയിൽ പറയാറുണ്ട്. ചില പദ്ധതികളും ഈ പ്രദേശത്ത തൊടാതെ പോകുന്നുണ്ട് എന്നുള്ളത് ഒരു വാസ്തവമാണ്. ഈ പ്രദേശത്ത് ഏരിയാ ഡവലപ്പ് മെന്റ് പദ്ധതിയുടെ ഒരു ഗുണവും തീരെ കിട്ടുന്നില്ല. പ്രധാനപ്പെട്ട ജലസേചന പദ്ധതിയുടെ പ്രവർത്തനങ്ങളുടെ പുരോഗതിക്കുവേണ്ടി വിഭാവനം ചെയ്യുന്ന കമാന്റ് ഏരിയ ഡവലപ്പ്മെന്റ് അതോറിട്ടിയുടെ പ്രവർത്തനവും മലപ്പുറം ജില്ലയിൽ കിട്ടുന്നില്ല. കാരണം മേജർ ഇറിഗേഷൻ പദ്ധതി തുടങ്ങിയിട്ടില്ലാത്ത ജില്ലയാണ് മലപ്പുറം ജില്ല. ഈ അവസരത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്, മലപ്പുറം ജില്ലയിലെ ചാലിയാർ ബാരേജ് പദ്ധതിയുടെ പ്രവർത്തനം പൂർത്തീകരിച്ച് ഈ പോരായ്മ നികത്താൻ പരിശ്രമിക്കണമെന്ന്. സർ, വികസന പ്രവർത്തനങ്ങൾക്ക് നമ്മുടെ നാട്ടിൽ കാലതാമസം വരാനുള്ള പ്രധാന കാരണം പലപ്പോഴും അധികൃതരുടെ ഭാവനാശൂന്യതയും ചുവപ്പുനാട സമ്പ്രദായവുമാണ്. സ്ഥലമെടുപ്പിലും മററും വളരെയധികം കാലതാമസം ഉണ്ടാകുന്നുണ്ട്. ഇത് സംഭവിക്കാതിരിക്കാൻ ഒരു കൃത്യ തീയതി നിശ്ചയിച്ചുകൊണ്ടു പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ കാർഷിക പുരോഗതിയിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നതിനും സഹകരണ മേഖലയിൽനിന്നുള്ള വായ്പയുടെ പലിശ തോതുകുറയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചു കാണുന്നതിൽ ഈ ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഇത് ഗണ്യമായി കർഷകരുടെ ഭാരം കുറയ്ക്കുമെന്ന് ഞാൻ കരുതുകയാണ്.

സർ, കന്നുകാലി വളർത്തുന്നതിൽ കേരളം പുരോഗതി പ്രാപിച്ചിട്ടുണ്ട്. പാൽ വർദ്ധിപ്പിക്കുന്നതിനുള്ള പ്രയത്നത്തോടൊപ്പംതന്നെ നല്ല കന്നുകാലികളെ വളർത്താനുള്ള ശ്രമവും ഉണ്ടാകണം. നല്ലയിനം കാലികൾക്ക് രോഗം വരാതെ സൂക്ഷിക്കാനുള്ള പരിപാടികളും ആസൂത്രണം ചെയ്യണം. അതുപോലെതന്നെ മൽസ്യത്തൊഴിലാളികൾക്ക് വീടുണ്ടാക്കിക്കൊടുക്കാനുള്ള ശ്രമങ്ങൾ സ്വാഗതാർഹമാണ്. വളരെ അവശതയനുഭവിക്കുന്ന ബീഡിത്തൊഴിലാളികൾക്ക് വീടുണ്ടാക്കിക്കൊടുക്കാ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. മലപ്പുറം ജില്ലയിൽ ഇതേവരെ സഹകരണമേഖലയിൽ ബീഡി വ്യവസായം തുടങ്ങിയിട്ടില്ല. പലപ്പോഴും തുടങ്ങുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ തുടങ്ങിയിട്ടില്ല. മലപ്പുറം ജില്ലയിൽ വിദഗ്ദ്ധരായ ബീഡി തെറുപ്പു തൊഴിലാളികൾ ധാരാളമുണ്ട്. അതുകൊണ്ട് ഈ പ്രദേശത്ത് സഹകരണ മേഖലയിൽ ബീഡി വ്യവസായസ്ഥാപനം വളരെയധികം ആവശ്യമാണെന്ന് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്.

അതുപോലെതന്നെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കാനുള്ള ഈ ഗവൺമെൻറിൻെറ ശ്രമങ്ങൾ സ്വാഗതാർഹമാണ്. പക്ഷേ ഇക്കൊല്ലം ഗവൺമെൻറ് അനുവദിച്ച ബസ്സുകളിൽ 137 എണ്ണം മാത്രമേ പുതിയ റൂട്ടുകളിൽ ഓടുന്നുള്ളു. ഇത് വളരെ പരിമിതമാണ്. ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഏററവും പ്രാധാന്യം കൊടുത്തു ചെയ്യേണ്ടത് റോഡുകൾ നിർമ്മിക്കുന്നതിലാണ്. പലപ്പോഴും റോഡുകൾ നിർമ്മിക്കാനുള്ള പദ്ധതികൾ ബഡ്ജററിൽ കാണിക്കുമെങ്കിലും അത്തരം റോഡുകൾ ദശാബ്ദങ്ങൾക്കു ശേഷമാണ് നിർമ്മാണ പ്രവർത്തനം നടത്തുന്നത്. ഈ സന്ദർഭത്തിൽ എനിക്കു പ്രധാനമായി പറയാനുള്ളത് എൻെറ നിയോജകമണ്ഡലത്തിൽ കേരള സംസ്ഥാനം ഉടലെടുത്തതു മുതൽ ബഡ്ജററിൽ ഉൾക്കൊള്ളിച്ചുകൊണ്ടിരിക്കുന്ന ചില റോഡുകൾ ഇക്കൊല്ലവും കഴിഞ്ഞകൊല്ലവുമാണ് പ്രവർത്തനം ആരംഭിച്ചു തുടങ്ങിയത്. അതിനു ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. ബഡ്ജററിൽ പ്രസ്താവിക്കപ്പെട്ട റോഡുകൾ നിർമ്മിക്കുന്നതിന് അതാതുകൊല്ലംതന്നെ പരിഗണന നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. എൻെറ മണ്ഡലത്തിൽ പി.ഡബ്ലിയു.ഡി. റോഡുകൾ തൊട്ടിട്ടില്ലാത്ത ഒരു പ്രദേശമുണ്ട്. അത് ഊർങ്ങാട്ടിരി പഞ്ചായത്ത് എന്ന പേരിൽ അറിയപ്പെടുന്ന പഞ്ചായത്താണ്. ഈ പഞ്ചായത്തിലെ റോഡുകൾക്കുവേണ്ടി കഴിഞ്ഞവർഷവും ബഡ്ജററിൽ ഉൾപ്പെടുത്തി, ഇത്തവണയും ബഡ്ജററിൽ ഉൾപ്പെടുത്തിക്കാണുന്നുണ്ട്. ഇത്തവണയെങ്കിലും അത് പ്രവർത്തന രൂപത്തിലാക്കാൻ ശ്രദ്ധിക്കണമെന്ന് ഞാൻ ബന്ധപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അതുപോലെ 1972 മുതൽ നിർമ്മാണം നിറുത്തിവച്ച അരീക്കോട് പാലത്തിൻെറ നിർമ്മാണം ഈ സാമ്പത്തികവർഷത്തിൽ പുനരാരംഭിച്ച് പൂർത്തിയാക്കണമെന്ന് ഈ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്. അതുപോലെ ചെറുപുഴ പാലവും, പൂങ്കുടി പാലവും നിർമ്മാണം ആരംഭിക്കാൻ അടിയന്തിര നടപടികൾ എടുക്കണം. അരീക്കോടു പാലത്തിൻെറ നിർമ്മാണവും ചാലിയാറിലെ ബാരേജിൻെറ നിർമ്മാണവും കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചാൽ അതിൻെറ പ്രവർത്തനം ത്വരിതപ്പെടുത്താൻ സാധിക്കുമെന്നാണ് എൻെറ അഭിപ്രായം.

ഈ സന്ദർഭത്തിൽ മററൊരുകാര്യംകൂടി ഇവിടെ സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. പിന്നോക്ക പ്രദേശങ്ങളിൽനിന്ന് കൂടുതൽ റോഡുകൾ പൊതുമരാമത്തു വകുപ്പ് ഏറെറടുത്ത് അതിൻെറ പ്രവർത്തനം ത്വരിതപ്പെടുത്തിക്കൊണ്ട് പ്രവൃത്തിക്കാൻ ഈ സന്ദർഭത്തിൽ ഞാൻ അപേക്ഷിക്കുകയാണ്.

അതുപോലെ വിദ്യാഭ്യാസ കാര്യത്തിൽ നമ്മുടെ സംസ്ഥാനം വളരെയധികം മുന്നിലാണെന്ന് നാം പറയാറുണ്ടെങ്കിലും ഇനിയും പല പ്രദേശങ്ങളും ഈ സംസ്ഥാനത്ത് പുരോഗതിയിൽ എത്തിയിട്ടില്ലെന്നു പറയാതി

രിക്കാൻ നിർവ്വാഹമില്ല. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വടക്കോട്ടു പോകുന്തോറും എണ്ണം കുറഞ്ഞുവരികയാണ്. മലപ്പുറം ജില്ലയിൽ പോസ്റ്റ് ഗ്രാഡുവേററ് സൗകര്യമുള്ള ഒററ കോളേജുമില്ല. ഉന്നത വിദ്യാഭ്യാസത്തിൽ വികസനമൊന്നുംതന്നെ ആവശ്യമില്ല എന്നാണ വിദ്യാഭ്യാസവകുപ്പ് കരുതുന്നതെങ്കിലും മലപ്പുറം ജില്ലയിൽ ഉന്നതി വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളരെയധികം ആവശ്യമാണ്. അരീക്കോട്, തിരൂർ, കൊണ്ടോട്ടി എന്നിവിടങ്ങളിൽ കോളേജുകൾ രൂപീകരിക്കാനുള്ള എല്ലാ സ്ഥിതിവിവരക്കണക്കുകളും ഉണ്ട്. അതുകൊണ്ട് എല്ലാ പ്രധാനപ്പെട്ട സ്ഥലങ്ങളിലും കോളേജുകൾ ഉണ്ടാക്കാൻ ഇപ്പോൾത്തന്നെ നടപടികൾ സ്വീകരിക്കണം. അതുപോലെതന്നെ സ്കൂളുകൾ അനുവദിക്കുമ്പോൾ പിന്നോക്ക പ്രദേശങ്ങൾക്ക് പരിഗണന നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം പിന്നോക്ക പ്രദേശങ്ങളിലേക്ക് കൂടുതൽ സ്കൂളുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും ഇനിയും അവിടെ സ്കൂളുകൾ ആരംഭിച്ചിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ഇത്തവണ മുന്നൂറു വിദ്യാലയങ്ങൾ തുടങ്ങുന്നതായി ഞാൻ മനസ്സിലാക്കി. അവ വളരെ പരിമിതമാണ്. ഗവൺമെൻറ് ഇതൊന്നു പുനരാലോചിച്ച് കുറച്ചുകൂടി വിദ്യാലയങ്ങൾ അനുവദിക്കണം. അറബി ഭാഷയുടെ അന്തർദേശീയ പ്രാധാന്യവും ജോലി ആഭിമുഖ്യവും പരിഗണിച്ച് അറബി ഓറിയൻറൽ സ്കൂളുകൾ അനുവദിക്കണം. ഹൈസ്കൂളുകളിൽ ടെക്സ്ററു ബുക്കുകൾ വിതരണംചെയ്യാൻ ടെക്സ്ററു ബുക്ക് ബാങ്കുകൾ തുടങ്ങണം. സ്കോളർഷിപ്പു തുകയും എണ്ണവും വർദ്ധിപ്പിക്കാനും മുസ്ലീം വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ കൊടുത്തിരിക്കുന്ന സാമ്പത്തിക സഹായം കോളേജുകളിൽക്കൂടി നൽകാനും ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ വ്യാവസായിക വിദ്യാലയങ്ങൾ, ഗൾഫ് നാടുകളിലും പുറംനാടുകളിലും ജോലി ലഭിക്കാൻ സാധിക്കുന്ന തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം. കമേഴ്സ്യൽ സ്കൂളുകളിൽ അറബിക് ടൈപ്പ്റൈറിംഗ്, സ്ററെനോഗ്രാഫി എന്നിവയിൽ പരിശീലനം നൽകണം. ഇതെല്ലാം 'തൊഴിലില്ലായ്മ പരിഹരിക്കാൻ പര്യാപ്തമാകും.

അതുപോലെതന്നെ ആതുരശുശ്രൂഷാരംഗത്ത് നമ്മുടെ സംസ്ഥാനം വളരെയധികം മുന്നിലാണെന്നു പറയാറുണ്ട്. എന്നാൽ ആശുപത്രികളില്ലാത്ത പല പഞ്ചായത്തുകളും ഇന്നും നിലവിലുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ചീക്കോട്, കീഴ്പ്പറമ്പ്, ഊർങ്ങാട്ടി എന്നീ പഞ്ചായത്തുകളിൽ ആശുപത്രി ഇല്ലെന്നു മാത്രമല്ല ഒരു രോഗിയെ മറെറാരാശുപത്രിയിലേക്കു കൊണ്ടുപോകാനുള്ള വാഹനസൗകര്യം പോലും ഇല്ല എന്നത് വളരെയധികം വിഷമം സൃഷ്ടിക്കുന്നുണ്ട്. രോഗികൾക്ക് യഥാസമയം ചികിൽസ ലഭിക്കാത്തതുകൊണ്ട് വളരെയധികം മരണങ്ങൾ തന്നെ ഉണ്ടാകുന്നുണ്ട്. എപ്പോഴും പിന്നോക്കമെന്നു പറയാറുള്ള മലപ്പുറം ജില്ലാ ആശുപത്രിയെ സംബന്ധിച്ചിടത്തോളം അൽപം പുരോഗതി വന്നിട്ടുണ്ടെന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. വളരെക്കാലമായി ഇത് ഉടലെടുത്തതു മുതൽതന്നെ ആരംഭിച്ച അതിന്റെ സ്ഥലമെടുപ്പ് പൂർത്തീകരിച്ചിരിക്കുന്നു എന്ന് ഇവിടെ സന്തോഷത്തോടുകൂടി പറയാൻ ഞാനാഗ്രഹിക്കുകയാണ്. അതിന് മുൻകൈ എടുത്ത മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. സർ, ഇനി അതിന്റെ കെട്ടിട നിർമ്മാണം ത്വരിതപ്പെടുത്താൻ വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്ന് ഞാൻ ഈ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ഗ്രാമതല ആശുപത്രികളിലേക്കാവശ്യമായ മൊബൈൽ എക്സ്റേ, ലാബ്രട്ടറി സൗകര്യം ഇവ ഏർപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ഗ്രാമതല വൈദ്യ പരിശോധനാ ക്യാമ്പുകൾ ഏർപ്പെടുത്തണം. ഇവകളെല്ലാം ഇന്ന് വളരെയധികം അവശത അനുഭവിക്കുന്ന പ്രദേശങ്ങളിൽ വ്യാപിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ തൊഴിൽ ലഭിക്കാൻ സൗകര്യമുള്ള ട്രെയിഡുകൾ ഏർപ്പെടുത്തണം. ഐ.ടി.ഐ. കൾക്ക് സൗകര്യപ്രദമായ കെട്ടിടങ്ങളുണ്ടാക്കാൻ വേണ്ട നടപടികൾ എടുക്കണം. മലപ്പുറം ജില്ലയിൽ ഐ.ടി.ഐ.കൾ ഇപ്പോഴും സെമി പെർമനൻറ് ഷെഡ്ഡുകളിലാണ് സ്ഥിതി ചെയ്യുന്നത്. അവർക്ക് ആവശ്യമായ കെട്ടിടങ്ങളും വർക്കുഷോപ്പും ഉണ്ടാക്കാൻ മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സർ, സമാധാനപരമായ പൗരജീവിതം ഉറപ്പുവരുത്താൻ അവരുടെ വിശ്വാസാചാരങ്ങൾക്കനുസരിച്ച് ജീവിക്കാൻ, തങ്ങളുടെ വിശ്വാസം പ്രഖ്യാപിക്കാൻ, പ്രചരിപ്പിക്കാനുള്ള സ്വാതന്ത്ര്യം സർവ്വപ്രധാനമാണ്. മതവിശ്വാസികൾക്ക് സമാധാനപരമായി പ്രവൃത്തിക്കാനുള്ള സ്വാതന്ത്ര്യം ഹനിക്കുന്ന തരത്തിലുള്ള നീക്കങ്ങൾ ഇന്ന് ഇൻഡ്യയൊട്ടാകെ നടന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ സമാധാന ഭംഗത്തിന് ഇടവരുത്തുന്ന പ്രവർത്തനങ്ങളെ ധീരമായി നേരിടാനുള്ള പരിപാടികൾ നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

11 a.m.] സർ, മറെറാരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ എൻെറ വാക്കുകൾ ഉപസംഹരിക്കുകയാണ്. ഇന്ന് എൻെറ നേതാവിനെ സംബന്ധിച്ച്, നേതാവ് ഉൾക്കൊള്ളുന്ന ഒരു ബിസിനസ്സിനെ സംബന്ധിച്ച് പ്രതിപക്ഷത്തിലെ കോൺഗ്രസ് അംഗമായ ശ്രീമാൻ രാജൻ ഇവിടെ ഒരു ആരോപണം ഉന്നയിക്കുകയുണ്ടായി. സർ, ഇത് വെറുതെ അദ്ദേഹത്തെ കരിവാരിത്തേക്കാൻ വേണ്ടിയുള്ള ഒരു ഗൂഢാലോചനയാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഒരു കച്ചവടം ചെയ്യുക എന്നുള്ളത് ഈ സംസ്ഥാനത്തെ എല്ലാ പൗരനും അവകാശപ്പെട്ട സ്വാതന്ത്ര്യമാണ്. എൻെറ നേതാവ് കച്ചവടം ചെയ്യാറുണ്ട് എന്നുള്ളതിൽക്കവിഞ്ഞ് ഇത്തരം ഒരു ആരോപണം ഉണ്ടാകേണ്ട വിധത്തിലുള്ള നീക്കങ്ങൾ അവിടെ നിന്ന് ഉണ്ടായിട്ടില്ല. കച്ചവടം ചെയ്യുമ്പോൾ ചെക്കും മററു പല വിധത്തിലുള്ള കച്ചവട സംബന്ധമായ കാര്യങ്ങളും ചെയ്യും. ഇതൊക്കെ കള്ളത്തരമാണെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹത്തെ ഇവിടെ കരിവാരിത്തേക്കാൻ ശ്രമിക്കുന്നത് ബഹുമാനപ്പെട്ട പഴയ മുഖ്യമന്ത്രി കരുണാകരൻെറ പാർട്ടിയിൽപ്പെട്ട ആളാണെന്നു കണ്ടതിൽ എനിക്ക് വളരെയധികം ഖേദമുണ്ട്. സർ, ഈ ഗവൺമെൻറിനേയും അതുപോലെ ബഹുമാനപ്പെട്ട എൻെറ നേതാവിനേയും കരിവാരി തേക്കുന്ന ഇത്തരം പ്രവണതകളെ എല്ലാ വിധത്തിലും ശക്തിയായി നേരിടുമെന്ന് ഈ സന്ദർഭത്തിൽ പറഞ്ഞുകൊണ്ട് ഞാൻ ഈ ധനവിനിയോഗബില്ലിനെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൻ. കെ ബാലകൃഷ്ണൻ</u>: സർ, ഈ നിയമസഭയിൽ പാസ്സാക്കിയിട്ടുള്ള ബഡ്ജററിനുവേണ്ടിയുള്ള ധനവിനിയോഗബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ഈ ധനവിനിയോഗം നടത്തുന്നതിൽ പ്രധാന പങ്കു വഹിക്കേണ്ടത് നമ്മുടെ സ്റേററിലെ ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാരാണ്. നമ്മുടെ സർവ്വീസ് സംഘടനകൾ ഈ ജൂൺ മാസത്തിൽ ഒരു പണിമുടക്ക് ആരംഭിക്കാൻ പോകുന്നു എന്നുള്ള കാര്യം ഗൗരവമായിത്തന്നെ എടുക്കേണ്ടതാണ്. നമ്മുടെ ബഡ്ജററിന്റെ ചെലവിൽ പ്രധാനമായ പങ്ക് വഹിക്കേണ്ടതായ വിഭാഗം പണിമുടക്കുകയാണെങ്കിൽ അത് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം എത്രമാത്രം ബാധകമാകുമെന്നുള്ള കാര്യവും നമ്മുടെ വികസന പ്രക്രിയയ്ക്ക് എത്രമാത്രം തടസ്സം ഉണ്ടാകുമെന്നുള്ള കാര്യവും വളരെ ഗൗരവമായി ചിന്തിക്കേണ്ട ഒരു കാര്യമാണ്. അതുപോലെതന്നെ നമ്മുടെ വില്ലേജ് ആഫീസറൻമാരും വില്ലേജ് അസിസ്ററൻറുമാരും പണിമുടക്കിയപ്പോൾ അവരുമായി കാര്യങ്ങൾ സംസാരിച്ച് പ്രശ്നങ്ങൾ പരിഹരിക്കാമെന്ന വാഗ്ദാനം കൊടുത്തതുകൊണ്ട് അവർ പണിമുടക്ക് പിൻവലിച്ചു. പക്ഷേ അവർ പറയുന്നത് അവർക്ക് കൊടുത്തിട്ടുള്ള വാഗ്ദാനം ലംഘിച്ചിരിക്കുകയാണെന്നാണ്. അതുകൊണ്ട് എനിക്ക് നിർദ്ദേശിക്കാനുള്ളത് സർവ്വീസ് സംഘടനകളുമായി അതിന്റെ ഭാഗമായ വില്ലേജ് ആഫീസറൻമാരും വില്ലേജ് അസിസ്ററൻറുമാരുമായി കൂടിയാലോചിച്ചുകൊണ്ട് കാര്യങ്ങൾ രമ്യമായി പരിഹരിക്കാനും അവരുടെ സംഭാവന വികസന പ്രക്രിയക്ക് ഏററവും അധികം ഉപയോഗപ്രദമാക്കുന്നതിന് സാധിക്കത്തക്ക വിധത്തിലും ഉള്ള ഒരു സാഹചര്യം ഉണ്ടാകണം എന്നാണ്.

സർ, നമ്മുടെ കാർഷികരംഗത്ത് നാം പല പരീക്ഷണങ്ങളും ആരംഭിച്ചിരിക്കുന്നു. കൂട്ടുകൃഷി ഫാം ഇല്ലിത്തോട്ടിലും പേരാമ്പ്രയിലും ആരംഭിച്ചത് പരാജയമായിപ്പോയി, അത് നിർഭാഗ്യകരമായിപ്പോയി. അതിനുള്ള കാരണം എന്താണ്? സോഷ്യലിസ്ററ് രാഷ്ട്രങ്ങളിൽ വളരെ വിജയകരമായി മുന്നോട്ടു പോകുന്ന കൂട്ടുകൃഷി ഫാം നമ്മുടെ സംസ്ഥാനത്ത് വിജയകരമായി പ്രവർത്തിക്കാൻ സാധിക്കുന്ന സാഹചര്യം ഉണ്ടാകേണ്ടത് ആവശ്യമാണ്. ഒരു ലാൻറ് ആർമിതന്നെ രൂപീകരിച്ചുകൊണ്ടും ഇന്നുള്ള കോട്ടങ്ങൾ പരിഹരിച്ചുകൊണ്ടും കൂടുതൽ കൂട്ടുകൃഷി ഫാമുകൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. സർ, നമ്മുടെ ഫാമിംഗ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വ്യാപകമാക്കാൻ സാധിക്കത്തക്കവിധം കൂടുതൽ ഭൂമി അത്യാവശ്യമാണ്. അവർക്ക് ഭൂമി കൊടുക്കുന്ന കാര്യത്തിൽ ഗവൺമെൻറ് വളരെയധികം വീഴ്ച വരുത്തിയിരിക്കുകയാണ്. അതുകൊണ്ട് അത് കൂടുതൽ വികസിപ്പിക്കാൻ സാധിക്കുന്നില്ല. അതുപോലെതന്നെ കാഷ്യൂ പ്ലാൻറേഷനിൽ ഉള്ളതായ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് ലഭിക്കുന്നതായ കൂലി വളരെ തുച്ഛമാണ്. അവർക്ക് മിനിമം കൂലി നിജപ്പെടുത്തിക്കൊണ്ട് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്..

വ്യവസായവത്ക്കരണത്തെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ അതിപ്രധാനമായ ഈ മേഖല വികസിപ്പിക്കാൻ, സഹകരണ മേഖല വ്യവസായരംഗത്ത് ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. അതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകാനുള്ള ഇൻഡസ്ട്രിയൽ കോ-ഓപ്പറേററീവ് ബാങ്ക് തുറക്കുന്നതിനുള്ള കാര്യങ്ങൾ ഗവൺമെൻറ് വളരെ ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. അതോടൊപ്പംതന്നെ നമ്മുടെ മിനി ഇൻഡസ്ട്രിയൽ എസ്റേററുകളുടെ പരാജയത്തിനുള്ള കാരണം എന്താണെന്ന് പരിശോധിച്ചുകൊണ്ട് അവർക്ക് മാർക്കററിംഗ് സൗകര്യവും മൂലധനം നൽകുന്ന കാര്യവും വളരെ ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സർ, കണ്ണൂർ ജില്ലയിൽ പാൽ വിതരണത്തെ സഹായിക്കുന്നതിന് ഒരു പാസ്ച്ചറൈസേഷൻ പ്ലാൻറ് അവിടെ സ്ഥാപിച്ചു. അതിൻെറ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അതുകൊണ്ട് അത് അടിയന്തിരമായി ചെയ്യുന്നതിനുള്ള നടപടികരം സ്വീകരിക്കണം. ചരൽക്കടവ്, മൂന്നാം കടവ് എന്നീ ജലസേചന പദ്ധതികളെല്ലാം തന്നെ ഈ വർഷം ആരംഭിക്കുന്നതിനുള്ള നടപടികരം സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു

ശ്രീ. കെ. ചന്ദ്രശേഖരൻ: മിസ്ററർ ഡെപ്യൂട്ടി സ്പീക്കർ സർ, ഈ സഭയിൽ ഒന്നിലധികം പ്രാവശ്യം പറഞ്ഞിട്ടുള്ള ഒരു കാര്യം അതിനുശേഷം ആ തരത്തിൽ ചില സംഭവങ്ങരം പിന്നെയും ആ പ്രദേശങ്ങളിൽ ഉണ്ടായി എന്നുള്ള വസ്തുത, ഈ കാര്യങ്ങളെല്ലാംതന്നെ കണക്കിലെടുത്തുകൊണ്ട് ഈ സംസ്ഥാനത്തിലെ ഒരു വിഭാഗം പോലീസുകാർ സമൂഹത്തിലെ ഒരു വിഭാഗത്തിനെതിരായി ഇന്നു നീങ്ങുന്നതിനെപ്പററി ഏതാനും വാക്കുകരം പറയാൻ ഞാൻ ഉദ്ദേശിക്കുകയാണ്. സർ, എറണാകുളത്ത് ജനുവരി 21-ാം തീയതി നടന്നതായിട്ടുള്ള സംഭവത്തെപ്പററി ഇതിനുമുൻപ് ഈ സഭയിൽ പറഞ്ഞപ്പോരം ശ്രീമാൻ എം.എം. ചെറിയാൻെറ കൂടെ അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള ശ്രീമാൻ മാത്യു സഖറിയാ ഇടപ്പള്ളി സംഭവത്തിൽ പ്രസംഗിച്ചു എന്നു പറയുകയുണ്ടായി. ഞാൻ അപ്പോരംതന്നെ അത് തിരുത്തണമെന്ന് ഉദ്ദേശിച്ചിരുന്നു. പക്ഷേ ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും അത് വന്നതുകൊണ്ട് ഒന്നുകൂടി ചോദിക്കാതെ പറയുന്നത് ശരിയല്ല എന്ന് ഞാൻ കണക്കിലെടുത്തുകൊണ്ട് അതേപ്പററി അന്വേഷിച്ചു. സർ, പോലീസുകാരുടെ ചാർജ്ജുഷീററിൽ ജോസഫ് പുലിക്കുന്നേൽ മാത്രമേ സംസാരിച്ചിട്ടുള്ളു മാത്യു സഖറിയാ പ്രസംഗിച്ചിട്ടില്ല...........................

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): മാത്യു സഖറിയാ സ്റേറജിലുണ്ടായിരുന്നു, പുലിക്കുന്നേലാണ് പ്രസംഗിച്ചത്. അതേത്തുടർന്നുള്ള സംഭവമാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: മാത്യു സഖറിയാ പ്രസംഗിച്ചു എന്നാണ് മന്ത്രി ഇവിടെ പറഞ്ഞത്. മാത്യു സഖറിയാ പല ദിക്കിലും ഉണ്ടായിരിക്കും. ഞാൻ അതൊന്നുംതന്നെ നിഷേധിക്കുന്നില്ല. ഞാൻ നിഷേധിക്കുന്നത് മാത്യു സഖറിയാ പ്രസംഗിച്ചു എന്ന വാദത്തെ മാത്രമാണ്. എന്നോട് അദ്ദേഹം പറഞ്ഞിട്ടുള്ളത് സ്റേറജിൽ അദ്ദേഹം കയറി എന്നുള്ള നിലയിലല്ല, അദ്ദേഹം കാറിൽ സംഭവസ്ഥലത്തുണ്ടായിരുന്നു. എന്താണു സംഭവം? സംഭവമെന്നു പറയുമ്പോരം എന്താണു സംഭവം? ഒരാരം പ്രസംഗിച്ചു. ഈ രാജ്യത്ത് ആരാക്കാർക്കു പ്രസംഗിച്ചുകൂടേ? ഇതു അടിയന്തിരാവസ്ഥയാണോ? എന്തിനെപ്പററിയും ഏതു നിലയിലും പ്രസംഗിക്കുവാൻ അവകാശമില്ലേ? പ്രസംഗിച്ച് ചൂടുപിടിപ്പിച്ച് വിപ്ലവമുണ്ടാക്കും, അതുകൊണ്ട് പോലീസ് നടപടി വേണമെന്നെല്ലാം സർ, ബ്രിട്ടീഷുകാർ വിചാരിച്ചിരുന്നു. അതിനുശേഷം ശ്രീമതി ഇന്ദിരാഗാന്ധി വിചാരിച്ചിരുന്നു. ആ ശ്രീമതി ഇന്ദിരാഗാന്ധിയും അന്നത്തെ അധികാരികളും ഇന്നെവിടെയുണ്ട്. ഇത്തരത്തിലുള്ള സമീപനം ശരിയാണോ? മതപരമായ ആവശ്യത്തിനുവേണ്ടി മൈക്കനുവാദം ചോദിച്ചു എന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ജോസഫ് പുലിക്കുന്നേൽ കത്തോലിക്കാ സമുദായ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽപെട്ട ആളാണ്, മാത്യു സഖറിയാ ജാക്കബൈറ്റ് സമുദായത്തിൽ പെട്ട ആളാണ്. എന്തു മതപരമായ യോഗമാണ് സംഘടിപ്പിക്കുവാൻ പോകുന്നത്? സർ, ഈ 'സംഭവം' എന്നു പറയുന്നതായ ഒരു പ്രസംഗം ഇടപ്പള്ളിയിൽ ജാനുവരി 21-ാംതീയതി വൈകുന്നേരം 6.30-ന് നടന്നു. ഏഴര മണിക്കു കളമശ്ശേരി പോലീസ് സ്റ്റേഷനിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു. ശ്രീ. മാത്യു സഖറിയാ എറണാകുളത്തു ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന, എറണാകുളത്തു താമസിക്കുന്ന ഒരു അഭിഭാഷകനാണ്. ബഹുമാനപ്പെട്ട മന്ത്രി എന്നെ വിരൽചൂണ്ടിക്കൊണ്ട് എന്റെ പേരെടുത്തു പറഞ്ഞുകൊണ്ട് ചോദിക്കുകയുണ്ടായി, അഭിഭാഷകൻമാരെ നിയമത്തിൽനിന്നും ഒഴിവാക്കണമെന്നു ഞാൻ വാദിക്കുന്നുണ്ടോ എന്ന്. സർ, ഇല്ല. എല്ലാപേർക്കും ഒരേ നിയമമാണ്. പ്രത്യേക നിയമം വേണമെന്ന് ആരും വാദിക്കുന്നില്ല. ആരും അവകാശപ്പെടുന്നില്ല. പക്ഷേ എന്താണ് ഇവിടെ നിയമം നടത്തിയതെന്നു നാം ആലോചിക്കേണ്ടതാണ്, 6.30-ന് നടന്ന ഈ പ്രസംഗം, 7.30-ന് രജിസ്റ്റർ ചെയ്തു എഫ്. ഐ. ആർ. ശ്രീ. മാത്യു സഖറിയാ അന്നു രാത്രി മുഴുവനും എറണാകുളത്തെ അദ്ദേഹത്തിന്റെ വീട്ടിലുണ്ടായിരുന്നു. 22-ാംതീയതി കാലത്തു അദ്ദേഹത്തിന്റെ വീട്ടിലും എം.എം. ചെറിയാന്റെ ഓഫീസിലും ആയിട്ട് ഉണ്ടായിരുന്നു. 22-ാം തീയതി പകൽ മുഴുവനും അദ്ദേഹം ഹൈക്കോടതിയിലുണ്ടായിരുന്നു. 22-ാം തീയതി വൈകുന്നേരം അദ്ദേഹം എറണാകുളത്തുണ്ടായിരുന്നു. 22-ാം തീയതി രാത്രി 9 മണിവരെ അദ്ദേഹത്തിന്റെ ഓഫീസിലുണ്ടായിരുന്നു. 22-ാംതീയതി രാത്രി 12.30 മണിക്കാണ് ഒരു സംഘം പോലീസുകാർ കുറെ ജീപ്പുകളും പോലീസുവാനുകളുമായി 1965-നെ അനുസ്മരിപ്പിച്ചുകൊണ്ട്, 1975-നെ അനുസ്മരിപ്പിച്ചുകൊണ്ട് അദ്ദേഹത്തെ അറസ്റ്റ് ചെയ്യാനായി വീട്ടിൽവരികയും അദ്ദേഹത്തെ അറസ്റ്റ് ചെയ്തുകൊണ്ടു പോകുകയും ചെയ്തിട്ടുള്ളതെങ്കിൽ അതിനുപകരം ഈ രാജ്യത്തിലെ ജനാധിപത്യവാദികൾ ചോദിക്കുമെന്നു മാത്രമേ ഞാൻ ഈയവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നുള്ളു. തെറ്റായ പ്രവണതയാണ് പോലീസ് എടുത്തിട്ടുള്ളത്. അതിനെ നീതികരിക്കുവാനായി ഗവൺമെന്റ പരിശ്രമിക്കരുതേ എന്നു ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. 22-ാം തീയതി രാത്രി 12.30 മണിക്കാണ് ഈ അഭിഭാഷകനെ പോലീസ് ലോക്കപ്പിൽ കൊണ്ടുപോയത്. 23-ാം തീയതി ഉച്ചയ്ക്കു മാത്രമാണ് ബയിൽ കിട്ടിയിട്ടുള്ളത്. അതിനുശേഷം മാത്രമാണ് ജാമ്യത്തിന്റെ അടിസ്ഥാനത്തിൽ പുറത്തുവന്നിട്ടുള്ളത്. എന്താവശ്യത്തിനുവേണ്ടിയാണ് ഈ അറസ്റ്റ്? ഈ നാടകീയമായ രീതിയിലുള്ള അറസ്റ്റ്? ഈ സംഭവത്തിനുശേഷം ഏപ്രിൽമാസം 3-ാം തീയതി രാത്രി സിനിമ കണ്ടിരുന്നതായ ഒല്ലൂർ ശങ്കരൻ—അദ്ദേഹം ഒരു അഡ്വക്കേറ്റാണ്. പുറത്തു പോകുമ്പോൾ വാതിൽ പകുതി തുറന്നിട്ടു എന്ന കാരണത്താൽ ഒരു പോലീസുദ്യോഗസ്ഥൻ ചോദിക്കുകയാണ്, 'എന്തടാ നീ വാതിൽ അടച്ചിടാത്തത്, അടച്ചിടെടാ' എന്ന്. അദ്ദേഹം എന്തോ ഉത്തരം പറഞ്ഞു. പിടിച്ചുകൊണ്ടുപോയി പോലീസ് സ്റ്റേഷനിലേക്ക്. പോലീസ് സ്റ്റേഷനിൽവച്ച് മർദ്ദിച്ചു സർ. മർദ്ദിക്കുന്ന സമയത്തു അദ്ദേഹം പറഞ്ഞുപോയി ഞാൻ ഒരു അഡ്വക്കേറ്റാണെന്ന്. പോലീസുദ്യോഗസ്ഥർ എന്തു മറുപടിയാണു കൊടുത്തിട്ടുള്ളതെന്നറിയാമോ? മാണിക്ക് എതിരായി നിന്ന ഈ അഡ്വക്കേറ്റുമാരെയെല്ലാം ശരിപ്പെടുത്തും എന്നാണ് പറഞ്ഞത്. സർ, ബഹുമാനപ്പെട്ട മാണിയെ സംരക്ഷിക്കുകയാണു അഡ്വക്കേറ്റുമാർ ചെയ്തത്. വിവരംകെട്ട പോലീസുദ്യോഗസ്ഥൻമാർക്കു അതറിയുകയില്ല. കേരള ഹൈക്കോടതിയിലും സുപ്രീം

LIBRARY ARCHIVES Kerala Legislative Assembly

കോടതിയിലും ശ്രീ. മാണിയെ സംരക്ഷിച്ചത് അഡ്വക്കേററുമാരാണ്. അഡ്വക്കേററുമാർ അദ്ദേഹത്തിനെതിരായിരുന്നു എന്നു പറയുന്നത് ശരിയല്ല. അദ്ദേഹത്തിനു കിട്ടേണ്ടതായ അഡ്വക്കേററ് സംരക്ഷണം അദ്ദേഹത്തിനു കിട്ടി. അദ്ദേഹത്തിന് എതിരായി പ്രവർത്തിക്കുന്നതായ ആളുകൾക്കു കിട്ടേണ്ടതായ അഡ്വക്കേററ് സംരക്ഷണം അവർക്കു കിട്ടി. സർ, ഇതാണു നമ്മുടെ നാടിന്റെ പോക്കെങ്കിൽ ബഹുമാനപ്പെട്ട എം. വി. രാഘവൻ കഴിഞ്ഞലക്കം കേരള ശബ്ദത്തിൽ എഴുതിയിട്ടുള്ളതു ശരിയായി വരികയാണ്. ഈ രാജ്യത്തിലെ പോലീസ് ഇന്ന് നിയന്ത്രണംവിട്ടുകൊണ്ട് ഓടുകയാണ്. ഈ സർക്കാരിനു യാതൊരു നിയന്ത്രണവും ഈ രാജ്യത്തെ പോലീസിന്റെ മേൽ ഇല്ല. പോലീസിലെ തലവൻമാരെ സംബന്ധിച്ചൊന്നും ഞാൻ പറയാനുദ്ദേശിക്കുന്നില്ല. ഇതു നിയന്ത്രിക്കേണ്ടത് ഈ സർക്കാരിന്റെ ചുമതലയാണ്. ഈ സർക്കാർ ആ ചുമതലയിൽനിന്നും പിൻമാറിയിരിക്കുന്നു അല്ലെങ്കിൽ ആ ചുമതല നിറവേററാനുള്ള പ്രാപ്തിയും ശേഷിയും ഏതായാലും കാണുന്നില്ല എന്നു ഈ രാജ്യത്തിലെ ജനങ്ങൾക്ക് നല്ലവണ്ണമറിയാം. എത്രയോ കൊലക്കേസ്സുകൾ സംബന്ധിച്ച വിവരം നൽകാൻ ഞാൻ തയ്യാറാണ്; അന്വേഷണവിധേയമല്ലാതെ കിടക്കുന്നത്. എറണാകുളത്തു ഞാൻ താമസിക്കുന്നതിനു അടുത്തു സംശയകരമായ ഒരു മരണമുണ്ടായി. ഒരു തുമ്പും ഇതേവരെ കിട്ടിയിട്ടില്ല. എത്രയോ സംശയകരമായ മരണങ്ങൾ ആണ് ഈ സംസ്ഥാനത്തുണ്ടാകുന്നത്. അതൊന്നും അന്വേഷിക്കുവാൻ ഈ രാജ്യത്തെ പോലീസുകാർ തയ്യാറല്ല. പക്ഷേ മററു പല നടപടികളും എടുക്കാനായി ഈ രാജ്യത്തെ പോലീസുകാർ മുന്നോട്ടുവരുന്നുണ്ടെങ്കിൽ ആ തെററായ പ്രവണത ഇപ്പോൾതന്നെ നുള്ളിക്കളഞ്ഞില്ലെങ്കിൽ ആപൽകരമായ ഭവിഷ്യത്തുകൾ ഈ രാജ്യത്തിനുണ്ടാകും.

ഒന്നുരണ്ടു കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഈ രാജ്യത്തു 43-ാം ഭരണഘടനാ ഭേദഗതി ബില്ലും 44-ാം ഭരണഘടനാഭേദഗതിബില്ലും പാസ്സാക്കുകയുണ്ടായി. സംസ്ഥാന നിയമസഭയുടെ അംഗീകരണത്തിനായി കാത്തുനിൽക്കുകയാണ്. എന്നാണ് ഈ സംസ്ഥാന നിയമസഭയിൽ ഈ 43-ാം ഭരണഘടനാ ഭേദഗതിബില്ലും 44-ാം ഭരണഘടനാ ഭേദഗതി ബില്ലും വരാൻ പോകുന്നതെന്നു എനിക്കറിഞ്ഞുകൂടാ. അവിടെനിന്നും അയച്ചുകൊടുക്കാത്തതാണോ, അതോ കിട്ടിയിട്ടും ഇവിടെ വേണ്ടെന്നു വച്ചിട്ടുള്ളതാണോ? ഏതായാലും ഈ രാജ്യത്തെ 22 സംസ്ഥാന നിയമസഭകളിൽ 12-ൽ അധികം നിയമസഭകൾ 43-ാം ഭരണഘടനാഭേദഗതി ബില്ലും ഇപ്പോൾ 44-ാം ഭരണഘടനാ ഭേദഗതി ബില്ലും അംഗീകരിച്ചു എന്നുള്ള കാരണത്താൽ അതെല്ലാം നിയമമായി വരുന്നുണ്ട്. പക്ഷേ ഈ സംസ്ഥാനത്തിലെ നിയമസഭയ്ക്ക് ഇതെല്ലാം ചർച്ച ചെയ്യാനുള്ള അവസരം എന്തുകൊണ്ടാണ് നഷ്ടപ്പെട്ടിട്ടുള്ളത്, രാഷ്ട്രീയമായ കാരണങ്ങളാലാണോ പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ടെന്നു കണക്കിലെടുത്തുകൊണ്ടാണോ? അറിഞ്ഞുകൂട.

അവസാനമായി ഒരു വാക്കുകൂടി പറയാൻ ഞാനുദ്ദേശിക്കുന്നു. കഴിഞ്ഞ 27-ാം തീയതി ഞാൻ പറഞ്ഞിട്ടുള്ളതായ ചില സംഗതികളെ സ്പർശിച്ചുകൊണ്ട് ബഹുമാനപ്പെട്ട റഹിം ചോദിക്കുകയുണ്ടായി, എന്റെ പാർട്ടിക്കു കേരളത്തിലെ ഏതെങ്കിലും ഒരു നിയോജകമണ്ഡലത്തിൽ ഒററയ്ക്കു നിന്നു മൽസരിച്ച് വിജയിക്കുവാൻ സാധിക്കുമോ എന്ന്. സർ, ഞാൻ അത്തരത്തിൽ പറഞ്ഞിട്ടില്ല. ആ അഹങ്കാരവും ആ അഹന്തയും എനിക്കില്ല. വസ്തുതകൾക്കു നിരക്കാത്ത സംഗതികൾ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അവതരിപ്പിച്ചിട്ടില്ല. സർ, ഞാൻ പറഞ്ഞത്, വരാൻ പോകുന്ന രാജ്യസഭാ തിരഞ്ഞെടുപ്പിൽ കാണുന്നതായ പ്രവണത ഈ രാജ്യത്ത് നല്ല നിലയിൽ ഉപയോഗിക്കുവാൻ കഴിയും, ഈ രാജ്യത്ത് ഏതെങ്കിലുമൊരു കക്ഷിയെ ഒററപ്പെടുത്തേണ്ടതുണ്ടെങ്കിൽ പരാജയപ്പെടുത്തേണ്ടതുണ്ടെങ്കിൽ അതു ഈ സംസ്ഥാനത്തിലെ ഇന്ദിരാ കോൺഗ്രസ്സിന്റെ ശാഖയെ ആണ് എന്നു ഞാൻ പറയുകയുണ്ടായി. അതിന് അദ്ദേഹം എന്തൊക്കെയോ വിചാരിച്ചു. ഞാൻ പറയാത്തതെല്ലാം പറഞ്ഞുകൊണ്ട് എന്നോടു മറുചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. ഞാൻ ആവർത്തിക്കുകയാണ്, ഈ സംസ്ഥാനത്തു രാജ്യസഭാ തിരഞ്ഞെടുപ്പിൽ കണ്ടതായ പ്രവണത എല്ലാ കാര്യങ്ങളിലും പ്രതിപക്ഷങ്ങളും ഭരണകക്ഷികളും തമ്മിൽ യോജിക്കുവാൻ സാധിക്കുന്നില്ലെങ്കിൽകൂടി ഈ രാജ്യത്തെ ഇന്ദിരാ കോൺഗ്രസ്സിനെ തുടച്ചു നീക്കുന്നതിൽ തീർച്ചയായും യോജിക്കുവാൻ കഴിയും എന്നു ഞാൻ വിശ്വസിക്കുകയാണ്. വരുന്നതായ 4 ഉപതിരഞ്ഞെടുപ്പുകളായാലും വേണ്ടില്ല, വരുന്നതായ 5-ാമത്തെ ഉപതിരഞ്ഞെടുപ്പായാലും വേണ്ടില്ല ഇന്നല്ലെങ്കിൽ നാളെ സംസ്ഥാനത്തു വരുന്നതായ നിയമസഭയിലേക്കുള്ളതായ പൊതുതിരഞ്ഞെടുപ്പായാലും വേണ്ടില്ല, ആ തിരഞ്ഞെടുപ്പിനുശേഷം ഒന്നുമില്ലാത്തതായ ഒരു രംഗം അല്ലെങ്കിൽ വിരലിലെണ്ണാവുന്ന ഒരു രംഗം ഈ സംസ്ഥാനത്തിലെ ഇന്ദിരാ കോൺഗ്രസ്സിനുണ്ടാകും. ഈ സംസ്ഥാനത്തെ ജനങ്ങൾ ഇന്ദിരാ കോൺഗ്രസ്സിനെ എങ്ങനെ കാണുന്നു എന്നു ഈ രാജ്യത്തെ ഗവൺമെൻറിനു കാണിച്ചു കൊടുക്കാൻ സാധിച്ചില്ലെങ്കിൽ ഈ രാജ്യത്തെ ജനങ്ങളും ഇന്നിവിടെയിരിക്കുന്ന ജനപ്രതിനിധികളും കാണിച്ചുകൊടുത്തു എന്നു അഭിമാനിക്കുവാൻ കഴിയും. ഭൂട്ടോയെ കൊന്നപ്പോൾ മുതല കണ്ണീർ ഏററവുമധികം വന്നത് ഇന്ദിരാഗാന്ധിക്കായിരുന്നു. ഇന്ദിരാ ഗാന്ധി ഒന്നുരണ്ടു ദിവസം ഉറങ്ങിയിട്ടുണ്ടാവില്ല. സർ, കഴിഞ്ഞ രണ്ടുകൊല്ലത്തെ അനുഭവങ്ങൾവച്ചുകൊണ്ട് ഇന്ദിരാഗാന്ധിക്കും അവരുടെ അനുയായികൾക്കും ഒരുപക്ഷേ വിശ്വസിക്കുവാൻ കഴിയും. പാക്കിസ്ഥാനിൽ ഉണ്ടായ രംഗം. ബംഗ്ലാദേശിലുണ്ടായ രംഗം ഈ രാജ്യത്ത് ഉണ്ടായിട്ടില്ലെന്ന്. ഈ രാജ്യത്ത് അതുണ്ടാകാൻ അനുവദിക്കുകയില്ല, അതു അനുവദിക്കാതിരിക്കണമെങ്കിൽ ഈ രാജ്യത്തു 1975 മുതൽ 77 വരെ കണ്ടതായ ആ സംഭവവികാസങ്ങൾ ഇനിയും ഉണ്ടാകുകയില്ലെന്നു ഈ രാജ്യത്തെ ജനങ്ങൾക്ക് സഞ്ജയ് ഗാന്ധിയേയും ഇന്ദിരാ ഗാന്ധിയേയും അറിയിക്കുവാൻ കഴിയണം. അതിന് അനുസരണമായ ഒരു രാഷ്ട്രീയ പ്രവണത ഈ രാജ്യസഭാ തിരഞ്ഞെടുപ്പിൽ കണ്ടതിൽ ഞങ്ങൾ സന്തോഷിക്കുന്നുണ്ടു സർ.

[Shri K. K. Balakrishnan in the Chair]

ശ്രീ. കെ. സുകുമാരനുണ്ണി: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്.

''കണ്ടച്ചീടുകിൽ മീനല്ല, മീനെങ്കിൽ
കണ്ണടച്ചീടുകയില്ല
നാവടക്കീടുകിൽ പെണ്ണല്ല, പെണ്ണെങ്കിൽ
നാവടക്കീടുകയില്ല'' എന്നു സഞ്ജയൻ പറഞ്ഞമാതിരിയാണ് രാജൻ മാസ്ററുടെ പ്രസംഗം കേട്ടപ്പോൾ എനിക്കു തോന്നിയത്. ഇവിടെ എത്രയോ കാര്യങ്ങളെക്കുറിച്ചു വേണമെങ്കിലും പറയാം. പക്ഷെ അദ്ദേഹം തുടക്കത്തിൽ തന്നെ രാജ്യസഭാ തെരഞ്ഞെടുപ്പിൽ എന്റെ

LIBRARY ARCHIVES Kerala Legislative Assembly

കക്ഷിയിൽപ്പെട്ട രണ്ടുപേരുടെ പേര് പ്രത്യേകമായി എടുത്തു പറഞ്ഞു കൊണ്ട് ചില കാര്യങ്ങൾ പറഞ്ഞു. ഈ ബഡ്ജററിനെക്കുറിച്ച് അദ്ദേഹത്തിന് ഒന്നും പറയാൻ കഴിഞ്ഞില്ല. എന്നുമാത്രമല്ല അവ സാനത്തിൽ അദ്ദേഹം വിദ്യാഭ്യാസമന്ത്രിയേയുംകൂടി ബന്ധപ്പെടുത്തി മററു ചിലതും പറയാൻ തുടങ്ങി. അതുകൊണ്ടു മറെറാരുകാര്യവും അദ്ദേഹത്തിനു പറയാൻ കഴിഞ്ഞില്ല. അതിനെകുറിച്ച് കൂടുതലായൊന്നും ഞാൻ പറയാൻ ആഗ്രഹിക്കുന്നില്ല. രാജൻ മാസ്ററോട് ഒന്നു മാത്രമേ പറയാനുള്ളു. സി. പി. ഗോവിന്ദൻ നമ്പ്യാരേയും ദാമോദരൻ കാളാശ്ശേരിയേയും സേവ പിടിച്ചുകൊണ്ട് ഇങ്ങോട്ടു വരാൻ നോക്കേണ്ട. അല്ലാതെതന്നെ നിങ്ങൾക്ക് ഇങ്ങോട്ടു വരാം. എപ്പോഴും വരാം. ഞങ്ങളുടെ പാർട്ടിയുടെ നേതാവു പറഞ്ഞിട്ടുണ്ട് ആഗ്രഹമുള്ള ആളുകൾക്കെല്ലാംതന്നെ—രാജൻ മാസ്ററരെ എന്തായാലും എടുക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

സർ, ഈ ബില്ലിനെക്കുറിച്ച് കൂടുതലായൊന്നും ഞാൻ പറയു ന്നില്ല. ഇവിടെ പലരും പറഞ്ഞുകഴിഞ്ഞു. എനിക്ക് സാംസ്കാരിക വകുപ്പിനെക്കുറിച്ചാണ് പ്രധാനമായും പറയാനുള്ളത്. കേരളത്തിൽ ഒരു സാംസ്കാരിക വകുപ്പു പ്രത്യേകമായി ഉണ്ടാക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. കെ. പി. കേശവമേനോനെ പ്പോലുള്ള ആളുകൾ ഈ വകുപ്പിനെക്കുറിച്ച് പലപ്പോഴും പറഞ്ഞിട്ടുള്ള താണ്. അതുകൊണ്ട് ഇതൊന്നു ശ്രദ്ധിച്ചാൽ തരക്കേടില്ല.

പിന്നെ കർഷകർക്ക് പലിശ ഇളവിനുവേണ്ടി അൽപ്പം തുക നീക്കി വച്ചിട്ടുണ്ട്. ഇതുകൊണ്ടുമാത്രം കൃഷിക്കാരുടെ ബുദ്ധിമുട്ടു തീരു മെന്ന് ഞാൻ വിചാരിക്കുന്നില്ല. കൃഷിക്കാർക്ക് അൽപ്പംകൂടി ആശ്വാസം നൽകത്തക്കവിധത്തിൽ ഈ തുക വർദ്ധിപ്പിക്കണമെന്ന് ഞാൻ ഈ അവ സരത്തിൽ അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ ഭവനനിർമ്മാണ വായ്പയുടെ കാര്യമുണ്ട്. ഭവനനിർമ്മാണ വകുപ്പിൻെറ ചുമതല വഹിക്കുന്ന മന്ത്രി ശ്രീമാൻ എം. കെ. രാഘവൻ കണ്ണൂരിൽ നടന്ന ഒരു വലിയ സമ്മേളനത്തിൽ ഇവിടത്തെ ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർക്കും അദ്ധ്യാപകൻമാർക്കും മൂന്നു മാസത്തിനകം പതിനായിരം വീടുകൾ ഉണ്ടാക്കുമെന്നു പറയുകയുണ്ടായി. അതു പറഞ്ഞിട്ടു മൂന്നു മാസം കഴിയാറായി എന്നാണ് എനിക്കു തോന്നുന്നത്. കാര്യമായ പുരോഗതിയൊന്നും കാണുന്നില്ല. അതു കൊണ്ട് ഉടനെതന്നെ അതിനുവേണ്ടിയുള്ള കൽപ്പന പുറപ്പെടുവിക്കണ മെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ കഴിഞ്ഞ ആറേഴു കൊല്ലമായി കേന്ദ്ര ഗവൺമെൻറ് കാലാകാലങ്ങളിൽ ക്ഷാമബത്ത പ്രഖ്യാപിക്കുമ്പോൾ ആദ്യമായി സംസ്ഥാനത്തിലെ ജീവനക്കാർക്ക് ആ ക്ഷാമബത്ത കൊടുക്കുന്ന ആദ്യത്തെ ഗവൺമെൻറ് കേരള ഗവൺമെൻറായിരുന്നു. കേന്ദ്രഗവൺ മെൻറ് ഇപ്പോൾ ക്ഷാമബത്ത പ്രഖ്യാപിച്ചിരിക്കുകയാണ്. ഇനി ഗവൺ മെൻറ് ജീവനക്കാരും അദ്ധ്യാപകരൻമാരും ഒരു സമരവും സമര കാഹളവും മുഴക്കി ഒരു ചർച്ചയുമൊക്കെ നടത്തി മാദ്ധ്യസ്ഥം പറഞ്ഞ് അതു കൊടുക്കാൻ ഇടവരാതെ ഈ രണ്ടു ഗഡുവും ക്ഷാമബത്ത ഉടൻതന്നെ സംസ്ഥാനഗവൺമെൻറ് പ്രഖ്യാപിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

2/474—11

LIBRARY ARCHIVES Kerala Legislative Assembly

മററൊരുകാര്യം കൂടി ഈ അവസരത്തിൽ പറയാൻ ഞാനാഗ്രഹിക്കുകയാണ്. കഴിഞ്ഞ ശമ്പള പരിഷ്ക്കരണത്തിലെ അപാകതയെക്കുറിച്ചും മററു കാര്യങ്ങളെക്കുറിച്ചും ഒരു ലക്ഷത്തോളം അദ്ധ്യാപകൻമാർ ഒപ്പിട്ട ഒരു ഭീമ ഹർജി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് രണ്ടു ദിവസത്തിനു മുമ്പ് കൊടുത്തു. ഒരു ലക്ഷമോ രണ്ടു ലക്ഷമോ അദ്ധ്യാപകൻമാരുടെ ഒപ്പാണെന്ന നിലയിൽ അവരെ ഒന്നു വിളിച്ചിരുത്തി പ്രശ്നത്തിനു പരിഹാരമുണ്ടാകത്തക്കവണ്ണം അടിയന്തിരമായി അവരെ ഒരു ചർച്ചക്കു വിളിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

മററൊരുകാര്യം എനിക്കു ശ്രദ്ധയിൽപ്പെടുത്താനുള്ളത് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയോടാണ്. കുട്ടികളുടെ തല എണ്ണി പാവപ്പെട്ട എയിഡഡ് സ്ക്കൂൾ അദ്ധ്യാപകൻേറയും അവൻെറ കുടുംബത്തിൻേറയും ജീവിതം നിർണ്ണയിക്കുന്ന പ്രാകൃതവും അപരിഷ്കൃതവും ക്രൂരവുമായ നടപടി ഇന്നും വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുകയാണ്. മററ് ആനുകൂല്യങ്ങൾ നിർലോഭം അവർക്ക് വാരിക്കോരി കൊടുത്താലും ഈ പ്രാകൃതത്വം നിലനിൽക്കുന്നിടത്തോളംകാലം അവരുടെ ജീവിതം തന്നെ ഭദ്രമല്ല. ജൂലൈ മാസത്തിലെ ഈ ദുസ്വപ്നവും കണ്ടുകൊണ്ട് ഭയന്നുനിൽക്കുന്ന അവൻെറ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന മററൊരു ദുർഭൂതമാണ് ഇപ്പോൾ ഗവൺമെൻറുതലത്തിൽ ഉണ്ടാക്കിയിട്ടുള്ള സ്പെഷ്യൽ സ്ക്വാഡ് സമ്പ്രദായം. സർ, കൊല്ലംതോറും എണ്ണായിരവും പതിനായിരവും പോസ്ററുകൾ നിശ്ചയിക്കുമ്പോൾ, അതിനുവേണ്ടി സെക്രട്ടേറിയററിൽനിന്ന് ഒരു പ്രത്യേക ഉദ്യോഗസ്ഥനെ മാത്രം നിശ്ചയിച്ചുകൊണ്ട് ഈ സംസ്ഥാനത്തിൻെറ എല്ലാ ഭാഗങ്ങളിലും ഓടി നടന്ന് അതു നടത്താൻ സാദ്ധ്യമല്ല. മാർച്ചുമാസത്തിൽ വിദ്യാലയം പൂട്ടുന്നതിൻെറ ഒരാഴ്ചയ്ക്കുമുമ്പുതന്നെ—എൻെറ അറിവു ശരിയാണെങ്കിൽ 600-ഓളം പോസ്ററുകൾ നഷ്ടപ്പെടുത്തി എന്നു പറയുന്നതിൽ എനിക്ക് ഖേദമുണ്ട്. അതുകൊണ്ട് ഈ കാര്യം ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ പറയുകയാണ്.

അതുപോലെതന്നെ കുട്ടികളുടെ ഭക്ഷണത്തിൻെറ കാര്യമുണ്ട്. അത് എങ്ങനെ കൊടുക്കും, ഏത് ഏജൻസിവഴി കൊടുക്കും എന്നൊന്നും വ്യക്തമല്ല. പാവപ്പെട്ട കുട്ടികൾക്കു ഭക്ഷണം കൊടുക്കുന്ന കാര്യത്തിൽ ഈ സംസ്ഥാനത്തെ സാമൂഹ്യ സേവാസംഘങ്ങളും അതുപോലുള്ള മററ് ഏജൻസികളും ആയി ആലോചിച്ച് അവർക്കു മുൻതൂക്കം കൊടുത്തുകൊണ്ട് ഇതു നടപ്പാക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഈ തുക അൽപ്പംകൂടി കൂട്ടണമെന്ന അഭിപ്രായവും എനിക്കുണ്ട്. എത്രയോ ലക്ഷം കുട്ടികളുള്ള ഈ സംസ്ഥാനത്ത് ഭക്ഷണത്തിനുള്ള തുകയുടെ കാര്യത്തിൽ ഒരു സൂചനമാത്രം നൽകിയാൽ പോരാ. അതുകൊണ്ട് കുട്ടികളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.

അടുത്തത് ഗ്രാമീണ റോഡുകളുടെ കാര്യമാണ്. മാർച്ച് മാസമെന്നുകേട്ടാൽ നമ്മുടെ ഡിപ്പാർട്ടുമെൻറുകളും ജില്ലാ മേധാവികളും അതൊരു പ്രത്യേകമാസമായിട്ടാണ് കാണുന്നത്. മാർച്ച് 16-ാം തീയതി കഴിഞ്ഞിട്ട് കുറെ തുക ജില്ലയിലേക്കു കൊടുക്കുകയും അത് ജില്ലയിൽ ബ്ലോക്കുകൾവഴിയും മററും ചെലവാക്കുന്ന സമ്പ്രദായവും ഉണ്ട്. ഈ സമ്പ്രദായം അടുത്ത വർഷം മുതലെങ്കിലും മാററണം. ഗ്രാമീണ റോഡുകളുടെ പട്ടിക തയ്യാറാക്കി ബ്ലോക്കിലേയും ജില്ലയിലേയും ഉദ്യോഗസ്ഥൻമാർ പ്രത്യേകമായി ശ്രദ്ധിച്ചുകൊണ്ട് ഇതു നടപ്പാക്കണം. മൂന്നു മാസത്തിനുമുമ്പെങ്കിലും ഇതിനുള്ള സംഖ്യ അനുവദിച്ചു കൊടുക്കുകയും വേണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാടുജില്ലയിൽ കഴിഞ്ഞ പ്രാവശ്യം ഫാമിംഗ് റിലീഫിന് ഒന്നും കിട്ടിയില്ല. അതുകൊണ്ട് ഈ പ്രാവശ്യമെങ്കിലും ഫാമിംഗ് റിലീഫ് വർക്കിന് പ്രത്യേകമായി തുക അനുവദിക്കണം. സർ, ഈ ബില്ലിനെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എസ്. തങ്കപ്പൻ പിള്ള: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ഈ ധനം വിനിയോഗിക്കുന്നത് ഇവിടത്തെ ലക്ഷക്കണക്കിനു സാധാരണക്കാരുടെ ഉന്നമനത്തെ ഉന്നംവച്ചുകൊണ്ടായിരിക്കണം. അതു നിർബന്ധമുള്ള കാര്യമാണ്. ഇവിടത്തെ സാധാരണക്കാർക്ക് അവരുടെ സന്തതികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുള്ള സാഹചര്യം പോലുമില്ലാത്ത അശാസ്ത്രീയമായ ഈ ഏർപ്പാട് മാററിയെടുക്കേണ്ടതാവശ്യമാണ്. ഇടതുപക്ഷ ഗവൺമെൻറാണ്, ജനാധിപത്യ ഗവൺമെൻറാണ് നിലവിലുള്ളതെങ്കിൽ തീർച്ചയായും ഇക്കാര്യം ചിന്തിക്കണമെന്നും ഇതു നിർമ്മാർജ്ജനം ചെയ്യാൻ മുന്നോട്ടു വരണമെന്നും ഞാനഭ്യർത്ഥിക്കുകയാണ്. എണ്ണായിരം രൂപയിൽത്താഴെ വരുമാനമുള്ള ആളുകളുടെ കുട്ടികൾക്ക് കോളേജ് വിദ്യാഭ്യാസ നുകൂല്യം കൊടുക്കാൻ മടിക്കുന്നതെന്തിനാണ്? എന്റെ ഓർമ്മ ശരിയാണെങ്കിൽ 1957 ഡിസംബർ മാസം 2-ാം തീയതി, ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരിക്കുന്ന അവസരത്തിൽ അഡ്മിനിസ്ട്രേററീവ് റിഫോംസ് കമ്മിററി റിപ്പോർട്ടവതരിപ്പിച്ചുകൊണ്ട് നടത്തിയ പരാമർശം ഈ രാജ്യത്ത് ആശയുളവാക്കിയ ഒന്നാണ്. നിയമസഭയ്ക്കകത്തും പുറത്തും അനേകായിരങ്ങളുടെ ശ്രദ്ധ പിടിച്ചുപററിയ ഒന്നാണ്. അശാസ്ത്രീയമായ ജാതി സംവരണം നിലനിൽക്കാൻ സാദ്ധ്യമല്ലെന്നും താൽക്കാലികമായി മാത്രമേ നിലനിൽക്കുകയുള്ളു എന്നും പറഞ്ഞുകൊണ്ടദ്ദേഹം പ്രസംഗിച്ചത് ഞാൻ ഓർക്കുകയാണ്. അക്കാര്യം ഈ രാജ്യത്തെ കോൾമയിർക്കൊള്ളിച്ചതാണ്. അന്ന് അദ്ദേഹത്തിന്റെ പരാമർശത്തെ എതിർത്തുകൊണ്ട്, അന്നു നിയമസഭയിലുണ്ടായിരുന്ന കെ. ആർ. നാരായണൻ അതിനൊരു പുനർവിചിന്തനം ആവശ്യമാണെന്നു പറഞ്ഞപ്പോൾ ''ഞാനുൾപ്പെടുന്ന മുഖ്യമന്ത്രിമാരുടെ സമ്മേളനം അടുത്ത കാലത്തുതന്നെ നടക്കും'' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഇന്നേക്ക് 22 വർഷംമുൻപു വിളിച്ചുകൂട്ടിയ ആ സമ്മേളനത്തിൽ ഇദ്ദേഹത്തിനു മാത്രമേ വിയോജിപ്പുണ്ടായിരുന്നുള്ളു. ഇത്ര അപലപനീയമായ, അശാസ്ത്രീയമായ ജാതി സംവരണം എത്രകാലം കൊണ്ടുപോകണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് എന്നു ചോദിച്ചപ്പോൾ അതിനു പറഞ്ഞ മറുപടി നീണാൾ പോകണമെന്നായിരുന്നു. അതു സാദ്ധ്യമല്ല, പത്തുപതിനഞ്ചുകൊല്ലക്കാലം കൂടി മാത്രമേ ഇതു തുടർന്നുകൊണ്ടുപോകാൻ കഴിയുകയുള്ളു, ഈ രാജ്യത്തെ സാധാരണക്കാരായ ആളുകൾക്കു വിദ്യാഭ്യാസാനുകൂല്യം ചെയ്തുകൊടുക്കുന്നതിനു നാം ചിന്തിക്കണം കാലത്തിന്റെ ചുവരെഴുത്തു മാറണം എന്നെല്ലാം അദ്ദേഹം പറഞ്ഞത് ഞാൻ അനുസ്മരിക്കുകയാണ്. 85 മുതൽ 89 ശതമാനം വരെ മാർക്കുവാങ്ങിച്ച ഒരു കുട്ടി കാർഷിക കോളേജിലോ മെഡിക്കൽ കോളേജിലോ എഞ്ചിനീയറിംഗ് കോളേജിലോ അഡ്മിഷനുവേണ്ടി ചെന്നാൽ ഒരു പ്രത്യേക സമുദായത്തിൽ ജനിച്ചുപോയി എന്ന കാരണത്താൽ അഡ്മിഷൻ കൊടുക്കാതിരിക്കുന്ന ഇന്നത്തെ ഈ നിയമം പിച്ചിച്ചീന്തണമെന്നു പറയുന്നത് പുരോഗമനത്തിന്റെ നിഷേധമാണോ? ഈ ഗവൺമെൻറ് ഇടതുപക്ഷ ഗവൺമെൻറാണെങ്കിൽ ഇവിടത്തെ പാവപ്പെട്ടവനുവേണ്ടി പോരാടുന്നതിനും ആശ്വാസം കൊടുക്കുന്നതിനും വിദ്യാ

ഭ്യാസപരമായും സാംസ്ക്കാരികമായും സാമ്പത്തികമായുമുള്ള അവന്റെ അവശത പരിഹരിക്കുന്നതിനും തയ്യാറുണ്ടോ? ഉണ്ടെങ്കിൽ ഈ രാജ്യത്തെ ജനങ്ങൾ നിങ്ങളോടുണ്ട് എന്നനുസ്മരിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ.സി. വാമദേവൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വളരെ ആകർഷകമായ പദ്ധതികളും ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങളുടെ പട്ടികകളുംകൊണ്ടു നിറഞ്ഞതായിരുന്നു ഈയാണ്ടത്തെ ബഡ്ജററും അതെത്തുടർന്നുള്ള ചർച്ചകളും. അതൊക്കെ നടപ്പിലാക്കാനുള്ള ധനം വിനിയോഗിക്കാനുള്ള അധികാരമാണിപ്പോൾ കൊടുക്കാൻ പോകുന്നത്. ഈ ധനം വിനിയോഗിക്കുന്നത് മന്ത്രിമാരല്ല. ഈ പദ്ധതികൾക്കു രൂപവും ഭാവവും നൽകിയ ഭരണകർത്താക്കളുമല്ല. മറിച്ച് നമ്മുടെ സർവ്വീസിന്റെ വിവിധ തട്ടുകളിലുള്ള ഉദ്യോഗസ്ഥൻമാരാണ്. ഏതിനുവേണ്ടിയാണോ നാം ഉദ്ദേശിക്കുന്നത് അതിനുവേണ്ടി കാര്യക്ഷമമായി അവസാനപൈസവരെ ചെലവിടണമെങ്കിൽ അതു ചെലവുചെയ്യാൻ ബാദ്ധ്യസ്ഥരായ ആളുകൾ ആത്മാർത്ഥമായും കാര്യക്ഷമമായും പ്രവർത്തിക്കണം. അതിനാവശ്യമായ സംവിധാനമാണു നാം ഉണ്ടാക്കേണ്ടത്. മുൻപൊരു നിയമസഭയിലും മുഴങ്ങിക്കേൾക്കാത്തവിധം ഈ നിയമസഭാസമ്മേളനം ആരംഭിച്ച ദിവസം മുതൽ അവസാനം ഇ.പി. ഗോപാലനും മററും പ്രസംഗിച്ചു നിറുത്തിയതുവരെ ഉദ്യോഗസ്ഥൻമാരെപ്പററി ജനങ്ങൾക്കും ജനപ്രതിനിധികൾക്കുമുള്ള നിറഞ്ഞ ഉൽക്കണ്ഠയും ആക്ഷേപവുമാണ് ഇവിടെ കേട്ടത്. ഈ സാഹചര്യത്തിൽ ഈ ധനവിനിയോഗം യഥാസമയം നടക്കുമോ എന്നു ഞങ്ങൾക്കൊക്കെ സംശയമുണ്ട്. ഭരണകക്ഷി—പ്രതിപക്ഷ വ്യത്യാസമില്ലാതെ ഉന്നയിച്ച ഈ ആക്ഷേപത്തിനൊരററുതിവരുത്താൻ ഇന്നോ ഇന്നലെയോ മുഖ്യമന്ത്രി പറഞ്ഞതുപോലെ സെക്രട്ടേറിയററിലും താഴെത്തട്ടിലുമുള്ള വിവിധ ആഫീസുകളിലും ഒരു പുനഃസംവിധാനം അത്യന്താപേക്ഷിതമാണ്. ഭരണപരമായ മാററങ്ങൾ വരുത്തുന്നതിനെപ്പററി ഏതാനും ഉദ്യോഗസ്ഥൻമാർ മാത്രം ആലോചിച്ചാൽ മതിയോ. ഭരണം ജനങ്ങൾക്കുവേണ്ടിയാണെങ്കിൽ ജനങ്ങളുടെ വികാരങ്ങൾ പ്രതിനിധീകരിക്കാനും ആക്ഷേപങ്ങൾ ചൂണ്ടിക്കാണിക്കാനും ജനങ്ങളുടെ അഭിപ്രായങ്ങളുമായി തട്ടിച്ചുനോക്കിക്കൊണ്ട് ഭരണസംവിധാനത്തിൽ മാററം വരുത്താനും കഴിയണം. ഭരണ പരിഷ്ക്കാരം വരുത്തുമ്പോൾ ഏററവും പരമപ്രധാനമായി എടുക്കുന്നത് ഏതെല്ലാം ഉദ്യോഗസ്ഥൻമാർക്കു പ്രൊമോഷൻ കിട്ടും ആർക്കൊക്കെ ഉയർന്ന തസ്തിക കിട്ടും ആരെയൊക്കെ പ്രൊട്ടക്ട് ചെയ്യാൻ സാധിക്കും എന്നുള്ളതൊന്നും ആയിരിക്കരുത്. ജനങ്ങളെയാകെ ബാധിക്കുന്ന ബൃഹത്തായ പദ്ധതികൾക്കു രൂപം കൊടുക്കുമ്പോൾ പോലും അതുകൊണ്ടു പൊതുജനങ്ങൾക്കെന്തെങ്കിലും ഗുണമുണ്ടാകുമോ എന്നു നോക്കുന്നതിനേക്കാളുപരി ഏതെല്ലാം ഉദ്യോഗസ്ഥൻമാരുടെ സ്ഥാനമാനങ്ങൾ സംരക്ഷിക്കാനൊക്കുമെന്നതിനുള്ള ഒരു പരിശ്രമമല്ലേ നടത്തുന്നത് എന്നു തോന്നിപ്പോകുന്നു. അതങ്ങിനെയാകരുതെന്ന് അഭ്യർത്ഥിക്കുകയാണ്. കേട്ടുതുടങ്ങിയിട്ടു വളരെക്കാലമായെങ്കിലും അടുത്ത നിയമസഭ തുടങ്ങുന്നതിനുമുൻപ് ഭരണ പരിഷ്ക്കാരരംഗത്ത് അടിസ്ഥാനപരമായ, കാതലായ മാററങ്ങൾ ഉണ്ടായിരിക്കുന്നു എന്നു ജനങ്ങൾക്കു തോന്നത്തക്കരീതിയിൽ പ്രവർത്തിക്കണം. ഇന്ന് കോടിക്കണക്കിന് ഫയലുകളും വിലപ്പെട്ട സമയവും മററും വിനിയോഗിക്കുന്നത് പൊതുജനങ്ങൾക്കുവേണ്ടിയല്ല. ഉദ്യോഗസ്ഥൻമാരുടെ പ്രൊമോഷൻ, റിവർഷൻ, ട്രാൻസ്ഫർ ഇവയ്ക്കുവേണ്ടിയാണ്. വില

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട സമയം അതിനൊക്കെ ഉപയോഗിക്കാതെ അതെല്ലാം അഡ്മിനിസ്ട്രേററീവ് ട്രൈബ്യൂണലിലേക്കു റെഫർ ചെയ്യണം. മിനിഞ്ഞാന്ന് വ്യവസായത്തെപ്പററിയുള്ള ചർച്ചയിൽ അപ്രതീക്ഷിതമായ കുറെയേറെ ആനുകൂല്യങ്ങളെപ്പററി വ്യവസായമന്ത്രി വളരെ വാചാലമായി പറയുന്നതു കേട്ടു. നമ്മുടെ രാജ്യത്തിനു പുരോഗതി വേണമെങ്കിൽ, തൊഴിലില്ലായ്മ പരിഹരിക്കപ്പെടണമെങ്കിൽ നശിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്താനും പുതിയ വ്യവസായങ്ങൾ ആരംഭിക്കാനുമുള്ള നടപടി സ്വീകരിക്കണം. എന്തോ തകരാറ് ഈ രംഗത്തുണ്ടെന്ന് പലരും ആശങ്ക പ്രകടിപ്പിക്കുന്നുണ്ട്. പക്ഷേ ഒരു നേരിയ പ്രകാശം, മിനിഞ്ഞാന്നു നാം കേട്ട ആനുകൂല്യങ്ങളുടെകൂട്ടത്തിൽ കാണുന്നുണ്ട്. പല വകുപ്പുകളെയും പല തട്ടുകളിലാക്കാതെ വ്യവസായങ്ങളാരംഭിക്കാനാഗ്രഹിക്കുന്ന ആളുകൾക്കാവശ്യമുള്ള സൗകര്യങ്ങൾ ഒന്നിച്ചു സാധിച്ചുകൊടുക്കാനുള്ള എല്ലാ ഘടകങ്ങളും കോർത്തിണക്കിക്കൊണ്ടുള്ള സമഗ്രമായ പദ്ധതിക്കാണ് ഇപ്പോൾ രൂപം കൊടുത്തിരിക്കുന്നത്. അത് കടലാസിൽ മാത്രം ഒതുങ്ങിനിൽക്കാതെ പ്രാവർത്തികമാക്കാനുള്ള അടിയന്തിരമായ നടപടി സ്വീകരിക്കണം. പദ്ധതി പ്രവർത്തനങ്ങൾ സ്പീഡപ്പ് ചെയ്യണമെന്നു പറയുമ്പോൾ ഒരു കാര്യം ഓർമ്മപ്പെടുത്താതിരിക്കാൻ നിർവ്വാഹമില്ല. ഇന്നലെയോ മിനിഞ്ഞാന്നോ ഉള്ള പത്രങ്ങളിൽ കണ്ടു വിവിധ വകുപ്പുകളിലേക്കാവശ്യമുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കാൻവേണ്ടി പി.എസ്.സി. ആഫീസിൽ രണ്ടരലക്ഷത്തോളം ആപ്ലിക്കേഷൻ കെട്ടിക്കിടക്കുന്നു എന്ന്. രണ്ടോ മൂന്നോ കൈവണ്ടികളിലോ ട്രോളികളിലോ ഒക്കെയായിട്ടാണ് ഇതു കൊണ്ടുപോയത് എന്നും വാർത്തയുണ്ടായിരുന്നു. ഇതൊക്കെ പരിഗണിക്കാനും സെലക്ട് ചെയ്യാനും ആവശ്യമായ സ്ററാഫില്ലെന്നുള്ളതാണ് സ്ഥിതി എന്ന് അവിടത്തെ സ്ററാഫ് അസോസിയേഷൻെറ പ്രസ്താവന കേട്ടു. ഇതു ശരിയാക്കണം. പൊതുമരാമത്തു വകുപ്പിൽപോലും നൂറുകണക്കിനു എഞ്ചിനീയർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ഈ മാർച്ച് 31-ാം തീയതി അവസാനിച്ച സാമ്പത്തിക വർഷത്തിൽ എവിടെ നോക്കിയാലും ചല്ലിയും കരിങ്കല്ലും കാണാം. ഇതൊക്കെക്കൊണ്ടുജോലി ചെയ്യിക്കാനും സൂപ്പർവൈസ് ചെയ്യാനുമുള്ള ഉദ്യോഗസ്ഥൻമാരില്ല. വിവിധ വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്നു പറയുമ്പോൾത്തന്നെ ഇപ്പോൾ നിലവിലുള്ള ഒഴിവുകൾ നികത്താനുള്ള ഏർപ്പാടുകൂടി ഉണ്ടാക്കണമെന്നഭ്യർത്ഥിക്കുകയാണ്. ഈ ചർച്ചയിലൊന്നും പെടാത്ത ഒന്നുരണ്ടുകാര്യങ്ങൾകൂടി ഈയവസരത്തിൽ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. അതിൽ ഏററവും പ്രധാനപ്പെട്ടത് ടൗൺ പ്ലാനിംഗ് ട്രസ്ററും തിരുവനന്തപുരം നഗരത്തിൻെറ ഗതിയുമാണ്. നൂറോളംകൊല്ലം പഴക്കമുള്ള വീതികുറഞ്ഞ റോഡുകൾ ഈ നഗരത്തിലുണ്ട്. അവിടെ ഓരോ ദിവസവും ഉയർന്നു വരുന്ന കെട്ടിടങ്ങളുടെ എടുപ്പുകൾ! ഇതൊന്നും നിയന്ത്രിക്കാൻ ആരുമില്ല. കോർപ്പറേഷനിൽ തിരഞ്ഞെടുക്കപ്പെട്ട കൗൺസിലുകളില്ലാത്തതുകൊണ്ട് തോന്ന്യാസമാണു നടക്കുന്നത്. ഇതിനുള്ള ടൗൺപ്ലാനിംഗ് ട്രസ്ററ് പിരിച്ചുവിട്ടുകൊണ്ട് ഗ്രേററർ ട്രിവാൻഡ്രം ഡെവലപ്പ്മെൻററ് അതോറിട്ടിക്കു രൂപം കൊടുക്കാൻ പോകുന്നു എന്ന് മുഖ്യമന്ത്രിയോ മററോ പ്രസ്താവിച്ചതായി ഞാൻ ഓർക്കുന്നു. എന്തുണ്ടായി എന്നറിഞ്ഞുകൂടാ.

പൊതുമരാമത്തും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): തിരുവനന്തപുരം നഗരത്തിലെ വീതികുറഞ്ഞ റോഡുകളെപ്പററി പറഞ്ഞല്ലോ. ഈ റോഡുകളിൽ ദിവസവും പുതിയ

LIBRARY ARCHIVES Kerala Legislative Assembly

ബങ്കുകളും ചെറിയചെറിയ കുടിലുകളുമെല്ലാം ഉണ്ടായിക്കൊണ്ടിരിക്കുന്നത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. സി. വാമദേവൻ: ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് പറഞ്ഞത്. അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷനൊക്കെ സെക്കൻഡ് സാറർഡേക്ക് മുൻപിലുള്ള വെള്ളിയാഴ്ച വൈകുന്നേരംതുടങ്ങി തിങ്കളാഴ്ച രാവിലെയാണു തീരുന്നത്. അടുത്തകാലത്ത് തിരുവനന്തപുരം നഗരത്തിലെ റോഡുകൾ നന്നാക്കാൻ ഒരുശ്രമം നടത്തി. എല്ലാ ഓടകളുടെ മുന്നിലും ബങ്കുകളുണ്ട്. ആരാണിതൊക്കെ വയ്ക്കുന്നത് എന്നുചോദിക്കുന്നതുകേട്ടാൽത്തോന്നും ഞങ്ങളൊക്കെയാണിതു ചെയ്യുന്നതെന്ന്. അനധികൃതമായി ഉള്ള എല്ലാ ബങ്കുകളും എടുപ്പുകളും ഒട്ടുത്തുകളഞ്ഞ് വീതികൂട്ടാനാവശ്യമായ അടിയന്തിരമായ നടപടിയെടുക്കാൻ ടൗൺപ്ലാനിംഗ് ട്രസ്ററിനേയോ കോർപ്പറേഷനേയോ പൊതു മരാമത്തു വകുപ്പിനേയോ ആരെ ഏൽപ്പിച്ചാലും ഞങ്ങൾക്കെതിർപ്പില്ല. ആരും സ്റേറയുമായി പൊതുമരാമത്തു വകുപ്പിനെ സമീപിച്ചിട്ടില്ല, ഇനി സമീപിക്കുകയുമില്ല. 25 കൊല്ലങ്ങൾക്കുമുൻപ് മെഡിക്കൽ കോളേജ് ഡെവലപ്പ്മെൻറ് അതോറിട്ടിക്കു രൂപംകൊടുത്തു. എന്തു സംഭവിച്ചു? ഇതിനൊരു അവസാന രൂപം കൊടുത്തുകൂടേ? വേറെയുമുണ്ട് ഡെവലപ്പ്മെൻറ് അതോറിട്ടി. അന്തർദ്ദേശീയ വിമാനത്താവളം കൂടിയായപ്പോൾ ഈ നഗരം ഒരു നരകമായിത്തീർന്നിരിക്കുകയാണ്. അതുകൊണ്ട് എത്രയും അടിയന്തിരമായ നടപടി ഈ രംഗത്താവശ്യമായിത്തീർന്നിരിക്കുകയാണ്.

സർ, അതുപോലെതന്നെ ഹിൽ ഹൈവേയുടെ കാര്യം പറഞ്ഞു. തിരുവനന്തപുരം നഗരത്തിലെ ഏതാനും താലൂക്കുകൾ മലയോര പ്രദേശങ്ങളാണ്. നെടുമങ്ങാടു താലൂക്കും നെയ്യാററിൻകര താലൂക്കിൻെറ ഏതാനും ഭാഗങ്ങളും അതിൽപെടും. മലയോര പ്രദേശങ്ങൾ എന്നു പറഞ്ഞാൽ ഭരണാധികാരികൾക്ക് തോന്നുന്നത് ഇടുക്കിയും സുൽത്താൻ ബത്തേരിയും ഒക്കെ ആണെന്നാണ്. പൊൻമുടിയിൽനിന്ന് ആരംഭിച്ച് പേപ്പാറയും അതുപോലെതന്നെ കള്ളിക്കാട് ഡാമും നെയ്യാററിൻകരയുടെ പ്രകൃതി മനോഹരമായ പ്രദേശങ്ങളെ കൂട്ടി ഇണക്കത്തക്കവിധത്തിൽ ഹിൽ ഹൈവേയുടെ പണി പൂർത്തിയാക്കണം. തമിഴ് നാട്ടിൽനിന്നും നേരെ അടുത്ത പാത എന്ന നിലയിൽ കോട്ടൂർ-അംബാ സമുദ്രം റോഡിൻെറ പണി ആരംഭിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഏററവും പ്രധാനമായ ഒരു ഹൈവേ എന്ന നിലയിൽ തമിഴ് നാട്ടിലെ ഏററവും പ്രധാനപ്പെട്ട വാണിജ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്താൻ ഉള്ള ഒരു ഷോർട്ടിസ്ററ് റൂട്ട് എന്ന നിലയിൽ കോട്ടൂർ-അംബാ സമുദ്രം റോഡിൻെറ പണിയാരംഭിക്കണമെന്നു ഞാൻ പറയുന്നു.

സർ, നിയമസഭ തുടങ്ങിയ അവസരത്തിൽ ഉണ്ടായിരുന്ന അത്ര കുഴഞ്ഞുമറിഞ്ഞ രാഷ്ട്രീയ സാഹചര്യത്തിലല്ല ഇന്ന് ഈ നിയമസഭ ഇരിക്കുന്നത്. പല കാര്യങ്ങളിലും കക്ഷിഭേദമന്യേ യോജിക്കാൻ സാധിച്ചു. പ്രതീക്ഷയ്ക്ക് വക നൽകുന്ന രാഷ്ട്രീയ സാഹചര്യത്തിൻെറ നേരിയ പ്രകാശ രശ്മികൾ അങ്ങനെ എത്തിനോക്കുന്നു എന്നത് ആശ്വാസത്തിന് വക നൽകുന്ന കാര്യമാണ്. സർ, ഇതു പ്രാവർത്തികമാകട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു. കാരണം അത്ര അപകടകരമായ ഒരു ഭീഷണിയെ ആണ് നമ്മുടെ രാജ്യത്ത് എല്ലാ വിഭാഗം ആളുകളും നേരിടുന്നത്. ആർ.എസ്.എസ്സിന് ശക്തി പകർന്നുകൊടുക്കാൻ ഇന്നുണ്ടായിരിക്കുന്ന രാഷ്ട്രീയ സാഹചര്യത്തിൽ നിർബന്ധിതരായി

LIBRARY ARCHIVES Kerala Legislative Assembly

ത്തീർന്നിരിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിനുനേരെപോലും കടന്നാക്രമണം നടത്തിക്കൊണ്ട് ജാതിയുടെയും മതത്തിന്റെയും സമുദായത്തിന്റെയും പേരിൽ എന്തെല്ലാം കോപ്രായങ്ങളാണ് കാണിക്കുന്നത്? ആർ.എസ്.എസ്സിന് എതിരായ പ്രസംഗങ്ങൾ കേൾക്കാത്ത ദിവസങ്ങൾ ഇല്ല സർ. ഒരു കക്ഷി ഒഴിച്ച് എല്ലാ കക്ഷികളും അവരുടെ തേർവാഴ്ചയ്ക്കെതിരായി വിരൽ ചൂണ്ടുകയുണ്ടായി. വർഗ്ഗീയ പിന്തിരിപ്പൻ ശക്തികൾക്കെതിരെ എല്ലാവരും യോജിച്ചിരിക്കുകയാണ്. ഇടതുപക്ഷ പ്രസ്ഥാനം എന്ന തത്വം വളരണമെന്ന് ആഗ്രഹിക്കുന്ന എല്ലാവിഭാഗം ആളുകളുടെയും സുശക്തമായ യോജിപ്പാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം എന്നു പറയാൻ ആഗ്രഹിക്കുകയാണ്. ആരും ഈ രാഷ്ട്രീയ രംഗത്ത് ആരുടെയും രക്ഷാ കർത്തൃത്വം ഏറ്റെടുക്കരുത്. അതു മാത്രമേ വളരെ വിനയത്തോടുകൂടി പറയാനാഗ്രഹിക്കുന്നുള്ളു. ഉപാധികൾ നിറഞ്ഞു നിൽക്കുന്ന വ്യവസ്ഥകളിലാരംഭിച്ച് ആലോചിക്കാമെന്ന ഘട്ടത്തിലേക്ക് നീങ്ങി വീണ്ടും വിലപേശലിലേക്ക് പോകുന്നത് പരിതാപകരമാണെന്നും ചരിത്രം മാപ്പുനൽകുകയില്ലെന്നും ഓർമ്മപ്പെടുത്തുന്നു. അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള എല്ലാ പുരോഗമന ശക്തികളും കേരളത്തെ ഉററു നോക്കുകയാണെന്നും പറഞ്ഞിട്ടുണ്ട്. ആ സാഹചര്യത്തിൽ വീണ്ടും നമുക്കു കൂട്ടിമുട്ടാൻ ഇടയാകട്ടെ. കേരളത്തിലെ ഗവൺമെന്റും ഈ ഗവൺമെന്റിനെ നിലനിറുത്തുന്ന രാഷ്ട്രീയ ശക്തികളും അതിനു പാത ഒരുക്കട്ടെ അതിനുസഹായിക്കട്ടെ നമ്മുടെ പദ്ധതികളും പ്രവർത്തനങ്ങളും എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ സന്തോഷപൂർവ്വം ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീ. പി.പി.വി. മൂസ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിലെ ചില മന്ത്രിമാർ മോഹൻധാരിയയെ കാണാൻ ഡെൽഹിയിലും ആളുകളുടെ ക്ഷേമം അന്വേഷിക്കാൻ ഗൾഫ് രാജ്യങ്ങളിലുമൊക്കെ പോകുമ്പോൾ ഞങ്ങളൊക്കെ പറഞ്ഞിട്ടുണ്ടായിരുന്നു, ചിരട്ടക്കച്ചവടത്തിനും കരിക്കച്ചവടത്തിനും കാലിച്ചാക്കു കച്ചവടത്തിനും ചെമ്മീൻ കച്ചവടത്തിനും ഒക്കെയാണ് പോകുന്നതെന്ന്. നാടിന്റെ ക്ഷേമം അന്വേഷിക്കാൻവേണ്ടിയാണോ പോകുന്നത്, ഖജനാവ് ഉപയോഗപ്പെടുത്തിക്കൊണ്ട് ഇവർ പോകുന്നത് എന്തിനാണ് എന്നൊക്കെ ആക്ഷേപിച്ചിട്ടുണ്ടായിരുന്നു. പക്ഷേ ആ ആക്ഷേപങ്ങളൊക്കെ തള്ളിക്കൊണ്ടാണ് മന്ത്രിമാർ പര്യടനം നടത്തിയത്. ഇന്ന് ആ ആക്ഷേപങ്ങൾ സത്യമാണെന്നു വന്നിരിക്കുകയാണ്. ഈ കരിക്കച്ചവടവും കാലിച്ചാക്കു കച്ചവടവും ചെയ്യുന്നവർക്കു വിനിയോഗിക്കാൻ വേണ്ടിയാണോ സർ ഈ ധനവിനിയോഗ ബില്ല് പാസ്സാക്കിയെടുക്കുന്നത്? അതുകൊണ്ടാണ് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നത്. എന്നിട്ട് ആ പരാതി ഉന്നയിക്കപ്പെട്ടപ്പോൾ പിറ്റേ എന്റെ പഴയ നേതാവായ ജനാബ് സി.എച്ച്. മുഹമ്മദുകോയക്ക് എതിരായി ഉള്ള ആരോപണം തേച്ചുമാച്ചു കളയാൻവേണ്ടി പരേതനായ അഹമ്മദ് കുരിക്കളുടെ പൊന്നോമന സഹോദരനെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു വിഫലശ്രമം നടത്തുകയുണ്ടായി. പോകട്ടെ, ഞാൻ ആ കാര്യത്തിലേക്കൊന്നും കടക്കുന്നില്ല. നമുക്കറിയാം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷസമുദായത്തിനെതിരായി ഒട്ടേറെകാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന്. ന്യൂനപക്ഷസമുദായത്തിന്റെ മാഗ്നാക്കാർട്ട എന്നു വിശേഷിപ്പിക്കപ്പെട്ട നെട്ടൂർക്കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളഞ്ഞു. മാർക്സിസ്ററ് പാർട്ടിയുടെ നേതൃത്വത്തിലുള്ള പ്രതിപക്ഷമുന്നണി

LIBRARY ARCHIVES Kerala Legislative Assembly

അതിനെ എതിർത്തു. അതുപോലെതന്നെ പിന്നോക്ക വിഭാഗത്തിന് സ്വകാര്യ സ്ക്കൂൾ അടക്കം ഉള്ള സ്ഥാപനങ്ങളിൽ ഉദ്യോഗസംവരണം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്റെ സുഹൃത്ത് സഖാവ് പിണറായി വിജയൻ പ്രമേയം അവതരിപ്പിച്ചപ്പോൾ അതിനെതിരായി വോട്ട് ചെയ്തു. അതുപോലെതന്നെ ഇൻഡ്യാരാജ്യത്തുള്ള മതന്യൂന പക്ഷങ്ങൾക്കെതിരായി ക്രൈസ്തവ വിഭാഗങ്ങൾക്കെതിരായി നടമാടി ക്കൊണ്ടിരിക്കുന്ന ആക്രമണങ്ങളെ അതിശക്തമായി എതിർക്കാൻവേണ്ടി യോജിച്ചു മുന്നോട്ടു പോകണമെന്ന ഒരു പ്രമേയം ഈ സഭയിൽ വന്നപ്പോൾ ബോധപൂർവ്വം ആ പ്രമേയത്തിന്റെ ചർച്ചയിൽ പങ്കെടു ക്കാതെ ഒഴിഞ്ഞു നിന്നുകൊണ്ട് പിന്നോക്ക വിഭാഗത്തിന്റെയും ന്യൂന പക്ഷത്തിന്റെയും താൽപ്പര്യങ്ങളെ എതിർത്തുകൊണ്ടാണ് ആ ഭാഗത്ത് എന്റെ പഴയ നേതാവായ സി.എച്ച്. മുഹമ്മദുകോയയുടെ പാർട്ടി നിൽക്കുന്നത്. ഭരണലീഗിന്റെ മുഖപ്പത്രമായ ചന്ദ്രികയിൽ, കഴിഞ്ഞ തെരഞ്ഞെടുപ്പു സമയത്ത് തട്ടിക്കൂട്ടി ഒരു റിപ്പോർട്ട് പ്രസി ദ്ധീകരിച്ചു. മഹാനായ പാണക്കാട് പൂക്കോയ തങ്ങളുടെ അവസാനത്തെ ആഗ്രഹം എന്താണെന്ന് അറിയാമോ? കേരളത്തിൽ പിന്നോക്ക വിഭാഗ ത്തിന്റെതാൽപ്പര്യത്തിനുവേണ്ടി പൊരുതുന്ന, നെട്ടൂർക്കമ്മീഷൻ റിപ്പോർട്ടു പ്രസിദ്ധീകരിച്ചുകിട്ടാൻവേണ്ടി സമരം നടത്തുന്ന മാർക്സിസ്റ്റ് പാർട്ടിയെ തോൽപ്പിക്കുക എന്നുള്ളതാണ് എന്റെ അവസാനത്തെ ആഗ്രഹം എന്നുള്ള റിപ്പോർട്ട് പ്രസിദ്ധീകരിച്ചുകൊണ്ട് പാവപ്പെട്ട മുസ്ലീം ജനസ മുദായത്തെ വഞ്ചിച്ചതാണ് ഈ നേതൃത്വം. അവർ തിരിച്ചുവരാൻ തുടങ്ങി യിരിക്കുന്നു. രാജ്യസഭാ തെരഞ്ഞെടുപ്പിൽ ഷിഹാബ് തങ്ങൾ മാർക്സിസ്റ്റ് പാർട്ടിക്ക് വോട്ട് കൊടുക്കണമെന്ന ഡയറക്ഷൻ കൊടുത്തിരിക്കുന്നു.

(ബഹളം).. അവർ തെററു തിരുത്തി നല്ല വഴിക്ക് വരാൻ ഉദ്ദേശിക്കുന്നില്ല. ....അത്തരം പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്താൻവേണ്ടി ഇടതുപക്ഷം ഈ രാജ്യത്ത് ഉണ്ടാകണം. ആ സമീപനത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. സി.എച്ച്. മുഹമ്മദുകോയ:</u> സർ, ഒരു പേഴ്സണൽ എക്സ് പ്ലനേഷൻ. എനിക്കെതിരായി വലിയ ഒരു ആരോപണം ഉന്നയിക്കുക യുണ്ടായി. (സഭയിൽ ബഹളം) സർ, എന്റെ യാതൊരു ബാങ്കു ബാലൻസും തടയുകയോ എന്റെ പേരിൽ എന്തെങ്കിലും നടപടി എടു ക്കുകയോ ഒന്നും ചെയ്തിട്ടില്ല എന്നു വ്യക്തമാക്കാൻ ഞാൻ ഈ സമയം വിനിയോഗിക്കുന്നു.

<u>ஸ்ரீ. என். கிட்டப்ப நாராயணஸ்வாமி :</u> சர் நம்முடைய அரசு அவதரிப்பித்துள்ள இந்த தறுப்பியர்த்தனைகளை நான் பின் தாங்குகிறேன். எனது மதிப்பிற்குரிய நண்பர் ராஜன் அவர்கள் இங்கு ஒரு வெடி அடித்தார். அதைப்பற்றி ஓரிரு வார்த்தைகள் அவர் முன்பாக நான் பேச விரும்புகிறேன். ராஜனுக்கு அந்தப் பக்கத்தில் இருக்க விருப்பம் இல்லாவிட்டால் இன்றுகூட அவருக்கு எங்கு வேண்டுமானாலும் சேர்வதற்கு சந்தர்ப்பம் இருக்கிறது. உதாரணமாக எடுத்துக் கொண்டால் வயநாடு

LIBRARY ARCHIVES Kerala Legislative Assembly

பிரதேசங்களில் அதிகமாக ஆதிவாசிகள்தான் இருக்கிறார்கள். அவர்கள் ஆளும் கட்சியில்தான் நிற்கிறார்கள் என்று நான் ஆணித்தரமாக கூறுகிறேன்.

இந்த சட்டசபையில் ஒரு தமிழ் உறுப்பினன் என்ற முறையில் தமிழர்களுக்காக ஓரிரு வார்த்தைகள் கூற விரும்புகிறேன். நமது அரசாங்கம் சிறுப்பாண்மை மொழியினருக்கு கூடுதலாக சலுகைகள் கொடுக்கலாம் என்று ரிக்கார்டில் இருந்தாலும் கூட அவை எதுவும் இதுவரையிலும் நடப்பில் வரவில்லை. உதாரணமாக எடுத்துக்கொண்டால் இடுக்கி, பாறசாலை, திருவநந்தபுரம், பாலக்காடு, சித்தூர் போன்ற மாவட்டங்களில் அங்குள்ள அலுவலகங்களில் தமிழ் தெரிந்த உத்தியோகஸ்தர்களை எந்தக்காரணத்தைக்கொண்டும் நியமிக்கப்படவில்லை. எனது தொகுதியான தேவிகுளத்தில் தமிழ் தெரிந்த ஒரு உத்தியோகஸ்தன்கூட கிடையாது. அங்குள்ள தமிழர்கள் கூடுதலும் ஹரிஜனங்கள். படிப்பு குறைந்தவர்கள். ஆனால் அவர்களுடைய குறைகளை பேசித் தீர்த்துக்கொள்ள ஒரு தமிழ் தெரிந்த உத்தியோகஸ்தன் கூட கிடையாது. பாடசாலைகளை எடுத்துக்கொண்டாலும் தமிழ் தெரியாத மலையாளம் தெரிந்த ஆசிரியர்களை வைத்து தமிழ் மாணவர்களை படிப்பித்து வருகிறார்கள். ஆகையால் அங்குள்ள தமிழ் குழந்தைகளுக்கு நல்ல முறையில் படிக்க முடியவில்லை. தமிழ் பள்ளிகளில் தமிழ் தெரிந்த ஆசிரியர்களை நியமிக்க வேண்டுமென்று கேட்டுக் கொள்கிறேன். நமது அண்டை மாநிலமாக தமிழ் நாட்டிற்கு நமது மாகாணத்திலுள்ள மிச்ச தண்ணீரை கொடுத்தால் அங்குள்ள எத்தனையோ ஏக்கர் நிலத்தை நல்ல முறையில் பயிரிட்டு அந்தசர்க்கார் முன்னேற முடியும். அதுமட்டுமல்லாமல் இங்குள்ள மிகுதியான மின்சாரத்தை தமிழ்நாடு அரசாங்கத்திற்கு கொடுக்கும்படியும் கேட்டுக்கொள்கிறேன். அதுபோன்ற தமிழ்நாடு அரசாங்கத்திடம் சிமண்டு போன்ற பொருட்களை நமது மாகாணத்திற்கு கொண்டுவருவதற்கு நமது அரசாங்கம் முக்கியத்துவம் கொடுக்க வேண்டுமேன்றும் கேட்டுக்கொள்கிறேன்.

எனது தொகுதியான தேவிகுளத்தில் டாட்டா-பிர்லாவுக்கு சொந்தமான 28 எஸ்டேட்டுகள் இருக்கிறது. அந்த 28 எஸ்டேட்டுகளிலும் ஏகதேசம் 40,000 தொழிலாளர்கள் வேலை செய்து வருகிறார்கள். அந்த 40,000 தொழிலாளர்களிலும் ஏகதேசம் 99% ஹரிஜனங்கள். ஆனால் அந்த 40,000 தொழிலாளர்களில் பாதிக்கு மேற்பட்டவர்களும் தாற்காலிகமாக வேலை பார்ப்பவர்கள். அவர்கள் 8, 10 வருடங்களாக வேலை

2/474—12

LIBRARY ARCHIVES Kerala Legislative Assembly

பார்ந்து வருகிறார்கள். அவர்களை ஸ்திரப்படுத்த அந்த கம்பெனி முன்வரவில்லை. எனவே நமது சர்க்கார் சக்தியான நடவடிக்கை எடுத்து அவர்களை ஸ்திரப்படுத்த வேண்டுமென்று கேட்டுக்கொள்கிறேன். அதுமட்டுமல்லாமல் அங்குள்ள தொழிலாளிகளை 8 மணிக்கூர் வேலை இருந்தாலும் சரி 12 மணிக்கூர் வேலை வாங்குகிறார்கள். காலையில் 6 மணிக்கு வேலைக்கு இறங்கினால் மாலை 7 மணி வரை வேலை வாங்குகிறார்கள். குளிர் பிரதேசமான மூணார் வட்டாரத்திலுள்ள அந்தக் கம்பெனிக்காரர்கள் சித்திரவதை செய்து வருகிறார்கள்.

கடந்த ஒரு மாதத்திற்கு முன்பாக அங்கு 200க்கு மேற்பட்ட ஆசிரியர்கள் வேலை பார்த்து வந்தார்கள். அவர்கள் 1964-75 வரைக்கும் பல சலுகைகள் அந்த கம்பெனி ஆசிரியர்களுக்கு கொடுத்து வந்தார்கள். இது 1975 பாதுகாப்பு திட்டம் அனுசரித்து அங்குள்ள ஆசிரியர்களுக்கு 10 வருடங்களுக்கு முன்பு கொடுத்து வந்த சலுகைகளை ஏதோ ஒரு சட்டத்தின் பேரில் நிறுத்தி வந்தார்கள். அங்குள்ள ஆசிரியர்கள் பல போராட்டங்கள் நடத்தினார்கள். அந்த போராட்டங்களினால் எந்தவித நியாயமும் கிடைக்கவில்லை. ஆனால் அங்குள்ள தொழிலாளர்களின் குழந்தைகளை படிக்கவைக்க அந்த கம்பெனிக்கு பிளா டேஷன் கார்ப்பரேஷன் 10 லக்ஷத்திற்கு மேல் கிராண்டு கொடுக்கிறது. அதை வாங்கி அவர்கள் சரியாக வினியோகிப்பதில்லை. ஆகையால் அதை உடனடியாக நிறுத்திவைக்க வேண்டுமென்றும் கேட்டுக்கொள்கிறேன். மேலும் அந்த கம்பெனியில் உள்ள தொழிலாளர்களை அந்த கம்பெனியில் ஷெயர்-ஹோல்டேர்ஸ் ஆக சேர்த்துக்கொள்ள வேண்டும்.

தமிழ்நாட்டிலுள்ள கம்பெனிகளில் தொழிலாளிகளுக்கு கண்காணிப்பு முறை ஏற்ப்படுத்தியிருக்கிறது. அந்த முறையை டாட்டா-பிர்லா கம்பெனிகளிலும் கொண்டுவரவேண்டுமென்று நமது அரசாங்கத்திடம் கேட்டுக்கொள்கிறேன். எனது தொகுதியான தேவிகுளத்தில் வெள்ளத்தூவல் என்ற இடத்தில் 3, 4 மாதத்திற்கு முன்பு ஒரு கொலை நடந்தது. கோபி என்ற கிராமவாசியை கொலை செய்தார்கள். அதைப்பற்றி அங்குள்ள பொதுமக்கள் குற்றபத்திரிகைகளும், மெம்மோராண்டங்களும் நமது அரசாங்கத்திற்கு அனுப்பியிருந்தார்கள். ஆனால் அதன் பேரில் போலீஸ் உத்தியோகஸ்தர்கள் விசாரணை செய்தாலும் இதுவரையிலும் உண்மையான குற்றவாளியை கண்டுபிடிக்கவில்லை. ஆகையால் நமது அரசாங்கத்திடம் அந்த குற்றவாளியை உடனடியாக கண்டுபிடிக்க வேண்டுமென்று கேட்டுக்கொண்டு எனது உரையை முடித்துக்கொள்கிறேன்.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Speaker in the Chair]

ശ്രീ. വി.റ്റി. സെബാസ്റ്റ്യൻ: സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ സ്വാഗതം ചെയ്യുകയാണ്. കാർഷിക വികസനം, വ്യാവസായികവികസനം, നമ്മുടെ രാജ്യത്ത് തൊഴിലില്ലായ്മക്ക് പരിഹാരം ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ, ദുർബലവിഭാഗങ്ങളുടെ സമുദ്ധാരണം തുടങ്ങി ബഹുവിധമായ ബൃഹത്തായ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് അവയ്ക്ക് ആവശ്യമായ ധനം വിനിയോഗം ചെയ്യുന്നതിനുള്ള അംഗീകാരത്തിനുവേണ്ടി സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നതിന് എനിക്ക് സന്തോഷമുണ്ട്. കാർഷികമേഖലയുടെ സമഗ്രമായ വികസനത്തിനുവേണ്ടിയുള്ള സമഗ്രമായ പല നടപടികളും ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നുള്ളത് വളരെയധികം സന്തോഷകരമായ കാര്യമാണ്. ഇന്നു രാവിലെ ചോദ്യോത്തരവേളയിൽ സന്ദർഭവശാൽ സൂചിപ്പിക്കപ്പെട്ട കുടിയ്ക്കാൻ ഉള്ള വെള്ളത്തിന് വരെ ക്ഷാമം നമ്മുടെ രാജ്യത്ത് ഉണ്ടാകത്തക്കവിധത്തിൽ വെയിൽ കഠിനമായി ബാധിച്ചിരിക്കുകയാണ്. കേരളത്തിലെ കൃഷികളെല്ലാം ഭക്ഷ്യവിളകളാകട്ടെ, വിദേശ നാണ്യംനേടിത്തരുന്ന നാണ്യ വിളകളാകട്ടെ എല്ലാംതന്നെ മഴയെ ആശ്രയിച്ചു കൊണ്ടാണ് ഉൽപ്പാദിപ്പിക്കപ്പെടുന്നതെന്നുള്ള കാര്യത്തിൽ തർക്കമില്ല. കാലാവസ്ഥ മാറിവരുന്ന സാഹചര്യത്തിൽ നമ്മുടെ കൃഷികൾ വേനലിൽനിന്നും എങ്ങനെ രക്ഷിക്കാമെന്നുള്ള കാര്യം ഗവൺമെൻറ് സമഗ്രമായിചിന്തിക്കുകയും അതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പരിഗണിക്കുകയും ചെയ്തിരിക്കുന്നു എന്നുള്ളത് സന്തോഷപ്രദമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. എല്ലാ ജില്ലകളിലും രണ്ട് ഗ്രാമങ്ങളെ തെരഞ്ഞെടുത്തുകൊണ്ട് അവിടെയുള്ള എല്ലാ കൃഷികൾക്കും വെള്ളം എത്തിച്ചുകൊടുക്കാനുള്ള ഒരു നടപടി ഗവൺമെൻറ് ആവിഷ്ക്കരിച്ചതിൽ സന്തോഷമുണ്ട്. പക്ഷെ ആ കാര്യം കാലവിളംബം വരുത്താതെ കഴിയുന്നതും വേഗം പ്രാവർത്തികമാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കുവാനുള്ളത്.

12 Noon] സർ, ഇടുക്കി തുടങ്ങിയ മലയോര പ്രദേശങ്ങളിൽ മണ്ണൊലിപ്പ് കാരണം ആ ഭൂമിയിലെ ഉൽപ്പാദനക്ഷമത നശിച്ചു കൊണ്ടിരിക്കുകയാണ്. മാത്രവുമല്ല വർഷകാലങ്ങളിൽ ഉരുൾപൊട്ടൽ ഉണ്ടാകാനുള്ള പ്രധാന കാരണവും മണ്ണൊലിപ്പ് ആണെന്നാണ് ശാസ്ത്രജ്ഞൻമാർ പറയുന്നത്. അതുകൊണ്ട് മണ്ണൊലിപ്പു തടയുന്നതിനുവേണ്ടി നമ്മുടെ ഗവൺമെൻറ് ഉദ്ദേശിക്കുന്ന ആ തുക കഴിയുന്നതും വേഗം വിനിയോഗിച്ച് സോയിൽ കൺസർവേഷൻ സ്കീം ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കണമെന്നുള്ള അഭ്യർത്ഥനയും എനിക്ക് ഈ സന്ദർഭത്തിൽ വയ്ക്കാനുണ്ട്.

സർ, കാർഷിക വികസനത്തിന് വിഘാതമായി നിൽക്കുന്ന ചില രീതികൾ ഇപ്പോഴും ഉണ്ട്. ഇന്ന് കാർഷികമേഖലയിൽ പ്ലാൻേറഷൻ ടാക്സായാലും ഇൻകം ടാക്സായാലും അത് ഈടാക്കുന്നതിനുള്ള അശാസ്ത്രീയമായ നടപടിമൂലം കർഷകർ വളരെയധികം ബുദ്ധിമുട്ടുന്നുണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല. കർഷകർ ഇൻകം ടാക്സ് കൊടുക്കേണ്ടതിൻെറ പരിധി എന്താണെന്നുള്ളതിന് അവർക്ക് ഒന്നും ബോദ്ധ്യമല്ല. പല വർഷങ്ങൾക്കുവേണ്ടി ഇൻകം ടാക്സ് ചുമത്തുകയും അത് ഒരുമിച്ച് അടയ്ക്കാനുള്ള നടപടികൾ വരുകയും ചെയ്യുമ്പോൾ അവന് അപ്പീൽ കൊടുക്കാനോ അപ്പീലുകൾ കേൾക്കാനോ ഉള്ള സംവിധാനം വളരെ പരിമിതം ആണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ആ രീതിയിലുള്ള അസസ്മെൻറ് സമ്പ്രദായം മാററിയിട്ട് ശരിയായ രീതിയിൽ കാലാകാലം തന്നെ അവൻെറ വരുമാനത്തിൻെറ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ ഇൻകം ടാക്സ് ചുമത്താനുള്ള നടപടി ഉണ്ടാകത്തക്ക വിധത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകണമെന്നാണ് എനിക്ക് വളരെ വിനീതമായി പറയാനുള്ളത്.

സർ, ഗ്രാന്റേഷൻ ടാക്സ് ചുമത്തുന്ന രീതി നോക്കുമ്പോൾ ഫലം നൽകുന്ന വൃക്ഷങ്ങൾക്കും കേടുപാടുകൾ സംഭവിച്ച വൃക്ഷങ്ങൾക്കും വ്യത്യാസം കൂടാതെ തന്നെ നികുതി ചുമത്തുന്ന സമ്പ്രദായം ഇന്ന് ഉണ്ട്. എനിക്ക് ആ കാര്യത്തിൽ വയ്ക്കാനുള്ള നിർദ്ദേശം ഭൂമിയെ പല തട്ടുകളായി തിരിക്കണമെന്നുള്ളതാണ്. ഉൽപ്പാദനം കൂടുതൽ ഉണ്ടാകാവുന്ന ഭൂമി, ഉൽപ്പാദനരഹിതമായ ഭൂമി, ഉൽപ്പാദനം കുറച്ച് ഉണ്ടാകാവുന്ന ഭൂമി ഇങ്ങനെ പല തട്ടുകളായി തിരിച്ചുകൊണ്ട് നികുതി ചുമത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരേക്കറിന് പരമാവധി എന്ത് നികുതി ചുമത്താൻ സാധിക്കുമെന്നുള്ള കാര്യം നോക്കിയിട്ട് അത് ചെയ്യണം. അതിനപ്പുറത്തേയ്ക്ക് ഇടവിള കൃഷി നടത്തി കൂടുതൽ ഉൽപ്പാദനം ഉണ്ടാക്കാൻ ശ്രമിക്കണം. ശരിക്ക് വളം ചേർത്ത് ശരിയായി പരിരക്ഷിച്ചുകൊണ്ട് ഇന്ന് ഉള്ളതിനേക്കാൾ കൂടുതൽ ഉൽപ്പാദനം ഉണ്ടാക്കുകയും ആ ഉൽപ്പാദനം നികുതിയിൽനിന്നും ഒഴിവാക്കുകയും ചെയ്യുന്ന സമീപനം സ്വീകരിച്ചാൽ കൂടുതൽ അദ്ധ്വാനവും കൂടുതൽ ഉൽപ്പാദനവും ഉണ്ടാക്കാനും നമ്മുടെ രാജ്യത്ത് വിദേശ നാണ്യങ്ങൾ, അതുപോലെ മററ് വിളകൾ കൂടുതൽ ഉൽപ്പാദിപ്പിക്കാനും ഉള്ള പ്രചോദനം ഉണ്ടാകുമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ആ കാര്യത്തെപ്പററി ഗവൺമെൻറ് വളരെ . കാര്യമായി ചിന്തിക്കണമെന്നുള്ള അഭ്യർത്ഥന എനിക്കുണ്ട്.

സർ, ഇന്ന് അത്യുൽപ്പാദനശേഷിയുള്ള നല്ലയിനം കന്നുകാലികളെ വളർത്താനുള്ള താൽപ്പര്യം കർഷകർക്ക് ഉണ്ട്. പക്ഷെ അങ്ങനെയുള്ള കന്നുകാലികളെ വളർത്തുന്നതിന് വളരെയധികം സാമ്പത്തിക ചെലവ് വരുന്നുണ്ട്. ഇന്ന് ഉൽപ്പാദിപ്പിക്കപ്പെടുന്ന പാലിന് കിട്ടുന്ന വിലയും അതിനെ വളർത്താൻ വേണ്ടിവരുന്ന ചെലവും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ അങ്ങനെയുള്ള കച്ചവടം വേണ്ടെന്നുള്ള അഭിപ്രായം ഇന്ന് കൃഷിക്കാരിൽ ഉണ്ടായിട്ടുണ്ട്. തന്നെയുമല്ല ഇന്ന് പലസ്ഥലങ്ങളിലും പാലിന് മാർക്കററ് ഇല്ലാത്ത സ്ഥിതിയും ഉണ്ട്. അതുകൊണ്ട് തീർച്ചയായും നമ്മുടെ രാജ്യത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന പാൽ സംസ്കരിക്കാനുള്ള വ്യവസായ യൂണിററുകൾ ആരംഭിക്കുന്ന കാര്യത്തിൽ ഒട്ടും ശ്രദ്ധ കാണിക്കാൻ സാധിക്കുകയില്ലെന്നുള്ള അഭിപ്രായം എനിക്കുണ്ട്. കഴിഞ്ഞദിവസം നമ്മുടെ കൃഷിമന്ത്രി ഈ സഭയിൽ മറുപടി പറഞ്ഞപ്പോൾ നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ പാലിന് കൂടുതൽ വില ഉണ്ടെന്നു പറഞ്ഞു. അത് ഇവിടെ സംസ്കരിക്കുന്നതിന് കൂടുതൽ ചെലവ് വരുമെന്നുള്ളതുകൊണ്ട് മാർക്കററിൽ മൽസരിക്കാൻ സാധിക്കുമോയെന്നുള്ള ഭയം കൊണ്ട് ആ കാര്യത്തെപ്പററി ആലോചിക്കാൻ നിവൃത്തിയില്ലെന്നു പറഞ്ഞു. ആ രീതിയിലുള്ള പരിമിതികൾ ഉണ്ടെങ്കിലും സബ്സിഡി കൊടുത്താണെങ്കിലും നമ്മുടെ രാജ്യത്തെ കാലിസമ്പത്ത്, നല്ല ഉൽപ്പാദനശേഷിയുള്ള കാലിസമ്പത്ത് നിലനിർത്തുന്നതിന് കൃഷിക്കാർക്കും അല്ലാത്തുള്ളവർക്കും ഒരു ഉപതൊഴിൽ എന്നുള്ള നിലയിൽ ധനാഗമമാർഗ്ഗം ഉണ്ടാക്കാൻ, പ്രകൃതിദത്തമായ വളം ചെയ്ത ഉൽപ്പാദനക്ഷമമാക്കാൻ സാധിക്കുമെന്നുള്ളതിന്റെ പേരിൽ കാലിവളർത്തൽ കുറെക്കൂടി മെച്ചപ്പെടുത്തത്തക്കവിധത്തിൽ ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന പാൽ ഇവിടെതന്നെ പ്രോസസ് ചെയ്ത് ഉപയോഗിക്കത്തക്കവിധത്തിലുള്ള വ്യവസായരംഗത്തെക്കുറിച്ച് കൂടി ഗൗരവമായി ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, നമ്മുടെ രാജ്യത്തെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രധാന പ്രശ്നം തൊഴിലില്ലായ്മയാണ്. തൊഴിലില്ലായ്മയ്ക്കു പരി

LIBRARY ARCHIVES Kerala Legislative Assembly

ഹാരം ഉണ്ടാക്കണമെന്നുള്ള കാര്യത്തിൽ ആർക്കും അഭിപ്രായവിത്യാസമില്ല. എല്ലാവരും അതിനുവേണ്ടി വ്യഗ്രത കാണിക്കാറുണ്ടെങ്കിലും എങ്ങനെ നമ്മുടെ വ്യവസായവൽക്കരണത്തിന് പരിഹാരം ഉണ്ടാക്കാൻ സാധിക്കുമെന്നുള്ള കാര്യത്തെപ്പററി കാര്യമായി ആലോചിച്ചിട്ടുണ്ടോ യെന്നുള്ള കാര്യത്തിൽ എനിക്ക് ബലമായ സംശയമുണ്ട്. നമ്മുടെ കാർഷികമേഖലയുടെ വികസനത്തിലൂടെ ഇന്നത്തെക്കാറം ഇരട്ടി ആളുകറംക്ക് തൊഴിൽ നൽകാൻസാധിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. സർ, നമ്മുടെ രാജ്യത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർഷികവിളകറം സംസ്ക്കരിക്കാനുള്ള സാഹചര്യം നമ്മുടെ രാജ്യത്ത് ഉണ്ടാകണം. നമ്മുടെ രാജ്യത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന കശുവണ്ടി തന്നെ കള്ളക്കടത്തിലൂടെ അയൽ സംസ്ഥാനങ്ങളിൽ കൊണ്ടുപോയി പ്രോസസ് ചെയ്യുന്നതുകൊണ്ട് കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികറംക്കു ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടെന്നുള്ള കാര്യം ഇവിടെ പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമാണ്.

സർ, കയർ വ്യവസായം നമ്മുടെ രാജ്യത്തുനിന്നും അയൽ സംസ്ഥാനങ്ങളിലേക്ക് വഴുതിപ്പോയിക്കൊണ്ടിരിക്കുന്ന സാഹചര്യം ഉണ്ട്. അതുപോലെ നമ്മുടെ രാജ്യത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന റബ്ബറിന്റെ സിംഹഭാഗവും സംസ്ഥാനത്തിന് പുറത്താണ് ശേഖരിക്കുന്നതെന്നുള്ള കാര്യത്തിൽ സംശയമില്ല. ഈ സ്ഥിതി മാററിയേതീരൂ. അതിനാവശ്യമായ നടപടികറം നാം ഗൗരവമായി ചെയ്യണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്.

സർ, ഒരു മിനിമം വേജസ് നിയമം ഉണ്ടാക്കിയതിനെക്കുറിച്ച് നമ്മുടെ ഗവൺമെൻറ് എത്ര ശ്രമിച്ചിട്ടും കേന്ദ്ര ഗവൺമെൻറ് അതിനനുകൂലമായ സമീപനം ഉണ്ടാക്കാത്തതിലും നമ്മുടെ തൊട്ട് അയൽ സംസ്ഥാനങ്ങളായ കർണ്ണാടകവും തമിഴ്നാടും അതിനോട് യോജിക്കാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടുകളും ഉണ്ടായിട്ടുണ്ടെന്നുള്ളത് വസ്തുതയാണെങ്കിലും വ്യവസായങ്ങറം അയൽ സംസ്ഥാനങ്ങളിലേക്ക് പോയി ഇവിടത്തെ ചെറുപ്പക്കാർക്കു തൊഴിലില്ലാതെ വരുമ്പോറം ഉണ്ടാകുന്ന ബുദ്ധിമുട്ടുകറം കണക്കിലെടുത്തുകൊണ്ട് ഇങ്ങനെയുള്ള പരിപാടികറം കേന്ദ്ര ഗവൺമെൻറാ അയൽ സംസ്ഥാനങ്ങളോ അംഗീകരിച്ച് പ്രാവർത്തികമാക്കുന്നതുവരെ സബ്സിഡി കൊടുത്താണെങ്കിലും പുതിയ വ്യവസായങ്ങറം ആരംഭിക്കാനും ആരംഭിച്ച വ്യവസായങ്ങറം നിലനിറുത്താനും ഉള്ള നടപടികറം ഗവൺമെൻറ് ഗൗരവമായി സ്വീകരിച്ചില്ലെങ്കിൽ നമ്മുടെ രാജ്യത്ത് വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ എങ്ങനെ നമ്മുടെ രാജ്യത്ത് പ്രതിഫലിക്കുമെന്നുള്ളതിനെപ്പററി, ആ വരാൻ പോകുന്ന അപകടത്തെപ്പററി മനസ്സിലാക്കിക്കൊണ്ട് സമഗ്രമായ ഒരു ചിന്ത ആ കാര്യത്തിൽ ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, മറെറാരു ബുദ്ധിമുട്ടുള്ളത് നമ്മുടെ ഇടയിലുള്ള വ്യവസായ അന്തരം ആണ്. തുടങ്ങിയ വ്യവസായങ്ങറം ശരിയായ രൂപത്തിൽ മുമ്പോട്ടു കൊണ്ടുപോകാൻ സാധിക്കുന്ന സ്ഥിതി ഉണ്ടാകുന്നില്ല. എനിക്ക് പറയാനുള്ളത് വ്യക്തമായ ഒരു തൊഴിൽ നിയമം ഉണ്ടാക്കേണ്ടതായിട്ടുണ്ട്. തൊഴിലാളികറംക്കു ജീവിക്കാൻ മതിയാകുന്ന വ്യവസായ സ്ഥാപനങ്ങറം നഷ്ടത്തിലല്ലാതെ മുമ്പോട്ടു കൊണ്ടുപോകാൻ കഴിയുന്ന ഒരു വേതന നയം ഉണ്ടാക്കിക്കൊണ്ട്, ആ വേതന നയം ഉറപ്പ് വരുത്തിക്കൊണ്ട് മുമ്പോട്ട് പോയെങ്കിൽ മാത്രമേ വ്യവസായത്തിൽ മുതൽ മുടക്കാനുള്ള ആളുകറം ഉണ്ടാവുകയുള്ളു എന്നുള്ളതിൽ സംശയമില്ല. അങ്ങനെ പൊതുമേഖലയിലും സ്വകാര്യമേഖലയിലും കൂടുതൽ മുതൽമുടക്കാൻ ഉള്ള സൗകര്യം ഉണ്ടാകത്തക്കവിധത്തിൽ ആ കാര്യങ്ങളെപ്പററി ഗവൺമെൻറ് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, നമ്മുടെ രാജ്യത്ത് കേരളം ചിൽഡ്രൻസ് ആക്ററ് നടപ്പിലാക്കിയതായി അറിയുന്നു. പക്ഷെ അതോടനുബന്ധിച്ച് നടത്തേണ്ട ചിൽഡ്രൻസ് കോർട്ട്, ചിൽഡ്രൻസ് ഹോം എന്നിവ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നുള്ള കാര്യത്തിൽ സംശയമുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ അത് കഴിയുന്നതും വേഗം നടപ്പിലാക്കണമെന്നുള്ള അഭ്യർത്ഥനയുണ്ട്.

സർ, ജയിലിനെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ ആരും കാര്യമായി ശ്രദ്ധിക്കാത്ത ഒരു കാര്യമാണ്. മുട്ടിന് മുകളിലോളം എത്തുന്ന മുണ്ടും വട്ടക്കഴുത്തുള്ള ഷർട്ടും ധരിച്ചുകൊണ്ടു മാത്രമേ ജയിലിൽ ജീവിക്കാൻ സാധിക്കുകയുള്ളു എന്നുള്ള രീതിമാററിയിട്ട് ഇഷ്ടമുള്ള വസ്ത്രധാരണരീതി സ്വീകരിക്കാനുള്ള അവസരം ഉണ്ടാകണം. അതുപോലെതന്നെ അവിടെയുള്ള ഭക്ഷണരീതിയിലും വ്യതിയാനങ്ങൾ വരുത്തേണ്ടതാവശ്യമാണ്. ഓപ്പൺ ജയിൽ കുറെക്കൂടി പരിഷ്ക്കരിച്ചാൽ കുറെക്കൂടി ലാഭകരമാക്കാൻ സാധിക്കുമെന്നുള്ള കാര്യം ഞാൻ ഇവിടെ ഓർമ്മിപ്പിക്കുകയാണ്.

സർ, ഇന്ന് റബ്ബർ പ്ലാന്റേഷനുകളുടെ കാര്യത്തിൽ വളരെയധികം വിജയം ഈ രംഗത്ത് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഇനിയും ഗവൺമെൻറ് അക്വയർചെയ്ത ഭൂമി പ്ലാന്റേഷൻ നടത്താതെ ഉണ്ട്. ആ ഭൂമിയിൽക്കൂടി പ്ലാന്റേഷൻ നടത്തിയാൽ റവന്യൂ മെച്ചപ്പെടുത്താനും അവരുടെ അദ്ധ്വാനശേഷി പ്രയോജനപ്പെടുത്താനും കഴിയത്തക്ക വിധത്തിൽ ആ കാര്യങ്ങളെപ്പററി ഗവൺമെൻറ് ഗൗരവമായിചിന്തിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സർ, നമ്മുടെ സംസ്ഥാനത്തിന്റെ രാഷ്ട്രീയം ക്ലീൻ സ്ലേററിൽ എഴുതിത്തുടങ്ങണമെന്നുള്ള ഒരു നിർദ്ദേശം ഞാൻ സപ്ലിമെൻററി ഡിമാൻറിന്റെ ചർച്ചാവേളയിൽ വയ്ക്കുകയുണ്ടായി. അത് ഒരിക്കൽകൂടി ആവർത്തിക്കുകയാണ്. ക്ലീൻ സ്ലേററിൽ എഴുതണമെന്നുള്ള അഭിപ്രായം ഞാൻ പറഞ്ഞപ്പോൾ അതിനെ പലരും ആക്ഷേപിച്ചു കേട്ടു. എന്റെയോ എന്റെ പാർട്ടിയുടേയോ പേര് എടുത്തു പറയാതെ, പഴയ വിരോധം വച്ച് ഒന്നും ചെയ്യരുത്, ഉപാധികളൊന്നുംവയ്ക്കാതെ സഹകരിക്കണം എന്നെല്ലാമുള്ള നിർദ്ദേശങ്ങൾ ഇന്നും ഞാൻ കേൾക്കുകയുണ്ടായി. അന്നത്തെ എന്റെ പ്രസംഗത്തിന് മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ഇൻഡ്യയിലെ എല്ലാ കാര്യങ്ങളും വസ്തുനിഷ്ഠമായി നോക്കുന്നു, എന്നാൽ കേരളത്തിൽ വരുമ്പോൾ വ്യക്തിനിഷ്ഠമായി നോക്കുന്നു എന്ന്. ഈ ഒരാക്ഷേപമാണ് അന്ന് എന്റെ നേരെ തൊടുത്തുവിട്ടത്. മുൻകാല വിരോധങ്ങളൊന്നും കൂടാതിരിക്കുവാൻവേണ്ടിയാണ് ക്ലീൻ സ്ലേററിൽ എഴുതണമെന്നു പറഞ്ഞത്. മുൻകാലത്തെ സംബന്ധിച്ച് നമുക്ക് പല അഭിപ്രായഭേദങ്ങളും ഉണ്ട്. ഇന്ന് അപ്പുറത്തിരിക്കുന്ന ചില ബഹുമാനപ്പെട്ട നേതാക്കൻമാരും അവരുടെ പാർട്ടിക്കാരുമാണ് 1969-ലെ ഗവൺമെൻറിനെ അന്ന് മറിച്ചിട്ടതെന്നുള്ള ആക്ഷേപം ഞങ്ങൾക്കുണ്ട്. അതല്ല ഞങ്ങളാണ് ഗവൺമെൻറിനെ മറിച്ചിട്ടത് എന്നുള്ള ആക്ഷേപം അപ്പുറത്തിരിക്കുന്നവർക്കും ഉണ്ടാകാം. അതിനെക്കുറിച്ച് നമ്മൾ ഇപ്പോൾ തർക്കിക്കേണ്ട. ഈ അഭിപ്രായം മാററണമെന്ന് ഞാൻ പറയുന്നില്ല. എന്റെ അഭിപ്രായം മാററണമെന്ന് നിങ്ങളും നിർബന്ധിക്കേണ്ട. ഇന്നത്തെ സ്ഥിതി എന്താണ്? ഇന്നത്തെ സ്ഥിതി എന്ത് എന്നുള്ളതിനെസംബന്ധിച്ച് നമുക്കു ചർച്ച ചെയ്യാം. ചർച്ച ചെയ്യുമ്പോൾ ഉപാധി കൂടാതെയെന്നു പറയുന്നത് മററാർക്ക് യോജിച്ചാലും ബഹു

LIBRARY ARCHIVES Kerala Legislative Assembly

മാനപ്പെട്ട മുഖ്യമന്ത്രിക്ക് യോജിക്കുകയില്ല. എന്തുകൊണ്ട്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പാർട്ടിയുടെ നാഷണൽ കൗൺസിൽ പരസ്യമായി ഒരു അഭ്യർത്ഥന പുറപ്പെടുവിച്ചിട്ടുണ്ട്. ആ അഭ്യർത്ഥനയുടെ കോപ്പി എന്റെ പാർട്ടിക്കും അയച്ചുതന്നിട്ടുണ്ട്. ആ കാര്യത്തെക്കുറിച്ച് അദ്ദേഹത്തിന്റെ പാർട്ടിയുടെ ജനറൽ സെക്രട്ടറിയുമായി ഞാൻ സംസാരിച്ചിട്ടുണ്ട്. ഉപാധിയൊന്നും ഇല്ലാത്ത ഐക്യത്തെപ്പററി ചർച്ച ചെയ്യുകയല്ല. ഇടതുപക്ഷ ജനാധിപത്യ ശക്തികൾ തമ്മിലുള്ള ഐക്യത്തിനുവേണ്ടിയുള്ള ഒരു കരടു പരിപാടി കവറിംഗ് ലെററോടുകൂടി ഔപചാരികമായി ഞങ്ങൾക്കു അയച്ചുതന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആ യോഗത്തിൽ പങ്കെടുത്തിരുന്നുവെന്നാണ് എന്റെ ഓർമ്മ. ഇത്തരത്തിലുള്ള ഒരു ചർച്ചയുടെ അടിസ്ഥാനം തന്നെ പഴയതിനെ സംബന്ധിച്ച് ഇപ്പോൾ ചർച്ച ചെയ്യേണ്ടെന്നുള്ളതാണ്. അത് എവിടെ നിൽക്കുന്നുവെന്നുള്ളതിനെക്കുറിച്ച് പരസ്പരം അറിയാവുന്നതാണ്. അത് അവിടെ നിൽക്കട്ടെ. ഇന്നത്തെ സ്ഥിതി എന്താണ്? ഇന്നത്തെ സ്ഥിതി എന്ത്, ഇനി എന്തു ചെയ്യണം എന്നുള്ളതിനെക്കുറിച്ച് പരസ്പരം ആലോചിച്ച് ചില തീരുമാനങ്ങൾ എടുക്കണം എന്നാണ് അഖിലേന്ത്യാ തലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പാർട്ടി നിർദ്ദേശിച്ചിട്ടുള്ളത്. അത് ഞങ്ങൾ അംഗീകരിക്കുന്നു. പിന്നെ ഞാൻ വ്യക്തിനിഷ്ഠമായി നോക്കുന്നുവെന്നു പറയുന്നതിന്റെ അർത്ഥം എന്താണെന്നു എനിക്ക് അറിഞ്ഞുകൂടാ. രണ്ടുതവണ മുഖ്യമന്ത്രിയായിട്ടുള്ള എനിക്ക് ഇനിയും മുഖ്യമന്ത്രി ആകാൻവേണ്ടിയാണെന്നാണോ? അതൊന്നും പച്ചയായി പറയരുത്. അത് നല്ലതല്ല. ആരാണ് മുഖ്യമന്ത്രി, മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിക്ക് മുഖ്യമന്ത്രിസ്ഥാനം വേണമോയെന്നുള്ള കാര്യംകൂടി ചർച്ചാവിഷയമാണ്. ക്ലീൻസ്ലേററ് എന്നു പറഞ്ഞാൽ അതെല്ലാം പെടും. നേരെമറിച്ച് ഉപാധിയൊന്നും കൂടാതെ സഹകരിക്കുകയെന്നു പറഞ്ഞാൽ ഈ ഗവൺമെൻറിനോട് സഹകരിക്കുകയെന്നുള്ളതാണ്. അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വ്യക്തിനിഷ്ഠമായ സമീപനമുണ്ടെന്നു ഞാൻ പറഞ്ഞാൽ ഞാൻ അൽപ്പത്വം പറഞ്ഞുപോയിയെന്നു പറഞ്ഞാലോയെന്ന് ഭയന്ന് ഞാൻ അത് പറയുന്നില്ല. ഇവിടെ പ്രശ്നം അതല്ല.

നമ്മുടെ രാജ്യത്തെ സ്ഥിതി ഇന്ന് വളരെ അപകടകരമാണ്. അതിനെക്കുറിച്ച് ഇവിടെ പല അംഗങ്ങൾ സംസാരിച്ചുകഴിഞ്ഞു. അതുകൊണ്ടു ഇതിനെ നേരിടണം. ഇത് പറയുമ്പോൾ നിങ്ങൾ ഞങ്ങളുടെ കൂടെ കൂടണമെന്നല്ല പറയുന്നത്. ഞാൻ അത് പറയുന്നില്ല. അപകടകരമായ സ്ഥിതി നേരിടുന്നതിനുവേണ്ടി നിങ്ങൾ ഞങ്ങളുടെ കൂടെ കൂടണമെന്നു പറയുന്നില്ല. ഇന്നത്തെ സ്ഥിതിയെക്കുറിച്ച് നമുക്കു കൂടുതൽ ആലോചിക്കാം. അഖിലേന്ത്യാടിസ്ഥാനത്തിൽ തീരുമാനിച്ച് പത്തൊൻപതോ ഇരുപതോ ഇനങ്ങളുള്ള ഒരു പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ട്. ആ പരിപാടിയെക്കുറിച്ച് ചർച്ച ചെയ്യണമെന്ന് ഞങ്ങളുടെ പാർട്ടിയോട് പറഞ്ഞിട്ടുണ്ട്: മററു പാർട്ടികളോടും പറഞ്ഞിട്ടുണ്ട്. അതുതന്നെ കേരളത്തിലും വേണ്ടേ? അതനുസരിച്ചാണോ നിങ്ങൾ ഇവിടെ പ്രവർത്തിക്കുന്നത് എന്ന് ഒരു ചോദ്യമുണ്ട്. ഞാൻ അതിനെക്കുറിച്ച് പരിശോധിച്ചുനോക്കി. നാഷണൽ കൗൺസിൽ അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള പരിപാടികളും നിങ്ങൾ അവതരിപ്പിച്ച് പാസ്സാക്കി എടുക്കുവാൻ പോകുന്ന ഇഷ്ടദാനബില്ലും തമ്മിൽ യാതൊരു പൊരുത്തവുമില്ല. അതുകൊണ്ട് അതിനെക്കുറിച്ച് ചർച്ച ചെയ്യണം. അതുപോലെ നിരവധി പ്രശ്നങ്ങളുണ്ട്. ഉദാഹരണത്തിന് ആർ.എസ്.എസ്സിന്റെ കാര്യം പറഞ്ഞു. ആർ.എസ്.എസ്സിന് എല്ലാവരും എതിരാണെന്നു പറഞ്ഞു. ആർ.എസ്.എസ്സിനെ നേരിടുന്നത്

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെ? ആർ.എസ്.എസ്സിനെ നേരിടുകയെന്നുള്ളത് അക്രമം കാണിക്കുന്ന ഒരു പ്രസ്ഥാനത്തെ നേരിടുന്നത് പോലെ ആണോ? ഞങ്ങൾ അക്രമം കാണിച്ചുവെന്നു അവർക്കും ആക്ഷേപം കാണും, അവർ അക്രമം കാണിച്ചുവെന്ന് ഞങ്ങൾക്കും ആക്ഷേപം കാണും. ആർ.എസ്. എസ്സിനെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ അവർ അക്രമം കാണിക്കുന്നുവെന്നുമാത്രമല്ല, ജനാധിപത്യ പരമായ, സെക്യുലറായ പുരോഗതിക്ക് തടസ്സമായി നിൽക്കുന്ന ഐഡിയോളജിയാണ്. ആ ഐഡിയോളജിയാണ് ആർ.എസ്.എസ്. അത് ഇപ്പോഴും ആ ദേവ്അരശ് ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ഹിന്ദുരാഷ്ട്രത്തിനുവേണ്ടിയാണ് നില നിൽക്കുന്നത് എന്ന്. ദേവ്അരശിന്റെ മുൻഗാമി ഹിന്ദുരാഷ്ട്രം എന്നാൽ എന്താണെന്ന് വിശദീകരിച്ചിട്ടുണ്ട്. ഇന്നത്തെ കാലത്ത് അത് അങ്ങനെതന്നെ പച്ചയായി പറയുവാൻ നിവൃത്തിയില്ലാത്തതു കൊണ്ട് ദേവ്അരശ് കുറച്ചുകൂടി നന്നാക്കി പറഞ്ഞിരിക്കുന്നു. ഹിന്ദു രാഷ്ട്രത്തിന്റെ ഐഡിയോളജിയെന്നു പറഞ്ഞാൽ എന്താണ്? ഈ രാജ്യം ഹിന്ദു രാജ്യമാണ്. പഴയ ഹിന്ദുമേധാവിത്വത്തിന്റെ പുനരുദ്ധാരണമാണ്. ഹിന്ദുമേധാവിത്വത്തിന്റെ പുനരുദ്ധാരണം എന്നുള്ളത് ഈ കാലത്ത് ചേർന്നത് അല്ലായെന്ന് ആർ.എസ്. എസ്. അംഗം പരസ്യമായി പറയുന്നു, വാജ്പേയിക്ക്പോലും ഇപ്പോൾ പറയേണ്ടിവന്നിട്ടുണ്ട്. ആര് അംഗീകരിച്ചു, ആര് അംഗീകരിച്ചില്ലായെന്നുള്ളതിനേക്കാൾ പ്രാധാന്യം ഈ രാജ്യത്തെ ആപത്ത് ആണ്. വടിയും കുന്തവും ബോംബും ശ്രീമതി ഇന്ദിരാഗാന്ധിയുടെ യൂത്ത് കോൺഗ്രസ് എടുത്തിട്ടുണ്ട്. അതിന് ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട എഴുന്നൂറ്, എണ്ണൂറ് ആളുകൾ കേരളത്തിലും ഇൻഡ്യയിലുമായിരക്ത സാക്ഷിത്വം വരിച്ചിട്ടുണ്ട്. അതും ആർ.എസ്.എസ്സും തമ്മിൽ ഐഡിയോളജി ആണ്. രാഷ്ട്രീയമായ കൂട്ടുകെട്ട് ആണെങ്കിൽ ആർ.എസ്.എസ്സിൽ മാത്രമായി നിൽക്കുന്നില്ല.

എന്താണ് ഗോവധം? ഗോവധത്തിനെതിരായ ഇന്നത്തെ പ്രസ്ഥാനം. വിനോബാഭാവേയെ ബഹുമാനിക്കാതെ പറയുന്നതല്ല, അദ്ദേഹത്തോടുള്ള എല്ലാ ബഹുമാനങ്ങളും നിലനിറുത്തിക്കൊണ്ടുതന്നെയാണ് ഞാൻ പറയുത്. ഗോവധം എന്ത് ഐഡിയോളജിയാണ്? എനിക്ക് അതിനെക്കുറിച്ച് മനസ്സിലാകുന്നില്ല. ഇതിന്റെ ഉന്നതനായ നേതാവ് എന്നോട് സംസാരിച്ചു. അദ്ദേഹം പറഞ്ഞു, എല്ലാ മൃഗങ്ങളേയും കൊല്ലുന്നതിന് എതിരാണെന്ന്. അവർ തയ്യാറാക്കിയിട്ടുള്ള ബില്ലിൽ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. 'The Cow and its progeny' അപ്പോൾ എരുമയെ കൊല്ലാം. കറവയുള്ള എരുമകളെ കൊല്ലണമെന്ന് ഞാൻ പറയുന്നില്ല. ആ വർഗ്ഗത്തിൽപെട്ട ചത്ത്ചാവാതെ ഒന്നിനും നിവൃത്തിയില്ലാത്ത നിലയിൽ ഇരിക്കുന്നതാണെങ്കിലും ....ഇത് ഐഡിയോളജി ആണ്. ഈ ഐഡിയോളജിയോടൊപ്പം കവാത്തിന്റേതായിട്ടുള്ള പ്രായോഗികമായ നയങ്ങളും കൂടി ഉൾക്കൊണ്ടാൽ എന്തായിരിക്കും സ്ഥിതി?

ഞാൻ മറെറാരു കാര്യത്തെക്കുറിച്ച് പറയാനാഗ്രഹിക്കുകയാണ്. ഹിന്ദുമേധാവിത്വം പുനരുദ്ധരിക്കുകയെന്നുള്ള ഈ ഐഡിയോളജിയെ നേരിടണമെങ്കിൽ എങ്ങനെ നേരിടും? അങ്ങനെ നേരിടുന്നങ്കിൽ ഒരു ന്യൂനപക്ഷത്തിന്റെ പേരുംപറഞ്ഞുകൊണ്ട് ഇന്ന് നടക്കുന്ന ചെലവിനെ കുറിച്ചുംകൂടി പുനരാലോചിക്കണമെന്നാണ് എനിക്ക് വിനയപൂർവ്വം അപ്പുറത്തിരിക്കുന്ന പല മെമ്പർമാരോടും പറയാനുള്ളത്. മത ന്യൂന പക്ഷത്തിന്റെ സംരക്ഷണമെന്നുള്ളത് ന്യൂനപക്ഷ സമുദായത്തിന്റെ മാത്രം പ്രശ്നമല്ല, ഞങ്ങളുടെയെല്ലാം പ്രശ്നമാണ്. മതന്യൂനപക്ഷം സംരക്ഷിക്കുക എന്നത് ഈ രാജ്യത്തെ ജനാധിപത്യ വിശ്വാസികളും സെക്യൂല

LIBRARY ARCHIVES Kerala Legislative Assembly

റിസത്തിൽ വിശ്വസിക്കുന്നവരുമായിട്ടുള്ളവരുടെ മുഴുവൻ കടമയാണ്. ആ നിലയ്ക്ക് മതന്യൂനപക്ഷത്തെ സംരക്ഷിക്കാൻവേണ്ടി മതന്യൂനപക്ഷങ്ങളെ പ്രത്യേകമായി സംഘടിപ്പിക്കുകയെന്നുള്ളതിനേക്കാൾ മതന്യൂനപക്ഷത്തിൽ ഭൂരിപക്ഷത്തിൽപെട്ടവരും സെക്യൂലർമയിന്റഡ് ഡെമോക്രാററിക് ആയിട്ടുള്ള ആളുകൾ എല്ലാം ചേരുന്നതാണ്. ആ നിലയ്ക്ക് നോക്കുന്ന അവസരത്തിൽ ഈയിടെ ഒരു ബില്ലിനെതിരായിട്ട് ക്രിസ്ത്യാനികളുടെ ഒരു പ്രകടനമുണ്ടായി. ആ പ്രകടനത്തിൽ ഈ സംസ്ഥാനത്തിന്റെ ആഭ്യന്തരമന്ത്രികൂടി നേതൃത്വം നൽകുകയോ പങ്കെടുക്കുകയോ ചെയ്യുക...............ഇത് ആർ.എസ്.എസ്സിന് വളംവച്ചുകൊടുക്കുകയാണെന്ന് ബഹുമാനപ്പെട്ട മാണിയോട് എല്ലാ ബഹുമാനവും പുലർത്തിക്കൊണ്ട് പറയുകയാണ്. ശ്രീ. മാണി അത് അംഗീകരിക്കേണ്ട. പക്ഷെ അപ്പുറത്തിരിക്കുന്ന ഭരണകക്ഷിയും ഇപ്പുറത്തിരിക്കുന്ന ഞങ്ങളും തമ്മിൽ ആലോചിക്കേണ്ട ഒരു പ്രശ്നമാണ്. ആർ.എസ്.എസ്സ് ഇതുപോലെ ഒരു ആപത്തായി വളരുകയാണെങ്കിൽ അതിനെ നേരിടുന്നതിൽ മത ന്യൂനപക്ഷത്തിൽപെട്ടവർ എന്ത് ചെയ്യണം, അല്ലാത്തവർ എന്ത് ചെയ്യണം എന്നുള്ളതിനെസംബന്ധിച്ച് ധാരണ വേണം. ധാരണയില്ലാതെ മതന്യൂനപക്ഷം മാത്രം പ്രത്യേകമായി സംഘടിച്ച് ആർ.എസ്.എസ്സിനെ നേരിടാമെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണ് ജീവിക്കുന്നത്. അതേസമയത്ത് മതന്യൂനപക്ഷത്തിന്റെ സംരക്ഷണമെന്നുള്ളത് ഈ രാജ്യത്തെ ജനാധിപത്യപ്രസ്ഥാനത്തിന്റെ ഈ രാജ്യത്തെ തൊഴിലാളിപ്രസ്ഥാനത്തിന്റെ ആദ്യമായ കടമയാണ്. ആ നിലയ്ക്കു കൈകാര്യംചെയ്യണം. ഇവിടെയാണ് എനിക്കു ഇഷ്ടദാനബില്ലിനുവേണ്ടി അവർ ഉയർത്തുന്ന വാദത്തെക്കുറിച്ച് പറയാനുള്ളത്. അത് കേൾക്കുമ്പോൾ എനിക്ക് ഭയം തോന്നുന്നു. ബഹുമാനപ്പെട്ട മന്ത്രിമാരുടെ കണക്കനുസരിച്ചുതന്നെ ഏതാണ്ട് പത്തുശതമാനം പതിനൊന്നുശതമാനത്തോളം വരുന്ന മിച്ചഭൂമി ഇല്ലാതാക്കുന്ന ഒരു നിയമം ഉണ്ട്. ആ നിയമത്തിനുവേണ്ടി മതന്യൂനപക്ഷത്തിന്റെ പേരിൽ വാദിക്കുകയാണെങ്കിൽ മതന്യൂനപക്ഷത്തെ ഈ രാജ്യത്തെ കർഷകത്തൊഴിലാളികളുടേയും ഭൂമിയില്ലാത്തവരുടേയും ശത്രുക്കളാക്കിത്തീർക്കുകയാണ് ചെയ്യുക. ഇത് മതന്യൂനപക്ഷത്തിന് ആപത്താണെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഈ പറയുന്ന അഭിപ്രായം അവർ അംഗീകരിക്കേണ്ട. ഇങ്ങനെയുള്ള അഭിപ്രായം ഞങ്ങൾക്ക് ഉണ്ടെന്ന് മനസ്സിലാക്കണം. ഈ അഭിപ്രായത്തെ സംബന്ധിച്ച് ചർച്ചചെയ്യണം. ഈ രാജ്യത്തെ പുതിയ രാഷ്ട്രീയ സംവിധാനത്തെക്കുറിച്ചൊക്കെ പറയുന്നുണ്ട്. രാഷ്ട്രീയ സംവിധാനമെന്നു പറഞ്ഞാൽ എന്താണ് വിചാരിക്കുന്നത്? സീററ് വിഭജനമാണോ? ഞങ്ങളെ സംബന്ധിച്ചിടത്തോളം സീററ് വിഭജനമെന്നുള്ളത് രണ്ടാംതരം പ്രശ്നമാണ്. പ്രധാനപ്പെട്ട പ്രശ്നം ഈ രാജ്യത്തെ ഗവൺമെന്റ് തുടർന്നുവരുന്ന സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവുമായ നയമാണ്. ബഡ്ജററിനെ സംബന്ധിച്ചുള്ള ചർച്ചയിൽ ഞാൻ അതെപ്പററിപറയുകയുണ്ടായി. എന്താണ് ഈ രാജ്യത്തെ ഗവൺമെന്റ് തുടർന്നുവരുന്ന നയം? ഈ സംസ്ഥാനത്തിലെ ഗവൺമെന്റല്ല ഇൻഡ്യാരാജ്യത്തിലെ ഗവൺമെന്റ്, മുപ്പതുകൊല്ലം കോൺഗ്രസ്സ് ഗവൺമെന്റും രണ്ടുകൊല്ലം ജനതാ ഗവൺമെന്റും തുടർന്നുപോന്നിട്ടുള്ള സാമ്പത്തിക നയം എന്താണ്, അത് ഈ രാജ്യത്തെ എവിടെ കൊണ്ടു എത്തിക്കുന്നുവെന്നുള്ളതാണ് പുതിയ രാഷ്ട്രീയസംവിധാനത്തെസംബന്ധിച്ചുള്ള പ്രധാനപ്പെട്ട ഭാഗം. അതിന്റെ ഭാഗമായിട്ട് ഒട്ടേറെ നയപരമായ പ്രശ്നങ്ങൾ, ഭരണപരമായിട്ടുള്ള പ്രശ്നങ്ങൾ ഉണ്ട്. ആ പ്രശ്നങ്ങളെസംബന്ധിച്ച് ഉള്ള് തുറന്ന്

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച നടത്തണം. അതാണ് ഞങ്ങൾ നിർദ്ദേശിച്ചിരുന്നത്. അതിനുള്ള അന്തരീക്ഷം ഉണ്ടാകണമെന്നുണ്ടെങ്കിൽ ഞങ്ങൾ ഇവിടെ ഇരുന്നുകൊള്ളട്ടെ നിങ്ങൾ ഞങ്ങളെ സഹായിക്കാം, ഉപാധിവയ്ക്കരുത്, ഉപാധി വയ്ക്കുന്നത് കഷ്ടമാണ്, മഹാപാപമാണ് എന്നൊക്കെ പറയുന്നത് യോജിച്ചതല്ല. അതുകൊണ്ട് ഞാൻ ഒന്നുകൂടി ആവർത്തിക്കുകയാണ് ക്ലീൻസ്ലേററ്. ക്ലീൻസ്ലേററ് വേണം. ക്ലീൻസ്ലേററ് എഴുതുന്നതിന്റെ ഒരു തുടക്കം രാജ്യസഭാതെരഞ്ഞെടുപ്പിൽ കണ്ടതിൽ ഞാൻ സന്തോഷിക്കുകയാണ്. അതിന് ഭരണകക്ഷിയെ ഞാൻ അഭിനന്ദിച്ചു. അതോടുകൂടി ഈ രാജ്യത്തെ രാഷ്ട്രീയചരിത്രം മാറിയെന്നൊന്നും ധരിക്കേണ്ട. രാജ്യസഭാതെരഞ്ഞെടുപ്പിൽ നിങ്ങൾ എന്ത് ചെയ്യും, വരാൻ പോകുന്ന നാല് നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ നിങ്ങൾ എന്തു ചെയ്യും, പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നിങ്ങൾ എന്തുചെയ്യും എന്നെല്ലാം ഞാൻ ചോദിച്ചതാണ്. രാജ്യസഭാ തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് അനുകൂലമായി വോട്ട് ചെയ്തുവെന്നുള്ളതുകൊണ്ട് ഞങ്ങൾക്ക് എന്തോ ഒരു ബാദ്ധ്യതവന്നു ഇനിയുള്ള തെരഞ്ഞെടുപ്പിൽ ഞങ്ങളെ പിന്താങ്ങണമെന്നൊന്നും പറഞ്ഞ് പുറപ്പെടരുതെന്നാണ് എനിക്കു പറയാനുള്ളത്. അതെപ്പററി നമുക്ക് ആലോചിക്കാം. സീററ് വിഭജനത്തെക്കുറിച്ചോ മന്ത്രിസ്ഥാനത്തെക്കുറിച്ചോ ആലോചിക്കാം. അവിടെയാണ് മുഖ്യമന്ത്രിയുടെ വ്യക്തിനിഷ്ഠത്തിൽ പററിയ തെററ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം അത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഞങ്ങൾക്ക് മന്ത്രിസ്ഥാനം കിട്ടുമായിരുന്നു. പലരോടും ഞങ്ങൾ മന്ത്രിസ്ഥാനം എടുക്കുകയില്ലെന്ന് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വ്യക്തിനിഷ്ഠമാണെന്നുണ്ടെങ്കിൽ ഇന്ന് മഹാരാഷ്ട്രാ മന്ത്രി സഭയിൽ ഉണ്ടാകേണ്ടതാണ്, ആസ്സാമിൽ ഉണ്ടാകേണ്ടതാണ്, പഞ്ചാബിലും ഉത്തർപ്രദേശിലും ബീഹാറിലും ഉണ്ടാകേണ്ടതാണ്. ഞങ്ങളെ അവിടെയൊക്കെ ക്ഷണിച്ചതാണ്. ഏതെങ്കിലും തരത്തിൽ മന്ത്രിസ്ഥാനം കിട്ടുകയെന്നുള്ളതല്ല ഞങ്ങളുടെ രാഷ്ട്രീയം. വ്യക്തിനിഷ്ഠരാഷ്ട്രീയമായിരുന്നുവെന്നുണ്ടെങ്കിൽ ജ്യോതിബാസു ഇന്ന് മുഖ്യമന്ത്രിയായിട്ടുള്ള ബംഗാളിൽ ജനതാനേതാവ് മുഖ്യമന്ത്രിയാകുമെന്ന് മിക്കവാറും ഉറപ്പിക്കാവുന്ന തരത്തിലുള്ള ഒരു തെരഞ്ഞെടുപ്പ് സഖ്യത്തിന് വേണ്ട നിർദ്ദേശം ഞങ്ങൾ വയ്ക്കുമായിരുന്നില്ല. ഞങ്ങളുടെ നിർദ്ദേശം ബംഗാളിലെ ജനതാപാർട്ടിക്കാർ അംഗീകരിച്ചിരുന്നെങ്കിൽ മുഖ്യമന്ത്രി ജ്യോതിബാസുവല്ല. അത് ഞങ്ങൾക്ക് അറിയാമായിരുന്നു. ഞങ്ങൾക്ക് മുഖ്യമന്ത്രി പ്രശ്നം കാര്യമല്ല. എന്റെ പേരുകൂടി എടുത്തുപറയുന്നതുകൊണ്ടു പറയുകയാണ് ഈ സംസ്ഥാനത്ത് ഞങ്ങൾകൂടി പങ്കെടുക്കുന്ന ഒരു മന്ത്രിസഭ വരിക അതിന്റെ നേതൃത്വം ഞങ്ങളുടെ പാർട്ടിക്ക് ആവുകയെന്നു വച്ചാൽ ഞാൻ മുഖ്യമന്ത്രിയാകുമെന്നൊന്നും എഴുതി വച്ചിട്ടില്ല. എന്നുമാത്രമല്ല ഇന്നത്തെ സ്ഥിതിഗതി വച്ചുനോക്കുമ്പോൾ എന്റെ സേവനം ഉപയോഗപ്പെടുത്തേണ്ടത് കേരളത്തിലെ മുഖ്യമന്ത്രിയെന്നുള്ള നിലയ്ക്കാണോ വേറെ ഏതെങ്കിലും നിലയ്ക്കാണോയെന്ന് ഞങ്ങളുടെ പാർട്ടിയാണ് തീരുമാനിക്കേണ്ടത്. വ്യക്തിനിഷ്ഠത്തിന് അത്തരത്തിലുള്ള അർത്ഥം കൽപ്പിച്ചുകൊണ്ടുള്ള പരാമർശം ഇനിമേലെങ്കിലും ഒഴിവാക്കണമെന്നാണ് മുഖ്യമന്ത്രിയോട് പറയാനുള്ളത്. ഏതു പാർട്ടിയ്ക്ക് മുഖ്യമന്ത്രിസ്ഥാനം വേണമെന്നുള്ള തുടക്കം എല്ലാ പ്രശ്നങ്ങളും ചർച്ചചെയ്യുന്നതിനാണ് ക്ലീൻസ്ലേററ് എന്ന് ഞാൻ പറയുന്നത്.

ആ ചർച്ചയുടെ ഫലമായി ഞങ്ങൾക്കാണ് മുഖ്യമന്ത്രിസ്ഥാനം വേണ്ടതെന്ന് തീരുമാനിച്ചു കഴിഞ്ഞാൽ ആ സ്ഥാനത്ത് ആരായിരിക്കണമെന്ന് ഞങ്ങളുടെ പാർട്ടി തീരുമാനിക്കണം. അതുകൊണ്ട് ജനിച്ചത്

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയായിരിക്കാനാണ്, മരിക്കുന്നതുവരെ മുഖ്യമന്ത്രിയാണ്, മുഖ്യമന്ത്രി സ്ഥാനം ഉള്ളപ്പോൾ ഒക്കെ ഇ.എം.എസ്. മുഖ്യമന്ത്രിയാകുമോ എന്നൊക്കെ ചോദിച്ചാൽ എന്തു പറയാനാണ്? മുഖ്യമന്ത്രിയുടെ ഇപ്പോഴത്തെ പ്രസ്താവനയിൽ മാത്രമല്ല, അവരുടെ പത്രത്തിൽ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞതുകൊണ്ട് ഞാൻ ഇത് എടുത്തു പറയുകയാണ്. ഇത്തരം പരാമർശനം നടക്കുമ്പോൾ ചിലപ്പോൾ ഒരുപക്ഷേ ശ്രീ. പി.കെ വാസുദേവൻനായർ മുഖ്യമന്ത്രിയായ രീതിയെ സംബന്ധിച്ച് ഞങ്ങൾ ചിലപ്പോൾ പറഞ്ഞു എന്നു വന്നേക്കും. അത് ഞങ്ങളൊന്നും മറച്ച് വച്ചിട്ട് പറഞ്ഞതല്ല, ഉള്ളിൽ തോന്നിയത് പറഞ്ഞതാണ്. അതു തെററാണെങ്കിൽ തിരുത്താം. ഏതായാലും മുഖ്യമന്ത്രിസ്ഥാനം എന്നുള്ളത് എത്രയോ താരതമ്യേന അപ്രധാന പ്രശ്നമാണ്. പ്രശ്നം ഗവൺമെൻറിൻെറ നയമാണ്. ഈ ഗവൺമെൻറിൻെറ നയമെന്താണ്? ഈ ഗവൺമെൻറിൻെറ നയം വരുന്ന അവസരത്തിൽ ഇഷ്ടദാനംവരും, സംവരണം വരും. സംവരണത്തെപ്പററി ശ്രീ. എസ്. തങ്കപ്പൻപിള്ളയുടെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നി അദ്ദേഹം ഏതു ലോകത്താണ് ജീവിക്കുന്നതെന്ന്. എനിക്ക് പറയാൻ തോന്നുന്നു, കർത്താവേ തങ്കപ്പൻപിള്ളക്ക് മാപ്പു കൊടുക്കണമേ, അദ്ദേഹം പറയുന്നത് എന്താണെന്നു അദ്ദേഹത്തിന് അറിയുകയില്ലെന്ന്. ഞാൻ ചെയർമാനായിട്ടുള്ള അഡ്മിനിസ്ട്രേററീവ് റിഫാംസ് കമ്മിററി ചെയ്തിട്ടുള്ള ശുപാർശകളാണ് അൽപ്പസ്വൽപ്പം ഭേദഗതികളോടുകൂടി പിന്നീട് നെട്ടൂർ കമ്മീഷൻ റിപ്പോർട്ടായി വന്നത് എന്നു പറയാൻ എനിക്ക് അഭിമാനമുണ്ട്. ആ നെട്ടൂർകമ്മീഷൻ റിപ്പോർട്ട് തള്ളിക്കളയാൻവേണ്ടി ഈ സംസ്ഥാനത്താകമാനം പ്രചരണം നടത്തിയ ശ്രീ. തങ്കപ്പൻപിള്ള ഇന്നു ഇവിടെ വന്നിട്ട് എൻെറ ചെയർമാൻഷിപ്പിൽ ഉണ്ടായിരുന്ന ഒരു കമ്മററിയുടെ റിപ്പോർട്ടിനെ സ്തുതിച്ചുകൊണ്ട് ഇത്രയേറെ പ്രസംഗിക്കുന്നതു കേട്ടപ്പോൾ എന്തോ ലോകത്തിൻെറ മറിമായം എന്നല്ലാതെ ഒന്നും പറയാനില്ല. അതൊരു പ്രശ്നമാണ്. ഞാൻ ചോദിക്കുകയാണ് ബഹുമാനപ്പെട്ട ഭരണകക്ഷി നേതാക്കൻമാരോട്, ജാതി അടിസ്ഥാനത്തിലുള്ള സംവരണം വേണമെന്നും അങ്ങനെ സംവരണം നടപ്പാക്കുമ്പോൾ പിന്നോക്കജാതിയിൽപ്പെട്ട, പട്ടികജാതി പട്ടിക വർഗ്ഗക്കാർ അല്ല, മററു പിന്നോക്ക ജാതികളിൽപ്പെട്ട കുടുംബങ്ങളിലെ സമ്പന്ന കുടുംബങ്ങൾക്ക് ഈ സംവരണത്തിൻെറ ആനുകൂല്യം ഉണ്ടാകരുതെന്നും, ഈ രണ്ടു തത്വങ്ങളാണ് 1968-ൽ എൻെറ അദ്ധ്യക്ഷതയിൽ ഉണ്ടായിരുന്ന അഡ്മിനിസ്ട്രേററീവ് റി ഫാംസ് കമ്മിററി മുതൽ നെട്ടൂർകമ്മീഷൻ റിപ്പോർട്ടിൽവരെ വന്നിട്ടുള്ളത്, അതു നിങ്ങൾ അംഗീകരിക്കുന്നുണ്ടോ എന്ന്. അതിൽ നിന്നു ഉരുണ്ടു കളിക്കുന്നുണ്ടോ? ഈ രണ്ടു തത്വങ്ങളും അംഗീകരിച്ചാൽ ഒരുപക്ഷേ പിണങ്ങും. ആരു പിണങ്ങും? ഒരു വശത്ത് എൻ.ഡി.പി. പിണങ്ങും, മറുവശത്ത എസ്.ആർ.പി. പിണങ്ങും. ആ പിണക്കത്തെ നേരിടാൻ ധൈര്യമുണ്ടോ? ഞങ്ങൾ നേരിട്ടവരാണ്. നേരിട്ടതിൻെറ ഫലമായി ഞങ്ങൾക്ക് സീററു കുറഞ്ഞു. വോട്ടു കുറഞ്ഞു. അത് നേരിടാൻ നിങ്ങൾ തയ്യാറുണ്ടോ? നയത്തിൻെറ പ്രശ്നമാണ്. ജാതിയുടെ അടിസ്ഥാനത്തിൽ സംവരണം വേണമെന്ന് വെട്ടിത്തുറന്നു പറയാൻ തയ്യാറുണ്ടോ? ജാതി സംവരണം അനുസരിച്ച് ആനുകൂല്യം കിട്ടേണ്ട സമുദായങ്ങളിലെ സമ്പന്നർക്ക് അതു കിട്ടേണ്ടാ എന്നു പറയാൻ ധൈര്യമുണ്ടോ? ഇതുപോലെ ഒട്ടേറെ പ്രശ്നങ്ങളുണ്ട്. ഇന്നു ഞാൻ ബഹുമാനപ്പെട്ട ചന്ദ്രശേഖരൻെറ പ്രസംഗം ശ്രദ്ധിക്കുകയായിരുന്നു. ഒരു വക്കീലിൻെറ കാര്യം പറഞ്ഞു. ഇതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

എത്രയെത്ര പേരുടെ? വക്കീലൻമാരുടെ മാത്രമാണോ? പഴയ ചരിത്രത്തിലേക്ക് സമയമില്ലാത്തതുകൊണ്ട് ഞാൻ പോകുന്നില്ല. 1967 നവംബർ ഒന്നാംതീയതി ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദുകോയ പോലീസ് മന്ത്രിയായി സ്ഥാനം ഏറ്റെടുത്തതു മുതൽ ഇന്നു ബഹുമാനപ്പെട്ട മാണി പോലീസ്മന്ത്രിയായി തുടരുന്നകാലം വരെ ഈ രാജ്യത്ത് നടന്നിട്ടുള്ള പോലീസ് മർദ്ദനങ്ങൾ, ആ പോലീസ് മർദ്ദനങ്ങൾ ഒററക്കും തെററക്കും നടന്നതല്ല, സംഘടിതമായി, മാർക്സിസ്ററുകാരെ അമർച്ച ചെയ്യുമെന്ന് ബഹുമാനപ്പെട്ട സി.എച്ച്. മുഹമ്മദുകോയ വന്നപ്പോൾ ലീഗിന്റെ പ്രമേയം വന്നതോടുകൂടിയാണ്, മാർക്സിസ്ററു ശക്രമം അമർച്ച ചെയ്യുമെന്ന്, അതിലേക്കൊന്നും ഇപ്പോൾ ഞാൻ കടക്കുന്നില്ല, ആ അദ്ധ്യായം അടച്ചു വയ്ക്കാം. പക്ഷേ ഇനിമേലിൽ എന്തായിരിക്കും പോലീസ് നയം? ഇന്നു നടക്കുന്നതുപോലെ തലശ്ശേരിയിൽ ആർ.എസ്.എസ്. ആക്രമണത്തിനുശേഷം, തലശ്ശേരിയിൽ പോലീസ് ഇന്നു നടത്തുന്നതടക്കം, അതേ സംബന്ധിച്ചെല്ലാം എന്റെ ബഹുമാനപ്പെട്ട സഹപ്രവർത്തകർ ഇവിടെ പറഞ്ഞിട്ടുണ്ട്, സഭ ഇന്നു പിരിയുമെന്നുള്ളതുകൊണ്ട് ഇനി പറയാൻ കഴിയുകയില്ല. പക്ഷേ ഇന്നും പോലീസുകാർ എല്ലാവരുമല്ല, പോലീസുകാരിൽ ചിലർ ആർ. എസ്. എസിന് കൂട്ടുനിൽക്കുന്നു, ആർ. എസ്. എസ്സിന് പോലീസ് കൂട്ടില്ലെങ്കിൽ അവർക്ക് താരതമ്യേന അക്രമങ്ങൾ തുടരാൻ കഴിയുകയില്ല, ഇതടക്കം ചർച്ച ചെയ്യേണ്ടതാണ്. ബഹുമാനപ്പെട്ട രാജേശ്വരറാവു എന്റെ പാർട്ടിക്കടക്കം മററു ഇടതുപക്ഷ ജനാധിപത്യ പാർട്ടികൾക്ക് അയച്ചിട്ടുള്ള പരിപാടിയെ സംബന്ധിച്ച് ഞങ്ങൾ ചർച്ച ചെയ്യുമ്പോൾ കേരളത്തിലെ ഗവൺമെൻറ് ഇതുവരെ തുടർന്ന കാര്യങ്ങൾ ഇരിക്കട്ടെ, ഇനിമേലിൽ എന്തു ചെയ്യുമെന്നുള്ളതിനെ സംബന്ധിച്ച് ചർച്ച വരും. അതിന്റെ ഫലമായിട്ട് ഈ ഗവൺമെൻറ് ഇങ്ങനെ തുടർന്നുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ ഐക്യം കെട്ടിപ്പടുക്കാൻ രാജേശ്വരറാവു അഖിലേന്ത്യാ തലത്തിൽ പ്രവർത്തിക്കുന്നതുകൊണ്ട് ഫലമില്ലെന്ന് ഞങ്ങൾക്ക് അഭിപ്രായമുണ്ട്, ഇതൊന്നും വ്യക്തിനിഷ്ഠമല്ല. ഇതെല്ലാം നയത്തെ അടിസ്ഥാനപ്പെടുത്തിയാണ്. നയത്തെ ആസ്പദമാക്കിക്കൊണ്ട് അഖിലേന്ത്യാ തലത്തിൽ നടക്കുന്ന ചർച്ചകളുടെ ഫലമായി അതു കേരളത്തിൽ ബാധകമാണോ എന്നുള്ളതാണു പ്രശ്നം. ഈ പ്രശ്നം പരിശോധിക്കുന്ന അവസരത്തിൽ ഒരിക്കൽ കൂടി ആവർത്തിക്കുകയാണ്, ഒരു ക്ലീൻസ്ലേററിൽ എഴുതാൻ തുടങ്ങണമെന്ന്. ഒരു ക്ലീൻസ്ലേററിൽ എഴുതാൻ തുടങ്ങണമെന്നുപറഞ്ഞാൽ ഈ ഗവൺമെൻറ് രാജിവച്ച് തിരഞ്ഞെടുപ്പ് നടത്താൻ തീരുമാനിക്കുക എന്ന്. ആ തിരഞ്ഞെടുപ്പിൽ ഒരു വശത്ത് ഇന്ദിരാ കോൺഗ്രസ്സിനേയും മറുവശത്ത് ആർ.എസ്.എസ്. നേയും ഒററപ്പെടുത്തുക എന്നുള്ള സമീപനം വന്നിട്ടുണ്ട്. ആ പൊതു സമീപനം എങ്ങനെ നടപ്പിൽ വരുത്താം? അതു നടപ്പിൽ വരുത്തുന്നതിന് ഇന്നത്തെ ഗവൺമെൻറിന്റെ നയത്തിലുള്ള പോരായ്മകൾ, നയത്തിലുള്ള ദൗർബല്യങ്ങൾ, കുറവുകൾ എങ്ങനെ പരിഹരിക്കാമെന്നുള്ളത് ചർച്ച ചെയ്യുക, ആ ചർച്ചയുടെ ഫലമായി ഉണ്ടാകുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലല്ലാതെ സീററു വിഭജനം ഇപ്പോൾ ചെയ്തതുകൊണ്ട് എന്താണ് പ്രയോജനം? നാലു സീററുകൾ ശരിയാക്കിക്കളയാം എന്നു പറഞ്ഞാൽ എന്താണ് അതിന്റെ അർത്ഥം? നാലു സീററിൽ നിങ്ങൾ ഞങ്ങളെ സഹായിക്കുക, ചിലതിൽ ഞങ്ങൾ നിങ്ങളെ സഹായിക്കുക, ഈ ഏർപ്പാട് എന്താണ്? നാലു സീററിൽ മാത്രം കാണിക്കുന്നത്? 140 സീററിലും

LIBRARY ARCHIVES Kerala Legislative Assembly

വച്ചുകൂടേ? 140 സീററിലും സമ്മതിച്ച് ചർച്ച ചെയ്യാമല്ലോ. എന്റെ പാർട്ടി മുൻപു പറഞ്ഞിട്ടുണ്ട്, ഇപ്പോഠം ബഹുമാനപ്പെട്ട കരുണാകരന്റെ പാർട്ടിയും പറഞ്ഞിട്ടുണ്ട്. ഈ ഗവൺമെൻറ് രാജിവയ്ക്കണമെന്ന്. കുറേമുൻപ് അവർ പറഞ്ഞത്, കരുണാകരനെ മുഖ്യമന്ത്രിയാക്കണമെന്നാണ്. അതു നടപ്പില്ലെന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടായിരിക്കാം ഇപ്പോഠം ഇത് അവർ പറഞ്ഞത്. ഇത്തരത്തിൽ തിരഞ്ഞെടുപ്പു നടത്തണമെന്നു അവർ പറഞ്ഞിട്ടുണ്ട്. അവർ പറഞ്ഞ ന്യായത്തോടു ഞങ്ങഠം യോജിക്കുന്നില്ല. മാർക്സിസ്ററുകാരുമായി യോജിച്ചു ഇതു തെററാണെന്നുള്ളതുകൊണ്ടാണ് രാജിവയ്ക്കണമെന്നു അവർ പറയുന്നത്. എന്റെ അഭിപ്രായത്തിൽ മാർക്സിസ്ററുകാരുമായി യോജിക്കേണ്ടവർ യോജിച്ചിട്ടില്ലെന്നാണ്. ഏതായാലും ഇത്തരത്തിൽ ഒരു ക്ലീൻ സ്ലേററിൽ എഴുതുന്നതിന് ഇതു വൃത്തിയാക്കണമെന്നാണ് എന്റെ അഭിപ്രായം. പക്ഷേ നിങ്ങഠംക്ക് ആ അഭിപ്രായം സ്വീകരിക്കണമെന്നില്ല: ഭൂരിപക്ഷമുണ്ട്, ഭൂരിപക്ഷമുള്ളിടത്തോളം കാലം തുടരാം. അങ്ങനെ നിങ്ങഠം തുടരുന്നിടത്തോളം കാലം ഞങ്ങഠം പ്രതിപക്ഷമായി നിൽക്കും; അതാണ് ജനാധിപത്യ മര്യാദ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സർ, ഈ ബഡ്ജററിന്റെ ചർച്ചയിലും ധനവിനിയോഗബില്ലിന്റെ ചർച്ചയിലും പൊതുവേ കണ്ട ഒരു കാര്യമുണ്ട്. അവസാനമായി സഖാവ് നമ്പൂതിരിപ്പാടു പറഞ്ഞ ശരിയായ ഒരു കാര്യമുണ്ട്. അദ്ദേഹം പറഞ്ഞതുപോലെ ഇൻഡ്യയിലാകെ കഴിഞ്ഞ 32 വർഷമായി ഉള്ള, മുപ്പതും ഇപ്പോഴത്തെ ജനതയുടെ രണ്ടും അങ്ങനെ 32 വർഷത്തെ സാമ്പത്തിക കുഴപ്പം. ഇതിപ്പോഠം വളരെ രൂക്ഷമായിരിക്കുന്നു എന്ന് അദ്ദേഹംതന്നെ സമ്മതിക്കുന്നു എന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഈ പ്രത്യേകസാഹചര്യത്തിൽ കേരളത്തിന്റെ ബാദ്ധ്യതകഠം കണക്കിലെടുത്തുകൊണ്ട് ജനങ്ങഠംക്കു പരമാവധി പ്രയോജനം ചെയ്യാവുന്ന സോഷ്യലിസ്ററ് പ്രോഗ്രാമാണെന്നു ഞാൻ പറയുന്നില്ല. ജനാധിപത്യ പരിപാടികഠം നടപ്പിലാക്കാനുള്ള ഒരു ബഡ്ജററ് നിർദ്ദേശമാണ് ഈ ഗവൺമെൻറ് അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിലെ ഈ ബഡ്ജററ് പ്രായോഗികമായുള്ള പരിപാടികഠം വച്ചിരിക്കുന്നു എന്നുള്ളതുകൊണ്ടാണ് ഡിമാൻറുകളുടെ ചർച്ചയിലും ധനവിനിയോഗബില്ലിന്റെ സമയത്തും ഈ ബഡ്ജററിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച്, അതിന്റെ പരിപാടികളെ സംബന്ധിച്ച് കാര്യമായ വിമർശനമോ ചർച്ചയോ ഇല്ലാത്തത്. അതോടൊപ്പം സഖാവ് ഇ.എം.എസ്. സൂചിപ്പിച്ചതുപോലെ ആദ്യം ഈ നിയമസഭ കൂടിയതിനേക്കാഠം വ്യത്യസ്തമായി ഈ പരിപാടികഠം നടപ്പിലാക്കുന്നതിനുതന്നെ പ്രയാസമേറിയ ഒരു വ്യത്യസ്തരാഷ്ട്രീയ സാഹചര്യം വളർന്നുകൊണ്ടിരിക്കുകയാണ്. അദ്ദേഹം അതു ചൂണ്ടിക്കാണിച്ചു, മററു പല മെമ്പർമാരും ചൂണ്ടിക്കാണിച്ചു. ഒന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ആർ.എസ്.എസിന്റെ പ്രവർത്തനം അത് അദ്ദേഹം പറഞ്ഞ അർത്ഥത്തിൽ ആളുകഠംക്ക് ചിലപ്പോഠം തെററിദ്ധാരണ ഉണ്ടാക്കുന്നുണ്ട്. ഹിന്ദു മേധാവിത്വം സ്ഥാപിക്കുന്നതിനു വേണ്ടിയാണെന്നാണ് അവർ പറഞ്ഞുകൊണ്ടു നടക്കുന്നതെങ്കിലും യഥാർത്ഥത്തിൽ അത് പഴയ കാലത്തെപ്പോലുള്ള ബ്രാഹ്മണീസം, (ചാതുർവർണ്ണ്യം ഉഠംപ്പെടെയുള്ളത്) അങ്ങനെ പഴയ കാലത്തേക്കു കൊണ്ടുപോകുന്നതിനുവേണ്ടിയുള്ള ഒരു പരിശ്രമമാണ്. അതുകൊണ്ടു തന്നെയാണ് അതിനെ ചെറുക്കേണ്ടത് ഈ ഹിന്ദു സമുദായത്തിൽപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ തന്നെയാണെന്ന് കഴിഞ്ഞ തവണ ആർ.എസ്.എസ്സിന്റെ ഡിബേററിൽ ഞാൻതന്നെ പറഞ്ഞത്. അതോടൊപ്പം ഈ രാജ്യത്ത് ദൗർഭാഗ്യകരമെന്നു പറയട്ടെ ഏതാനും ദിവസത്തിനകം കേരളത്തിലേയും ബംഗാളിലേയും ഗവൺമെൻറുകളെക്കൊണ്ട് ഗോവധ നിരോധന നിയമം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള അതിശക്തമായ സമ്മർദ്ദങ്ങൾക്കു വേണ്ടി ആർഷ സംസ്ക്കാരത്തിന്റെയൊക്കെ പ്രതീകമായി നമ്മളെല്ലാം കരുതപ്പെടുന്ന വിനോബാജി നിരാഹാര സത്യാഗ്രഹത്തിനുവേണ്ടി ശ്രമിക്കുന്നുണ്ട്. അദ്ദേഹം ആഗ്രഹിക്കുന്നത് എന്തായാലും ശരി പ്രായോഗിക തലത്തിൽ ഇവിടെ അത് പഴയ രീതിയിൽ ആർ.എസ്.എസ്സിനെ ശക്തിപ്പെടുത്താനും ഹിന്ദുവർഗ്ഗീയവാദികളെ ശക്തിപ്പെടുത്താനും മാത്രമേ സാധിക്കുന്നുള്ളു. നമ്മൾ ഉദ്ദേശിക്കുന്ന രീതിയിൽ, പരിമിതമായ രീതിയിൽപ്പോലും ഈ രാജ്യത്തു പ്രയോജനപ്പെടുന്ന പരിപാടികൾ നടപ്പിലാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നതിന് സഹായകരമായിട്ടുള്ളതാണ് ഇത്. ഈ അവസരത്തിൽ ഹിന്ദു പരിഷത്തിന്റെ സമ്മേളനത്തിൽ എടുത്ത ചില തീരുമാനങ്ങളും പ്രസക്തമാണ്. കേരളത്തിലെ ഹിന്ദുക്കൾക്ക് വഴി നടക്കാൻ പ്രയാസമായതുകൊണ്ട് കേരളത്തിനു പുറത്തുനിന്ന് കേരളത്തിലെ ഹിന്ദുക്കൾക്ക് വഴിനടക്കാനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള ശക്തികൾ ഇങ്ങോട്ടു വരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ കേരളത്തിൽ കഴിഞ്ഞ രണ്ടു വർഷങ്ങൾക്കുമുമ്പ് ഉണ്ടായിരുന്നതിനേക്കാൾ കേരളത്തിലും കേരളത്തിനു പുറത്തും രാഷ്ട്രീയ സ്ഥിതിഗതികൾ മാറിതുടങ്ങി. അതു ഞാൻ കഴിഞ്ഞ തവണ ആർ.എസ്.എസ്സിന്റെ ചർച്ചയിൽ പറഞ്ഞതുപോലെ ഇന്നൊരു പ്രത്യേക സാഹചര്യവും ഉണ്ട്. രാഷ്ട്രീയ പാർട്ടികൾ, സഖാവ് ഇ.എം.എസ്. ചൂണ്ടിക്കാണിച്ച രാഷ്ട്രീയ പാർട്ടികൾ അധികാരത്തെക്കുറിച്ചു കാണുന്നത് ആരെങ്കിലും ഒരാൾ മന്ത്രിയാകാൻവേണ്ടിയോ ആരെങ്കിലും ഒരാൾ മുഖ്യമന്ത്രിയാകുന്നതിന്റേയോ പ്രശ്നമല്ല. രാഷ്ട്രീയപാർട്ടികൾ നിലകൊള്ളുന്നത് അധികാരത്തിനുവേണ്ടിതന്നെയാണ്. ആര് അധികാരത്തിൽ വരണമെന്നും ആര് മുഖ്യമന്ത്രി ആയിരിക്കണമെന്നും ഉള്ളത് വേറെ പ്രശ്നം. അങ്ങനെ അധികാരത്തിൽ വരുന്നത് ആ രാഷ്ട്രീയപ്പാർട്ടികൾ അംഗീകരിക്കുന്ന ചില ആശയങ്ങൾ, ചില പരിപാടികൾ നടപ്പിലാക്കുന്നതിനുവേണ്ടിയുമാണ്. ഇന്നത്തെ ഇൻഡ്യയിലെ പ്രത്യേക സാഹചര്യം സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഇതേവരെ അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെതന്നെ ഈ ഹിന്ദു റിവൈവലിസത്തിന് ഉതകുന്ന ഒരു ഫാസിസ്ററ് ശക്തിയായ ആർ.എസ്.എസ്സുകാർക്ക് രാഷ്ട്രീയാധികാരവുമായി തൊട്ടുതൊടാൻ സാധിച്ചിട്ടുണ്ട്. ചില സംസ്ഥാനങ്ങളിൽ മുഖ്യമന്ത്രിമാർതന്നെ അവരാണ്. കേന്ദ്രത്തിലും എത്ര ഭംഗിവാക്കുകൾ വാജ്പെയും, അദ്വാനിയുമൊക്കെ പറഞ്ഞാലും അധികാരത്തിൽ അവർ പങ്കുചേരും. തീർച്ചയായും കഴിഞ്ഞ രണ്ടുവർഷത്തിനുശേഷം ജനതയിൽതന്നെ അതിനെതിരായ എതിർപ്പുണ്ട്. യു.പി.യിലെ ചില സംഭവവികാസങ്ങൾ സ്വാഗതാർഹമാണ്. സർ, പത്രത്തിൽ കാണുന്നതു ശരിയാണെങ്കിൽ കേരളത്തിൽപോലും അത്തരത്തിൽ ഒരു അഭിപ്രായഭിന്നത ഉണ്ടാവുകയും ചേരിപ്പോരുകൾ ഉണ്ടായതായി പത്രങ്ങളിൽ കാണുകയും ചെയ്തു, ശരിയായിരിക്കാം. അങ്ങനെ ഈ ഇൻഡ്യയിൽ കേരളത്തിൽ പ്രത്യേകിച്ചും മതസൗഹൃദത്തിന്റെ കാര്യത്തിലും അതുപോലെ മററു വർഗ്ഗീയ കലാപങ്ങൾ ഇല്ലാത്തതിന്റെ കാര്യത്തിലും ഒക്കെ മുന്നിൽനിന്ന കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഇത്തവണ വളരെ പെട്ടെന്ന്, പ്രത്യേകിച്ചും കഴിഞ്ഞ രണ്ടുവർഷം കൊണ്ട് അധികാരത്തിൽ പങ്കു ചേരാൻ സാധിച്ചു എന്നുള്ളതുകൊണ്ട് ആർ.എസ്.എസ്സിന്റെ പ്രവർത്തനം വളരെ ശക്തിമത്തായിവന്നിരിക്കുകയാണ്. അതിന്റെകൂടെ ഹിന്ദു റിവൈവലിസവും വന്നു. ഇതിനെയൊക്കെ നേരിടുന്നതിനുവേണ്ടി സെക്യുലാരിസത്തിൽ വിശ്വസിക്കുന്ന രാഷ്ട്രീയപ്പാർട്ടികൾ യോജിച്ചിട്ടുണ്ട് എന്നതിനോടൊക്കെ ഞാൻ യോജിക്കുന്നു. അദ്ദേഹം അതിന്റെ കൂട്ടത്തിൽ ഒരുകാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ പൊളിററിക്കൽ സിററുവേഷൻസിന്റെ ഭാഗമായിട്ടായിരിക്കണം അദ്ദേഹം പറഞ്ഞത്. ഈ മാററങ്ങളെ കണ്ടുകൊണ്ടായിരിക്കാം. ഞങ്ങളുടെ പാർട്ടി വളരെ മുമ്പുതന്നെ പറയുന്നുണ്ട്. ട്രിൻഡ്യാ പ്രമേയത്തിലുണ്ട്, അതുകഴിഞ്ഞ് സി.പി.ഐ.യുടെ നാഷണൽ കൗൺസിൽ പ്രമേയം അദ്ദേഹം പറഞ്ഞതുപോലെ അവരുടെ പാർട്ടിക്കു കൊടുത്തതിൽ പറഞ്ഞിട്ടുണ്ട്, ഈ കഴിഞ്ഞകാലങ്ങളിൽ പാർട്ടികളുടെ പ്രവർത്തനങ്ങളെസംബന്ധിച്ചുള്ള ഹിസ്റേറാറിക്കലായ വിവാദങ്ങൾ കൊണ്ട് ആ ചർച്ചകളിൽമാത്രം എക്കാലവും മുഴുകിയിരുന്നാൽ ഇന്നു നമ്മൾ അഭിമുഖീകരിക്കുന്ന സാമൂഹ്യ രാഷ്ട്രീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയില്ല. അതുകൊണ്ട് 69-ൽ നടന്നതിനെക്കുറിച്ചുള്ള ചർച്ചയും 65-ൽ ഭിന്നിപ്പിന്റെ കാലത്തു നടന്ന രാഷ്ട്രീയ ചർച്ചകളും അതൊക്കെ നമുക്കു ഡിബേററു ചെയ്യാം. ആ ചർച്ചകളൊക്കെ നടത്തുന്നതിനുപകരം ഇന്നത്തെ സ്ഥിതിഗതികൾ വിശകലനം ചെയ്തുകൊണ്ട് ഈ രാജ്യത്ത് മതവിദ്വേഷമില്ലാതെ സെക്യൂലരിസത്തിൽ വിശ്വസിക്കുന്ന, ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഒരു ഡെമോക്രാററിക് പ്രോഗ്രാം നടപ്പിലാക്കുന്നതിൽ വിശ്വസിക്കുന്ന കക്ഷികളുടെ കീഴിലുള്ള വിഭാഗങ്ങളുടെ ഒരു വിപുലമായ ജനാധിപത്യ ഐക്യം ഊട്ടി ഉണ്ടാക്കണമെന്നാണ് ഞങ്ങൾ പറയുന്നത്. തീർച്ചയായും സഖാവ് നമ്പൂതിരിപ്പാട് ഇന്നു സംസാരിച്ചതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പഴയ ചരിത്രത്തിലേക്ക് അദ്ദേഹം ഇടയ്ക്കിടയ്ക്ക് വന്നെങ്കിലും അതിന്റെ ന്യായാന്യായത്തെക്കുറിച്ച് ചർച്ച ചെയ്യാൻ മടി കാണുമായിരിക്കും. ആ ചർച്ചകളിലേക്കു പോകാതെ ഇത്തരത്തിൽ ഇന്നത്തെ സിററുവേഷനെ നേരിടുന്നതിന് എന്തുചെയ്യണമെന്നുള്ളതിനെക്കുറിച്ചു ചർച്ച ചെയ്യുന്നതിന് ഞങ്ങളുടെ പാർട്ടി എപ്പോഴും ഒരുക്കമായിരുന്നിട്ടുണ്ട്. തീർച്ചയായും ഞങ്ങൾ പലപ്പോഴും പറഞ്ഞിട്ടുള്ളത് ഉപാധികളുടെ അടിസ്ഥാനത്തിൽ 69-ൽ നടന്നത് തെററാണോ ശരിയാണോ, 64-ൽ നടന്നത് ശരിയാണോ തെററാണോ ഈ വാദപ്രതിവാദങ്ങളിൽ അന്തിമതീരുമാനം കണ്ടതിനുശേഷം മാത്രമേ ഇടതുപക്ഷ ജനാധിപത്യ ഐക്യം ഉണ്ടാകൂ എന്ന രീതിയിൽ പോയാൽ ഈ സംഭവഗതികൾ നമ്മെ കാത്തു നിൽക്കുകയില്ല. ചരിത്രം നമ്മെകാത്തു നിൽക്കുകയില്ല. ഇടതുപക്ഷ ജനാധിപത്യ ശക്തികളുടെ ഐക്യം ഊട്ടി ഉണ്ടാക്കാനുള്ള ശ്രമത്തെ തീർച്ചയായും സഖാവ് ഇ.എം.എസും അദ്ദേഹത്തിന്റെ പാർട്ടിയും അംഗീകരിക്കുമെന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. ഇന്ന് ഈ രാജ്യത്ത് ഹിന്ദു വർഗ്ഗീയവാദികളുടെ വിപത്തിനെ അതുപോലെതന്നെ മററു രീതിയിലുള്ള സ്വേച്ഛാധിപത്യ വിപത്തിനെ പലയിടത്തും പലപ്പോഴും ബൂർഷ്വാപത്രങ്ങൾ പ്രചരിപ്പിക്കുന്നതുപോലെ ഒന്നുകിൽ ഇന്ദിര അല്ലെങ്കിൽ ജനത എന്നല്ലാതെ ഇൻഡ്യയിൽ സെക്യൂലരിസത്തിലും ജനാധിപത്യത്തിലും അതുപോലെ പുരോഗതിയിലും വിശ്വസിക്കുന്ന ശക്തികളുടെ ഒരു ഐക്യം ഊട്ടി ഉണ്ടാക്കാനുള്ള സാദ്ധ്യതയുണ്ടെന്നും അങ്ങനെ ഉണ്ടാകണമെന്നും പറയുമ്പോൾ അതിനുള്ള സാദ്ധ്യതകൾ ഇന്നു വളർന്നുകൊണ്ടി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുകയാണ്. ഇതിൽതന്നെ ആർ.എസ്.എസ്സിനെതിരായ നീക്കങ്ങളുണ്ട്. അവരുടെ ഇടയിൽ ഭിന്നിപ്പുണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്, ഇന്ദിരാ കോൺഗ്രസ്സിൽതന്നെ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. വളരെയധികം ഇടതുപക്ഷ പാർട്ടികളിൽപ്പെട്ടവർ മാത്രമല്ല അല്ലാത്ത എത്രയോ വിപുലമായ ജനത ഇതിനുവേണ്ടി നിൽക്കുന്നുണ്ട്. പക്ഷേ സ്ററാററിക്കായിട്ട്, നിശ്ചലമായിട്ട് ഈ സ്ഥിതിഗതികൾ നിൽക്കുമെന്ന് ആരെങ്കിലും വിശ്വസിക്കുകയാണെങ്കിൽ അതു തെററാണ്. ചരിത്രത്തിൽ അവസരങ്ങൾ അങ്ങനെ എപ്പോഴും കിട്ടിയെന്നുവരികയില്ല. ആ അവസരങ്ങൾ നഷ്ടപ്പെടുത്തിക്കഴിഞ്ഞാൽ, ആ അവസരങ്ങൾ ചർച്ചക്ക് വേണ്ടിമാത്രം വിനിയോഗിച്ചാൽ ആ അവസരത്തിൽ ആരാണ് ചർച്ചയിൽ വിജയിക്കുന്നത് എന്നതിനെക്കുറിച്ച് ഒരു ഡിബേററു നടത്തിക്കൊണ്ടിരുന്നാൽ അവസരം നഷ്ടപ്പെട്ടുപോവുകയും പിന്നെയും നഷ്ടപ്പെട്ടതിനെക്കുറിച്ച് നമുക്കിരുന്ന് ചർച്ച ചെയ്യാമെന്നുമാത്രമേയുള്ളു.

അദ്ദേഹം മുൻപു പറഞ്ഞിട്ടുള്ളതിൽ ഇപ്പോൾ മാററം ഉണ്ടായിട്ടുണ്ടെന്നു ഞാൻ അംഗീകരിക്കുന്നു. അദ്ദേഹം ഉദ്ദേശിക്കുന്ന ഈ ജനാധിപത്യ ഐക്യത്തെസംബന്ധിച്ച് കേരളത്തിലെ സ്ഥിതിയിൽ സെക്യുലറിസം അംഗീകരിക്കുന്ന, ജനാധിപത്യ പരിപാടികൾ അംഗീകരിക്കുന്ന ആരെല്ലാം ഉണ്ടെന്നുള്ളതിനു അദ്ദേഹം ഇതിനുമുൻപു സമാധാനം പറഞ്ഞിട്ടുണ്ട്. ഈ ഭാഗത്തുള്ള എല്ലാ പാർട്ടികളെയും അദ്ദേഹം ഉൾപ്പെടുത്തിയിട്ടുണ്ട്. മാർക്സിസ്ററുപാർട്ടിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ ഇന്നു ഈ ഗവൺമെൻറ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിപാടികളിൽ വ്യത്യസ്തമായി ഒരെണ്ണത്തിൻെറ കാര്യം മാത്രമാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. ഒന്നല്ലെങ്കിൽ രണ്ടു കാര്യം. അതൊഴിച്ചാൽ ഈ ഗവൺമെൻറു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ പരിപാടികളുടെ കാര്യത്തിൽ യാതൊരു അഭിപ്രായവ്യത്യാസവും കാര്യമായില്ല. പോലീസ് നയത്തിൻെറ കാര്യത്തിലും, ഗിഫ്ററിൻെറ കാര്യത്തിലും മാത്രം.

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: വേണ്ടത്ര സമയമില്ലാത്തതുകൊണ്ട് പറയാത്തതാണ്. പോലീസിൻെറ കാര്യം പറഞ്ഞാൽ പിന്നെ എന്താണു പറയേണ്ടത്?

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ഈ ബഡ്ജററു പ്രസംഗം വായിച്ചുകഴിഞ്ഞാൽ അതിൽ പോലീസ് നയം മാത്രമല്ല ഉള്ളത്. നമ്മുടെ ഗ്രാമീണ സമ്പദ്ഘടന വികസിപ്പിക്കുന്നതുണ്ട്, വ്യാവസായിക നയമുണ്ട്. നമ്മുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട്...................

ശ്രീ. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഈ പോലീസ് നിന്നുകൊണ്ട് എന്തു വികസനം വന്നാലും നാട്ടുകാർക്കു കിടക്കപ്പൊറുതിയില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: പോലീസ് നയത്തിലെ മാററമല്ല: അദ്ദേഹം പറയുന്നത് പോലീസ് നയത്തിൻെറ കാര്യത്തിൽ മാററം വരുത്തിയില്ലെങ്കിൽ ബാക്കിയുള്ള നയങ്ങളിലേയ്ക്കു നോക്കുകയേ വേണ്ട എന്നാണ്. ബാക്കിയുള്ള വികസനപ്രക്രിയ സംബന്ധിച്ച് ഗവൺമെൻറ് വച്ചിരിക്കുന്ന നിർദ്ദേശങ്ങൾ പരിശോധിക്കുകയേ വേണ്ട എന്നുള്ളതു നിഷേധാത്മകമായ നിലപാടാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട്: പോലീസ് ഒരു സ്റേററ് എന്ന് ലെനിൻ പറഞ്ഞിട്ടുള്ളതു ബഹുമാനപ്പെട്ട മെമ്പർ അംഗീകരിക്കുന്നുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: പോലീസ് നയത്തെസംബന്ധിച്ച് ആഭ്യന്തരമന്ത്രി സംസാരിക്കും. വളരെ വ്യക്തമായി അദ്ദേഹം പറഞ്ഞിട്ടുണ്ട്, തൊഴിൽത്തർക്കങ്ങളിൽ ഏർപ്പെടുകയില്ല, ലോക്കപ്പ് മർദ്ദനം പാടില്ല എന്ന് സഖാവ് ഇ.എം.എസ്. തന്നെ 1957-ൽ—അന്ന് ഞാനും അദ്ദേഹത്തിന്റെ കൂടെ എം.എൽ.എ. ആയിരുന്നു — അസംബ്ലിയിൽ പറഞ്ഞിട്ടുള്ളതാണ് ലോക്കപ്പ് മർദ്ദനം പാടില്ല, തൊഴിൽ തർക്കങ്ങളിൽ ഇടപെടുകയില്ല എന്ന്. പക്ഷേ അന്നും ചിലപ്പോൾ ചില പോലീസുകാർ ചില സ്ഥലത്തു ഇടപെട്ടു എന്ന് വരും. നയം നടപ്പിലാക്കുന്ന കാര്യത്തിൽ ചിലപ്പോൾ ചില ഉദ്യോഗസ്ഥൻമാർ പരാജയപ്പെട്ടെന്നുവരും. അതൊഴിച്ചാൽ ഈ ഗവൺമെൻറിന്റെ പ്രോഗ്രാംസ് നടപ്പിലാക്കുന്ന കാര്യത്തിൽ ഒരു അഭിപ്രായവ്യത്യാസവുമില്ല. ഒരു വാചകം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. മുൻ ഉപാധികളെ സംബന്ധിച്ച് അധികം പറയുന്നില്ല. ഇന്നത്തെ സാഹചര്യത്തിൽ ഒരു ക്ലീൻ സ്ലേററിൽ തുടങ്ങാമെന്ന് പറയുമ്പോൾ മുൻപ് പറഞ്ഞതു പോലെ ഉടൻ ഇലക്ഷൻ കഴിഞ്ഞ് ഓരോ പാർട്ടിയുമായി തങ്ങൾ സംസാരിക്കും. അതുകഴിഞ്ഞു മുന്നണി എന്ന അർത്ഥത്തിലാണെങ്കിൽ മുൻപ് പറഞ്ഞിട്ടുള്ളതിൽനിന്നും ഒരു വ്യത്യാസവും ഞാൻ കാണുന്നില്ല. ആ അർത്ഥത്തിലായിരിക്കുകയില്ല പറഞ്ഞിട്ടുള്ളതെന്ന് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ഈ ധനവിനിയോഗ ബില്ലിന്റെ ചർച്ചാവേളയിൽ പൊങ്ങിവന്ന വാദപ്രതിവാദം ഒരു സത്യം തുറന്നു പ്രഖ്യാപിക്കുന്നതാണ്. അതായത് ഇന്നത്തെ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ജനങ്ങളുടെ പിന്തുണയില്ലാത്ത ഒരു ഗവൺമെൻറാണ്. അതുകൊണ്ട് ജനപിന്തുണയുള്ള ഏതു സംവിധാനം ഇനിമേൽ ഉണ്ടാകണം അതാണ് ഇന്ന് ചർച്ച ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനം. അതല്ലെങ്കിൽ നിയമസഭയിൽ 82 അംഗങ്ങൾ ഭരണകക്ഷിയിലുണ്ട്. അപ്പോൾ എന്താണ് ഈ രാഷ്ട്രീയ പുനഃസംവിധാനത്തെക്കുറിച്ച് ചർച്ച ചെയ്യാനിടയാക്കിയത്? സർ, പരിപാടികളാണെങ്കിൽ മാർക്സിസ്ററുപാർട്ടി ഉൾക്കൊള്ളുന്ന ഒരു മുന്നണി വന്നാൽ ആവിഷ്കരിക്കാവുന്ന നടപടികളാണ് ഭരണകക്ഷികൾ സ്വീകരിച്ച് നടപ്പിലാക്കുന്നത് എന്ന് അവർ അവകാശപ്പെടുന്ന സാഹചര്യത്തിൽ ആ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ അതിനെ മാർക്സിസ്ററുപാർട്ടി എതിർക്കുമോ? പരിപാടികളാണ് അടിസ്ഥാനമെങ്കിൽ പരിപാടികളുടെ അടിസ്ഥാനത്തിൽ ഒരു ഗവൺമെൻറ് മുന്നോട്ട് പോകുമ്പോൾ ജനങ്ങൾ സ്വയം അതിന്റെ പിന്നിൽ ഉണ്ടായിക്കൊള്ളും. പക്ഷേ പരിപാടികളുടെ അടിസ്ഥാനത്തിൽ ഭരണമുന്നണി പോകാതിരിക്കുകയും ഭരണം ജനങ്ങൾക്കു ഗുണകരമല്ലെന്നു മാത്രമല്ല ദ്രോഹകരവും ആയിത്തീരുമ്പോൾ ആണ് ജനങ്ങൾ ഭരണകൂടത്തിന്റെ പിന്നിൽനിന്നു മാറുന്നത്. അങ്ങനെ മാറിയിട്ട് ഒരു പുനഃസംവിധാനം ഉണ്ടാകണമെന്നു പറയുമ്പോൾ സഖാവ് നമ്പൂതിരിപ്പാട് നമ്മുടെ പഴയ ഓർമ്മകൾ പുതുക്കുകയാണ്. ഈ സഭയിൽ അന്നത്തെ ഐക്യമുന്നണി സംവിധാനം, അദ്ദേഹത്തിന്റെ നേതൃത്വത്തിലുണ്ടായിരുന്ന മുന്നണി സംവിധാനം അതിന്റെ അന്ത്യം കുറിച്ചത് ഇമ്പിച്ചിബാവയുടെ ക്ലീൻ സ്ലേററിലാണ്. ഇമ്പിച്ചിബാവയുടെ ക്ലീൻ

2/474—14

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്ററിൽ അവസാനിച്ച അന്നത്തെ മുന്നണി ഇന്നത്തെ സാഹചര്യത്തിൽ മറ്റൊരു ക്ലീൻ സ്റ്റേററിൽ ആരംഭിക്കണമെന്ന് സഖാവ് നമ്പൂതിരിപ്പാട് ഇവിടെ ഉന്നയിക്കുന്നു. ആ ക്ലീൻ സ്റ്റേററിന്റെ പശ്ചാത്തലമെന്താണ്? ആ ക്ലീൻ സ്റ്റേററ് ഈ സംസ്ഥാനത്ത് എന്തെല്ലാം ചെയ്തു? ആ ക്ലീൻ സ്റ്റേററിൽ ഈ സംസ്ഥാനത്തിലെ ജനങ്ങൾ അനുഭവിച്ചിട്ടുള്ളതെന്താണ്? അതെല്ലാം അപ്പുറത്തുള്ളവർ ആരെങ്കിലും മറന്നുപോയിട്ടുണ്ടെങ്കിൽ അവരെ നമ്പൂതിരിപ്പാട് ഓർമ്മിപ്പിക്കുകയാണ്. പുതിയ സംവിധാനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഞങ്ങളുടെ പഴയ ക്ലീൻ സ്റ്റേററിന്റെ കാര്യം നിങ്ങൾ മറന്നു പോകരുതെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുകയാണ്. അതിനു ഞാൻ അദ്ദേഹത്തോട് അതീവ കൃതജ്ഞനാണ്. സർ, മിനിയാന്ന് ഈ സംസ്ഥാനത്ത് നടന്ന രാജ്യസഭാ തിരഞ്ഞെടുപ്പിലുള്ള വോട്ടിംഗിന്റെ സമ്പ്രദായമാണ് ഈ സ്റ്റേററിലെ ഇന്നത്തെ സംസാരവിഷയം. അതായത് കേരളത്തിലെ ജനങ്ങൾ ആരെ പ്രതിനിധീകരിക്കുവാൻ പാടില്ലെന്നു വിധിയെഴുതിയോ അവരെ ഈ കേരളത്തിലെ ജനങ്ങളെ പ്രതിനിധീകരിക്കുവാൻ അവസരം നൽകിയ അപ്പുറത്തിരിക്കുന്ന ആളുകളെക്കുറിച്ച് ഓർത്തു സംസ്ഥാനത്തിലെ ജനങ്ങൾ മൂക്കത്തു വിരൽവയ്ക്കുകയാണ്. ഇവിടെ കച്ചവടത്തെക്കുറിച്ചുള്ള ചർച്ചകൾ കേൾക്കുമ്പോൾ, ഇവിടത്തെ രാഷ്ട്രീയ കൂട്ടുകെട്ടുകളെ സംബന്ധിച്ച കുതിരക്കച്ചവടത്തെ സംബന്ധിച്ചുള്ള ചർച്ചകൾ കേൾക്കുമ്പോൾ കേരളത്തിലെ ജനങ്ങൾ മൂക്കത്തു വിരൽ വയ്ക്കുകയാണ്. എന്തു സംഭവിക്കുന്നു ഇവിടെ? എന്തെല്ലാം കാര്യങ്ങളാണ് ഈ സംസ്ഥാനത്തു നടക്കുന്നത്? ഞങ്ങൾ മൂകസാക്ഷികളായി നിസ്സഹായരായി നോക്കിനിൽക്കേണ്ടിവന്നല്ലോ എന്ന നിലയിൽ കേരളത്തിലെ ജനങ്ങൾ ഉൽക്കണ്ഠാകുലരാണ്. ഈ പുതിയ സംവിധാനത്തെക്കുറിച്ച് സംസാരിക്കുമ്പോൾ അപ്പുറത്തിരിക്കുന്ന ചില സ്നേഹിതൻമാരെ മറന്നുപോയ പഴയ കാര്യങ്ങൾ ഓർമ്മിപ്പിക്കുകയാണ് സഖാവ് നമ്പൂതിരിപ്പാട് ചെയ്തിട്ടുള്ളത്. സർ, എന്തുകൊണ്ടാണ് 1969-ലെ ഐക്യമുന്നണി പരാജയപ്പെട്ടത്? നമ്പൂതിരിപ്പാട് ഒരു കാര്യം ഉന്നയിച്ചിട്ടുണ്ട്. ഇനിയും ഒരു സംവിധാനം ഉണ്ടാകുകയാണെങ്കിൽ, ഇന്നത്തെ സംവിധാനത്തിൽ ഞങ്ങൾകൂടി വരണമെന്നു പറയുന്നതിൽ അർത്ഥമില്ല. ഞങ്ങൾക്കതിൽ മുഖ്യമന്ത്രിസ്ഥാനമോ മന്ത്രിസ്ഥാനമോ അല്ല പ്രശ്നം. മറിച്ച് പുതിയ സംവിധാനത്തിൽ നിർണ്ണായകമായ ഘടകം സാക്ഷാൽ വല്യേട്ടൻ ഞങ്ങളായിരിക്കണം, വല്യേട്ടൻ അല്ലാത്ത ഒരു സംവിധാനത്തെക്കുറിച്ച് സംസാരിക്കാനേ സാദ്ധ്യമല്ല എന്നാണ്. വല്യേട്ടന്റെ ആധിപത്യം സ്ഥാപിക്കുന്ന ഒരു സാഹചര്യമുണ്ടെങ്കിൽ മാത്രമേ ഒക്കുകയുള്ളു, മന്ത്രിസ്ഥാനമൊന്നും പ്രശ്നമല്ല. മന്ത്രിമാരെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അദ്ദേഹത്തിനു നല്ലതുപോലെ അറിയാം. വിശേഷിച്ച് ഇന്നത്തെ ഗവൺമെന്റിന്റെ സ്ഥിതിഗതികൾ കാണുമ്പോൾ മന്ത്രിമാരെ കൈകാര്യം ചെയ്യാൻ ഒരു വിഷമവുമില്ല. മുഖ്യമന്ത്രിയാകേണ്ട, മന്ത്രിയാകേണ്ട. പിന്നിലിരുന്നു കൈകാര്യം ചെയ്യിക്കാമെന്നു ബോദ്ധ്യമുള്ളതുകൊണ്ട് അദ്ദേഹത്തിനു അതു പ്രശ്നമല്ല. മറിച്ച് പ്രശ്നം ക്ലീൻ സ്റ്റേററാണ്. ആ സാഹചര്യമാണ് കേരളത്തിൽ ഒരു പുതിയ സംവിധാനമുണ്ടാക്കുവാൻ 1969-ൽ കേരളത്തിലെ ജനങ്ങൾക്കു പ്രചോദനം നൽകിയത്. ആ പുതിയ സംവിധാനം ഉണ്ടാക്കുവാൻ നേതൃത്വം കൊടുത്ത പല മഹാരഥൻമാരും നിർഭാഗ്യവശാൽ നമ്മുടെയിടയിലില്ല. ഞാൻ ഈയവസരത്തിൽ ദിവംഗതനായ അബ്ദുൽറഹിമാൻ ബാഫക്കി തങ്ങളെ ഓർത്തുപോകുകയാണ്. ദിവംഗതനായ അബ്ദുൽറഹിമാൻ ബാഫക്കി തങ്ങൾ പുതിയ സംവിധാനത്തിനു നേതൃത്വംകൊടുത്ത

അവസരത്തിൽ കേരളത്തിലെ അന്നത്തെ സാഹചര്യം വച്ചുകൊണ്ടു പറഞ്ഞത് ഇനി ഈ ആപത്തു കേരളത്തിൽ സംഭവിക്കാതിരിക്കുവാൻ പരസ്പരവിശ്വാസമുള്ള, പരസ്പര ബഹുമാനമുള്ള, പരസ്പരം തുല്യമായി അംഗീകരിക്കുന്ന ശക്തികളുടെ ഒരു സംവിധാനം ഉണ്ടാകണമെന്നുള്ളതായിരുന്നു. ഒരു കാര്യം ചാരിതാർത്ഥ്യത്തോടുകൂടി ഞാൻ സ്മരിക്കുകയാണ്. അബ്ദുൽ റഹിമാൻ ബാഫക്കിതങ്ങളും അദ്ദേഹത്തിന്റെ വലംകൈയായി പ്രവർത്തിച്ച പാണക്കാടു തങ്ങളും മുസ്ലീംലീഗിനു കരുത്തും ആത്മാർത്ഥതയും രാഷ്ട്രീയ നെറിയും ഉള്ള ഒരു നേതൃത്വംകൊടുത്തിരുന്നു. ആ നേതൃത്വം ഈ ഐക്യമുന്നണിയെ സംബന്ധിച്ചിടത്തോളം ഇക്കഴിഞ്ഞ രാജ്യസഭാതിരഞ്ഞെടുപ്പിനു മുൻപു വരെയും ഈ സംസ്ഥാനത്തിനു ഒരു മുതൽക്കൂട്ടായിരുന്നു. എന്നാൽ മിനിഞ്ഞാന്നത്തെ വോട്ടെടുപ്പു കണ്ടപ്പോൾ യഥാർത്ഥത്തിൽ എനിക്കു മനോവേദനയുണ്ടായി, ഞാൻ വിമർശിക്കുകയല്ല. അപ്പുറത്തിരിക്കുന്നവർ ആലോചിച്ചുനോക്കണം. ജനങ്ങൾ എന്താണു വിധിയെഴുതിയത്? 17 സീററുകൾ മാത്രം മാർക്സിസ്ററു പാർട്ടിക്കു കൊടുത്തുകൊണ്ട് മാർക്സിസ്ററുപാർട്ടിയുടെ ഒരു പ്രതിനിധിരാജ്യസഭയിൽ പോകരുതെന്ന് കേരളത്തിലെ ജനങ്ങൾ വിധിയെഴുതി. ആ വിധിയെ മാനിക്കുന്ന ഒരു രാഷ്ട്രീയ നേതൃത്വം ഈ രാജ്യത്തുണ്ടെന്നു കരുതിയാണ് അന്നു ജനങ്ങൾ അങ്ങനെ വിധിയെഴുതിയത്. ആ വിധിയെഴുതിയ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നവർ മൂക്കത്തു വിരൽവച്ചുകൊണ്ട് ചിന്തിക്കുകയാണ്, 'ഈശ്വരാ എന്തു പററി'? ഇന്നാട്ടിൽ ആരെ ജയിപ്പിക്കരുതെന്നു കരുതിയാണോ കേരളത്തിലെ ജനങ്ങൾ വോട്ടു ചെയ്തത് ആ കേരളത്തിലെ ജനങ്ങളുടെ വോട്ടുവാങ്ങി ജയിച്ച അപ്പുറത്തിരിക്കുന്ന ആളുകൾ കേരളത്തിലെ ജനങ്ങളെ വിസ്മരിച്ചുകൊണ്ട് ചെയ്ത ഒരൊററ സംഗതി മാത്രം മതി കേരളത്തിലെ ജനങ്ങൾ അപ്പുറത്തിരിക്കുന്നവരോടു പൊറുക്കുകയില്ല, അവർക്കു മാപ്പു കൊടുക്കുകയില്ല എന്നു എനിക്കുറപ്പുണ്ട്. അക്കാര്യം ഈ നിലയിൽതന്നെ കാണാൻപോകുകയാണ് മൂന്നുനാലുസ്ഥലത്ത്. എം.എൽ.എ.മാരുടെ കൈ പൊക്കിക്കൊണ്ട് പല സർക്കസ്സുകളും കളിക്കാൻ ഈ സഭയിൽ സാധിക്കും.

പക്ഷെ, ആ കസർത്ത്, ആ സർക്കസ് ജനങ്ങളുടെ
1 p.m.] ഇടയിൽ പോകുമ്പോൾ നടക്കാൻ പോകുന്നില്ല. ചെറിയ
ഒരു ഉദാഹരണമല്ലേ തിരുവനന്തപുരത്തു നടന്നത്. ഇനി കാണാൻപോകുന്ന പൂരത്തെക്കുറിച്ച് ഞാൻ പറഞ്ഞ് അറിയിക്കേണ്ട കാര്യമില്ല. എന്താണു സർ ഇപ്പോൾ നടക്കുന്ന ചർച്ച. സഖാവ് നമ്പൂതിരിപ്പാട് കുതിരക്കച്ചവടത്തിന്റെ വിലപേശുകയാണ്. പേശുന്ന വിലയെല്ലാം കൊടുക്കാൻ അപ്പുറത്തിരിക്കുന്ന ചില ആളുകൾ തയ്യാറാകേണ്ടിവന്നിരിക്കുന്നു. തിരിഞ്ഞുനോക്കിയാൽ ആളുകൾ ഇല്ലാത്ത സംവിധാനത്തെ സംബന്ധിച്ചിടത്തോളം സ്വന്തം നിലനിൽപ്പിന്റെ പേരിൽ, സ്വന്തം അധികാരത്തിന്റെ പേരിൽ, സ്വന്തം താൽപ്പര്യത്തിന്റെ പേരിൽ ആ കുതിരക്കച്ചവടത്തിന്റെ മുമ്പിൽ സാഷ്ടാംഗ പ്രണാമം ചെയ്യുന്ന ഏററവും ദയനീയമായ ചിത്രമാണ് ഈ സംസ്ഥാനത്തിന്റെ മുമ്പിലുള്ളത്. അതല്ലേ മിനിഞ്ഞാന്ന് മാർക്സിസ്ററു പാർട്ടിയുടെ ഒരു പ്രതിനിധിയെ വിജയിപ്പിച്ചതിനു ശേഷവും നമ്പൂതിരിപ്പാടു പറഞ്ഞു, അത്രയും നല്ലത്, ഇനിയും കൊണ്ടുവാ ഇനിയും കൊണ്ടുവാ. അതെല്ലാം ഞങ്ങൾ സ്വീകരിക്കുന്നു. പക്ഷേ, നിങ്ങൾക്ക് എന്റെ അനുഗ്രഹം കിട്ടണമെങ്കിൽ, തിരുമനസ്സിന്റെ അനുഗ്രഹം കിട്ടണമെങ്കിൽ ഇനിയും പലതും ചെയ്യാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ ഏത്തമിട്ടാൽ പോരാ, മാപ്പു പറഞ്ഞാൽ പോരാ, നിങ്ങൾ കഴിഞ്ഞകാല പാതകങ്ങൾക്കു പരിഹാരം കണ്ടെത്തിയാൽ പോരാ മറിച്ച്, ഞങ്ങളുടെ എല്ലാ സംവിധാനവും, ഞങ്ങളുടെ എല്ലാ നിർദ്ദേശവും അംഗീകരിക്കാൻ തയ്യാറാകണം.

ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടിനോട് ഒരുകാര്യം ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ആളുകൾ ചോദിക്കുകയില്ലെന്ന് എനിക്കറിയാം, അതുകൊണ്ടു ചോദിക്കുകയാണ്. മതന്യൂനപക്ഷത്തെക്കുറിച്ചു പറയുമ്പോൾ മതന്യൂനപക്ഷങ്ങളുടെ വികാരംകൊണ്ട് ഏതെങ്കിലും നടപടിയിൽ അവർക്കു തെററുപററിയാൽപോലും മതേതരരാഷ്ട്രമായ ഇൻഡ്യയിൽ മതഭൂരിപക്ഷങ്ങൾ പൊറുക്കേണ്ടതാണു സർ. കാരണം, മതഭൂരിപക്ഷത്തിന്റെ സമീപനം മതന്യൂനപക്ഷങ്ങൾക്കു ദ്രോഹകരമായിത്തീരുന്നെങ്കിൽ അവർ ഭയപ്പെടുന്നത് സ്വാഭാവികമാണ്. പാമ്പു മനുഷ്യനെ കടിക്കുന്നത് മനുഷ്യനെ കടിക്കാനുള്ള ആഗ്രഹംകൊണ്ടല്ല, പാമ്പിനെ മനുഷ്യൻ ദ്രോഹിക്കുമോയെന്നുള്ള ഭയംകൊണ്ട് ചിലപ്പോൾ പാമ്പു കടിച്ചേയ്ക്കും. അതു പാമ്പിന്റെ കുററമല്ല. അതുകൊണ്ട് മതന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ മൗലികമായ പ്രശ്നങ്ങൾ നിഷേധിക്കപ്പെടുമ്പോൾ, തകർക്കപ്പെടുമ്പോൾ, ചോദ്യം ചെയ്യപ്പെടുമ്പോൾ അവർക്ക് സ്വാഭാവികമായും വികാരം ഉണ്ടാകും സർ. പക്ഷേ ഇവിടെ പ്രശ്നം, ആ വികാരം മനസ്സിലാക്കാൻ നമുക്കു സാധിക്കണം. മതേതരരാഷ്ട്രമായ ഇൻഡ്യയിൽ ആർ.എസ്.എസ്സിന്റെ അഴിഞ്ഞാട്ടം നടക്കുമ്പോൾ മതന്യൂനപക്ഷങ്ങളുടെ വീഴ്ചയെ ഉയർത്തികാണിക്കുന്നതു ശരിയല്ല. അതിനുള്ള സമയമല്ല ഇത്. മറിച്ച് അതിന് എന്തു പരിഹാരമുണ്ടാക്കാൻ സാധിക്കും എന്നുള്ളതായിരിക്കണം. അതിന് സഖാവ് നമ്പൂതിരിപ്പാടു കാണുന്ന പരിഹാരം എന്താണ്? ഞാൻ അപ്പുറത്തിരിക്കുന്ന ചില സ്നേഹിതൻമാരോടു ചോദിക്കുകയാണ്, ഞാൻ എന്റെ സ്നേഹിതൻ മാണിയോടു ചോദിക്കുകയാണ്, സി.എച്ച്. നോടും ചോദിക്കുകയാണ്, സഖാവ് നമ്പൂതിരിപ്പാട് ജനതയുമായുള്ള ബന്ധം വേർപെടുത്തി കഴിഞ്ഞോ? അഖിലേന്ത്യാതലത്തിൽ വരുമ്പോൾ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ, ഞാൻ നേരത്തെ സൂചിപ്പിച്ചതു പോലെ വിശന്നു നിലവിളിക്കുന്ന കുട്ടിയെ ഭയപ്പെടുത്തുന്നതിന് ചെകുത്താൻ വരുന്നു എന്നു പറയുന്നതുപോലെ നമ്പൂതിരിപ്പാട് പഴയ മുദ്രാവാക്യവും ആയിട്ട്, പഴയ കസർത്തുകളിയുമായിട്ടു തന്നെ നമ്പൂതിരിപ്പാടു നിൽക്കുകയാണ്. ഇന്ദിരാഗാന്ധി, സഞ്ജയൻ ഇങ്ങനെ പലതും. എത്ര ആവർത്തിച്ചു പറഞ്ഞാലും അതല്ലാതെ എന്തു പറയും. ഇപ്പോൾ ഇന്ദിരാഗാന്ധിയല്ല പ്രധാനം; സഞ്ജയ് ഗാന്ധിയാണ്. ഇന്ദിരാഗാന്ധിയോടു ജനങ്ങൾക്കുള്ള വിശ്വാസം ഓരോ ദിവസം കഴിയുന്തോറും പ്രകടമായി വരുമ്പോൾ അതിൽനിന്നു രക്ഷപ്പെടാൻ മറെറാരു സഞ്ജയൻ. അതാണല്ലോ ഈ മൂടുപടം. അതല്ല ഇവിടത്തെ പ്രശ്നം. നേരെ മറിച്ച് ന്യൂനപക്ഷസമുദായങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ ചോദിക്കുകയാണ്, ജനതാപാർട്ടിയുമായുള്ള ബന്ധം വിടാൻ നമ്പൂതിരിപ്പാടു തയ്യാറുണ്ടോ? എന്തായിരുന്നു സർ ആർ.എസ്.എസ്.നെ ക്കുറിച്ചുള്ള ചർച്ച വന്ന അവസരത്തിൽ ജനതാപാർട്ടിയുടെ നേതാവ് സഖാവു ചന്ദ്രശേഖരൻ സ്വീകരിച്ച നിലപാട്? ആ ജനതാപാർട്ടിയുമായിട്ടുള്ള നിങ്ങളുടെ ബന്ധം എന്താണ്? ഈ രാജ്യത്തെ മതന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നും സംരക്ഷണമുണ്ടോ സർ. ഒരു ത്യാഗിയുടെ ബിൽ പോവുകയാണെങ്കിൽതന്നെ—പോയിട്ടില്ലാ. മൊറാർജി ദേശായി പറഞ്ഞിട്ടുണ്ട് മറെറാന്ന് ആ സ്ഥാനത്തു വരും.

LIBRARY ARCHIVES Kerala Legislative Assembly

സർ അദ്ദേഹം ആർ.എസ്.എസ്. അല്ല. ഇൻഡ്യയുടെ പ്രധാനമന്ത്രി ആർ.എസ്.എസ്. അല്ല. ബഹുമാനപ്പെട്ട മൊറാർജിദേശായിയുടെ ഗവൺമെൻറിനോടുള്ള സമീപനം എന്താണ്. ഈ സമീപനമുള്ള പാർട്ടിക്ക് വോട്ടുചെയ്യാൻ അപ്പുറത്തിരിക്കുന്ന ആളുകളുടെ കൈ എങ്ങനെ പൊങ്ങിയെന്ന് ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഈ സഭയിലെ സ്ഥാനം ഓർത്ത്, അധികാരത്തിന്റെ അപ്പക്കഷണം ഓർത്ത്, സ്വാർത്ഥം ഓർത്ത് ഒരു പക്ഷേ നിങ്ങൾക്ക് ചിലതു ചെയ്യാൻ സാധിച്ചേയ്ക്കും. പക്ഷേ നിങ്ങൾ പ്രതിനിധീകരിക്കുന്ന ഒരു ജനവിഭാഗമുണ്ട്. ആരെ പ്രതിനിധീകരിച്ചുകൊണ്ടാണോ നിങ്ങൾ ഈ നിയമസഭയിൽ വന്നിട്ടുള്ളത് ആ കേരളത്തിലെ ജനങ്ങളെ നിങ്ങൾ വിസ്മരിച്ചിരിക്കുകയാണ്. മാർക്സിസ്റ്റു പാർട്ടിക്ക് വോട്ടുചെയ്തു എന്നുള്ളത് ഒരു അപരാധമായിട്ടു ഞാൻ പറയുകയല്ല. പക്ഷേ, നിങ്ങൾ ജനങ്ങളോടു ചെയ്ത പ്രതിജ്ഞ ലംഘിച്ചിരിക്കുകയാണ്. ആ പ്രതിജ്ഞ ആവർത്തിച്ചാവർത്തിച്ചു ലംഘിച്ചുകൊണ്ട് പിന്നെയും അധികാരത്തിൽ തുടരാൻ വേണ്ടി, ഇനിയും സ്ഥാനങ്ങൾ നേടാൻവേണ്ടി പലരേയും അന്വേഷിച്ചുപോകുന്ന ഈ സാഹചര്യത്തിൽ അപ്പുറത്തിരിക്കുന്ന ആളുകൾ ഒരു പുനർചിന്തനം ചെയ്യണമെന്ന് ഞാൻ പറയുകയാണ്. എന്നുവച്ച് ഞങ്ങൾ ഏതെങ്കിലും വിധത്തിൽ ആരെയെങ്കിലും ഭയപ്പെടുന്നില്ല ഒരു കാര്യത്തിലും. നിങ്ങൾ അവിടെ ഇരുന്ന് നിങ്ങൾക്കു മനസ്സിലാകുമ്പോൾ മനസ്സിലാകട്ടെ. ശ്രീ. നമ്പൂതിരിപ്പാടുകൂടി അപ്പുറത്തുപോയാൽ ഞങ്ങളെ ഒററപ്പെടുത്തിക്കളയുമെന്നല്ലേ പറഞ്ഞത്. അങ്ങനെ യാതൊരു പരിഭ്രമവും ഇല്ല സർ. നമ്പൂതിരിപ്പാട് തെററിദ്ധരിക്കരുത്. കേരളത്തിലെ ജനങ്ങൾക്ക് ഞങ്ങളോടു വിശ്വാസമുണ്ട്. 32 മാസക്കാലത്തെ നിങ്ങളുടെ ദുർഭരണം, കേരളത്തിലെ ജനങ്ങളെ ശ്വാസംമുട്ടിച്ച ഭരണം ജനങ്ങൾ മറന്നിട്ടില്ല സർ. അപ്പുറത്തിരിക്കുന്ന കുറെ ആളുകൾ കൂടെയുണ്ടെന്നുകരുതി ബാലററുപെട്ടിയിൽ ഇതെല്ലാം വീഴുമെന്നുകരുതിയാണ് നിങ്ങൾ ചെയ്യുന്നതെങ്കിൽ കേരളത്തിലെ ജനങ്ങൾ പൊറുക്കാൻ പോകുന്നില്ല. കേരളത്തിലെ ജനങ്ങൾക്കറിയാം. എന്തെല്ലാം പറഞ്ഞാലും കേരളത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ ഐക്യമുന്നണി സംവിധാനത്തിന്റെ നേട്ടങ്ങൾ കേരളത്തിലെ ജനങ്ങൾ ഓർമ്മവിറക്കുന്നു. ഇപ്പോൾ എന്താണു സർ, കേരളത്തിലെ സ്ഥിതി. ഈ ധനവിനിയോഗബില്ലിന്റെ ചർച്ചനടക്കുമ്പോൾ ചിന്തിക്കാൻ ഞാൻ അപ്പുറത്തിരിക്കുന്ന ആളുകളോടു പറയുകയാണ്. ആർ.എസ്.എസ്.നെ വിമർശിക്കുന്നു, മററു പലതിനേയും വിമർശിക്കുന്നു.

സർ, ഈ നിയമസഭ തുടങ്ങിയതിനുശേഷം എത്രയെത്ര അടിയന്തിരപ്രമേയമാണ് വന്നത്. ആർ.എസ്.എസ്.ന്റെ മാത്രമല്ല. വലതൻ ഇടതനെക്കുറിച്ച് ഇടതൻ വലതനെതിരായിട്ടു അടിയന്തിരപ്രമേയം. കാലത്ത് ഇടതനും വലതനും തമ്മിലുള്ള കൊലപാതകത്തിന്റെ അടിയന്തിരപ്രമേയം. 3 മണിക്ക് രാജ്യസഭയിലേയ്ക്ക് വലതൻ ഇടതന് വോട്ടുചെയ്യുന്നു. ജനങ്ങൾ മൂക്കത്തു വിരൽവെച്ചുകൊണ്ട് ചോദിക്കുകയാണ്, എന്താണ് ഈ രാജ്യത്തു നടക്കുന്നതെന്ന്. ജനങ്ങളെ ഇത്രമാത്രം വിഡ്ഢികളാക്കാമെന്നാണോ വിചാരിക്കുന്നത്. ഈ സംസ്ഥാനത്തെ ആർക്കാണ് രക്ഷ. ആലപ്പുഴയിലും പേരാമ്പ്രയിലും—പേരാമ്പ്രയിൽ ഞാൻ ദൃക്സാക്ഷിയാണ്—ഒരു ഹരിജൻ കുടുംബം താമസിക്കുന്ന വീട്ടിൽ മാനഭംഗപ്പെടുത്താൻ ചെന്നതിനെ ചെറുത്തതിന്റെ പേരിൽ ആ വീടു തീവെച്ചു. നാലാളുകൾ ആശുപത്രിയിൽ കിടക്കുന്നത് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പോയികണ്ടു. രണ്ടു സ്ത്രീകൾ മരിച്ചു. ആരെയും അറസ്റ്റു ചെയ്തിട്ടില്ല. ഹരിജൻ സ്ത്രീമുതൽ നമ്പൂതിരി സ്ത്രീവരെയുള്ള ആളുകൾക്കു രക്ഷയില്ല സർ. അവിടെ ആർ.എസ്.എസ്സും ഏകാധിപത്യവും ഒന്നുമില്ല. ഹരിജൻ സ്ത്രീമുതൽ നമ്പൂതിരി സ്ത്രീ വരെ രക്ഷയില്ല. ന്യൂനപക്ഷങ്ങൾക്കു രക്ഷയില്ല. ഈ സംഭവങ്ങൾ നടക്കുമ്പോൾ കണക്കുമായി നിയമസഭയിൽവന്ന് ഇങ്ങനെയൊക്കെ പറയാം. ഇത്രശതമാനം ഇത്ര, ഇത്രശതമാനം ഇത്ര. പക്ഷേ, ഓരോ ദിവസവും കേരളത്തിലെ ജനങ്ങൾ ഭയവിഹ്വലരായി കഴിയുകയാണ്. ആർക്കുണ്ടു സർ സംരക്ഷണം. ആർക്കുണ്ട് ഇവിടെ പരിരക്ഷ.

വികസനപ്രവർത്തനത്തെക്കുറിച്ച് അപ്പുറത്തിരിക്കുന്ന ചില ആളുകൾ അഭിമാനം കൊള്ളുന്നു. ഏതു വികസനപ്രവർത്തനം? കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ചുവെച്ച ചില വികസനപ്രവർത്തനങ്ങൾ. ഉദ്യോഗസ്ഥൻമാരെ വളരെ കാര്യമായി വിമർശിച്ചല്ലോ. ലജ്ജയില്ലേ സർ? ഉദ്യോഗസ്ഥൻമാരെ വിമർശിച്ച് എക്കാലവും ഗവൺമെന്റിനു തടിതപ്പാമെന്നാണോ നിങ്ങൾ വിചാരിക്കുന്നത്. ഞങ്ങൾ 67 മുതൽ കേട്ടു തുടങ്ങി സർ, പരാജയത്തിനെല്ലാം ഉത്തരവാദികൾ സർക്കാർ ഉദ്യോഗസ്ഥൻമാർ. തിരഞ്ഞെടുപ്പുവരുമ്പോൾ സർക്കാർ വിജയത്തിന്റെ കൊമ്പും കോലുമായി നടക്കും സർ. അതെല്ലാം മന്ത്രിമാരുടെ നേട്ടങ്ങൾ. ഇനി വരുന്നുണ്ടല്ലോ പാറശാലയിലും തിരുവല്ലയിലും തലശ്ശേരിയിലും കാസർകോട്ടും അവിടെ വെച്ച് കാണാം. സർ, കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ചുവച്ച നല്ലകാര്യങ്ങൾ ഈ ഗവൺമെന്റ് തടസ്സപ്പെടുത്തുന്നില്ലെന്ന് ഞാൻ സമ്മതിക്കുന്നു. ആ ഉദ്യോഗസ്ഥ വൃന്ദം അതു കുറെക്കൂടെ കൊണ്ടുപോകുന്നു. വേണ്ടിടത്തോളം വേഗത്തിൽ പോകുന്നില്ലെന്നുള്ളത് സത്യമാണ്. പക്ഷേ ഉദ്യോഗസ്ഥൻമാരെ മാത്രം കുററപ്പെടുത്തിയിട്ടു കാര്യമില്ല. പിന്നെ എന്തിനാണ് ഇവിടെ കുറെ മന്ത്രിമാർ. ഈ സംസ്ഥാനത്ത് ഉദ്യോഗസ്ഥൻമാർ പോരെ. മന്ത്രിമാരെ സംബന്ധിച്ചിടത്തോളം ഉദ്യോഗസ്ഥൻമാരുടെ തെററുകൾ തിരുത്തിക്കുകയും സംവിധാനം മാററുകയും ചെയ്യണം. ഇന്ന് ആരാണു സർ തടസ്സം. 82 കൈ പൊങ്ങാൻ അപ്പുറത്തുള്ളപ്പോൾ ഈ സംസ്ഥാനത്തിനു വരേണ്ട മാററങ്ങൾക്ക്, ഈ സംസ്ഥാനത്തു വരേണ്ട വികസനത്തിന്, ഈ സംസ്ഥാനത്തു വരേണ്ട വിപ്ലവത്തിന് ആരു തടസ്സം. നല്ല കാര്യങ്ങൾ കൊണ്ടുവന്നതിൽ ഒന്നിനെയെങ്കിലും ഞങ്ങൾ എതിർത്തിട്ടുണ്ടോ? കേരളത്തിലെ ജനങ്ങളുടെ നാഡിമിടിപ്പു അറിയുന്ന ഞങ്ങൾ, കേരളത്തിലെ ജനങ്ങളുടെ വികാരങ്ങൾ അറിയുന്ന ഞങ്ങൾ, കേരളത്തിലെ ജനങ്ങൾക്കുവേണ്ടി നിൽക്കുന്ന ഒരു രാഷ്ട്രീയപ്രസ്ഥാനത്തിന്റെ പ്രതിനിധികളായ ഞങ്ങൾ കലവറയില്ലാത്ത പിൻതുണകൊടുക്കാം. എന്നാൽ എന്താണു സർ അപ്പുറത്തിരിക്കുന്ന ഗവൺമെന്റിനു ചെയ്യാനുള്ളത്, സംസ്ഥാനത്തെ ജനങ്ങളുടെ താൽപ്പര്യങ്ങളെയെല്ലാം മറികടന്നുകൊണ്ട് സ്ഥാനം ഉറപ്പിക്കാൻ ശ്രമിക്കുകയാണ്. അതിന് ആരെയെല്ലാം ചാക്കിടണം, ആർക്കെല്ലാം കമ്മിററി കൊടുക്കണം, ആർക്കെല്ലാം ചെയർമാൻ സ്ഥാനം കൊടുക്കണം. ഇതൊക്കെയാണ് നോക്കുന്നത്. സ്ഥാനം ഉറപ്പിക്കാൻ വേണ്ടി അധികാരം ഉപയോഗിച്ചിട്ടുള്ള, രാഷ്ട്രീയമായി ദുരുപയോഗം ചെയ്തിട്ടുള്ള, രാഷ്ട്രീയമായി അഴിമതിനടത്തിയിട്ടുള്ള നിരവധി ഉദാഹരണങ്ങൾ നിരത്തിവയ്ക്കാൻ എനിക്കു സാധിക്കും. അതുകൊണ്ടു നിലനിൽക്കാമെന്നു വിചാരിക്കുന്നത് വിഡ്ഢിത്തമാണ്, ആ വിഡ്ഢിത്തരത്തിലേക്ക് നിങ്ങൾ പോകരുതെന്ന് അഭ്യർത്ഥിക്കുകയാണ്. അപ്പുറത്തിരിക്കുന്ന എല്ലാവരേയും നേരെയാക്കാമെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

വിശ്വാസം എനിക്കില്ല. നേരെയാകുമെന്നുള്ള വിശ്വാസവും ഇല്ല. അപ്പുറത്തിരിക്കുന്ന എന്റെ പഴയ കൂട്ടുകാരുടെ സ്ഥിതിയോർത്ത് ഞാൻ സഹതപിക്കുകയാണ്. മൂന്നാം ചേരിയെക്കുറിച്ച് ഘോരഘോരം പ്രസംഗിച്ചുനടക്കുന്ന നേതാവുണ്ടല്ലോ. ആ നേതാവിന്റെ നേതാവ് ഉത്തർ പ്രദേശിൽവച്ചു പറഞ്ഞു മക്കളേ, ചേരിയെന്നും പറഞ്ഞ് നടക്കേണ്ട ഒരു ചേരിയും ഇവിടെ നടക്കാൻ പോകുന്നില്ല. ഒരു ചേരിക്കും ഞങ്ങളില്ല എന്ന്; ഈ രാജ്യത്ത് ജനതയുമായോ മററാരുമായോ ഒരു ചേരിക്കും ഞങ്ങളില്ല എന്ന്. ബീഹാറിൽ ചെന്ന് മറെറാരു നേതാവു പറഞ്ഞു തിരഞ്ഞെടുപ്പുവരുമ്പോൾ എല്ലാവരും ഉണ്ടാകുമെന്ന്. ഏതായാലും ആ പാർട്ടിയിലുള്ളവർ അങ്ങേയററത്തെ നിരാശരാണ്. എന്നിട്ടിപ്പോൾ അവസാനം നമ്പൂതിരിപ്പാടിന്റെ പിന്നാലേ നടക്കുകയാണ്, ഞങ്ങളെ ഒന്നു രക്ഷിക്കണമേ എന്നുപറഞ്ഞുകൊണ്ട്. ഞാൻ പേരെടുത്തു പറയാനാഗ്രഹിക്കുന്നില്ല, അപ്പുറത്തിരിക്കുന്ന പലരും ചിന്തിക്കാൻ കഴിവുള്ളവരാണ്. അവരുടെ വേദന എന്താണെന്നറിയാം. അവസരത്തിനൊത്തുയരാൻ തീർച്ചയായും അവർ മടിക്കുകയില്ലെന്നുറപ്പുണ്ട്. അവർ ഒരിക്കലും ഈ രാജ്യത്തെ അധഃപതനത്തിലേക്കു നയിക്കുന്ന കൂട്ടുകെട്ടുമായി എക്കാലവും തുടരാനാഗ്രഹിക്കുന്നവരല്ല. മിനിഞ്ഞാന്നത്തേതുപോലുള്ള സംഭവവികാസങ്ങൾകൊണ്ടു പൊട്ടിത്തെറിക്കുന്ന ഈ സംസ്ഥാനത്തെ ജനങ്ങളുടെ വികാരങ്ങളെ മറികടന്നുകൊണ്ട് അധികാരത്തിനുവേണ്ടി, സ്ഥാനത്തിനുവേണ്ടി, താൽപ്പര്യത്തിനുവേണ്ടി താൽക്കാലികമായി ഉണ്ടാക്കുന്ന കൂട്ടുകെട്ടുമായി മുന്നോട്ടുപോകാൻ എല്ലാവർക്കും സാധിക്കാത്ത സ്ഥിതിവിശേഷം വരും. മേയ് 17-ാം തീയതി കഴിയുമ്പോൾ, ഈ കൂട്ടുകെട്ടിന്റെ പിന്നാലെ നടക്കുന്ന ആളുകൾ സംസ്ഥാനത്തിലെ ജനങ്ങളുടെ വികാരങ്ങൾ മനസ്സിലാക്കുമെന്നെനിക്കുറപ്പുണ്ട്. ജനപിന്തുണ നഷ്ടപ്പെട്ട, ജനങ്ങളുടെ താൽപ്പര്യത്തിനു കടകവിരുദ്ധമായി പ്രവർത്തിക്കുന്ന, ജനങ്ങളുടെ എല്ലാ വികാരങ്ങളെയും തട്ടിമാററിക്കൊണ്ട് കസേര ഉറപ്പിക്കാൻവേണ്ടി എല്ലാം കളഞ്ഞുകുളിക്കുന്ന, കുതിരക്കച്ചവടത്തിന്റെ വൈതാളികൻമാരായി നടക്കുന്ന ഈ സർക്കാർ കൊണ്ടുവന്ന ധനവിനിയോഗബില്ലിനെ ഞാൻ എതിർക്കുന്നു.

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ സംസാരിച്ചപ്പോൾ എറണാകുളത്തുള്ള ഒരു അഡ്വക്കേററിനെ പോലീസ് അറസ്ററുചെയ്ത സംഭവം സംബന്ധിച്ച് അൽപ്പംചില വിശദീകരണങ്ങൾ നൽകുകയുണ്ടായി. ഇതിനുമുൻപും ഈ വിഷയം പരാമർശനവിധേയമാകുകയും ഞാൻ അൽപ്പം ചില കാര്യങ്ങൾ പറയുകയും ചെയ്തിട്ടുണ്ട്. അന്നു കൂടുതൽ പറയാൻ എനിക്കു കഴിഞ്ഞില്ല. ഇന്ന്, ഈ നിയമസഭയുടെ അവസാന ദിവസം ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഇതൊരു ചാർജായി കൊണ്ടുവന്നതിൽ എനിക്കു സങ്കടമുണ്ട്. ബഹുമാനപ്പെട്ട ചന്ദ്രശേഖരനോട് എനിക്കൊരപേക്ഷയേ ഉള്ളൂ. അദ്ദേഹം ഈ കസേരയിലിരുന്നിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു? അക്കാര്യം മനസ്സാക്ഷിക്കനുസരിച്ച് നിഷ്പക്ഷമായി വിലയിരുത്തേണ്ടതാണ്. ഒരു നിയമജ്ഞന്റെ വീക്ഷണത്തിൽവേണം ഇതിനെ കാണേണ്ടത്. നമ്മുടെ നാട്ടിൽ നടപ്പുള്ള നിയമമനുസരിച്ച് കൊഗ്നിസിബിൾ ഒഫൻസ്, അല്ലെങ്കിൽ മജിസ്ട്രേററിന്റെ അനുവാദംകൂടാതെ അറസ്ററുചെയ്യാൻ പോലീസിനധികാരമുള്ള ഒരു കേസ് നടന്നതായി പോലീസ് സ്റേറഷനിൽ റിപ്പോർട്ടു കിട്ടിയാൽ, അതു പ്രാഥമികമായി ശരിയാണെന്നു തോന്നിയാൽ കേസ് രജിസ്ററർ ചെയ്യാനുള്ള സ്വാതന്ത്ര്യം പോലീസിനുണ്ട്. കേസ്

LIBRARY ARCHIVES Kerala Legislative Assembly

രജിസ്റ്റർ ചെയ്താൽ ആ കുറ്റവാളിയെ അറസ്റ്റു ചെയ്യണമോ എന്നുള്ളത് ഉദ്യോഗസ്ഥന്റെ വിവേചനാധികാരമാണ്. അങ്ങനെ വരുമ്പോൾ ചില പ്രതികളെ പകൽ അറസ്റ്റു ചെയ്യേണ്ടിവരും. ചിലപ്പോൾ രാത്രി അറസ്റ്റു ചെയ്യേണ്ടിവരും. ചിലപ്പോൾ പൊതുസ്ഥലത്തുവച്ചായിരിക്കും. മറ്റുചിലപ്പോൾ വീട്ടിൽവച്ചായിരിക്കും. അതെല്ലാം ഉദ്യോഗസ്ഥന്റെ വിവേചനാധികാരമാണ്. ഈ വിഷയം സംബന്ധിച്ച വിവരങ്ങൾ ഇതാണ്. 21-ാം തീയതി ഒരു ജോയി ബ്ലീഡിംഗ് ഇൻജ്വറിയോടുകൂടി കളമശ്ശേരി പോലീസ് സ്റ്റേഷനിൽ വന്നു. ഇടപ്പള്ളിയിൽ നടന്ന ഒരു യോഗത്തിൽവച്ചുണ്ടായ സംഘട്ടനത്തിൽ ഉണ്ടായ മുറിവാണ് എന്നുപറഞ്ഞു. യോഗം ഭാരവാഹികളായ പുലിക്കുന്നനും മാത്യു സഖറിയായുംകൂടി എന്നെ ആക്രമിച്ചു എന്നു പേരെടുത്തു പറഞ്ഞു. അതനുസരിച്ച് കേസ് രജിസ്റ്റർചെയ്തു. അതിനുശേഷം ആ പ്രതികളെ അറസ്റ്റു ചെയ്തതു ശരിയാണ്. ഒരാളെ അറസ്റ്റു ചെയ്തത് വീട്ടിൽവച്ചും ഒരാളെ അറസ്റ്റുചെയ്തതു പാലായിൽ വച്ചും ആണ്. ഒരാൾ എന്റെ കേസുമായി സഹകരിച്ച ആളായിപ്പോയി എന്നുള്ളതു ശരിയാണ്. ഈ അഡ്വക്കേറ്റാകട്ടെ, പുലിക്കുന്നനാകട്ടെ അവരെ അറസ്റ്റുചെയ്തശേഷം പോലീസ് അപമര്യാദയായി പെരുമാറിയതായിട്ടോ ഉപദ്രവിച്ചതായിട്ടോ ഒരു പരാതിയും തന്നിട്ടില്ല. അതാണ് ഈ കേസിനുള്ള പ്രത്യേകത. അറസ്റ്റു ചെയ്തതു ശരിയാണോ അല്ലയോ എന്നുള്ളതിന്റെ നിയമപരമായ വശമാണു ഞാൻ പറഞ്ഞത്. അഭിഭാഷകരുടെ വികാരങ്ങൾ എന്തണെന്ന് എനിക്കും അറിയാം. കുറെക്കാലം കോടതിയിൽ പ്രാക്ടീസ് ചെയ്തിട്ടുള്ള ആളാണു ഞാൻ. അഭിഭാഷകരുടെ കാര്യത്തിൽ ബഹുമാനപ്പെട്ട ചന്ദ്രശേഖരനുമാത്രമല്ല ഉൽക്കണ്ഠ. ഡെമോക്രാറ്റിക് ഫോറം ലായേഴ്സിന്റെ ഒരു ടെലഗ്രാം കിട്ടിയപ്പോൾ, ഇതെപ്പറ്റി ഒരു എൻക്വയറിക്ക് ഉത്തരവിട്ടു. കേരളത്തിലെ മദ്ധ്യമേഖലാ ഡി.ഐ.ജി. ഗോപിനാഥൻനായരെക്കൊണ്ട് ഈ കേസിനെക്കുറിച്ചൊരന്വേഷണം നടത്തിച്ചു. ഗവൺമെന്റ് നീതി ചെയ്താൽപോരാ അതു ജനങ്ങൾക്കു ബോധ്യപ്പെടുകയും വേണമല്ലോ. അതിനുവേണ്ടി എറണാകുളം സിറ്റിക്ക് അകത്തുള്ള ഉദ്യോഗസ്ഥൻമാരെക്കൊണ്ട് ഈ കേസ് അന്വേഷിപ്പിക്കാതെ, ഈ കേസന്വേഷണത്തിൽകുഴപ്പമുണ്ടാകരുതെന്നുള്ള വിചാരത്തോടുകൂടി സംസ്ഥാനത്തെ ഒരു ഉന്നത ഉദ്യോഗസ്ഥനായ സ്റ്റേറ്റ് ക്രൈംബ്രാഞ്ച് ഡി.ഐ.ജി. രാജഗോപാലൻനായരെ ഈ കേസന്വേഷണം ചുമതലപ്പെടുത്തി. കഴിഞ്ഞ നിയമസഭയിൽത്തന്നെ ഞാൻ പറഞ്ഞു മനഃപൂർവ്വം ഒരു കേസ് കെട്ടിച്ചമച്ചതാണെന്നുണ്ടെങ്കിൽ അപ്പോഴാണ് നമുക്ക് ഇതെപ്പറ്റി ഡിസൈഡ് ചെയ്യേണ്ടത്. അങ്ങനെ വരികയാണെങ്കിൽ കുറ്റകരമായി പെരുമാറിയിട്ടുള്ള ഉദ്യോഗസ്ഥൻമാർ ആരാണെങ്കിലും അവരുടെ പേരിൽ നടപടിയെടുക്കാൻ ഗവൺമെന്റ് അറച്ചുനിൽക്കുകയില്ല. ഇതു ഞാൻ മുൻപേ പറഞ്ഞതാണ്. എന്നിട്ടു ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഈ വിഷയം ഈ നിലയിൽ അവതരിപ്പിച്ചതിൽ എനിക്കു ഖേദമുണ്ട്. യാതൊരു വൈരാഗ്യത്തിന്റെ അടിസ്ഥാനത്തിലോ മറ്റെന്തെങ്കിലും കാരണത്തിന്റെ അടിസ്ഥാനത്തിലോ ഇക്കാര്യത്തിൽ പെരുമാറിയിട്ടില്ലെന്നു ബഹുമാനപ്പെട്ട ചന്ദ്രശേഖരനോടു ഞാൻ പറയുകയാണ്. അതുപോലെതന്നെ ഓമല്ലൂർ ശങ്കരന്റെ കാര്യവും ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഇവിടെ പറഞ്ഞു. അതും കഴിഞ്ഞ നിയമസഭയിൽ ചർച്ച ചെയ്തതാണ്. അദ്ദേഹവും ഒരു അഭിഭാഷകനാണ്; അഭിഭാഷകനായതുകൊണ്ടല്ല നടപടി സ്വീകരിച്ചത്. അഭിഭാഷകനെ പോലീസ് അറസ്റ്റു ചെയ്തതുകൊണ്ടല്ല ഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെൻറ് ഉദ്യോഗസ്ഥനെ സസ്പെൻറ് ചെയ്തത്. തന്നെ ഉപദ്രവിക്കുകയുണ്ടായി എന്ന് പോലീസിന് അഭിഭാഷകൻെറ പരാതി കിട്ടിയതിനെത്തുടർന്ന് ആ ഉദ്യോഗസ്ഥനെ സസ്പെൻറ് ചെയ്തു; അന്വേഷണം നടക്കുകയാണ്. എന്നിട്ടും ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഈ പ്രശ്നം ഈ നിലയിൽ അവതരിപ്പിക്കേണ്ടതില്ലായിരുന്നു.

സർ, ബഹുമാനപ്പെട്ട വി.ടി. സെബാസ്റ്റ്യൻ സംസാരിച്ചപ്പോൾ ജയിലിലെ വസ്ത്രത്തിൻെറകാര്യത്തിലും ഭക്ഷണത്തിൻെറ കാര്യത്തിലുമൊക്കെ ചില പരിഷ്കാരങ്ങൾ കൊണ്ടുവരണമെന്നു പറഞ്ഞു. 22.3.79-ൽ തന്നെ ജയിലിലെ ഭക്ഷണത്തിൻെറ കാര്യത്തിലും വസ്ത്രത്തിൻെറ കാര്യത്തിലുമൊക്കെ പരിഷ്കാരങ്ങൾ വരുത്തിക്കൊണ്ട് തീരുമാനമായിട്ടുണ്ട്. നല്ല വസ്ത്രങ്ങൾ നൽകുന്നതിനു തീരുമാനമായിട്ടുണ്ട്. കോളർവച്ചുള്ള ഷർട്ടുകൊടുക്കുന്നതിനു തീരുമാനമായിട്ടുണ്ട്. ഷർട്ടും വസ്ത്രവും ഇടയ്ക്കിടയ്ക്കു മാററിക്കൊടുക്കുന്നതിനും കൂടുതൽ തവണ കൊടുക്കുന്നതിനും ഉത്തരവായിട്ടുണ്ട്. അരി കൂടുതൽ നൽകുന്നതിനുത്തരവായിട്ടുണ്ട്. ഈവനിംഗ് കോഫി കൊടുക്കുന്നതിനുത്തരവായിട്ടുണ്ട്. പഞ്ചസാരയുടെ ക്വാണ്ടിററി വർദ്ധിപ്പിക്കുന്നതിനുത്തരവായിട്ടുണ്ട്. ജയിൽപ്പുള്ളികൾക്ക് കൂടുതൽ ഫെസിലിററീസ് നൽകുന്നതിനുത്തരവായിട്ടുണ്ട്. കേരള ചിൽഡ്രൻ ആക്ട് നടപ്പിലായതുകൊണ്ട് ചിൽഡ്രൻസ് കോർട്ട് നടപ്പിലാക്കുമോ എന്നു സെബാസ്റ്റ്യൻ ചോദിച്ചു. ചിൽഡ്രൻ ആക്ട് നടപ്പിലായിട്ടുള്ളതിൻെറ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 11 ജില്ലകളിലും ചിൽഡ്രൻസ് കോർട്ട് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. അതിനോടനുബന്ധമായി ചിൽഡ്രൻസ് ഹോംസ്സും ഒബ്സർവേഷൻ സെൻേറഴ്സും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഒരുകാര്യം കൂടി പറഞ്ഞുകൊള്ളട്ടെ, മതന്യൂനപക്ഷങ്ങൾക്കുനേരെ ആർ.എസ്.എസ്. നടത്തുന്ന ആക്രമണങ്ങളെ അപലപിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഇ.എം.എസ്. സംസാരിക്കുകയുണ്ടായി. അതോടൊപ്പം അദ്ദേഹം ഒരു പരാമർശംകൂടി നടത്തി. മതന്യൂനപക്ഷങ്ങൾ നടത്തുന്ന പ്രതിഷേധപ്രകടനത്തിൽ ഞാൻ സംബന്ധിച്ചതു ശരിയായോ എന്നദ്ദേഹം ചോദിച്ചു. ഞാൻ ബഹുമാനപ്പെട്ട ഇ.എം.എസ്സിനോട് വളരെവളരെ വിനയത്തോടും സ്നേഹത്തോടുംകൂടി ഒരുകാര്യം പറയുകയാണ്. അവിടെ ഇരിക്കുന്നവരും ഇവിടെ ഇരിക്കുന്നവരും ന്യൂനപക്ഷവും ഭൂരിപക്ഷവും ഈ രാജ്യത്തൊരു കാര്യം സമ്മതിക്കുന്നുണ്ട്.

സർ, ഈ രാജ്യത്ത് ഭരണഘടന വിഭാവനം ചെയ്തിട്ടുള്ള മതേതര സ്വഭാവത്തിന് എതിരെ ഭീഷണി ഉണ്ടായിരിക്കുന്നു. ന്യൂനപക്ഷങ്ങൾക്കെതിരെ ആക്രമണം ഉണ്ടായിരിക്കുന്നു. ആര് ഇതിനെ എതിർക്കണം എന്നുള്ളതിൽ മാത്രമല്ലേ അഭിപ്രായവ്യത്യാസം ഉള്ളത്? ഏതായാലും ആക്രമണം ഉണ്ടായി. ഈ രാജ്യത്ത് മതേതരസ്വഭാവത്തിനെതിരെ ഭീഷണി ഉണ്ടായിട്ടുള്ളതിനെ എതിർക്കാൻ എല്ലാ പൗരൻമാർക്കും അവകാശം ഉണ്ട്. തീർച്ചയായും ന്യൂനപക്ഷങ്ങളെക്കൊണ്ടുമാത്രം ആ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്നു വിശ്വസിക്കുന്നില്ല. ഭൂരിപക്ഷത്തിൻെറ പേര് പറഞ്ഞ് ഭൂരിപക്ഷം പോലും അനുകൂലിക്കാത്ത ആർ.എസ്.എസ്. സംഘടന ഇവിടെ നടത്തുന്ന ഈ ആക്രമണത്തിനെതിരെ ന്യൂനപക്ഷ സമുദായാംഗങ്ങൾ ഒന്നു മിണ്ടിപ്പോയാൽ, അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിഷേധങ്ങൾ അറിയിച്ചാൽ, അവരുടെ വികാരങ്ങൾ അറിയിച്ചാൽ അതു തെററാണെന്ന് ബഹുമാനപ്പെട്ട ഇ.എം.എസ്. വ്യാഖ്യാനിക്കുന്നത് ശരിയല്ല. ന്യൂനപക്ഷവും ഭൂരിപക്ഷവും കൂടി ഒരുമിച്ചു നിന്നുകൊണ്ട് എതിർക്കണം. പക്ഷേ ന്യൂനപക്ഷം മിണ്ടിപ്പോയാൽ തെററാണ്. മിണ്ടേണ്ടത് മാർക്സിസ്ററ് പാർട്ടി മാത്രമാണ്. ന്യൂനപക്ഷത്തിനെതിരായി ആക്രമണം ഉണ്ടായാൽ എതിർക്കേണ്ടത് മാർക്സിസ്ററ് പാർട്ടിയാണ്. മററാരും മിണ്ടിപ്പോകരുത് എന്നുള്ള ധാരണ ശരിയല്ല. ഏതായാലും ഞാൻ ഏതു ഫോറത്തിൽ പോയി സംസാരിക്കണം എന്നുള്ളത് എന്റെ പാർട്ടി നിശ്ചയിക്കേണ്ട കാര്യമാണ്. അതേപ്പററി ഏതായാലും നിർദ്ദേശങ്ങൾ വേണ്ട. ന്യൂനപക്ഷങ്ങളുടെ പ്രസ്തുത യോഗത്തിൽ സംസാരിച്ചത് എന്റെ മനഃസാക്ഷിയെ സംബന്ധിച്ചിടത്തോളം ശരിയായ കാര്യമാണ്.

ശ്രീ. എം. വി. രാഘവൻ: ഇപ്പംകൂടെ നിങ്ങളെ വിളിച്ചിട്ടില്ല. ക്ഷണിക്കാതെ കയറിയത് എന്തിനാണ്......................

ശ്രീ. കെ. എം. മാണി: ചുമ്മാതിരിക്കണം മി. രാഘവൻ. അതുകൊണ്ടു മാർക്സിസ്ററ് പാർട്ടി ഉൾപ്പെടെ, ഇന്ദിരാകോൺഗ്രസ് ഉൾപ്പെടെ പ്രതിപക്ഷ-ഭരണപക്ഷ വ്യത്യാസം കൂടാതെ, ന്യൂനപക്ഷ-ഭൂരിപക്ഷ സമുദായ വ്യത്യാസം കൂടാതെ ഈ സാഹചര്യത്തിൽ ഇങ്ങനെയുള്ള നടപടികൾക്കെതിരെ നമുക്കു പ്രതിഷേധം ഉണർത്തുക എന്നുള്ളതു മാത്രമേ ഉള്ളു. രാജ്യസഭാ തിരഞ്ഞെടുപ്പിൽ സെക്കൻറ് വോട്ട് മാർക്സിസ്ററ് പാർട്ടിക്കു കൊടുത്തതിനെ ബഹുമാനപ്പെട്ട കരുണാകരൻ പരാമർശിക്കുകയുണ്ടായി. സർ, ഇവിടെ ഭരണകക്ഷികളെ സംബന്ധിച്ചിടത്തോളം ഫസ്ററ് പ്രിഫറൻസ്, ഉണ്ടെങ്കിൽ ഫസ്ററ് പ്രിഫറൻസ് കൊടുത്തതിനുശേഷം മിച്ചവോട്ട് പാഴാക്കിക്കളയണമെന്ന് ആഗ്രഹിക്കുന്നില്ല. ഏതെങ്കിലും ഒരു രാഷ്ട്രീയ കക്ഷിക്ക് സെക്കൻറ് പ്രിഫറൻസ് വോട്ടു കൊടുത്തുവെങ്കിൽ ആ രാഷ്ട്രീയ കക്ഷിയുടെ നയങ്ങളെ മുഴുവൻ അംഗീകരിക്കുന്നു എന്നുള്ള അടിസ്ഥാനത്തിലല്ല. ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസം കൂടാതെ രാജ്യത്തെ നിർമ്മാണപരമായ പ്രവർത്തനത്തിൽ സഹകരിക്കാൻ കഴിയുമെങ്കിൽ അങ്ങനെയുള്ള സഹകരണത്തിന്റെ വാതിലുകൾ തുറന്നുകൊണ്ട് ഒരു നടപടി സ്വീകരിച്ചു എന്നുമാത്രമേയുള്ളു. ആ നിലയിൽ കാണണമെന്നുമാത്രമേ ഞാൻ പറയുന്നുള്ളു. ബഹുമാനപ്പെട്ട ഇ.എം.എസ്. പറഞ്ഞതുപോലെ 1969 നു ശേഷം ശ്രീമാൻ സി.എച്ച്. മുഹമ്മദുകോയ ഹോം ഡിപ്പാർട്ടുമെൻറിന്റെ ചാർജ് ഏറെറടുത്തതുമുതൽ ഇവിടെ പോലീസിന് കുഴപ്പം. അതിന്റെ അർത്ഥം ബഹുമാനപ്പെട്ട ഇ.എം.എസ്. പോലീസ് മന്ത്രി ആയിരുന്നുവെങ്കിൽ എല്ലാം ശുഭം. അന്ന് ലാത്തിച്ചാർജ് ഇല്ല, അന്ന് മർദ്ദനം ഇല്ല. അന്ന് വെടിവെയ്പ്പില്ല. പോലീസ് നയം ഭംഗി. ഇതു തെററാണ്. ഈ നിലയ്ക്കുള്ള വ്യാഖ്യാനം ശരിയല്ല. 1969 മുതൽ എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം ബഹുമാനപ്പെട്ട ഇ.എം.എസ്. രാജി വച്ചതു മുതൽ എന്നാണ്. ഈ ഗവൺമെൻറിനുവേണ്ടി, അന്തസ്സോടും അഭിമാനത്തോടുംകൂടി ഞാൻ പറയുകയാണ് ഈ ഗവൺമെൻറ് ഈ രാജ്യത്ത് ക്രമസമാധാനം പരിപാലിക്കുന്നതിനുവേണ്ടി ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ടെന്ന്. ക്രമസമാധാനം ഭംഗിയായി നടക്കുന്നുണ്ട്. മുമ്പൊക്കെ നടക്കാത്ത നടപടികൾ സ്വീകരിക്കുന്നുണ്ട്. കണ്ണൂർ ജില്ലയെ സംബന്ധിച്ചിടത്തോളം ആർ.എസ്.എസ്സിനെതിരെ ശക്തമായ നടപടികൾ എല്ലാം സ്വീകരിച്ചിട്ടുണ്ട്. ഒരു കാര്യമേ

LIBRARY ARCHIVES Kerala Legislative Assembly

എനിക്കു പറയാനുള്ളു. ബഹുമാനപ്പെട്ട ഇ.എം.എസ്. പറഞ്ഞു, ആർ.എസ്.എസ്സിനെ സംബന്ധിച്ചിടത്തോളം ആക്രമണം മാത്രമല്ല തെററായ ആശയംകൂടി ആണ് എന്ന്. എനിക്കു അങ്ങോട്ടു ബഹുമാനപ്പെട്ട ഇ.എം.എസ്സിനോട് ഒരു ഉപദേശം ഉണ്ട്. ആർ.എസ്.എസ്സിന്റെ ആക്രമണത്തെ മാർക്സിസ്ററ് പാർട്ടി ആക്രമണം കൊണ്ടു നേരിടാം എന്നു വിചാരിക്കുന്നതു ശരിയല്ല. നാം ആ ആക്രമണത്തെ നിയമപരമായി നേരിടണം. ആര് തെററുചെയ്താലും അതിനെതിരെ നടപടി സ്വീകരിക്കണം. മാർക്സിസ്ററ് പാർട്ടി, കണ്ണൂരിൽ ക്രമസമാധാനം പാലിക്കുന്ന കാര്യത്തിൽ ഗവൺമെൻറുമായി സഹകരിക്കണം. ഒററക്കെട്ടായി നിന്നുകൊണ്ട് വ്യവസ്ഥാപിത മാർഗ്ഗത്തിൽ കൂടി ആശയപരമായിത്തന്നെ ആർ.എസ്.എസ്സിനെ എതിർക്കണം. അതിൽ സഹകരിക്കണമെന്നു പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. എം.വി. രാഘവൻ: കൊല്ലുമ്പോൾ പോലീസുകാർ നോക്കി നിൽക്കണമെന്ന് അല്ലേ? അങ്ങനെയല്ലേ മന്ത്രിയുടെ അഭ്യർത്ഥന?

ശ്രീ. കെ. എം. മാണി: നിയമം കയ്യിലെടുക്കാൻ മാർക്സിസ്ററ് പാർട്ടിയേയും അനുവദിക്കുകയില്ല. ആര് തെററു ചെയ്താലും അതു അനുവദിക്കുന്നതല്ല.

ശ്രീ. എം.വി. രാഘവൻ: പോലീസ് ഗുണ്ടാകളുടെ ഭാഗത്താണ്. അതും അനുവദിക്കുന്നില്ലേ?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ): സർ, നമ്മുടെ നിയമസഭയുടെ ബഡ്ജററ് സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. ഈ സമ്മേളനത്തിൽ ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററിനെ സംബന്ധിച്ച് വളരെ പ്രയോജനകരവും വിശദവുമായ ചർച്ചകൾ നടക്കുകയുണ്ടായി. ഗവൺമെൻറ് ഊന്നൽ നൽകി ഏറെറടുത്തു നടത്താൻ പോകുന്ന പരിപാടികൾ എന്താണെന്ന് പല സന്ദർഭങ്ങളിലും വിശദീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ സന്ദർഭത്തിൽ അതിന്റെ ആവർത്തനം ആവശ്യമില്ല. ഒന്നോ രണ്ടോ വാചകങ്ങളിൽ ഞാൻ പറയാൻ ആഗ്രഹിക്കുന്നത് ഈ കേരളത്തിന്റെ കുറെ പ്രശ്നങ്ങൾക്കെങ്കിലും പരിഹാരം ഉണ്ടാക്കാൻ ഉതകുന്ന പരിപാടികൾ മുന്നോട്ടു വച്ചിട്ടുള്ളതിനെപ്പററിയാണ്. അങ്ങനെ പരിപാടികൾ ആവിഷ്ക്കരിച്ചപ്പോൾ ഞങ്ങൾക്കു തോന്നിയത് ഗ്രാമീണ കേരളത്തിലെ നിർദ്ധനരായ കർഷകരുടേയും കർഷകത്തൊഴിലാളികളുടേയും ജീവിതത്തിനുള്ള മാർഗ്ഗത്തിന് അവരുടെ വരുമാനം വർദ്ധിപ്പിക്കുവാൻ ഉതകുന്ന പ്രത്യുൽപ്പാദനപരമായ വികസന പദ്ധതികൾക്ക് മുൻതൂക്കം കൊടുക്കണമെന്നാണ് സർ, ഞാൻ മുമ്പ് ഇവിടെ പറഞ്ഞതുപോലെ ഈ വർഷംതന്നെ കാർഷിക വികസന പദ്ധതികൾ ഉത്ഘാടനം ചെയ്യപ്പെടുകയാണ്. അതോടൊപ്പം നമ്മുടെ കഴിവിന്റെ പരമാവധി, നമ്മുടെ വിഭവങ്ങൾ എല്ലാം ഉപയോഗിച്ച് പുതിയ പല പ്രോൽസാഹനങ്ങളും വാഗ്ദാനങ്ങളും കൊടുത്ത് കേരളത്തിന്റെ വ്യവസായവൽക്കരണത്തെ ത്വരിതപ്പെടുത്താൻ പല നിർദ്ദേശങ്ങളും മുന്നോട്ടു വച്ചിട്ടുണ്ട്. ഇത്തരത്തിൽ കാർഷിക വ്യാവസായിക മേഖലകളിൽ വളരെ വ്യക്തവും സമൂർത്തവുമായ ചില പരിപാടികൾ വച്ചുകൊണ്ടുതന്നെ നമ്മുടെ കഴിവിനുള്ളിൽനിന്നു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ചെയ്യാവുന്നതിന്റെ പരമാവധി ചെയ്യുന്നതിനുവേണ്ടി വളരെയേറെ സ്കീമ്സ് പ്രഖ്യാപിച്ചിട്ടുണ്ട്. സർ, ഇതാണ് മൊത്തത്തിൽ പറഞ്ഞാൽ ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ.

ഞങ്ങൾ പഴയതിന്റെ തുടർച്ചയാണ്. മുൻകാലത്ത് ഐക്യകക്ഷി ഗവൺമെന്റുകൾ നടപ്പിലാക്കിക്കൊണ്ടിരുന്ന ജനോപകാരപ്രദമായ പരിപാടികളുടെ തുടർച്ചയായി ചിലതു ചെയ്യാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഈ സമയത്ത് ഇൻഡ്യയിലെ മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും ബഡ്ജററ് സമ്മേളനം ഒന്നുകിൽ നടന്നു കഴിഞ്ഞു, അല്ലെങ്കിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ ബഡ്ജററ് അവതരിപ്പിച്ചു. അതിനെ സംബന്ധിച്ച് രാജ്യമൊട്ടാകെ പ്രതികരണങ്ങൾ ഉണ്ടായി. ശ്രീ. ചന്ദ്രശേഖരൻ ഉൾപ്പെടെയുള്ളവർ സമ്മതിക്കും വളരെ മോശമായ പ്രതികരണങ്ങൾ ആണ് ഉണ്ടായത് എന്ന്. അതുമായി താരതമ്യപ്പെടുത്തുമ്പോൾ, ഈ കേരളത്തിലെ ഗവൺമെന്റിന് തീർച്ചയായും അവകാശപ്പെടാൻ കഴിയും ഇന്നത്തെ നിലയ്ക്ക് അവതരിപ്പിക്കാൻ കഴിഞ്ഞ ഏററവും നല്ല ഒരു ബഡ്ജററ് ഇവിടെ അവതരിപ്പിച്ചു എന്ന്. ഇന്നത്തെ നിലയിൽ കേരളത്തിൽ നടപ്പിലാക്കാൻ കഴിയുന്ന പ്രായോഗികവും പുരോഗമനപരവുമായ പരിപാടികൾ ആവിഷ്ക്കരിച്ച് ഇവിടെ നമുക്കെല്ലാവർക്കും അറിയുന്നതുപോലെ പല കുഴപ്പങ്ങൾക്കും നടുക്കുനിന്നാണ് മുന്നോട്ടു പോകുന്നത്. പുറമേനിന്നുനോക്കിയാൽ സമുദ്രത്തിന്റെ മീതെ വളരെ കുറച്ചുമാത്രം കാണുന്ന മഞ്ഞുകട്ട പോലെയാണ്. നമ്മുടെ രാജ്യത്തെ സാമ്പത്തിക-സാമൂഹ്യ മണ്ഡലങ്ങളിൽ ധാരാളം കുഴപ്പങ്ങൾ ഉണ്ട് സർ. അതിനൊക്കെ ഇടയ്ക്കുനിന്നു തുഴഞ്ഞ് മുന്നോട്ടു പോകണം. വളരെ ബുദ്ധിമുട്ടുണ്ട്. സ്ഥിതിഗതികൾ സങ്കീർണ്ണമാണ്. ഇതെല്ലാം നല്ലതുപോലെ മനസ്സിലാക്കിക്കൊണ്ടു തന്നെയാണ് ഈ ഗവൺമെന്റ് ഇത്രയും പദ്ധതികളുമായി മുന്നോട്ടു പോകാൻ തീരുമാനിച്ചത്. ആ ഭാഗത്തുനിന്നും ഈ ഭാഗത്തുനിന്നും മെമ്പർമാർ ഊന്നിപ്പറഞ്ഞ ഒരു കാര്യം ഗവൺമെന്റ് നല്ലതുപോലെ മനസ്സിലാക്കുന്നുണ്ട്. പദ്ധതികളും പരിപാടികളും ആയി പോകുന്നതുപോലെതന്നെ അതിന്റെ ഇംപ്ലിമെന്റേഷന്റെ കാര്യത്തിലും വളരെയധികം പ്രാധാന്യം കൊടുത്തിട്ടുണ്ട്. അതു നടപ്പിലാക്കാനുള്ള നമ്മുടെ കഴിവ് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ചില നിർദ്ദേശങ്ങൾ ഞങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ട്. നിയമസഭാ സമ്മേളനം കഴിഞ്ഞാൽ ഈ ഗവൺമെന്റ് അതിന്റെ കഴിവിന്റെ പരമാവധി, ഇവിടെ പ്രഖ്യാപിച്ച പരിപാടികൾ നടപ്പിലാക്കാൻവേണ്ടി മുന്നോട്ടു പോകും. അതിന് ഞാൻ ഈ സഭയുടെ എല്ലാംഭാഗത്തുനിന്നും എല്ലാവരുടെയും സഹായം അഭ്യർത്ഥിക്കുകയാണ്. ഇത്രയും പറഞ്ഞു കഴിഞ്ഞാൽ നമുക്കു ഈ കേരളത്തിൽ നടപ്പിലാക്കാൻ കഴിയുന്ന പരിപാടികളെ സംബന്ധിച്ച് പിന്നെ വലിയ ഒരു വാദപ്രതിവാദത്തിനു വകയുണ്ടോ? അഭിപ്രായവ്യത്യാസത്തിനു വക ഉണ്ടോ എന്നു ഞാൻ പ്രതിപക്ഷ നേതാക്കൻമാരോടും സുഹൃത്തുക്കളോടും ചോദിക്കാനാഗ്രഹിക്കുകയാണ്.

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് ഇവിടെ പറഞ്ഞതിന്റെ ആകെത്തുക ചുരുക്കം, ഏററവും പ്രധാനപ്പെട്ട പ്രശ്നം നയമാണ് പരിപാടിയാണ് എന്നാണല്ലോ. സീററല്ല, വോട്ടല്ല, മന്ത്രിസ്ഥാനമല്ല, ഭരണംപോലുമല്ല; നേരെമറിച്ച് നയമാണ്, പരിപാടിയാണ്. അതാണ് അദ്ദേഹം ഇവിടെ പറഞ്ഞതിന്റെ ഏററവും പ്രധാനപ്പെട്ട ഭാഗം. സർ, നയത്തിന്റെയും പരിപാടിയുടെയും കാര്യം പറഞ്ഞിട്ട് അദ്ദേഹം രണ്ടുമൂന്നു

LIBRARY ARCHIVES Kerala Legislative Assembly

നാലു കാര്യങ്ങൾ പറയാൻ ശ്രമിച്ചു. ഗവൺമെൻറിന്റെ തെററു ചൂണ്ടിക്കാണിക്കാൻവേണ്ടിയാണ് അദ്ദേഹം അതു പറഞ്ഞത്; അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ഇവിടെ ചെയ്തുകൊണ്ടിരിക്കുന്ന വലിയ തെററുകൾ; അതായത് നയപരമായി ഒന്ന് ഇഷ്ടദാനമാണ്. നമ്മൾ വളരെവളരെക്കാലമായിട്ട് കേട്ടുകൊണ്ടിരിക്കുകയാണ്. അത് ഇന്നും അദ്ദേഹം ആവർത്തിക്കുകയുണ്ടായി. ഗവൺമെൻറ് അതിനെപ്പററി പലപ്പോഴും പറഞ്ഞിട്ടുണ്ട്. ഞാൻ ഇപ്പോൾ പറയേണ്ട കാര്യമില്ല. ഈ സഭതന്നെ, പ്രതിപക്ഷത്തെ മാർക്സിസ്ററുപാർട്ടിയുൾപ്പെടെ അഭിപ്രായവ്യത്യാസമില്ലാതെ ഒരിക്കൽ അംഗീകരിച്ചതും സാങ്കേതികമായ കാരണത്താൽ ഹൈക്കോടതി തള്ളിക്കളഞ്ഞതും ഇപ്പോൾ പുനഃസ്ഥാപിക്കാൻമാത്രം ശ്രമിക്കുന്നതുമായ ഒരു കാര്യം. അതിൽക്കവിഞ്ഞത് ഒന്നും അതിനകത്തില്ല. മുൻപുണ്ടായിരുന്നു, അതു പുനഃസ്ഥാപിക്കാൻ ശ്രമിക്കുന്നു. സർ, അതിനെച്ചൊല്ലി ഇത്രയേറെ അഭിപ്രായവ്യത്യാസത്തിനും വാദകോലാഹലത്തിനും കാര്യമില്ലെന്നാണ് ഞങ്ങളുടെ പക്ഷം. സത്യം പറഞ്ഞാൽ കണക്കിൽക്കവിഞ്ഞ് ഊതിവീർപ്പിക്കുകയാണ് ഈ പ്രശ്നത്തെ എന്നാണ് ഞങ്ങളുടെ ആത്മാർത്ഥമായ അഭിപ്രായം. അതു വേണമെങ്കിൽ ചർച്ച ചെയ്താൽ ബോധ്യമാകുമെന്നാണ് എനിക്കു തോന്നുന്നത്. അതിൽക്കവിഞ്ഞ പ്രശ്നമൊന്നും അതിനകത്തില്ല.

സർ, അദ്ദേഹം പിന്നെ ഇവിടെ ചൂണ്ടിക്കാണിച്ച ഒരു കാര്യം സംവരണത്തിന്റെ പ്രശ്നമാണ്. ഈ കാര്യത്തെസംബന്ധിച്ചും ഒരു വലിയ അഭിപ്രായവ്യത്യാസത്തിന്റെ പ്രശ്നമുണ്ടോ? അങ്ങനെ പറയാനുണ്ടോ? ഞാൻ ഒററയൊരു കാര്യം മാത്രമേ ചോദിക്കുന്നുള്ളു. നമ്മുടെനാട്ടിലെ പിന്നോക്ക സമുദായങ്ങൾക്ക് ഈ സംവരണമെല്ലാം കൊടുത്തിട്ടും എന്താണു സ്ഥിതി? യാഥാർത്ഥ്യം എന്താണെന്നു വച്ചാൽ ഇന്നും പലരും പിന്നിലാണ്. അവർക്കു ജനസംഖ്യാനുപാതികമായിട്ടുള്ള ഉദ്യോഗമൊന്നും ഇല്ല സർ. ആ സമുദായങ്ങളിൽത്തന്നെ മുന്നോക്കമാണെന്നു കരുതപ്പെടുന്ന സമുദായങ്ങൾക്കുപോലും അതാണു സ്ഥിതി. അപ്പോൾ പ്രശ്നം ഞങ്ങളുടെ മുൻപിലുള്ളതും സഖാവ് ഇ.എം.എസ്. ഉൾപ്പെടെ ആലോചിക്കേണ്ടതാണെന്ന് എനിക്ക് തോന്നുന്നതും ഇതാണ്; സമ്പന്നൻമാരെ ഒഴിവാക്കുക; എന്നാൽ ആ സമുദായത്തിനു കിട്ടേണ്ട ഉദ്യോഗങ്ങൾ ആ സമുദായത്തിനു കിട്ടുമോ? അതിന് ഉറപ്പുവരുത്താൻ കഴിയുമോ? അത് ഒരുപ്രധാന പ്രശ്നമാണെന്നു ഞങ്ങൾക്കു തോന്നി. സമ്പന്നൻമാർക്കു കൊടുക്കണ്ട. ആരും അതിന്റെ വക്കാലത്തു പിടിക്കുന്നില്ല. എന്നാൽ ഒരു കമ്മ്യൂണിററിക്കു കിട്ടേണ്ട ഉദ്യോഗങ്ങൾ നഷ്ടപ്പെടാൻ ഇടയാകരുത്. ഇതിന് ഒരു പോംവഴി കണ്ടുപിടിച്ചാൽമതി. സർ. അതിൽക്കവിഞ്ഞ അഭിപ്രായവ്യത്യാസമൊന്നും ഇക്കാര്യത്തിൽ മാർക്സിസ്ററുപാർട്ടിയും ഈ രണ്ടു കക്ഷികളും തമ്മിൽ ഉണ്ടെന്ന് എനിക്കു തോന്നുന്നില്ല. അതാണ് അദ്ദേഹം ഇവിടെ പറഞ്ഞ ഒരു വലിയ പ്രശ്നം. ഞങ്ങൾ അതുകൊണ്ട് അതു പരിശോധിക്കാൻ ഒരു കമ്മീഷനെ നിയമിക്കാൻ പോകുകയാണ്. കുറച്ചു കാലതാമസം വന്നുപോയതിൽ ഖേദിക്കുന്നു. എത്രയും പെട്ടെന്ന് ഈ നിയമസഭാസമ്മേളനം കഴിഞ്ഞാൽ ഞങ്ങൾ ആ കമ്മീഷനെ നിയമിക്കുന്നതാണ് സർ. ഈ കാര്യമൊക്കെ അവരന്വേഷിക്കട്ടെ. അവരന്വേഷിച്ചിട്ട് ഒരു റിപ്പോർട്ട് എത്രയും പെട്ടെന്നു നമുക്കു കിട്ടും.

സർ, എന്താണ് പിന്നെ ഒരു വലിയ അഭിപ്രായ വ്യത്യാസം? പോലീസിനെപ്പററി പറഞ്ഞു. സർ, പോലീസ് നയം എന്നനിലയിൽ തന്നെ ഞാൻ അത് വളരെ വ്യക്തമാക്കാനാഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരമന്ത്രി ഇവിടെ പറഞ്ഞുകഴിഞ്ഞു. പോലീസ് എപ്പോഴെങ്കിലും ചില അതിക്രമങ്ങൾ എവിടെയെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ, ലോക്കപ്പു മർദ്ദനങ്ങൾ എവിടെയെങ്കിലും നടക്കുന്നുണ്ടെങ്കിൽ, തൊഴിൽപ്രശ്നങ്ങളിൽ അന്യായമായി ഇടപെടുന്നുണ്ടെങ്കിൽ, അതുപോലെയുള്ള കാര്യങ്ങളിൽ ഇടപെടുന്നുണ്ടെങ്കിൽ, ആ കാര്യങ്ങളിലെല്ലാം ഗവൺമെൻറ് ആവർത്തിച്ചാവർത്തിച്ച് ഈ ഗവൺമെൻറിൻെറ നയം എന്താണെന്നു പറഞ്ഞിട്ടുണ്ട്. ഇപ്പോഴും പറയുന്നുണ്ട്. ഇനിയും ഞങ്ങൾ ആ കാര്യത്തെ സംബന്ധിച്ച് സംശയരഹിതമായ നില സ്വീകരിക്കുന്നുണ്ട്. സർ, ഇതൊക്കെ പറയുന്നതിനിടയ്ക്കും പറയട്ടെ, ഏതുകാലത്താണു സർ, ഇതിലെല്ലാം വ്യതിയാനങ്ങൾ ഉണ്ടാകാത്തത്; ഒററപ്പെട്ട സംഭവങ്ങളുണ്ടാകാത്തത്? ഏതു സംസ്ഥാനത്താണു സർ, ഇങ്ങനെയുള്ള സംഭവങ്ങളുണ്ടാകാത്തത്?—ഞാൻ വെറുതേ തർക്കത്തിനുവേണ്ടി പറയുന്നുവെന്നു വിചാരിച്ച് എന്നോടു കയർക്കരുത് ആരും: സർ, പശ്ചിമ ബംഗാളിലെ സംഭവങ്ങൾ നമുക്കറിഞ്ഞുകൂടേ? ആരെങ്കിലും ആഗ്രഹിച്ചിട്ടാണോ? ഈയിടെ അഭയാർത്ഥികളുടെ പ്രശ്നമുണ്ടായി. വളരെ നിർഭാഗ്യകരമായ സംഭവമാണു സർ. അവിടത്തെ ഗവൺമെൻറ് ഒരിക്കലും ആ സംഭവത്തിന് ഒരു ന്യായീകരണം പറയുമെന്നു ഞാൻ വിചാരിക്കുന്നില്ല. സർ, ഇന്നലെ ഒരു വെടിവെയ്പ്പുണ്ടായി; ഞാൻ ഇന്നത്തെ പത്രത്തിൽ വായിച്ചു. മൂന്നുനാലുപേർ മരിച്ചുപോയി. അതിൻെറപേരിൽ പോലീസ് നയത്തെപ്പററി ഒരു വിധിയെഴുത്തു നടത്താൻ പററുമോ? ആർക്കെങ്കിലും ആക്ഷേപിക്കാൻ പററുമോ? ആരുടെയും ദേഹം തൊട്ടുനോവിക്കുന്നില്ല പശ്ചിമ ബംഗാളിലുള്ള ഒരു പോലീസുകാരൻപോലും എന്ന് ശ്രീ ജ്യോതി ബാസുവിനു സത്യപ്രതിജ്ഞ ചെയ്യാൻകഴിയുമോ എവിടെയെങ്കിലും? ഞാൻ അതു താരതമ്യപ്പെടുത്താൻവേണ്ടി പറയുകയല്ല. പക്ഷേ തീർച്ചയായും ചില അതിക്രമങ്ങൾ ഉണ്ടാകുന്നുണ്ട്. അതിൽ ഞങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചിട്ടുള്ള ചില കാര്യങ്ങളുണ്ട്. സർ, ഇവിടെ വേണമെങ്കിൽ ആഭ്യന്തരമന്ത്രിതന്നെ പറയുമായിരുന്നു; എത്ര നടപടികൾ എടുത്തിരിക്കുന്നു ഈ ഗവൺമെൻറ്! സത്വരമായ നടപടികൾ എടുത്തിരിക്കുന്നു. ശ്രീ. ചന്ദ്രശേഖരനോടു ഞാൻ പറയട്ടെ, അഭിഭാഷകനോ അല്ലയോ എന്നുള്ള പ്രശ്നമല്ല; മി. ശങ്കരനെ മർദ്ദിച്ചു; ഇരുപത്തിനാലുമണിക്കൂറിനുള്ളിൽ ആ സർക്കിൾ ഇൻസ്പെക്ടറെ സസ്പെൻറ് ചെയ്ത ഗവൺമെൻറാണ് ഈ ഗവൺമെൻറ്. അതുപോലെ ഈ കഴിഞ്ഞ ഒന്നോ രണ്ടോ മാസത്തിനുള്ളിൽ അതിക്രമങ്ങളുണ്ടായ സ്ഥലങ്ങളിൽ ഗവൺമെൻറ് ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതാണ് എല്ലാ ഗവൺമെൻറുകളും ചെയ്യുന്നത്. അന്വേഷണങ്ങൾ ഏർപ്പാടുചെയ്യുന്നുണ്ട്. ജുഡീഷ്യൽ അന്വേഷണങ്ങൾ ഏർപ്പാടുചെയ്യുന്നുണ്ട്. ഇതൊക്കെയാണു മനുഷ്യസാധ്യമായിട്ടുള്ള കാര്യങ്ങൾ. അതുകൊണ്ട്, പോലീസ് നയം സംബന്ധിച്ച്, ഒരു നയം എന്ന നിലയിൽ, ഗുരുതരമായ അഭിപ്രായവ്യത്യാസം ഉണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ.

സർ, അദ്ദേഹം ആർ.എസ്.എസ്സിൻെറയും അതുപോലെ ഇപ്പോൾ ഗോവധത്തിൻെറ പേരിൽ ഉയർന്നുവന്നിട്ടുള്ള പ്രശ്നത്തിൻെറയും കാര്യമൊക്കെ പറഞ്ഞു. ഞാൻ അദ്ദേഹത്തോട് ആകാര്യത്തിലൊക്കെ തീർച്ചയായും പരിപൂർണ്ണമായി യോജിക്കുന്ന ആളാണ്. അതിലൊന്നും ഒരഭിപ്രായവ്യത്യാസവുമില്ല. സർ, കഴിഞ്ഞ ദിവസം ആർ.എസ്.എസ്സിനെപ്പററി ചർച്ച നടന്നപ്പോൾ ഞാൻതന്നെ ഒരു കാര്യം ഇവിടെ പറയുകയുണ്ടായി. ആർ.എസ്.എസ്സിൻെറ ഒരു വടിക്കു പകരം ഒരുവടി, ഒരു പിച്ചാത്തിക്കു പകരം ഒരുപിച്ചാത്തി,

LIBRARY ARCHIVES Kerala Legislative Assembly

ഒരു കൊലയ്ക്കു പകരം ഒരു കൊല അതേയല്ല പ്രശ്നം. അതിനെക്കാളെത്രയോ ഗുരുതരമായ ഒരു പ്രശ്നമാണു സർ, ആർ.എസ്.എസ്സിന്റെ പ്രശ്നം. അതുതന്നെയാണ് ഇ.എം.എസ്. ഇവിടെ പറഞ്ഞത്. അത് എത്രവേണമെങ്കിലും നമുക്കു പറയാൻ കഴിയും. അത് അത്തരത്തിൽത്തന്നെ നേരിടണമെന്നാണ് ഞങ്ങൾക്കു പ്രത്യേകിച്ചും ഓരോരുത്തർ പറയാനുള്ളത്. അല്ലെങ്കിൽ നമുക്ക് അതിനെ നേരിടാൻകഴിയുകയില്ല എന്നാണു ഞങ്ങൾക്കു തോന്നിയിട്ടുള്ളത്. സർ, അവിടെയൊന്നും അഭിപ്രായഭിന്നതയുടെ പ്രശ്നമില്ല. അതുപോലെ ഈ ഗോവധത്തിന്റെ പ്രശ്നം നിർഭാഗ്യകരമാണ്. ആചാര്യ വിനോബാഭാവെയെപ്പോലുള്ള ആരാധ്യനായ ഒരു നേതാവ് ഇതുപോലൊരു പ്രശ്നത്തിന്റെ പുറത്ത് ജീവിതംപോലും ആഹൂതി ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു. നിർഭാഗ്യകരമായ തീരുമാനമാണു സർ. ഞാൻ ആലോചിക്കുംതോറും, കൂടുതൽ ആലോചിക്കുംതോറും ഈ കേരളത്തിൽ സമ്പൂർണ്ണമായി ഗോവധം നിരോധിക്കണമെന്നു പറയുന്നതുപോലെ ഇത്ര അർത്ഥമില്ലാത്ത ഒരു കാര്യം, തെററായ കാര്യം, വേറെ ഇല്ലെന്ന് എനിക്കു ബോധ്യമാണ്. ഗവൺമെൻറിനു ബോധ്യമാണ്. അത് അദ്ദേഹം കേരളത്തിലെ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നു. തന്റെ ജീവിതംബലിയർപ്പിക്കുമെന്ന ഒരു പ്രശ്നം ഉയർത്തിക്കൊണ്ട് ഈ കേരളത്തിൽ ആവശ്യമില്ലാത്ത ഒരു പ്രശ്നം ഒരു വലിയ പ്രശ്നമാക്കാൻ ശ്രമിക്കുന്നു.

സർ, ഇതുപോലെയുള്ള കാര്യങ്ങളല്ലാതെ മറെറാന്നും പറഞ്ഞുകേട്ടില്ല. പിന്നെ അദ്ദേഹത്തിന്റെ ആ കൺക്ലൂഷൻ; ഇതിൽനിന്നെല്ലാം അദ്ദേഹം എത്തിച്ചേരുന്ന നിഗമനം അത് എന്താണ്? 'ക്ലീൻസ്ലേററ്'. ക്ലീൻ സ്ലേററന്നു പറഞ്ഞാൽ ഇപ്പോഴിവിടെ നിലവിലിരിക്കുന്ന സംവിധാനം ലിക്വിഡേററ് ചെയ്യണം എന്നാണ്. ഐക്യകക്ഷിഭരണവും ഐക്യകക്ഷികളുടെ കൂട്ടുകെട്ടും ലിക്വിഡേററു ചെയ്യണം. എന്തിനുവേണ്ടി എനിക്കിതുവരെ മനസ്സിലായിട്ടില്ല, എന്തിനുവേണ്ടിയാണെന്ന്. എന്തു കുററമുണ്ടായി, എന്തു തെററുണ്ടായി? ഐക്യകക്ഷികളും അവരുടെ ഗവൺമെൻറും ഈ കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പററി എല്ലാം എല്ലാവർക്കുമറിയാം. സർ, ഒരു തെററും കുററവുമില്ലാത്ത ഭരണമാണെന്നൊന്നും ഞാൻ ഒരിക്കലും അവകാശപ്പെടുന്നില്ല. ഏതു ഭരണമുണ്ട് അങ്ങനെ ഈ ലോകത്തിൽ എന്നു ഞാൻ ചോദിക്കുന്നു. എന്നാൽ ഇന്നത്തെ കേരളത്തിൽ കേരളത്തിലെ ജനങ്ങളുടെ, ഏററവും പാവപ്പെട്ടവരുടെ, ബുദ്ധിമുട്ടുകൾ അറിഞ്ഞ് അവയ്ക്കു പരിഹാരമുണ്ടാക്കാൻ, സാമൂഹ്യ സാമ്പത്തിക മണ്ഡലങ്ങളിൽ ആവുന്നത്ര പരിവർത്തനങ്ങൾ സൃഷ്ടിക്കാൻ, ഒരു പരിപാടിയിൽ അടിയുറച്ചിട്ടുള്ള ഒരു മുന്നണിയും ഒരു ഗവൺമെൻറും—അതാണു സർ, ഞങ്ങൾക്ക് ഇതിനെപ്പററിയുള്ള ധാരണ. ഞാൻ കഴിഞ്ഞദിവസം പറഞ്ഞു, ഈ ഐക്യകക്ഷികളും ഗവൺമെൻറും കേരളത്തിൽ പ്രവർത്തിച്ചതിനെപ്പററി ആരോടും ഒരു ക്ഷമാപണം പറയേണ്ട ആവശ്യം ഞങ്ങൾക്കു തോന്നുന്നില്ല. നേരെമറിച്ച് ഇന്നത്തെ കേരളത്തിൽ ഇതല്ലാതെ മറെറാരു ബദൽ പരിപാടി എന്തുണ്ടെന്നു ഞാൻ ചോദിക്കുന്നു. മറെറാരു പുതിയ പരിപാടി എന്തുണ്ടെന്നു ഞാൻ ചോദിക്കുന്നു. നമ്മളാരും ഇന്നത്തെ കേരളത്തിൽ ഇവിടെ കമ്മ്യൂണിസത്തിനും സോഷ്യലിസത്തിനുംവേണ്ടി ഒരുപരിപാടി ഉണ്ടാക്കിയിട്ടില്ല സർ. ഞാനൊരു കമ്മ്യൂണിസ്ററാണ് പക്ഷേ ഇന്ന് ഈ ഐക്യ കക്ഷികൾ ഒരു പുതിയ പരിപാടിയിൽ യോജിച്ചിരിക്കുന്നു. സർ, വിവിധങ്ങളായ അടിസ്ഥാന സമീപനമുണ്ട്, തത്വങ്ങളുണ്ട്, ആദർശങ്ങളുണ്ട്. അതെല്ലാം ഉള്ളപ്പോൾത്തന്നെ കേരളത്തിന്റെ ഇന്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തികരോഗത്തിന് കുറെ പ്രതിവിധി ഉണ്ടാക്കാവുന്ന ഒരു പരിപാടി, ആ പരിപാടി ഞങ്ങളുടെ കഴിവിനനുസരിച്ച് നടപ്പിലാക്കുന്നു. ശ്രീ. കരുണാകരനെ പോലുള്ള കഴിവുള്ള മന്ത്രിമാർ ഇപ്പോൾ ഇപ്പുറത്തില്ല. ഞാൻ തുറന്നു പറയാൻ ആഗ്രഹിക്കുകയാണ്. ഒരു പല്ലവി അവിടെ നിന്ന് എപ്പോഴും ഞാൻ കേട്ടുകൊണ്ടിരിക്കുകയാണ് കഴിവില്ലാത്ത ഭരണം, ഭരണമേ നടക്കുന്നില്ല എന്നെല്ലാം അദ്ദേഹം അവിടെ ഇരുന്നുകൊണ്ട് പറയുന്നുണ്ട്. ഞാൻ ആവർത്തിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. അത്തരത്തിലുള്ള അദ്ദേഹത്തിന്റെ കഴിവ് ഞങ്ങൾക്ക് വേണ്ട. അദ്ദേഹത്തിന്റെ സങ്കൽപ്പത്തിലുള്ള ആ കഴിവിനെ ഞങ്ങൾ വിശ്വസിക്കുന്നില്ല. അതുകൊണ്ട് ഞങ്ങളുടെ കഴിവിന് അനുസരിച്ച് ആത്മാർത്ഥമായി ഈ പരിപാടികൾ നടപ്പിലാക്കാൻ ഞങ്ങൾ ശ്രമിക്കുന്നു. അതിന്റെ പേരിൽ ഒരു ക്ലീൻ സ്ലേററിന്റെ ആവശ്യമില്ല.

സർ, ഇവിടെ ശ്രീ. ഇ.എം.എസ്. എടുത്തു പറഞ്ഞ ഒരു കാര്യം ഉണ്ട്. ഞാൻ കഴിഞ്ഞ പ്രാവശ്യം വസ്തുനിഷ്ഠം എന്നു പറഞ്ഞു. എന്റെ മനസ്സിന്റെ വിദൂരതയിൽപ്പോലും ഞാൻ അദ്ദേഹം ഉദ്ദേശിച്ചത് ഉദ്ദേശിച്ചിട്ടില്ല. ഒബ്ജക്ററിവിസം എന്നതിന്റെ വാക്ക് വ്യക്തി നിഷ്ഠതയെന്ന് ആയതുകൊണ്ട്—ഞാൻ വേണമെങ്കിൽ അത് മനോനിഷ്ഠതയെന്ന് മാററാം—മുഖ്യമന്ത്രിയാകാൻ അദ്ദേഹം ആഗ്രഹിക്കുന്നതുകൊണ്ടാണ് അങ്ങനെ പറയുന്നതെന്ന് ഞാൻ ഉദ്ദേശിച്ചിട്ടില്ല. കേരളത്തിന്റെ കാര്യം പറയുമ്പോൾ പക്ഷെ സബ്ജക്ററിവിസം അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പാർട്ടിക്കും ഉണ്ടെന്നു ഞാൻ ഇപ്പോഴും പറയാൻ ആഗ്രഹിക്കുന്നു. അത് ചരിത്രപരമായ കാരണങ്ങളാൽ ആണ്. ഞങ്ങൾ തമ്മിൽ പിണങ്ങി. പിന്നീട് ഒരുമിച്ചു പിന്നീടും അഭിപ്രായ വ്യത്യാസം ഉണ്ടായി. സ്വാഭാവികമായും അങ്ങനെയൊരു സംഘർഷാവസ്ഥ ഉണ്ടാകുമ്പോൾ, അങ്ങനെയൊരു അഭിമുഖീകരണം ഉണ്ടാകുമ്പോൾ ഇത് വരാവുന്നതാണ്. അത് ഒഴിവാക്കണമെന്നാണ് ഞങ്ങൾ അപേക്ഷിക്കുന്നത്. ഞങ്ങൾക്കു അത് ഉണ്ടെങ്കിൽ, തീർച്ചയായും ഈ രാഷ്ട്രീയത്തിൽ ഏതെങ്കിലും ഒരു പാർട്ടിയുടെ നേർക്ക് അത്തരത്തിലുള്ള മനോനിഷ്ഠത പാടില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. അല്ലാതെ ഒന്നും ഞാൻ ഉദ്ദേശിച്ചിട്ടില്ല. അദ്ദേഹം എല്ലാക്കാലത്തേക്കും ആയി അത് മറക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, ഒഴിഞ്ഞ കട്ടിലുണ്ടെങ്കിൽ അതിൽകയറിയിരിക്കാൻ ശ്രമിക്കുന്നവരാണ് ഞങ്ങളെന്ന് അദ്ദേഹം ചിലപ്പോൾ പറയുമായിരിക്കും. ഒരിക്കലും അത്തരത്തിൽ രാഷ്ട്രീയ പ്രശ്നം കൈകാര്യം ചെയ്യാനോ ചർച്ച ചെയ്യാനോ ഉദ്ദേശിച്ചിട്ടില്ല. അദ്ദേഹം തെററിദ്ധരിച്ചിട്ടുണ്ടെങ്കിൽ ഞാൻ ആ വാക്ക് ഉപയോഗിക്കുന്നില്ല. ഞങ്ങൾ ഇന്ന് മുമ്പോട്ട് വച്ചിട്ടുള്ള പരിപാടിയല്ലാതെ ഒരു പരിപാടി എന്താണ് എന്നുള്ള ചോദ്യം ഞാൻ വീണ്ടും ആവർത്തിക്കുകയാണ്. അങ്ങനെയൊരു പരിപാടി ശരിയാണെങ്കിൽ, കേരളത്തിന് ഗുണകരമാണെങ്കിൽ കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും സ്വീകരിക്കുകയാണെങ്കിൽ ആ പരിപാടി നടപ്പിലാക്കുന്നതിന്റെ കാര്യത്തിൽ ഏത് ഭാഗത്തുനിന്നും ഞങ്ങൾ പിന്തുണ ആവശ്യപ്പെടും, അത് ഞങ്ങൾ ചെയ്യേണ്ട കാര്യമാണ്. കാരണം ഈ കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടേയും പിന്തുണ ഇല്ലാതെ ഈ പരിപാടികൾ വിജയകരമായി നടപ്പിലാക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ഞങ്ങൾ അത്തരത്തിലുള്ള സഹായവും പിന്തുണയും ഈ പരിപാടികൾക്കുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ ഭാഗത്തുനിന്നും ആവശ്യപ്പെടും. മാർക്സിസ്ററുപാർട്ടിയെ പോലെ ഒരു പാർട്ടിക്കു ഈ പരിപാടികളുമായിവിയോജിക്കേണ്ട കാര്യം ഇല്ലെന്നാണ് ഞങ്ങളുടെ ധാരണ. ഈ ഐക്യകക്ഷികളുടെ പരിപാടികളോട് വിയോജിക്കേണ്ട ആവശ്യമില്ല.

സർ, കേരളത്തിന്റെ കൊച്ചുപരിപാടികളെപ്പററി പറഞ്ഞുകഴിഞ്ഞാൽ ഇൻഡ്യയുടെ വലിയ കാര്യത്തെപ്പററിയും ഒരു വാക്ക് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. എന്നാൽ അവിടെ ശ്രീ. ഇ.എം.എസ്സിന്റെ പാർട്ടിയുമായി ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ട്. കാര്യമായ അഭിപ്രായവ്യത്യാസം തന്നെ ഉണ്ട്. അത് എന്താണെന്നുവച്ചാൽ അദ്ദേഹം ഇവിടെ ആർ.എസ്.എസ്സിന്റെ കാര്യം പറഞ്ഞു. ഗോവധത്തിന്റെ കാര്യവും പറഞ്ഞു. ഇന്നത്തെ ഇൻഡ്യ എന്താണ് എന്നുള്ളതിനെപ്പററി വലിയൊരു ചർച്ച ഇനിയും നടത്തേണ്ടിയിരിക്കുന്നു. അതിൽ താൽപ്പര്യം ഉള്ളവർ എല്ലാം ഒരുമിച്ച് ഇരുന്ന് ചർച്ച നടത്തണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഇന്ന് വളരെ ഗുരുതരമായ വെല്ലുവിളികൾ ഉണ്ടെന്നാണ് ഞങ്ങളുടെ അഭിപ്രായം. ആ വെല്ലുവിളികൾ മനസ്സിൽ കണ്ടുകൊണ്ടാണ് സമയം പാഴാക്കാതെ എത്രയും പെട്ടെന്ന് ദേശീയാടിസ്ഥാനത്തിൽ അതിനുവേണ്ടി പിന്തുണ സ്ഥാപിക്കാൻ വെല്ലുവിളികൾ കാണുമ്പോൾ ആരെല്ലാം ഉണ്ടോ അവർ ഒരുമിക്കണമെന്നാണ് ഞങ്ങൾ പറയുന്നത്. ആ കാര്യത്തിൽ ഞങ്ങളെല്ലാം ഒന്നാണ്. എന്റെ പാർട്ടിയെപ്പററി മാത്രം പറയുകയാണെങ്കിൽ ഞങ്ങളുടെ പാർട്ടിയുടെ ദേശീയ കൗൺസിൽ, ഞങ്ങളുടെ ജനറൽ സെക്രട്ടറി ശ്രീ. ഇ.എം.എസ്. ഇവിടെ പറഞ്ഞതു പോലെ ഉള്ള ഒരു പരിപാടി തന്നെ മുമ്പോട്ടുവച്ചിട്ടുള്ളത്. ദേശീയാടിസ്ഥാനത്തിൽ പുരോഗമന ശക്തികൾക്കെല്ലാം യോജിക്കാൻ കഴിയുന്ന ഒരു പരിപാടി തന്നെ മുമ്പോട്ടു വച്ചിട്ടുള്ളത്. പക്ഷെ അത്തരം ഒരു പരിപാടി നടപ്പിലാക്കണമെങ്കിൽ ഇന്നത്തെ ഇൻഡ്യയിൽ ആ പരിപാടിക്ക് തടസ്സമായി ആരാണ്, ഏത് ശക്തിയാണ് ഏത് വർഗ്ഗമാണ് നിൽക്കുന്നത്? അവിടെ ഇപ്പോൾ ശ്രീ. ഇ.എം.എസ്സിന്റെ പാർട്ടിയുമായി രാഷ്ട്രീയ ബാന്ധവം സ്ഥാപിച്ചിട്ടുള്ള ജനതാ പാർട്ടി എവിടെയാണ് നിൽക്കുന്നത്, ജനതാ ഗവൺമെൻറ് എവിടെയാണ് നിൽക്കുന്നത്? ജനതയ്ക്കകത്തുള്ള ആർ.എസ്.എസ്സ്. വളരെ അപകടകാരിയാണ്. അത് ജനങ്ങൾക്കൊരു ഭീഷണിയാണ് എന്നെല്ലാം പറഞ്ഞുകൊണ്ടു ജനതയ്ക്കകത്തുള്ളവർ തന്നെ ശബ്ദമുയർത്തുന്നുണ്ട്. വളരെ നല്ലൊരു സംഭവവികാസമാണ്. സ്വാഗതാർഹമായ കാര്യമാണ്. എന്നാൽ ഇന്ന് ജനതയുടെ കേന്ദ്ര ഗവൺമെൻറ്, സംസ്ഥാനഗവൺമെൻറുകൾ ജനതാ പാർട്ടി എന്നിവയുമായി എന്താണ് മാർക്സിസ്ററ് പാർട്ടിയുടെ ബന്ധം? ഞാൻ സംശയിക്കുകയാണ്. അദ്ദേഹം ഇവിടെ പ്രസംഗത്തിനിടയിൽ ഒന്ന് പറഞ്ഞു. വേറൊരു പോയിൻറ് സ്ഥാപിക്കാൻ വേണ്ടിയാണ് പറഞ്ഞത്. അദ്ദേഹം പ്രസംഗത്തിനിടയ്ക്ക് പറഞ്ഞു പശ്ചിമ ബംഗാളിൽപ്പോലും ഒരു ജനതാ മുഖ്യമന്ത്രിയെ വാഴിക്കാൻ മാർക്സിസ്ററ് പാർട്ടി തയ്യാറായിരുന്നു എന്ന്. പശ്ചിമബംഗാളിൽപ്പോലും ഒരു ജനതാ മുഖ്യമന്ത്രിയെ വാഴിക്കുകയെന്ന രാഷ്ട്രീയ നയം ഇന്നും അദ്ദേഹത്തിന് ആ നയം ശരിയാണെന്നാണോ അഭിപ്രായം?

(ഭരണകക്ഷി ബഞ്ചുകളിൽ ഷെയിം വിളികൾ)

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഷെയിം വിളിച്ചവർ ഇന്ദിരാഗാന്ധിയുടെ കാലത്ത് ചെയ്തത് എന്താണെന്ന് എല്ലാവർക്കും അറിയാം.

2/474—16

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ. വാസുദേവൻ നായർ: ഈ ചർച്ച ഇങ്ങനെയൊരു നിലയിലേക്ക് കൊണ്ടുപോകാൻവേണ്ടി പറഞ്ഞതല്ല. പെട്ടെന്ന് വികാരം തോന്നി പറഞ്ഞതാണ്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: കൊടുക്കാമെങ്കിൽ കൊള്ളാനും തയ്യാറാണ്.

ശ്രീ. പി.കെ. വാസുദേവൻ നായർ: ഈ ചർച്ച ആ രീതിയിൽ എടുക്കേണ്ട.

ശ്രീ. എം.വി. രാഘവൻ: ജനത ഇന്ദിരാഗാന്ധിയെ താഴെ ഇറക്കിയിട്ടല്ലേ ഇപ്പോൾ ഇങ്ങനെ പറയാൻ ധൈര്യം വന്നത്?

ശ്രീ. പി.കെ. വാസുദേവൻ നായർ: ഈ ചത്ത കുതിരയെ തല്ലുന്നതെന്തിനാണ്. എന്ത് പറഞ്ഞാലും ഇന്ദിരാഗാന്ധി, ഇന്ദിരാഗാന്ധി എന്നാണ് പറയുന്നത്; അതിന്റെ ഒരു ആവശ്യവുമില്ല.

ശ്രീ. വക്കം പുരുഷോത്തമൻ: ചത്ത കുതിരയാണോ ജീവിച്ച കുതിരയാണോയെന്ന് ഡാങ്കേയോട് ചോദിച്ചാൽ മതി.

ശ്രീ. പി.കെ. വാസുദേവൻ നായർ: ശ്രീ. വക്കം പുരുഷോത്തമൻ അങ്ങനെ പറഞ്ഞേതീരൂ. അത് പറയേണ്ടത് അദ്ദേഹത്തിന്റെ ആവശ്യമാണ്. ചത്ത കുതിരയെന്നു ഞാൻ പറഞ്ഞത് ആ അർത്ഥത്തിലല്ല. പഴയ ഒരു പ്രശ്നമെന്നുള്ള നിലയിലാണ് പറഞ്ഞത്. അല്ലാതെ ഇന്ന് ഒരു പ്രശ്നം എന്നുള്ള അർത്ഥത്തിലല്ല. ശ്രീ. ഇ.എം.എസ്സിനെ പോലെയുള്ളവർ ഇതുപോലുള്ള പല കാര്യങ്ങളും പറയുമ്പോൾ എനിക്ക് പലതും ഓർമ്മ വരികയാണ്. അതുകൊണ്ട് ഞാൻ ഒന്ന് ചോദിച്ചുകൊള്ളട്ടെ. ഒരു കാലത്ത് ശ്രീ. ഇ. എം. എസ്. തന്നെ എഴുതി ബൂർഷ്വാ പാർട്ടികൾ എല്ലാം നമുക്കു സ്വീകരിക്കാൻ ആവാത്ത പിന്തിരിപ്പൻ ശക്തികളാണ്; എന്നാൽ അധികാരത്തിൽ ഇരിക്കുന്ന ഒരു ബൂർഷ്വാ പാർട്ടിയും പ്രതിപക്ഷത്തിരിക്കുന്ന ഒരു ബൂർഷ്വാ പാർട്ടിയും തമ്മിൽ കാതലായ വ്യത്യാസമുണ്ടെന്ന്. അദ്ദേഹം അത് മറന്നു കാണുകയില്ല. ഇന്ദിരാഗാന്ധിയുടെ ഗവൺമെന്റിനെതിരായി ആർ.എസ്.എസ്സുകാർ നെടുംതൂണായിട്ട് നടന്ന ഒരു സമ്പൂർണ്ണ വിപ്ലവ വിമോചന സമരകാലത്ത് അതിന്റെ കൂടെ കൂടിയപ്പോൾ നമ്പൂതിരിപ്പാടിന് ഒരു ന്യായം വേണമായിരുന്നു. ആ ന്യായം അന്ന് അദ്ദേഹം സ്ഥാപിച്ചെടുത്തത് അധികാരത്തിലിരിക്കുന്ന ബൂർഷ്വാ പാർട്ടിയാണ് മുഖ്യ ശത്രുവെന്നും പ്രതിപക്ഷത്തുള്ള ബൂർഷ്വാ പാർട്ടി ബൂർഷ്വാ പാർട്ടിയാണെങ്കിലും തരക്കേടില്ല, അത് അത്ര വലിയ അപകടമൊന്നുമില്ല, എന്നുള്ള നിലയിലാണ്. ഇപ്പോൾ അധികാരത്തിലിരിക്കുന്ന പാർട്ടികളുമായി കൂട്ടു കൂടാമെന്നും പ്രതിപക്ഷത്താണെങ്കിൽ പോലും അതാണ് ഏററവും വലിയ അപകടമെന്നും പറയുന്ന പോളിററിക്സിനെപ്പററിയെല്ലാം വാസ്തവത്തിൽ......................

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇന്ദിരാഗാന്ധിയുമായി കൂട്ടുകൂടണമെന്നാണോ ഈ പറയുന്നതിന്റെ അർത്ഥം?

ശ്രീ. കെ. ചന്ദ്രശേഖരൻ: ഇന്ദിരാഗാന്ധിയുമായി കൂട്ടുകൂടേണ്ട കാര്യം ചർച്ച ചെയ്യേണ്ട രാഷ്ട്രീയ കാര്യമാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻനായർ: ചന്ദ്രശേഖരന് അത് പിടി കിട്ടുകയില്ല..............................(ബഹളം)

ഞാൻ മുൻപൊരിക്കൽ നടന്നതായ columnist ലേയ്ക്ക് വിരൽചൂണ്ടിയെന്നേയുള്ളു. അതിൽനിന്നും ഒരു നിഗമനത്തിലെത്താൻ വേണ്ടി പറഞ്ഞതല്ല. ഇന്നത്തെ ഇൻഡ്യ, ഇൻഡ്യയിൽ ഉയർന്നുനിൽക്കുന്ന ഭീഷണി, വെല്ലുവിളി, ജനങ്ങൾ സ്വീകരിക്കേണ്ട പുതിയ ഒരു വഴി ഇതേപ്പററി ആലോചിക്കുമ്പോൾ മാർക്സിസ്ററു പാർട്ടിയുടെ ഇന്നത്തെ രാഷ്ട്രീയ സമീപനവും നയവും എന്താണെന്ന് ശ്രീ. നമ്പൂതിരിപ്പാട് ഇപ്പോഴും അവിടെയിരുന്നുകൊണ്ട് ഒരു കാര്യം പറഞ്ഞു. ബംഗാളിൽ അന്നു പോലും ആ മുഖ്യമന്ത്രി ആക്കുന്നത് ശരിയായിരുന്നു. ഇപ്പോഴും അദ്ദേഹം അതിൽ ഉറച്ചുനിൽക്കുന്നുവെന്നു പറഞ്ഞു. മഹാകഷ്ടം എന്നുമാത്രമേ ഞാൻ അതേപ്പററി പറയുന്നുള്ളു. ആ രാഷ്ട്രീയത്തെക്കുറിച്ച് ഒരു പുനരാലോചന മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ ഭാഗത്തുനിന്നും എത്രനേരത്തെ ഉണ്ടാകുന്നുവോ അത്രയും അവർക്കും ഇൻഡ്യയിലെ പുരോഗമന ജനാധിപത്യ ശക്തികൾക്കും നല്ലതാണെന്നാണ് എന്റെ അഭിപ്രായം. അതുണ്ടാകാത്തിടത്തോളം കാലം ഈ പറയുന്ന അഭിപ്രായങ്ങളൊക്കെ, അദ്ദേഹത്തിന്റെ പഴയ അഭിപ്രായങ്ങളിൽ തന്നെ ഉറച്ചു നിന്നുകൊണ്ട് പുതിയ ചില ശബ്ദങ്ങളിൽ പറയുന്നുവെന്നുള്ളതല്ലാതെ കാതലായ വ്യത്യാസം അദ്ദേഹത്തിന്റെ സമീപനത്തിനുണ്ടെന്നു തോന്നുന്നില്ല. അത് നിർഭാഗ്യകരമാണ്. കേരളത്തിലെ ഐക്യമുന്നണി ഗവൺമെന്റ്........................

ശ്രീ. കെ. ചന്ദ്രശേഖരൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇരിക്കുന്നതിനു മുൻപ് ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ. രണ്ടു ഭരണഘടനാഭേദഗതി ബിൽ പാർലമെന്റ് പാസ്സാക്കി ഇതര സ്റേറററ് അസംബ്ലികളിലേക്ക് അയച്ചിട്ടുണ്ട്. ആ രണ്ടു ബില്ലുകളും ഗവൺമെന്റിലുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് എന്തുകൊണ്ടാണ് നിയമസഭയുടെ മുമ്പിൽ കൊണ്ടുവരാതിരിക്കുന്നത്?

ശ്രീ. പി. കെ. വാസുദേവൻനായർ: അതിനെക്കുറിച്ച് ഞാൻ അന്വേഷിക്കുകയുണ്ടായി. നേരത്തെ ഇവിടെ വന്ന, 43-ാം ഭേദഗതിബിൽ വന്നതിനുശേഷം നിയമസഭ കൂടാൻ താമസിച്ചു. അതിനിടയ്ക്ക് ഭരണഘടനാപരമായ ആവശ്യം Half of the States പാസ്സാക്കി നിയമമാക്കുകയും ചെയ്തു. അതാണ് അതിനെക്കുറിച്ച് ഉള്ള വസ്തുത. ഇപ്പോൾ വീണ്ടും അടുത്തദിവസം വേറൊരു ഭേദഗതി ബിൽ വന്നിട്ടുണ്ട്. ഉടനെതന്നെ മന്ത്രിസഭ പരിഗണിച്ചു നിയമസഭയുടെ അംഗീകാരത്തിന് സമർപ്പിക്കുവാൻ കഴിയുമെങ്കിൽ സമർപ്പിച്ച് പാസ്സാക്കുന്നതാണ്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പറഞ്ഞതുപോലെ ശ്രീമതി ഇന്ദിരാഗാന്ധിയുടെ ഭരണകാലത്തും മററും നടന്ന അതിക്രൂരമായ ഒരു ഭരണഘടനാധ്വംസനത്തെ സംബന്ധിച്ചുള്ള നിയമമാണ്. അന്നു നിയമസഭ കൂടുന്നില്ലെങ്കിൽ വിളിച്ചു കൂട്ടണം. അത് എന്തുകൊണ്ട് ചെയ്തില്ല? അവിടെയും ശ്രീമതി ഗാന്ധിയോടുള്ള സ്നേഹം ഇപ്പോഴും തുടരുന്നുവെന്നാണ് എന്റെ ആക്ഷേപം.

ശ്രീ. പി. കെ. വാസുദേവൻനായർ: ഇതാണ് അന്ധത എന്നു പറയുന്നത്. വെറും അന്ധമായ രാഷ്ട്രീയമായിട്ടുള്ള ഒരു ചിന്താഗതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഉത്തരവാദിത്വമുള്ള ഒരു മുഖ്യമന്ത്രി ഇത് പറയുകയില്ല. നിയമസഭയുടെ മുമ്പിൽ കൊണ്ടു വരാതെ......................................

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇപ്പോൾ നിയമസഭ കൂടിക്കൊണ്ടിരിക്കുന്ന സമയത്ത് ആണല്ലോ 44-ഉം 45-ഉം ഭരണഘടനാ ഭേദഗതി ബിൽ വന്നത്. അത് എന്തുകൊണ്ട് ഈ നിയമസഭയുടെ മുമ്പിൽ കൊണ്ടു വന്നില്ല?

ശ്രീ. പി. കെ. വാസുദേവൻനായർ: ഈ നിയമസഭാസമ്മേളനം നീട്ടണമെന്ന് അപേക്ഷിച്ചത് ഞങ്ങളായിരുന്നു. നിങ്ങളാണ് അതിനെ ശക്തിയായി എതിർത്തത്. നാലുദിവസം കൂടിയെങ്കിലും കൂടുതൽ ഇരിക്കണമെന്ന് നിങ്ങളുടെ കാല് പിടിച്ചപ്പോൾ അത് സാദ്ധ്യമല്ല എന്ന് നിങ്ങളാണ് പറഞ്ഞത്.......................(ബഹളം) ഞങ്ങൾ ഇപ്പോഴും തയ്യാറാണ് എത്ര ദിവസം വേണമെങ്കിലും കൂടുതൽ ഇരിക്കുവാൻ. ഞങ്ങൾക്ക് ആ കാര്യത്തിൽ അഭിപ്രായവ്യത്യാസം ഇല്ല. അതുകൊണ്ട് വെറുതേ ആവശ്യമില്ലാതെ..........................

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ആവശ്യമില്ലാതെ അല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും കടുത്ത ഉത്തരവാദിത്വം ലംഘിച്ചുവെന്നുള്ളതാണ് ഇവിടെയുള്ള ചാർജ്. യോഗം കൂടുന്നില്ലെങ്കിൽ പ്രത്യേകയോഗം വിളിച്ചുകൂട്ടുവാൻ ബാദ്ധ്യതപ്പെട്ട മുഖ്യമന്ത്രി, ബിൽ അവതരിപ്പിക്കുവാൻ ബാദ്ധ്യതപ്പെട്ട മുഖ്യമന്ത്രി അത് ചെയ്യാതെ പ്രതിപക്ഷത്തെ കുററം പറഞ്ഞിട്ട് കാര്യമില്ല.

ശ്രീ. പി. കെ. വാസുദേവൻ നായർ: ഞാൻ ആരേയും കുററപ്പെടുത്തുകയല്ല. എല്ലാവരും കൂടിയിരുന്ന് ആലോചിച്ച് എടുക്കുന്ന തീരുമാനം...............................(ബഹളം)...........................

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ബിൽ സഭയുടെ മുമ്പിൽ കൊണ്ടുവരാതെ സഭയിൽനിന്നും മാററിവച്ചിട്ട് ഈവക കാര്യങ്ങൾ പറയുന്നത് ശരിയല്ല.

ശ്രീ. എം. വി. രാഘവൻ: ഭരണഘടനാ ഭേദഗതി ബിൽ പാസ്സാക്കണമെന്ന് ബിസിനസ് അഡ്വൈസറി കമ്മിററിയിൽ പറഞ്ഞില്ല. അതു പറയാതെ ഈ സഭയെ തെററിദ്ധരിപ്പിക്കുകയല്ലേ ചെയ്തത്?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇത്രവളരെ more royal than the King. അഭിനയമൊന്നും വേണ്ട മി. രാഘവൻ. കാരണം............

ശ്രീ. കെ. ചന്ദ്രശേഖരൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പാർട്ടിയും ആ ഭേദഗതിബില്ലിനെ അംഗീകരിച്ചിട്ടുള്ളതാണ്. There is no question of more royal than the king. അത് ഇവിടെ കൊണ്ടുവരേണ്ടതായിരുന്നു. പക്ഷേ കൊണ്ടുവരാതെ ആണ് ആരോപണമുന്നയിക്കുന്നത്. രാഷ്ട്രീയ ദുരുദ്ദേശത്തോടുകൂടിയാണ് ഈ നിയമസഭയുടെ മുമ്പിൽ കൊണ്ടുവരാതിരിക്കുന്നത്.

ശ്രീ. പി. കെ. വാസുദേവൻ നായർ: ശ്രീ. ചന്ദ്രശേഖരന്റെ ആരോപണത്തെ ഞാൻ ശക്തിയായി നിഷേധിക്കുന്നു. അങ്ങനെയുള്ള യാതൊന്നും അതിനകത്ത് അന്തർഭവിച്ചിട്ടില്ല. 50 ശതമാനത്തിലധികം

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭകൾ അത് പാസ്സാക്കിക്കഴിഞ്ഞു. നമുക്കു ആ സമയത്ത് പെട്ടെന്ന് ഒരു സമ്മേളനം വിളിച്ചു കൂട്ടുവാൻ കഴിയുമായിരുന്നില്ല. എല്ലാകാലത്തും ഭരണഘടനാ ഭേദഗതികൾ വന്നിട്ടുള്ളപ്പോൾ അങ്ങനെ സംഭവിച്ചിട്ടുണ്ട്. അങ്ങനെയല്ലാതെ ബഹുമാനപ്പെട്ട മെമ്പർ കാണുന്ന മാതിരി ഇതിനകത്ത് പ്രത്യേകമായി ഒന്നും തന്നെയില്ലെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. പാർലമെന്റ് പാസ്സാക്കുന്ന നിയമം ഈ നിയമസഭ പാസ്സാക്കേണ്ടതുണ്ടെങ്കിൽ തീർച്ചയായും ഈ നിയമസഭ പാസ്സാക്കുവാൻ എപ്പോഴും സന്നദ്ധമാണ്. ഇവിടെ അവതരിപ്പിച്ച ഈ ബഡ്ജററിനകത്ത് അടങ്ങിയിട്ടുള്ള പരിപാടികൾ ഇനി അങ്ങോട്ട് നടപ്പിലാക്കുവാൻ ഈ ഗവൺമെൻറ് മുഴുവൻ കഴിവും ഉപയോഗിച്ച് ആത്മാർത്ഥമായി നടപ്പിലാക്കുവാൻ പ്രതിജ്ഞ എടുത്തിരിക്കുകയാണ്. ആ പദ്ധതികളും പരിപാടികളും നടപ്പിലാക്കുകയെന്നുള്ളതാണ് ഞങ്ങളുടെ ലക്ഷ്യം. അല്ലാതെ ഞങ്ങൾക്ക് പ്രത്യേകമായ മററ് താൽപ്പര്യങ്ങളൊന്നുമില്ല. പ്രതിപക്ഷത്തിന് മററ് പ്രത്യേകമായ രാഷ്ട്രീയ താൽപ്പര്യങ്ങളൊന്നുമില്ലെങ്കിൽ സഹകരിക്കാവുന്ന മേഖലകളിൽ സഹകരിക്കണം. സഹകരിക്കാവുന്ന പ്രശ്നത്തിൽ സഹകരിക്കണം എന്നുള്ള വിനീതമായ അഭ്യർത്ഥന മാത്രമാണ് എനിക്ക് പുറപ്പെടുവിക്കുവാനുള്ളത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ സഭ നീട്ടണം എന്നുപറഞ്ഞപ്പോൾ പാട്ടബാക്കി, കടബാക്കി പരിഗണിച്ചുകൊണ്ടുള്ള ബിൽ വരുമോയെന്നു ചോദിച്ചു. അപ്പോൾ പറഞ്ഞു അത് വരില്ല, മണിബിൽ മാത്രമാണ് കൊണ്ടുവരികയെന്ന്. നാല് ഉപതിരഞ്ഞെടുപ്പുകൾ നടത്തുന്നതിന് പ്രഖ്യാപിച്ചശേഷം മെമ്പർമാർക്കെല്ലാം ആ പ്രവർത്തനത്തിൽ മുഴുകേണ്ട സമയത്ത് നീട്ടാൻ സാധ്യമല്ലായെന്നു പറഞ്ഞു. ആ ബില്ലിനെക്കുറിച്ച് പറഞ്ഞില്ല. മേൽപറഞ്ഞ രണ്ടു ബില്ലും ഉണ്ടോയെന്നു ചോദിച്ചപ്പോൾ ഇല്ലായെന്നു പറഞ്ഞു. ആവശ്യമില്ലാത്ത തെററിദ്ധാരണ പ്രതിപക്ഷത്തിന്റെ നേരെ കൊണ്ടുവരുന്നത് ശരിയല്ല.

ശ്രീ. പി. കെ. വാസുദേവൻ നായർ: ഞങ്ങൾ എത്രയും വേഗം ആഗ്രഹിച്ചത് കശുവണ്ടിത്തൊഴിലാളികളുടെ വെൽഫയർ ബിൽ പാസ്സാക്കണമെന്നാണ്. അതിനുവേണ്ടി സഭ ഇരിക്കണമെന്നുള്ളതായിരുന്നു ആഗ്രഹം. ഈ പറഞ്ഞ നിയമത്തെക്കുറിച്ച് അപ്പോൾ അവിടെ പറഞ്ഞില്ല. അതു ശരിയാണ്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻനായർ): സർ, വളരെ

2 P.M.] വിമർശനങ്ങളൊന്നും ധനവിനിയോഗബില്ലിനെ സംബന്ധിച്ച് ഉണ്ടായില്ല എങ്കിലും പ്രതിപക്ഷ ഭാഗത്തുനിന്നും വളരെ കൂടുതൽ രാഷ്ട്രീയമായ കാര്യങ്ങളാണ് പറഞ്ഞത്. സൃഷ്ടിപരമായ വിമർശനങ്ങൾ പോലും ഭരണകക്ഷികളുടെ ബഞ്ചുകളിൽനിന്നാണ് കൂടുതലായി വന്നത്. അതിന് ഞാൻ അവരോട് കടപ്പെട്ടവനാണ്. വളരെ മുഖ്യമായി ഇവിടെ ഉന്നയിച്ച ഒരു കാര്യത്തിന് മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. പദ്ധതികളേക്കാളും പരിപാടികളേക്കാളും കൂടുതൽ മുഖ്യമായിട്ടുള്ളത് അത് നടപ്പിലാക്കുക എന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പർമാർ ഊന്നിപ്പറഞ്ഞത്. അത് വളരെ ശരിയാണെന്ന് മുഖ്യമന്ത്രിയോടൊപ്പം ഞാനും പറയുന്നു. കൂടാതെ അദ്ദേഹം പറഞ്ഞതിനോട് ഒരു കാര്യം കൂടികൂട്ടിച്ചേർക്കാൻ ഞാനാഗ്രഹിക്കുന്നു. ഓരോ മാസത്തിലും ഉദ്യോഗതലത്തിലും മുമ്മൂന്നു മാസത്തിലൊരിക്കെ മന്ത്രിതലത്തിലും പദ്ധതികൾ നടപ്പാക്കുന്നതിനെ സംബന്ധിച്ചിടത്തോളം പരിശോധനയ്ക്ക് വിധേയമാ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്കണമെന്ന് ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. പ്രത്യേക ഉദ്ദേശത്തോടുകൂടി തന്നെയാണ് അത് ചെയ്തത്. ബഹുമാനപ്പെട്ട അംഗങ്ങൾ ഊന്നിപ്പറഞ്ഞ കാര്യംമുൻകൂട്ടി കണ്ടുകൊണ്ട് ഞങ്ങൾ തീരുമാനിച്ചതാണ്. ഒരു കാര്യം ബഹുമാനപ്പെട്ട മെമ്പർമാരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത് ശരിയായിരിക്കും എന്നാണ് എന്റെ വിശ്വാസം. ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പരിപാടികൾ ഒരുവിധത്തിൽ പറഞ്ഞാൽ അതിന്റെ ഫോളോ അപ്പ് ആക്ഷനാണ് ബഡ്ജററ് പാസാക്കുന്നതുവഴി ഉണ്ടാകുക. ഭൂപരിഷ്കാര നിയമത്തോടനുബന്ധിച്ച് നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ഉണ്ടായ വ്യത്യാസം, സാമൂഹ്യബന്ധങ്ങൾ, സമൂഹത്തിൽ ഉണ്ടായ വ്യത്യാസങ്ങൾ എല്ലാം കണക്കിലെടുത്തുകൊണ്ട് ആ ഗ്രാമപ്രദേശങ്ങളിൽ അതിന്റേതായ സാമ്പത്തിക മാററങ്ങൾ ഉണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിത്തന്നെയാണ് ഏററവും മുഖ്യമായി ഇവിടെ ഉദ്ദേശിച്ചിട്ടുള്ള ഒരു പരിപാടി ഉൾക്കൊള്ളിച്ചിട്ടുള്ളത്. അത് ഭൂനിയമത്തിന്റെ ഒരു ഫോളോ അപ്പ് ആക്ഷനാണ്. അതുപോലെ തന്നെ മററു കാര്യങ്ങളിലും നാം എടുത്തിട്ടുള്ള സാമൂഹ്യ സാമ്പത്തിക നിയമങ്ങളേയും പരിപാടികളേയും ഒരു ഘട്ടം കഴിഞ്ഞശേഷം അടുത്തഘട്ടം എന്നുള്ള നിലയിൽ ചില കാര്യങ്ങൾ മുമ്പോട്ടു വച്ചുകൊണ്ട് പോവുകയാണ്. അതിന് എല്ലാ പേരുടേയും സഹകരണം ഉണ്ടാകുമെന്നുള്ള കാര്യം തീർച്ചയാണ്, ആ സഹകരണം അഭ്യർത്ഥിക്കുകയും ചെയ്യുന്നു. നിർഭാഗ്യവശാൽ ഞാൻ ആദ്യം പറഞ്ഞതുപോലെ പ്രതിപക്ഷത്തുനിന്ന് വിമർശനങ്ങൾക്കു പകരം ഒന്നു രണ്ട് ആരോപണങ്ങളാണ് ഉണ്ടായത്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. രാജൻ ഒരു പള്ളിക്കൂടത്തിലെ കളവിനെപ്പററി ഇവിടെ പറഞ്ഞു. എത്രയോ വലിയൊരു കാര്യം ചെയ്തതായിട്ടാണ് അദ്ദേഹം പറഞ്ഞത്. പക്ഷേ ആ കളവ് പ്രതിപക്ഷത്തുനിന്ന് ആരും കണ്ടുപിടിച്ചതല്ല. അവിടെ പരിശോധനയ്ക്കുപോയ ഉദ്യോഗസ്ഥൻ ആ കളവ് കണ്ടുപിടിച്ച് അതിൻമേൽ നടപടി എടുത്തു. ആ കളവ് നടത്തി എന്നു പറയുന്ന ആൾ ഇന്നും ഒളിവിലാണ്. പരിശോധനയ്ക്കുപോയ ഉദ്യോഗസ്ഥൻ നടത്തിയ പരിശോധന പോരാഞ്ഞിട്ട് ഏററവും ഉന്നതനായ ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് അത് അന്വേഷിപ്പിച്ച് റിപ്പോർട്ട് വരുത്തിയിരിക്കയാണ്. തീർച്ചയായും കുററവാളികളെ കിട്ടിയാൽ ഉടൻ യാതൊരു സങ്കോചവും കൂടാതെ കർശനമായ നടപടി എടുക്കുമെന്നുള്ളത് ഇതേവരെയുള്ള ഗവൺമെൻറിന്റെ നടപടികളിൽനിന്നുതന്നെ ശ്രീ. രാജനെപ്പോലുള്ള ആളുകൾക്ക് മനസ്സിലാക്കാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. രാഷ്ട്രീയമായി വലുതായി മറുപടി പറയണമെന്ന് ഞാനാഗ്രഹിക്കുന്നില്ല. എങ്കിലും മിനിഞ്ഞാന്നു നടന്ന രാജ്യസഭാതിരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം നിരാശനായ പ്രതിപക്ഷനേതാവ് ഇവിടെ പരാമർശിച്ചു. അദ്ദേഹത്തിന്റെ രോഷം എനിക്ക് മനസ്സിലാക്കാൻ സാധിക്കും. അദ്ദേഹം ശപിച്ചത് എന്തിനാണ് എന്ന് അപ്രീഷിയേററ് ചെയ്യാനും സാധിച്ചു. ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം ഒരുകാര്യം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. സർ, ഞങ്ങൾ 1977-ൽ പൊതുജനങ്ങളോട് ഒരു വാഗ്ദാനം ചെയ്തിരുന്നു. ആ പൊതുജനങ്ങളോടു ചെയ്ത വാഗ്ദാനത്തിന് വിപരീതമായി ഈ ഐക്യമുന്നണി ശിഥിലമാക്കാൻ വേണ്ടി, ഏകാധിപത്യത്തിനെ തടയുന്നതിനെ ബലഹീനമാക്കുവാൻ വേണ്ടി, ഈ രാജ്യത്ത് രാഷ്ട്രീയ അനിശ്ചിതത്വം ഉണ്ടാക്കാൻവേണ്ടി ശ്രമിച്ച ആളുകളെ ഒരു കാലത്തും ഒരു രീതിയിലും അനുകൂലിക്കുവാൻ പാടില്ല എന്നുള്ള ഉദ്ദേശത്തോടുകൂടി ഞങ്ങൾ ചെയ്തതാണ്. മാർക്സിസ്ററ് പാർട്ടിയോടുള്ള സ്നേഹം കൊണ്ടൊന്നുമല്ല. ഈ രാജ്യത്ത് ജനവഞ്ചന നടത്തിയ ആളു

കളെ, ജനങ്ങളോടു ചെയ്ത വാഗ്ദാനത്തിന് എതിരായി ഒന്നിച്ചു നിൽക്കാതെ ഈ രാജ്യത്ത് രാഷ്ട്രീയ അനിശ്ചിതത്വം ഉണ്ടാക്കാൻവേണ്ടി ശ്രമിച്ചവരെ സമൂഹത്തിൽനിന്ന് ഒററപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി ത്തന്നെയാണ് അത് ചെയ്തത്. അതിൽ ഞങ്ങൾക്ക് ദുഃഖമില്ല. ഏതായാലും അതിനേക്കാൾ കൂടുതലായ വിശദീകരണം ആവശ്യമില്ല എന്നാണ് ഞങ്ങളുടെ അഭിപ്രായം. ഈ രാജ്യത്ത് ജനാധിപത്യ മൂല്യങ്ങളെ പിടിച്ചുകൊണ്ടല്ലാതെ ഏകാധിപത്യത്തിനുവേണ്ടി വാദിക്കുന്ന ആളുകളുമായി സന്ധിയില്ലാത്ത സമരം ചെയ്യുമെന്ന് ഞങ്ങൾ പ്രഖ്യാപിച്ചതുകൊണ്ട് അതു ചെയ്യും, ഏതു രംഗത്തും ഏതു തലത്തിലും സമരം ചെയ്യുകതന്നെ ചെയ്യും എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു, ആ രീതിയിൽ ഞങ്ങൾ ചെയ്യുന്നു. അതിനേക്കാൾ കൂടുതലായി ആ രാഷ്ട്രീയ കാര്യങ്ങളെ സംബന്ധിച്ച് പറയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല.

മി. സ്പീക്കർ: സമയം വൈകി. പ്രസംഗം ചുരുക്കിയാൽ കൊള്ളാം.

ശ്രീ. എസ്. വരദരാജൻ നായർ: ദയവുചെയ്ത് ഈ ധനവിനിയോഗ ബിൽ പാസ്സാക്കിത്തരണം എന്നു മാത്രമേ ഈ അവസരത്തിൽ പറയുന്നുള്ളു.

The question that the Kerala Appropriation Bill (No. 2) 1979 be taken into consideration was put and carried.

Shri T. K. Ramakrishnan: Sir, I demand a poll.

(A poll was taken when the House divided as follows).

AYES—67

1 ശ്രീ. എം.പി.എം. അബ്ദുള്ളാ കുരിക്കൾ
2. ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി
3. ശ്രീ. ആര്യാടൻ മുഹമ്മദ്
4. ശ്രീ. കെ. അവുക്കാദർകുട്ടി നഹ
5. ശ്രീ. ബേബി ജോൺ
6. ശ്രീ. കെ.കെ. ബാലകൃഷ്ണൻ
7. ശ്രീ. എൻ.കെ. ബാലകൃഷ്ണൻ
8. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
9. ശ്രീ. ചന്ദ്രശേഖരൻ നായർ
10. ശ്രീ. പി.കെ. ചാത്തൻ മാസ്ററർ
11. ശ്രീ. ജെ. ചിത്തരഞ്ജൻ
12. ശ്രീ. സിറിയക് ജോൺ
13. ശ്രീ. ദാമോദരൻ കാളാശ്ശേരി
14. ശ്രീ. ഈപ്പൻ വർഗ്ഗീസ്
15. ശ്രീ. പി.ആർ. ഫ്രാൻസിസ്
16. ശ്രീ. പി.കെ. ഗോപാലകൃഷ്ണൻ
17. ശ്രീ. ഇ.പി. ഗോപാലൻ
18. ശ്രീ. സി.പി. ഗോവിന്ദൻ നമ്പ്യാർ

LIBRARY ARCHIVES Kerala Legislative Assembly

19. ശ്രീ. എം.കെ. ഹേമചന്ദ്രൻ
20. ശ്രീ. എ.എൽ. ജേക്കബ്ബ്
21. ശ്രീ. ടി.എസ്. ജോൺ
22. ഡോക്ടർ കെ.സി. ജോസഫ്
23. ശ്രീ. പി.ജെ. ജോസഫ്
24. ശ്രീ. വി.ജെ. ജോസഫ്
25. ശ്രീ. ഇ.കെ. പിളള
26. ശ്രീ. എം.കെ. കേശവൻ
27. ശ്രീ. കെ.ടി. കുമാരൻ
28. ശ്രീ. കാന്തലോട്ടു കുഞ്ഞമ്പു
29. ശ്രീ. പാണാറത്ത് കുഞ്ഞിമുഹമ്മദ്
30. ശ്രീ.പി.ടി. കുഞ്ഞുട്ടി ഹാജി
31. ശ്രീ. സി.എ. കുര്യൻ
32. ശ്രീ. കെ.വി. കുര്യൻ
33. ശ്രീ. ലോനപ്പൻ നമ്പാടൻ
34. ശ്രീ. ഒ. ലൂക്കോസ്
35. ശ്രീ. ടി.എ. മജീദ്
36. ശ്രീ. കെ.എം. മാണി
37. ശ്രീ. എം.വി. മാണി
38. ശ്രീ. എൻ.പി. മൊയ്തീൻ
39. ശ്രീ. സി.എച്ച്. മുഹമ്മദുകോയ
40. ശ്രീ. കെ. നാരായണക്കുറുപ്പ്
41. ശ്രീ. കല്ലട നാരായണൻ
42. ശ്രീ. കെ.പി. നൂറുദ്ദീൻ
43. ശ്രീ. ഉമ്മൻ ചാണ്ടി
44. ശ്രീ. കെ. പങ്കജാക്ഷൻ
45. ശ്രീ. ടി.എ. പരമൻ
46. ശ്രീ. കെ.പി. പ്രഭാകരൻ
47. ശ്രീ. എം.കെ. രാഘവൻ
48. ശ്രീ. വി.കെ. രാജൻ
49. ശ്രീ. കണിയാപുരം രാമചന്ദ്രൻ
50. ശ്രീ. കെ. ശങ്കരനാരായണൻ
51. ശ്രീ. വി.ടി. സെബാസ്ററ്യൻ
52. ശ്രീ. പി.സീതി ഹാജി.
53. ശ്രീ. ബി.വി. സീതി തങ്ങൾ
54. ശ്രീ. ബി.എം. ഷെറീഫ്
55. ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ
56. ശ്രീ. പി.കെ. ശ്രീനിവാസൻ
57. ശ്രീ. പി.എസ്. ശ്രീനിവാസൻ
58. ശ്രീ. കെ. സുകുമാരനുണ്ണി
59. ശ്രീ. സി.എം. സുന്ദരം
60. ശ്രീ. എ.വി. താമരാക്ഷൻ
61. ശ്രീ. തോമസ് ജോസഫ്
62. ശ്രീ. ത്യാഗരാജൻ
63. ശ്രീ. ആർ.എസ്. ഉണ്ണി
64. ശ്രീ. കെ.സി. വാമദേവൻ
65. ശ്രീ. എസ്. വരദരാജൻ നായർ
66. ശ്രീ. പി.കെ. വാസുദേവൻനായർ
67. ശ്രീ. കെ.പി. വിശ്വനാഥൻ

LIBRARY ARCHIVES Kerala Legislative Assembly

NOES: 38

1. ശ്രീ. ടി.കെ. അബ്ദു
2. ശ്രീ. ആർ. ബാലകൃഷ്ണപിള്ള
3. ശ്രീ. തെന്നല ബാലകൃഷ്ണപിള്ള
4. ശ്രീ. പി. ഭാസ്കരൻ
5. ശ്രീ. എൻ. ഭാസ്കരൻ നായർ
6. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
7. ശ്രീ. കെ. ചന്ദ്രശേഖരൻ
8. ശ്രീ. ചടയൻ ഗോവിന്ദൻ
9. ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി
10. ശ്രീ. വി. ഈച്ചരൻ
11. ശ്രീ. പി.പി. എസ്തോസ്
12. ശ്രീ. എം.പി. ഗംഗാധരൻ
13. ശ്രീ. പി.കെ. ഇട്ടൂപ്പ്
14. ശ്രീ. കെ. കരുണാകരൻ
15. ശ്രീ. പി. കരുണാകരൻ
16. ശ്രീ. എം.കെ. കൃഷ്ണൻ
17. ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ
18. ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണ പിള്ള
19. ശ്രീ. ജി.പി. മംഗലത്തുമഠം
20. ശ്രീ. പി.പി.വി. മൂസ്സ
21. ശ്രീ. ടി.എച്ച്. മുസ്തഫ
22. ശ്രീ. കെ.എസ്. നാരായണൻ നമ്പൂതിരി
23. ശ്രീ. വക്കം പുരുഷോത്തമൻ
24. ശ്രീ. എം.വി. രാഘവൻ
25. ശ്രീ. കെ. രാഘവൻ മാസ്റ്റർ
26. ശ്രീ. എ.എ. റഹീം
27. ശ്രീ. എം.വി. രാജൻ
28. ശ്രീ. ടി.കെ. രാമകൃഷ്ണൻ
29. ശ്രീ. കെ.പി. രാമൻ
30. ശ്രീ. വട്ടിയൂർക്കാവ് രവി
31. ശ്രീ. പി.ബി.ആർ. പിള്ള
32. ശ്രീ. പി.കെ. ശങ്കരൻ കുട്ടി
33. ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട്
34. ശ്രീ. സുബ്രഹ്മണ്യ ഷേണായി
35. ശ്രീ. ആർ. സുന്ദരേശൻ നായർ
36. ശ്രീ. എസ്. തങ്കപ്പൻ പിള്ള
37. ശ്രീ. പി.ജെ. തോമസ്
38. ശ്രീ. സേവ്യർ അറയ്ക്കൽ

NEUTRALS : Nil

Mr. Speaker: Those for the motion : 67
Against : 38
Neutrals : Nil

The Bill is taken into consideration.

2/474—17

LIBRARY ARCHIVES Kerala Legislative Assembly

Clauses 2 and 3

The question that Clauses 2 and 3 stand part of the Bill was put and carried.

Clauses 2 and 3 were added to the Bill.

Schedule

The question that the Schedule stands part of the Bill was put and carried.

The Schedule was added to the Bill.

Clause I, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Minister for Finance (**Shri S. Varadarajan Nair**):

ഈ ധനവിനിയോഗ ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

Minister for Home (**Shri K. M. Mani**): Sir, I second it.

The Question that the Kerala Appropriation (No. 2) Bill be finally passed was put and carried.

The Bill was finally passed.

VIII. സ്പീക്കറുടെ പ്രസ്താവന

മിസ്റ്റർ സ്പീക്കർ: ഓർഡർ, ഓർഡർ, കേരള നിയമസഭയുടെ നടപടിക്രമവും, കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 154-ാം ചട്ടപ്രകാരം ഈ സഭയിലെ ഒരംഗമായ ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി വീക്ഷണം ദിനപ്പത്രത്തിന്റെ ചീഫ് എഡിറ്റർ ശ്രീ. സി.പി. ശ്രീധരനും, പ്രിൻററും പബ്ലിഷറുമായ ശ്രീ. എ.പി. ജോസഫിനും എതിരായി ഒരു അവകാശ ലംഘനപ്രശ്നം ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. സി.പി. ശ്രീധരൻ നിയമസഭാ സ്പീക്കർക്കയച്ച ഒരു കത്ത് 1979 മാർച്ച് 20-ാം തീയതിയിലെ വീക്ഷണം ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചതിനെ അടിസ്ഥാനപ്പെടുത്തിയാണ് പ്രസ്തുത നോട്ടീസ്. കത്തിലെ ചില ഭാഗങ്ങൾ ഈ സഭയിലെ ഒരംഗമായ ശ്രീ. വക്കം പുരുഷോത്തമനെ അവഹേളിക്കുന്നതാണെന്ന് ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി ആരോപിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ശ്രീ. സി. പി. ശ്രീധരന്റേയും ശ്രീ. ജോസഫിന്റേയും വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണെന്ന വിവരം ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു.

ഓർഡർ, ഓർഡർ, ഫെബ്രുവരി 16-ാം തീയതി ആരംഭിച്ച ഈ സമ്മേളനം സമാപിക്കുകയാണ്. ഇതിൽ കൂടുതൽകാലം നീണ്ടുനിന്ന സമ്മേളനങ്ങൾ ഇതിന് മുൻപ് ഉണ്ടായിട്ടുണ്ട്. പക്ഷേ ഇദ്ദേഹങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly